# ജനകീയാസൂത്രണം





# വികസന റിപ്പോർട്ട്

# കേരളത്തിന്റെ ഭൂപടം



144.8

# ഒമ്പതാം പദ്ധതി ജനകീയ പദ്ധതി
# മുണ്ടേരി ഗ്രാമ പഞ്ചായത്ത്
# സമഗ്ര വികസന രേഖ

## കണ്ണൂർ ജില്ലാ ഭൂപടം





എല്ലാവരുടേയും അത്യാവശ്യങ്ങൾ നിറവേറ്റാൻ വേണ്ട
വിഭവങ്ങൾ ഈ പ്രകൃതിയിലുണ്ട്. എന്നാൽ
ആരുടേയും ദുരയെ തൃപ്തിപ്പെടുത്തുവാൻ
വിഭവങ്ങളില്ലതാനും

– ഗാന്ധിജി


## എഡിറ്റോറിയൽ ബോർഡ്

കെ.ടി. ഭാസ്കരൻ
പട്ടൻ ഭാസ്കരൻ മാസ്റ്റർ
വി. പൈതൽ
മാവള്ളി രാഘവൻ
പി.പി. ബാബു കരക്കാട്ട്
സി.പി. അശ്റഫ്
എം. കുമാരൻ
പി.കെ. ഗംഗാധരൻ മാസ്റ്റർ
കെ. നാരായണൻ
എം.കെ.പി. മാവിലായി
പി. ഭാസ്കരൻ നായർ
പി.സി. റഫീഖ്
വി.വി. ബാലകൃഷ്ണൻ



കവർ ഡിസൈൻ ആന്റ് ലേ ഔട്ട്

സി.പി. അശ്റഫ്, പി.പി. ബാബു

കമ്പ്യൂട്ടറൈസ്ഡ് ടൈപ്പ് സെറ്റിംഗ്

ഇൻഫോ – ടെക്, തളിപ്പറമ്പ

പ്രിന്റിംഗ്

ബി.ആർ.ബി. ഓഫ്സെറ്റ്
കണ്ണൂർ

# വിഷയവിവരം


| | | | |
|---|---|---|---|
| | | | പേജ് |
| 1. | ആമുഖം | .................. | 7 |
| 2. | പഞ്ചായത്ത് പൊതു വിവരങ്ങൾ | .................. | 9 |
| 3. | സാമൂഹ്യ സാംസ്കാരിക ചരിത്രം | .................. | 11 |
| 4. | ഭൂപ്രകൃതിയും വിഭവങ്ങളും | .................. | 15 |
| 5. | കൃഷിയും ജലസേചനവും | .................. | 19 |
| 6. | മൃഗസംരക്ഷണവും മത്സ്യ ബന്ധനവും | .................. | 31 |
| 7. | വ്യവസായം | .................. | 39 |
| 8. | വിദ്യാഭ്യാസം | .................. | 47 |
| 9. | കുടിവെള്ളവും പൊതുജനാരോഗ്യവും | .................. | 57 |
| 10. | ഗതാഗതം - ഊർജ്ജം | .................. | 65 |
| 11. | പാർപ്പിടവും സാമുഹ്യക്ഷേമവും | .................. | 75 |
| 12. | സംസ്കാരം | .................. | 83 |
| 13. | വനിതാക്ഷേമം | .................. | 91 |
| 14. | സഹകരണം | .................. | 95 |
| 15. | പട്ടികജാതി - പട്ടിക വർഗ്ഗ ക്ഷേമം | .................. | 105 |
| 16. | വിഭവ സമാഹരണം | .................. | 108 |
| 17. | ഉപസംഹാരം | .................. | 112 |

# മുണ്ടേരി പഞ്ചായത്ത് ഭരണ സമിതി



കെ.ടി. ഭാസ്ക്കരൻ (പ്രസിഡന്റ്)



സി.രാഘവൻ (വൈസ് പ്രസിഡന്റ്)



കെ.സി. വാസന്തി ടീച്ചർ
(ചെയർമാൻ സ്റ്റാന്റിംഗ് കമ്മിറ്റി



സി. ഉമ
(വാർഡ്. 1)



സി. ലത
(വാർഡ് 3)



കെ. അനിത
(വാർഡ് 4)



എം. കുമാരൻ
(വാർഡ് 5)



കെ. പി. മുഹമ്മദ്
(വാർഡ് 6)



പി.സി. റഫീഖ്
(വാർഡ് 8)



പി. കമാൽ കുട്ടി മാസ്റ്റർ
(വാർഡ് 9)



സി. രവി
(വാർഡ് 10)



എൻ. സുരേന്ദ്രൻ
(വാർഡ് 11)

# ആമുഖം

**1947** ആഗസ്ത് 15 ബ്രിട്ടീഷ് കൊളോണിയൽ യുഗത്തിൽ നിന്നും ഭാരതം സ്വതന്ത്രമായി 49 വർഷങ്ങൾ കടന്നുപോയി. അധികാരകൈമാറ്റം നടന്നു എന്നല്ലാതെ ഭരണരംഗത്തും വികസനരംഗത്തും ജനകീയപുനഃസംവിധാനങ്ങൾ കാര്യക്ഷമമായി നടന്നില്ല. ഗ്രാമപഞ്ചായത്തുകൾ എന്ന നിര്ദ്ദേശകതത്വംപോലും 46വർഷങ്ങൾക്കശേഷമാണ് നമുക്ക് നടപ്പാക്കാനായത്. രാഷ്ട്രപിതാവായ മഹാത്മാഗാന്ധി വിഭാവനം ചെയ്ത ഓരോ പഞ്ചായത്തുകളും ഓരോ മിനിഗവണ്മെന്റുകൾ ആയിരിക്കണം എന്ന സുന്ദരസ്വപ്നം സാക്ഷാത്കരിക്കാൻ സാധിക്കാതെ പോയി. ജനങ്ങൾക്കവേണ്ടി ജനങ്ങളാൽ ഭരിക്കപ്പെടുന്ന ജനങ്ങളുടെ സർക്കാർ എന്ന ജനാധിപത്യ സ്വപ്നംപോലും തിരഞ്ഞെടുപ്പ് എന്ന പ്രക്രിയയിൽ മാത്രം ഒതുങ്ങിനിന്നു. സെക്യുലർ സ്റ്റേറ്റ് എന്നും ജനാധിപത്യ സോഷ്യലിസ്റ്റ് റിപ്പബ്ളിക്ക് എന്ന പ്രഖ്യാപിത ലക്ഷ്യങ്ങൾ നടപ്പാക്കാനുള്ള പ്രതിബദ്ധതയും വേണ്ട വിധത്തിൽ പ്രയോഗിക്കപ്പെട്ടില്ല. അധികാരവും ആസൂത്രണവും മുകളിൽനിന്നും നിർബാധം കീഴോട്ടൊഴുകി, അതോടപ്പം കുത്തിയൊലിച്ചത് ജനകീയാവശ്യങ്ങളും.

തീരുമാനമെടുക്കാനും അതിന്റെ നിർവ്വഹണത്തിൽ പങ്ക് വഹിക്കാനും സാധാരണക്കാരന് അവസരം നൽകണമെങ്കിൽ നിലവിലുള്ള ആസൂത്രണ പ്രക്രിയ തലകീഴാക്കി നിർത്തിയേ മതിയാകൂ. കേരളം ഇപ്പോൾ നടപ്പിലാക്കുന്ന ജനകീയാസുത്രണ പ്രസ്ഥാനം അടിത്തട്ടിൽ നിന്നും മേൽതട്ടിലേക്ക് ദിശാ മാറ്റം നൽകപ്പെട്ട ഒരു മഹാ പ്രക്രിയയാണ്. ഇത് പുതിയ ഒരു ആസൂത്രണ തന്ത്രമാണ് അവതരിപ്പിക്കുന്നത്. ആസൂത്രണത്തിൽ വികസന പ്രവർത്തനത്തിന് തുല്യ പങ്കാളിത്തം ജാതിമതചിന്തകൾക്കതീതമായും കക്ഷിരാഷ്ട്രീയത്തിനതീതമായും ഉറപ്പ് വരുത്തുവാൻ ജനകീയാസൂത്രണ പ്രസ്ഥാനത്തിന് കഴിയും. ഒമ്പതാം പഞ്ചവത്സര പദ്ധതി ജനകീയ പദ്ധതിയായി കേരള സർക്കാർ പ്രഖ്യാപിച്ചിരിക്കുകയാണ്. ഇത് കേരളത്തിന്റെ വികസന ചരിത്രത്തിൽ ഒരു നാഴികക്കല്ലാണ്. അധികാരത്തോടൊപ്പം സമ്പത്തും (35%-40%) ത്രിതല പഞ്ചായത്തുകൾക്ക് നൽകുമെന്ന് സർക്കാർ പ്രഖ്യാപിച്ചിരിക്കുകയാണ്. ഈ പ്രഖ്യാപനം ജനതാൽപ്പര്യങ്ങൾ സംരക്ഷിക്കാൻ കഴിയുമെന്ന സ്ഥിതിവിശേഷം വളർത്തിയിരിക്കുകയാണ്. പഞ്ചായത്തുകൾക്കുള്ള സർക്കാർ വിഹിതം (35% - 40%), സ്റ്റേറ്റ് ഗവൺമെന്റിന്റെ 60%ൽ പെട്ട സ്കീമുകൾ കേന്ദ്രസർക്കാർ ഫണ്ട്, മറ്റ് വികസന ഏജൻസികളിൽനിന്നും ലഭിക്കുന്ന വികസന ഫണ്ടുകൾ, നികുതിവരുമാനം, എല്ലാറ്റിനും പുറമെ ജനകീയ സംഘടനകൾ (പണം, വിഭവങ്ങൾ, അദ്ധ്വാനം) തുടങ്ങിയ വികസന പ്രവൃത്തിയെ ത്വരിതപ്പെടുത്തുന്ന ശ്രോതസ്സുകൾ പലതാണ്. കേരളം ഇന്ന് അഭിമുഖീകരിക്കുന്ന വികസന പ്രതിസന്ധിക്ക്

പുർണ്ണമായിട്ടല്ലെങ്കിലും ഒരുവിധം തൃപ്തികരമായ പരിഹാരം കാണാൻ ഈ പുത്തൻ ആസൂത്രണപ്രക്രിയക്ക് കഴിയുമെന്ന് ഉറച്ച് വിശ്വസിക്കുന്നു. ബഹുജനപങ്കാളിത്തം ഫലപ്രദമാകുമ്പൾ സ്വാഭാവികമായും നിലവിലുള്ള സ്കീമുകളുടേയും ഏറ്റെടുക്കാൻ പോവുന്ന പ്രവൃത്തികളുടേയും നടത്തിപ്പും കാര്യക്ഷമതയും തൃപ്തികരമായ രീതിയിൽ നിർവ്വഹിക്കാൻ കഴിയുമെന്ന് മാത്രമല്ല അഴിമതിയുടെ കൈവഴികളം നിയന്ത്രിക്കാനും സഴിയും. മുണ്ടേരി പഞ്ചായത്തിൽ ജനകീയാസൂത്രണപരിപാടികൾ നടപ്പിൽ വരുത്തണമെന്ന ഉദ്ദേശ്യത്തോടെ ചില ചുവട്‌വെപ്പുകൾ നടത്താൻ ഈ ഭരണസമിതി അധികാരത്തിൽ വന്ന ഉടൻതന്നെ നീക്കമാരംഭിച്ചിരുന്നു. വിഭവ ഭൂപടനിർമ്മാണം, സോഷ്യോഇക്കണോമിക് സർവ്വേ എന്നീ പരിപാടികൾ നടപ്പാക്കുന്നതിന് സഹായിക്കണമെന്ന് അപേക്ഷിച്ചുകൊണ്ട് സെന്റർ ഫോർ ഡവലപ്മെന്റ് സ്റ്റഡീസ്, തിരുവനന്തപുരം എന്ന സ്ഥാപനത്തിന് സമിതി ക്ത്തെഴുതിയിരുന്നു. പെട്ടെന്ന് അത് സംബന്ധിച്ച നടപടികൾ ഒന്നും പ്രസ്തുത സ്ഥാപനത്തിൽ നിന്നും ഉണ്ടായില്ല. ഇപ്പോൾ കേരളസർക്കാരിന്റെയും പ്ലാനിംഗ് ബോർഡിന്റേയും പൊതുവായ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നമ്മുടെ പഞ്ചായത്തിൽ ജനകീയാസൂത്രണ പ്രസ്ഥാനം രൂപം കൊണ്ടിരിക്കുകയാണ്. മയ്യിൽവെച്ച് സെപ്തംബർ 3,4,5 തീയ്യതികളിൽ നടന്ന ഒന്നാംഘട്ട ജില്ലാതല റിസോഴ്സ് പേഴ്സൻമാരുടെ പരിശീലനകേമ്പിൽ രണ്ട് വനിതകൾ അടക്കം എട്ട്പേർ പങ്കെടുത്തു. തുടർന്ന് ജനകീയാസൂത്രണപ്രസ്ഥാനത്തിന്റെ പ്രചരണത്തിന്റെ ഭാഗമായി സെപ്തംബർ 9-ാം തീയ്യതി സമൂഹത്തിന്റെ എല്ലാ വിഭാഗം ആളുകളെയും പങ്കടുപ്പിച്ച് കൊണ്ട് പഞ്ചായത്ത്തല സംഘാടകസമിതിയോഗം വിളിച്ച്ചേർത്തു. ജനകീയാസൂത്രണം ഒന്നാം ഘട്ടപഞ്ചായത്ത് തല പരിശീലനം 13-9-96ന് കാഞ്ഞിരോട് എ.യു.പി. സ്കൂളിൽ വച്ച നടന്നു. കേമ്പിൽവച്ച് ആസൂത്രണം ചെയ്തപ്രകാരം പഞ്ചായത്തിലെ 12 ഗ്രാമസഭകളും നടന്നു. പ്രതീക്ഷിച്ചത്ര വിജയമായിരുന്നില്ല, എങ്കിലും പല വാർഡുകളിലും നല്ല ജനപങ്കാളിത്തം ഉറപ്പ് വരുത്താൻ കഴിഞ്ഞിട്ടുണ്ട. ജനകീയാസൂത്രണപ്രസ്ഥാനത്തിന്റെ സന്ദേശം നമ്മുടെ ഗ്രാമങ്ങളിൽ പരക്കെ ചർച്ചാവിഷയമായി. പഞ്ചായത്തിൽ ജനകീയാസൂത്രണപ്രസ്ഥാനത്തിന്റെ ആവിർഭാവത്തിന് മുമ്പ് തന്നെ നാലോളം ജനകീയ കമ്മിറ്റികൾ നിലവിൽ വന്നിരുന്നു. പച്ചക്കറികൃഷിവികസന സമിതി, പേവിഷബാധ നിർമ്മാർജ്ജന കമ്മിറ്റി, ഗുരുകുലം വിദ്യാഭ്യാസ സംഘാടക സമിത്, മണ്ണ്-ജല സംരക്ഷണ സമിതി എന്നിവയാണ് ഈ നാല് സമിതികൾ. ഡി.ആർ.പി മാരുടേയും ലോക്കൽ റിസോഴ്സ് പേഴ്സൺമാരുടെയും സഹായത്തോടെ ദ്രുതഗ്രാമപഠനം, സെക്കന്ററി ഡാറ്റാ കളക്ഷൻ എന്നീ പരിപാടികൾ വിജയകരമായി നടത്താൻ നമുക്ക് സാധിച്ചിട്ടുണ്ട്.

ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ പ്രാധാന്യം ബോധ്യപ്പെടുത്തുവാനും നമ്മുടെ ഗ്രാമസഭകളിൽ നിന്നും ഉയർന്നു വന്ന വിവിധ പ്രശ്നങ്ങൾ, നിർദ്ദേശങ്ങൾ എന്നിവ ക്രോഡീകരിച്ച് നാം തയ്യാറാക്കുന്ന സമഗ്രവികസന രേഖ ചർച്ച ചെയ്യാനും പദ്ധതികളെ സംബന്ധിച്ചുള്ള ധാരണ ഉണ്ടാക്കുവാനും വികസന സെമിനാർ നമുക്ക് പ്രയോജനപ്പെടും. നിർദ്ദേശിക്കപ്പെട്ട പദ്ധതികൾക്ക് അന്തിമരൂപം നൽകുന്നതിന് മുമ്പായി ഏതേത് പ്രശ്നങ്ങൾക്ക് മുൻഗണന കൊടുക്കണം എന്ന ചർച്ചകളിലൂടെ ഉരുത്തിരിഞ്ഞ് വരുന്നു. പഞ്ചായത്തും ഗവൻമെന്റും നടത്തുന്ന പദ്ധതികളിൽ ജനകീയ പങ്കാളിത്തം ഉറപ്പുവരുത്തുന്നു. നാടിന്റെ സമഗ്രമായ വികസനത്തിന് ജനകീയ അധ്വാനം ഒരു പ്രധാന വിഭവമാണെന്ന് ബോധ്യപ്പെടുവാൻ നമ്മെ സഹായിക്കുന്നു. ഗാന്ധിജി സ്വപ്നം കണ്ട ഗ്രാമസ്വരാജ് എന്ന തത്വം അതിന്റെ പൂർണ്ണ അർത്ഥത്തിൽ നടപ്പിൽ വരുത്തുവാനുള്ള കേരള ഗവർമെന്റിന്റെ ശ്രമം അധികാര വികേന്ദ്രീകരണത്തിലൂടെ ജനസമക്ഷം അവതരിപ്പിക്കുന്നു. ഇതുവരെയുള്ള ആസൂത്രണ പ്രക്രിയയിൽ നിന്നും കേരളം അഭിമുഖീകരിക്കുന്ന പ്രതിസന്ധികൾ ഏതെന്നും നാം മനസ്സിലാക്കുന്നു. നമുക്ക് എന്ത് കിട്ടും പ്രവണതയ്ക്ക് പകരം നമുക്ക് എന്ത് ചെയ്യാൻ സാധിക്കും എന്ന ബോധനിലവാരത്തിലേക്കുള്ള മാറ്റം ഈ പ്രക്രിയയിലൂടെ നേടാൻ കഴിയുന്നു.

മുണ്ടേരി ഗ്രാമപഞ്ചായത്തിലെ ബഹുജന രാഷ്ട്രീയ ബോധത്തിന്റേയും സന്നദ്ധ സേവന തൃഷ്ണയുടേയും അടിത്തറയിൽ മുൻകാല സേവകരുടെ ഉത്തമ പാരമ്പര്യ സംഭാവനകളിൽ നിന്നും ഊർജ്ജവും പ്രചോദനവും ഉൾകൊണ്ട് ജനകീയ ശക്തിയെ കെട്ടഴിച്ച് വിട്ടുകൊണ്ടും ജനകീയാസൂത്രണവും നിർവ്വഹണവും യഥാർത്ഥ്യമാക്കാൻ ചരിത്രത്തിന്റെ ദശാസന്ധി നമ്മെ വെല്ലുവിളിക്കുകയാണ്. ഈ വെല്ലുവിളി സ്വീകരിക്കുവാനുള്ള അവസരം കൈവന്നതിലുള്ള ആഹ്ലാദത്തോടെ മുണ്ടേരി ഗ്രാമപഞ്ചായത്തിലെ പഴയ സാരഥികളായ ശ്രീമാൻമാർ പൊയ്യിൽ പൊക്കൻ, വി.ആർ. നായർ, എറമുളാൻകുട്ടി മാസ്റ്റർ, ഇ. കുഞ്ഞപ്പ, കെ. കേളൻ മാസ്റ്റർ, ബാലകൃഷ്ണൻ. കെ.വി, രോഹിണി ടീച്ചർ എന്നിവരുടെ സേവന തൽപരതയിൽ ഊന്നിക്കൊണ്ട് നമ്മുടെ ഗ്രാമപഞ്ചായത്തിന്റെ സമ്ഗ്രവികസന രേഖ നാളെയുടെ ചരിത്രയാഥാർത്ഥ്യമാക്കാൻ ഉള്ള മഹാ യജ്ഞത്തിൽ ഇന്ന തന്നെ പങ്ക് ചേരുവാനുള്ള പ്രതിജ്ഞ ദൃഢനിശ്ചയത്തോടെ നമുക്ക് സ്വീകരിക്കാം. ദേശീയ സ്വാതന്ത്ര്യ സമരകാലത്തും സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിലും ചുറ്റുപാടും നടക്കുന്ന എണ്ണമറ്റ ജനകീയ പോരാട്ടങ്ങളുടെ വേലിയേറ്റത്തിൽ അതിന്റെ പോർവിളികേട്ട് സടകുടഞ്ഞ് എഴുന്നേറ്റ നമ്മുടെ മുൻ തലമുറക്കാർ പടുത്തുയർത്തിയ സമഗ്ര ഗ്രാമവികസനം എന്ന സുന്ദരസ്വപ്നം വിജയ വൈജയന്തി പാറിക്കും എന്ന് നമുക്ക് ഉറപ്പിക്കാം.

**കെ.ടി. ഭാസ്കരൻ**

(പ്രസിഡണ്ട്, മുണ്ടേരി ഗ്രാമപഞ്ചായത്ത്).

# മുണ്ടേരി ഗ്രാമ പഞ്ചായത്ത്.
## പൊതുവിവരങ്ങൾ

| | | |
|---|---|---|
| പഞ്ചായത്തിന്റെ പേര് | – | മുണ്ടേരി ഗ്രമ പഞ്ചായത്ത് |
| ഉൾപ്പെടുന്ന വില്ലേജുകൾ | – | മുണ്ടേരി, കാഞ്ഞിരോട് |
| ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ | – | അഞ്ചരക്കണ്ടി, മുണ്ടേരി |
| ബ്ലോക്ക് പഞ്ചായത്ത് | – | എടക്കാട് |
| താലൂക്ക് | – | കണ്ണൂർ |
| അസംബ്ലി നിയോജക മണ്ഡലം | – | എടക്കാട് |
| ജില്ല | – | കണ്ണൂര് |
| വിസ്തീർണ്ണം | – | 20.42 ച: കി.മീ. |
| ജനസംഖ്യ | – | 29,901 (1991 സെൻസസ്) |
| പുരുഷന്മാർ | – | 14,399 |
| സ്ത്രീകൾ | – | 15,502 |
| ജനസാന്ദ്രത | – | 1464 |
| സാക്ഷരതാ നിരക്ക് | – | 76.9% |
| വാർഡുകളുടെ എണ്ണം | – | 12 |
| പ്രസിഡന്റിന്റെ പേര് | – | ശ്രീ. കെ.ടി. ഭാസ്കരൻ |
| വൈസ് പ്രസിഡന്റിന്റെ പേര് | – | ശ്രീ. സി. രാഘവൻ |
| അതിരുകൾ | | |
| വടക്ക് | – | കുറ്റ്യാട്ടൂർ പഞ്ചായത്ത് |
| വടക്ക് പടിഞ്ഞാറ് | – | കൊളച്ചേരി പഞ്ചായത്ത് |
| പടിഞ്ഞാറ് | – | ചേലോറ പഞ്ചായത്ത് |
| തെക്ക് പടിഞ്ഞാറ് | – | ചെമ്പിലോട് പഞ്ചായത്ത് |
| തെക്ക് കിഴക്ക് | – | അഞ്ചരക്കണ്ടി പഞ്ചായത്ത് |
| കിഴക്ക് | – | കൂടാളി പഞ്ചായത്ത് |

# പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന സർക്കാർ സ്ഥാപനങ്ങൾ

## സംസ്ഥാന സർക്കാർ സ്ഥാപനങ്ങൾ

| ക്രമ നമ്പർ | ആപ്പീസ് | സ്ഥലം |
|---|---|---|
| 1 | പ്രൈമറി ഹെൽത്ത് സെന്റർ | മുണ്ടേരി |
| 2. | മുണ്ടേരി വില്ലേജ് ആഫീസ് | കച്ചേരിപ്പറമ്പ് |
| 3. | കാഞ്ഞിരോട് വില്ലേജ് ആഫീസ് | കാഞ്ഞിരോട് |
| 4. | കൃഷിഭവൻ | കുടുക്കിമൊട്ട |
| 5. | മാതൃശിശുസംരക്ഷണ കേന്ദ്രം | കുടുക്കിമൊട്ട |
| 6. | മാതൃശിശുസംരക്ഷണ കേന്ദ്രം | കാനച്ചേരി |
| 7. | മാതൃശിശുസംരക്ഷണ കേന്ദ്രം | തലമുണ്ട |
| 8. | വില്ലേജ് എക്സ്റ്റൻഷൻ ആഫീസ | കമാൽ പീടിക് |
| 9. | വില്ലേജ് എക്സ്റ്റൻഷൻ ആഫീസ് | തലമുണ്ട |
| 10. | മൃഗാശുപത്രി | കുടുക്കിമൊട്ട |
| 11. | ഐ.സി.ഡി.പി. സബ്സെന്റർ | തലമുണ്ട |
| 12. | ഐ.സി.ഡി.പി. സബ്സെന്റർ | മുണ്ടേരി |
| 13. | മുണ്ടേരി ഗവ: ഹൈസ്കൂൾ | കാഞ്ഞിരോട് |
| 14. | കെ.എസ്.ഇ.ബി. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയരുടെ ആഫീസ് | ഏച്ചൂര് |
| 15. | 220 കെ.വി. സബ്സ്റ്റേഷനോടനുബന്ധിച്ചുള്ള വിവിധ ആഫീസുകൾ | കാഞ്ഞിരോട് |
| 16. | മുണ്ടേരി ഗ്രാമ പഞ്ചായത്താഫീസ് | കുടുക്കിമൊട്ട |

## കേന്ദ്ര സർക്കാർ സ്ഥാപനങ്ങൾ

| | | |
|---|---|---|
| 1. | ടെലഫോൺ എക്സ്ചേഞ്ച് | മുണ്ടേരി |
| 2. | കമ്പി തപ്പാലാഫീസ് | ഏച്ചൂര് |
| 3. | ബ്രാഞ്ച് കമ്പി തപ്പാലാഫീസ് | മുണ്ടേരി |
| 4. | ബ്രാഞ്ച് കമ്പി തപ്പാലാഫീസ് | കാഞ്ഞിരോട് |
| 5. | കമ്പി തപ്പാലാഫീസ് | മൗവ്വഞ്ചേരി |

## ദേശസാൽകൃത ബേങ്കുകൾ

| | | |
|---|---|---|
| 1. | നോർത്ത് മലബാർ ഗ്രാണീണ ബേങ്ക് | കുടുക്കിമൊട്ട |



# സാമൂഹ്യ സാംസ്കാരിക ചരിത്രം

നമ്മുടെ പഞ്ചായത്തിന്റെ പോയ നാളുകളിലേക്ക് പഴയ തലമുറകളിലൂടെ കടന്നു ചെല്ലുമ്പോൾ മൺമറഞ്ഞ കുറെ വസ്തുതകളിലേക്കും ഐതിഹ്യങ്ങളിലേക്കും വെളിച്ചം വീശുന്നു.

'മുണ്ട' എന്നാൽ മുണ്ടകൈതയും 'ഏരി' എന്നാൽ വെള്ളം കെട്ടി നിൽക്കുന്ന സ്ഥലവും. ഈ രണ്ട് വാക്കുകൾ ചേർന്ന വെള്ളത്തിൽ സമൃദ്ധമായി വളരുന്ന മുണ്ടകൈതകളുടെ നാട്ട് എന്ന അർത്ഥത്തിൽ 'മുണ്ടേരി' എന്ന പേരുവന്നു എന്നാണ് പഴമ.

പഴമക്കാരുടെ പ്രയോഗങ്ങൾ സ്ഥലനാമങ്ങളായി രൂപാന്തരപ്പെട്ടതിന് എത്രയോ ഉദാഹരണങ്ങൾ നമ്മുടെ ഗ്രമങ്ങളിലുണ്ട്. സമൃദ്ധമായി കനകം (നെല്ല്) വിളയുന്ന സ്ഥലം എന്ന അർത്ഥത്തിലാണ് കനകച്ചേരി എന്ന പേര് വന്നതെന്നും അത് കാലാന്തരത്തിൽ കാനച്ചേരി എന്നായി എന്നും 'കാന' എന്നൽ തോടും 'ചേരി' എന്നാൽ ദേശം എന്ന അർത്ഥത്തിലും 'കാനച്ചേരി'യായി എന്നും പറയുന്നു. കുടുക്കിച്ചാമനും കുടുംബവും താമസിച്ച സ്ഥമാണ് കുടിക്കിമൊട്ട. അച്ചന്റെ ഊര് ആണ് ഏച്ചൂരായി മാറിയത്. അച്ഛൻ എന്നാൽ ശിവനും ഉര് എന്നാൽ ദേശവും എന്നർത്ഥം. ഏച്ചൂർ–കോട്ടം ശിവക്ഷേത്രവുമായി ബന്ധപ്പെട്ടാണ് ഈ പേർ വന്നതെന്നാണ് ഐതിഹ്യം. 'പുറവ' എന്നാൽ മഹാലക്ഷ്മി എന്നും മഹാലക്ഷ്മിയുടെ ഊര് എന്ന അർത്ഥത്തിൽ പുറവൂരായി മാറി എന്നുമാണ് സങ്കൽപം. മോലോത്തും കാട് എന്ന സ്ഥലത്താണ് ഇന്നത്തെ ക്ഷേത്രം സ്ഥിതി ചെയ്യുന്നത്. മോലോം എന്നാൽ പഴയ അമ്പലം എന്നാണല്ലോ?

നമ്മുടെ പഞ്ചായത്തിലെ ഏറ്റവും ഉയരം കൂടിയ പ്രദേശമായ അയ്യപ്പൻമലയ്ക്കടുത്ത് പണ്ട് കാലത്ത് ഒരു അയ്യപ്പൻക്ഷേത്രമുണ്ടായിരുന്നു എന്നും അതിനാലാണ് ഇതിന് അയ്യപ്പൻമല എന്ന പേർ വന്നത് എന്നും പഴമക്കാർ പറയുന്നു. മുള്ളൻ പന്നിയുടെ ആവാസകേന്ദ്രമായ തലമുണ്ടക്കടുത്ത വിജനമായ സ്ഥലം പിന്നീട് 'മുള്ളൻമൊട്ട' എന്നപേരിൽ അറിയപ്പെടുന്നു. പ്രശസ്തമായ മുണ്ടേരി പുതിയ ഭഗവതിക്ഷേത്രം കൊയ്യോട്ട് തറവാട്ടുകാരുടേതായിരുന്നു. അങ്ങനെ ആ സ്ഥലത്തിന് കോയ്യോട്ട് എന്നും, പാലം വന്നതോടുകൂടി കോയ്യോട്ട് പാലായും അറിയപ്പെടുന്നു.

1955 നവംബർ 17 ന് പഴയ മലബാർ ജില്ലയിൽ ചിറക്കൽ താലൂക്കിൽ മുണ്ടേരി പഞ്ചായത്ത് നിലവിൽ വരുമ്പോൾ ഇന്നത്തെ പഞ്ചായത്തിന്റെ 60% മാത്രമേ ഭൂവിസ്തൃതി ഉണ്ടായിരുന്നുള്ളൂ. 1961 ഡിസംബർ 20 ന് പഞ്ചായത്തുകളുടെ പുനഃസംഘടനയുടെ ഭാഗമായി ഇരിക്കൂർ ബ്ലോക്കിലുള്ള കാഞ്ഞിരോട് പഞ്ചായത്തും എടക്കാട് ബ്ലോക്കിലുള്ള മുണ്ടേരി പഞ്ചായത്തും സംയോജിപ്പിച്ച് ഇന്നത്തെ മുണ്ടേരി പഞ്ചായത്ത് രൂപം കൊണ്ടു. ജനസംഖ്യാടിസ്ഥാനത്തിൽ അന്നത്തെ മുണ്ടേരി പഞ്ചായത്തിനായിരുന്നു മുൻതൂക്കമുണ്ടായിരിന്നത്. അതുകൊണ്ടാണ് പേര് മുണ്ടേരി എന്നായത്.

മുണ്ടേരി പഞ്ചായത്തിന്റെ പിറവി മുതൽ 1963 ൽ തിരഞ്ഞെടുപ്പ നടക്കുന്നതുവരെ കാഞ്ഞിരോട്ട് പഞ്ചായത്ത് പ്രസിഡണ്ടായിരുന്ന ശ്രീ. വി. രാമൻ നായരായിരുന്നു പ്രസിഡണ്ട്. കേരളപ്പിറവിക്കുശേഷം 1963 ൽ നടന്ന ആദ്യത്തെ തിരഞ്ഞെടുപ്പിൽ വീണ്ടും പഞ്ചായത്ത് പ്രസിഡണ്ടായി ശ്രീ. വി. രാമൻ നായർ തിരഞ്ഞെടുക്കപ്പെട്ടു.

| വർഷം | പ്രസിഡണ്ട് | വൈസ് പ്രസിഡണ്ട് |
|---|---|---|
| 1963- 74 | ശ്രീ. വി. രാമൻ നായർ | ജനാബ്. കെ.കെ. അബ്ദുള്ളക്കുട്ടി ഹാജി |
| 1974- 76 | ശ്രീ. വി. രാമൻ നായർ | ശ്രീ. ഇ. കുഞ്ഞപ്പ |
| 1976- 79 | ശ്രീ. ഇ. കുഞ്ഞപ്പ | ശ്രീ. കേളമ്പേത്ത് കണ്ണൻ |
| 1979- 84 | ശ്രീ. കെ. കേളൻ മാസ്റ്റർ | ശ്രീ. പി. ബാലകൃഷ്ണൻ |
| 1984- 88 | ശ്രീ. പി. ബാലകൃഷ്ണൻ | ഇല്ല |
| 1988- 95 | ശ്രീമതി. കെ.പി. രോഹിണി ടീച്ചർ | സി. അസീസ്<br>തുടർന്ന് കെ.ടി. ഭാസ്കരൻ |

## മുൻകാല പഞ്ചായത്ത് സാരഥികൾ

പഞ്ചായത്തിന് സ്വന്തമായി ഒരു കെട്ടിടം വേണമെന്നത് ജനങ്ങളുടെ ഒരു ചിരകാലാഭിലാഷമായിരുന്നു. പരിമിതമായ സൗകര്യങ്ങളോടുകൂടി വാടക കെട്ടിടങ്ങളിലായിരുന്നു ഓഫീസ് പ്രവർത്തിച്ചിരുന്നത്. 1989 ലാണ് ഇന്നത്തെ പഞ്ചായത്താഫീസ് കെട്ടിടം നിലവിൽ വന്നത്. അന്നത്തെ ഭരണസമിതി അംഗങ്ങളുടെ കഠിനപ്രയത്നം ഇതിനു പിന്നിലുണ്ട്.

പഴയകാലത്ത് തന്നെ വിവിധ മതങ്ങൾ തമ്മിലുള്ള സാഹോദര്യം ഉയർത്തിപ്പിടിക്കുന്നതാണ് നമ്മുടെ പഞ്ചായത്ത്. ഇതിനുദാഹരണങ്ങളായ കാനച്ചേരി പള്ളിയും കാനിച്ചേരിക്കാവും കാഞ്ഞിരോട് ഗണപതി ക്ഷേത്രവും കാഞ്ഞിരോട് പഴയ പള്ളിയും ഒരേ പറമ്പിൽ സ്ഥിതിചെയ്യുന്ന മുണ്ടേരികാവും മുണ്ടേരി പള്ളിയും പുതിയ തലമുറക്ക് തന്നെ സുപരിചിതമാണ്. പള്ളികളിൽ നിന്നുയരുന്ന ബാങ്ക് വിളികളാലും അമ്പലങ്ങളിലെ ശംഖനാദങ്ങളാലും മുഖരിതമായ അന്തരീക്ഷം സാഹോദര്യത്തിന്റെ അത്യുന്നതങ്ങളിലേക്ക് ജനങ്ങളെയാകെ ഉയർത്തുന്നു.

1930 കാലഘട്ടത്തിൽ ദേശീയ പ്രക്ഷോഭങ്ങളുടെ ഭാഗമായുള്ള പ്രവർത്തനങ്ങൾക്ക് നമ്മുടെ പ്രദേശത്ത് തുടക്കം കുറിച്ചു. ഇതിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട് അശയ പ്രചരണത്തിനായി 1939 ൽ ഏച്ചൂരിനടുത്ത് ദേശീയ വായനശാല രൂപം കൊണ്ടു. 1942 ൽ ക്വിറ്റ് ഇന്ത്യാ സമരകാലഘട്ടത്തിൽ വായനശാലയുടെ 'ദേശീയം' എന്ന പേര് മാറ്റണമെന്ന് പോലീസ് അധികൃതർ ആവശ്യപ്പെടുകയും നിരന്തരമായ ഭീഷണിയും സമ്മർദ്ദവും വന്നപ്പോൾ ദേശീയ പ്രസ്ഥാനവുമായി ബന്ധപ്പെട്ട പുസ്തകങ്ങൾ പോലും പോലീസ് നശിപ്പിക്കുമെന്ന് കണ്ട് പുസ്തകങ്ങൾ പലരും കൊണ്ടുപോവുകയും അതോടെ വായനശാലയുടെ പ്രവർത്തനം നിന്നുപോവുകയും ചെയ്തു. ഇതുകൊണ്ടൊന്നും ജനങ്ങളുടെ സ്വാതന്ത്ര്യവാഞ്ചയേയും ദേശസ്നേഹത്തേയും ഇല്ലാതാക്കാൻ കഴിഞ്ഞില്ല എന്നുമാത്രമല്ല വിവിധ പ്രദേശത്ത് കൂടുതൽ കരുത്തോടെ പുതിയ വായനശാലകളും ഗ്രന്ഥാലയങ്ങളും നിലവിൽ വരികയും ചെയ്തു. ദേശീയപ്രസ്ഥാനത്തെ ജ്വലനാത്മകമാക്കുന്നതിന് ഇത് പ്രചോദനം നൽകി. ദേശീയ വായനശാല ഇല്ലാതാവുന്ന അതേ കാലഘട്ടത്തിൽ തന്നെ 1942 ൽ കാഞ്ഞിരോട് തെരുവിൽ ഗ്രാമീണ വായനശാല ആന്റ് ഗ്രന്ഥാലയം സ്ഥാപിക്കപ്പെട്ടു. സ്വദേശി പ്രസ്ഥാനത്തിൽ ആകൃഷ്ടരായവരെ എ.കെ.ജി യുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച് തക്ലിയിൽ നൂൽ നൂൽക്കാൻ പഠിപ്പിക്കുകയും സ്വദേശി വ്സത്രം ധരിക്കാൻ പ്രചോദനം നൽകുകയും ചെയ്തു. അന്ന് തക്ലിയിൽ നൂൽനൂറ്റ് കൊടുത്താൽ മാത്രമേ ഖാദി വസ്ത്രം ധരിക്കാൻ കഴിയുകയുള്ളൂ. ഖാദി വസ്ത്രം ധരിക്കുക എന്നത് സ്വദേശി പ്രസ്ഥാനത്തിന്റെ ഭാഗമാവുക എന്നാണർത്ഥം. സർവ്വ ശ്രീ. കെ.പി. കേളൻമാസ്റ്റർ , ഇ. കുഞ്ഞപ്പ എന്നിവർ ഇതിൽ പങ്കാളികളായവരിൽ ചിലരാണ്. സ്വാതന്ത്ര്യസമരത്തിന് മറ്റ് പഞ്ചായത്തുകളിൽ നേതൃത്വം നൽകിയ ചുരുക്കം ചിലർ ഇന്ന് നമ്മുടെ പഞ്ചായത്തിൽ താമസിച്ചുവരുന്നുണ്ട്.

1953 ലെ കൂലി വർദ്ധനവിനു വേണ്ടി ഐതിഹാസികമായ നെയ്ത്ത് തൊഴിലാളി സമരമാണ് നമ്മുടെ പഞ്ചായത്തിലെ ട്രേഡ് യൂനിയൻ പ്രസ്ഥാനങ്ങളെ തൊട്ടുണർത്തിയത്. മൂന്നര മാസം നീണ്ടുനിന്ന ഈ സമരം മൂലം അരപ്പട്ടിണിക്കാരായ തൊഴിലാളികുടുംബങ്ങൾ മുഴുപ്പട്ടിണിയിലാവുകയും ചെയ്തു. ട്രേഡ് യൂണിയനുകളുടെ നേതൃത്വത്തിലുള്ള കഞ്ഞി

പാർച്ചാകേന്ദ്രങ്ങൾ മാത്രമായിരുന്നു കുടുംബങ്ങളുടെ ഏക ആശ്വാസകേന്ദ്രം. ചിറക്കൽ താലൂക്ക് കൈത്തറി തൊഴിലാളി യൂണിയന്റെ നേതൃത്വത്തിൽ നടന്ന ഈ സമരം തൊഴിലാളികൾക്ക് കനത്ത തിരിച്ചടിയേൽപ്പിക്കുകയും സംഘടിത കൈത്തറി മേഖലയെ ഛിന്നഭിന്നമാക്കുയും ചെയ്തു. ഇതിന് ശേഷമാണ് വീടുകളിലുള്ള കൈത്തറി നെയ്ത്ത് വ്യാപകമായത്. ഇതിൽ നിന്നും പാഠങ്ങൾ ഉൾക്കൊണ്ട തൊളിലാളികൾക്ക് തങ്ങളുടെ വിലപേശൽ കഴിവ് വർദ്ധിപ്പിക്കുവാനും തുടർന്ന് പഞ്ചായത്തിലെ ട്രേഡ് യൂനിയൻ പ്രവർത്തനം ഊർജ്ജസ്വലമാക്കാനും സാധിച്ചിട്ടുണ്ട്.

ഭൂപരിഷ്കരണ നിയമത്തിനു മുമ്പ് പഞ്ചായത്തിലെ ഭൂമിയുടെ 50% ത്തോളം കൂടാളി താഴത്തുവീട്ടുകാരുടേയും ചില ദേവസ്വങ്ങളുടേയും ചുരുക്കം ചില വ്യക്തികളുടേയും അധീനതയിലായിരുന്നു. ഈ ഭൂമിയിൽ എല്ലുമുറിയെ പണിയെടുക്കുകയും വിളവുണ്ടാക്കുകയും ചെയ്യുന്ന കർഷകർ ഏറിയപങ്കും ജന്മിക്ക് വാരം പാട്ടം നൽകിയാൽ മിച്ചമില്ലാത്ത അവസ്ഥയിൽ കർഷകർ അസംതൃപ്തരാവുകയും 1935-36 കാലഘട്ടത്തിൽ കർഷകസംഘടനകൾക്ക് രൂപം കൊടുക്കുകയും ചെയ്തു. വാരം പാട്ടം കുറച്ചുകിട്ടുന്നതിനുവേണ്ടി സംഘടനയുടെ നേതൃത്വത്തിൽ പ്രക്ഷോഭങ്ങളും സമരങ്ങളും സംഘടിപ്പിക്കുകയും ചെയ്തു. ജന്മിയുടെ കുടുംബക്ഷേത്രത്തിലെ ഉത്സവത്തിന് കുടിയാന്മാരുടെ പറമ്പിൽ നിന്നും തേങ്ങതാക്കുക എന്ന സമ്പ്രദായത്തിനെതിലെ ശക്തമായ സമരം സംഘടിപ്പിക്കുകയും ഇതിന്റെ ഫലമായി തേങ്ങതാക്കൽ ഇല്ലാതാക്കാൻ സാധിക്കുകയും ചെയ്തു. വാരം പാട്ടത്തിനെതിരായ സമരം തുടർന്നു വന്ന ഈ കാലഘട്ടത്തിലാണ് വാരം പാട്ടം നിജപ്പെടുത്തിക്കൊണ്ട് മദ്രാസ് അസംബ്ലിയിൽ മലബാർ കുടിയായ്മ ഭേദഗതി നിയമം നിലവിൽ വന്നത്. ഇതൊക്കെയായാലും കുടിയാന്മാരുടെ സ്ഥിതിക്ക് കാര്യമായ മാറ്റമൊന്നും ഉണ്ടായില്ല. ഭൂപരിഷ്കരണ ഭേദഗതിയോടെയാണ് യാധാർത്ഥ കൃഷിക്കാരന് ഭൂമി കൈവശം വന്നത്.

1951 ൽ രൂപപ്പെട്ടുവന്ന ഭൂദാന പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങൾ നമ്മുടെ പഞ്ചായത്തിലുമുണ്ടായി. ആചാര്യ വിനോഭ ബാവെ കൂടാളി താഴത്തുവീട്ടിൽ വരികയും അയ്യപ്പൻ മലയിൽ 15 ഏക്കറോളം സ്ഥലം കൂടാളി താഴത്തുവീട്ടുകാർ ദാനമായി നൽകുകയും ചെയ്തു. സർവ്വോദയ നേതാക്കളായ സർവ്വശ്രീ. ടി.വി. അനന്തൻ, ഗാന്ധി കണ്ണൻ നായർ എന്നിവരാണ് ഭൂമിയില്ലാത്ത ആളുകൾക്ക് ഭൂമി നൽകുന്നതിന് പിന്നീട് പ്രവർത്തിച്ച വ്യക്തികൾ. ഇപ്പോൾ 44 കുടുംബങ്ങളാണ് ഇവിടെ താമസിക്കുന്നത്. ഇവർക്ക് പ്രതിഫലമില്ലാതെ പട്ടയം നൽകി കഴിഞ്ഞു.

കലാ സാംസ്കാരിക രംഗങ്ങളിൽ നമ്മുടെ പഞ്ചായത്തിന് തനതായ പാരമ്പര്യമുണ്ട്. വല്ലീ-ബാഹുലേയ സംഘം സാംസ്കാരിക പ്രവർത്തനങ്ങൾക്ക് തുടക്കമിട്ടു. കമാൽ പീടികയ്ക്കടുത്തുള്ള സുബ്രഹ്മണ്യം കോവിലിനോടനുബന്ധിച്ചാണ് 'വല്ലീബാഹുലേയം' എന്ന നാടകം അരങ്ങേറിക്കൊണ്ട് നമ്മുടെ പഞ്ചായത്തിലെ സാംസ്കാരിക പ്രവർത്തനങ്ങൾക്ക് വാതിലുകൾ തുറന്നത്. നാടകത്തിന്റെ രചയിതാവ് അപ്പു കുരിക്കളായിരുന്നു. ആദ്യമായവതരിപ്പിച്ച വല്ലീ-ബാഹുലേയം എന്ന പേരു തന്നെ ഈ നാടകസംഘത്തിന് നൽകി. തുടർന്ന് കണ്ണകിയുടെ കഥ നാടകമായവതരിപ്പിക്കപ്പെട്ടു. പിന്നീട് പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ചെറിയ ചെറിയ കലാസാംസ്കാരിക സ്ഥാപനങ്ങൾ ഉയർന്നു വന്നു. ഇതിനു വളരെ മുമ്പ്തന്നെ ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ട ക്ഷേത്രകലകൾ ആരംഭിച്ചിരുന്നു. പടന്നോട് കോൽക്കളി സംഘവും തലമുണ്ട- മുണ്ടേരി പുതിയഭഗവതി ക്ഷേത്രങ്ങളോടനുബന്ധിച്ച് പൂരക്കളി സംഘവും നിലവിൽ വന്നിരുന്നു. 75 വർഷങ്ങൾക്ക് മുമ്പുതന്നെ പള്ളികളുമായി ബന്ധപ്പെട്ട ദഫ്മുട്ട് സംഘങ്ങളും നാടൻ കലകൾക്ക് പ്രോത്സാഹനമേകി. കൂടാതെ തെയ്യം, തിറകൾ എന്നിവ നമ്മുടെ പഞ്ചായത്തിൽ ആബാലവൃദ്ധം ജനങ്ങളെ ആകർഷിച്ചിരുന്നു,

പഴയകാലത്ത് ഇന്നത്തെപ്പോലെ സ്പോർട്സ് ക്ലബ്ബുകൾ ഉണ്ടായിരുന്നില്ല. അന്ന് ജനങ്ങളുടെ കായിക വികാസത്തിന് കളരി സംഘങ്ങളാണ് പ്രവർത്തിച്ചിരുന്നത്. ഏച്ചൂരിനടുത്ത് ദാവാരം വീട്ടിൽ ഒരു കളരി സംഘം പ്രവർത്തിച്ചിരുന്നു. സംഘത്തിനുവേണ്ടി തന്നെ ഒരു കുളവുമുണ്ടായിരുന്നു. ഇന്ന് ആ കുളം നികത്തിയതിനാൽ സ്ഥലത്തിന് 'കുളക്കണ്ടം' എന്നാണ് പേര്. മുണ്ടേരി യു.പി.സ്കൂളിന് സമീപവും ഈ കാലഘട്ടത്തിൽ കളരിസംഘം പ്രവർത്തിച്ചിരുന്നു. ഇപ്പോൾ ആ സ്ഥലം കളരിയുള്ള വളപ്പ് എന്നാണറിയപ്പെടുന്നത്.

എഴുത്ത് പള്ളിക്കൂടങ്ങളിൽ നിന്നും തുടങ്ങിയ ഔപചാരിക വിദ്യാഭ്യാസരംഗത്ത് നമുക്ക് തനതായ ചരിത്രം അവകാശപ്പെടാനുണ്ട്. ഇന്ന് നിലവിലുള്ള എല്ലാ ഔപചാരിക വിദ്യാഭ്യാസ സ്ഥാപനങ്ങളുടേയും ചരിത്രം പരിശോധിച്ചാൽ പണ്ടത്തെ ഗുരുകുല വിദ്യാലങ്ങളുടെ പരിണാമമാണ് എന്നു കാണാം. ഇന്നത്തെ മിക്ക വിദ്യാലയങ്ങളുടേയും സമീപത്ത് എഴുത്തള്ളിവളപ്പ് എന്ന പേരിലുള്ള പറമ്പുകൾ കാണാം. ഔപചാരിക വിദ്യാഭ്യാസരംഗത്ത് നമ്മുടെ പഞ്ചായത്തിലെ ആദ്യത്തെ ഗവൺമെന്റ് അംഗീകൃതസ്ഥാപനം 1882-ൽ സ്ഥാപിച്ച ഏച്ചൂർ

ഈസ്റ്റ് എൽ.പി. സ്കൂൾ ആണ്. ഇപ്പോഴുള്ള യു.പി. സ്കൂളുകളിൽ എല്ലാം പണ്ടുകാലത്ത് 8–ാം ക്ലാസ് വരെ പഠിക്കാൻ സൗകര്യം ഉണ്ടായിരുന്നു. 8–ാം ക്ലാസിൽ ഗവൺമെന്റ് നടത്തുന്ന പൊതു പരീക്ഷയിൽ വിജയിക്കുന്നവർക്ക് ഇ.എസ്.എൽ.സി. സർട്ടിഫിക്കറ്റ് ലഭിച്ചിരുന്നു. 1957–ൽ ഇ.എസ്.എൽ.സി. നിർത്തലാക്കിയതോടു കൂടിയാണ് അന്നത്തെ ഹയർ എലിമെന്ററി സ്കൂളുകൾ യു.പി. സ്കൂളുകളായി മാറിയത്. 1982 –ൽ ആദ്യത്തെ ഹൈസ്കൂൾ ആയ മുണ്ടേരി ഗവ: ഹൈസ്കൂൾ നിലവിൽ വന്നത്. ഇതിനുവേണ്ടി പ്രവർത്തിച്ച കെ. കേളൻ മാസ്റ്റർ, പി. നാരായണൻ മാസ്റ്റർ എന്നിവരുടെ പേരുകൾ ഇവിടെ സ്മരിക്കുകയാണ്.

നമ്മുടെ പഞ്ചായത്തിന്റെ വ്യവസായ ചരിത്രം തുടങ്ങുന്നത് ഇന്നത്തെ കൈത്തറിയുടെ പഴയരൂപമായ കുഴിത്തറിയിൽ കൂടിയാണ്. കാഞ്ഞിരോട് തെരു കേന്ദ്രീകരിച്ചാണ് കൈത്തറി തുണികൾ ഉല്പാദനം ആരംഭിച്ചത്. ഇതിൽ അധികവും സ്വകാര്യ മുതലാളിമാരുടേതായിരുന്നു. അധ്വാനത്തിനനുസരിച്ച പ്രതിഫലമോ മറ്റ് ആനുകൂല്യങ്ങളോ ലഭിക്കാത്ത സാഹചര്യത്തിലാണ് കൈത്തറി മേഖലയിൽ ഒരു സഹകരണ സംഘം തുടങ്ങാൻ തൊഴിലാളികളെ പ്രേരിപ്പിച്ചത്. 25 അംഗങ്ങൾ ഉണ്ടായാൽ മാത്രമേ ഒരു സംഘം തുടങ്ങാൻ കഴിയുകയുള്ളൂ. അതിനുവേണ്ടി കാഞ്ഞിരോടുള്ള നെയ്ത്ത് തൊഴിലാളികൾ വളരെയധികം പ്രയത്നിച്ചിരുന്നുവെങ്കിലും അത് പ്രാവർത്തികമാക്കുവാൻ സാധിക്കാത്തിനാൽ ചിറക്കൽ സൊസൈറ്റിയിൽ മെമ്പർഷിപ്പ് എടുക്കുകയും ചെയ്തു. തുടക്കത്തിൽ അതിന്റെ ബ്രാഞ്ചായി ആരംഭിച്ച സൊസൈറ്റി 1952–ലാണ് റജിസ്റ്റർ ചെയ്ത് പ്രവർത്തനമാരംഭിച്ചത്. തുടക്കത്തിൽ മുണ്ടും പുടവയും മാങ്ങാടൻ തോർത്തുമായിരുന്നു ഉദ്പാദിപ്പിച്ചിരുന്നത്. ഇതിന്റെ സ്ഥാപക പ്രസിഡണ്ട് വയലൻ കൃഷ്ണനും ഓണററി സിക്രട്ടറി സി.എച്ച് രാമൻ മാസ്റ്ററും ആയിരുന്നു.

കൂട്ടുകുടുംബ ഘടനയിൽ നിന്ന് അണുകുടുംബത്തിലേക്കുള്ള മാറ്റം പാർപ്പിടരംഗത്ത് വമ്പിച്ച ഒരു വിപ്ലവം സൃഷ്ടിച്ചു. 1945 കാലഘട്ടത്തിൽ 90% ത്തോളം വീടുകൾ ഓലമേഞ്ഞതായിരുന്നു. ഓടിട്ട വീടുകൾ നാട്ടുപ്രമുഖൻമാരുടേതു മാത്രമായിരുന്നു. ഇന്ന് 72.69% ഓടിട്ട വീടുകളും 20% കോൺക്രീറ്റ് വീടുകളും 7% ഓലപ്പുരകളുമാണ്. ചാണകം മെഴുകിയ തറയിൽ നിന്ന് സിമന്റ് തറയിലേക്കും അവിടുന്ന് മൊസൈക്കിലും മാർബിളിലും എത്തിനിൽക്കുന്നു. കക്കൂസിലടക്കം മാർബിളോ ടൈൽസോ പതിക്കണം എന്ന പാർപ്പിട സംസ്കാരത്തിലേക്ക് എത്തി നിൽക്കുന്നു. വിശാലമായ മുറ്റങ്ങൾ പ്രൗഢിയുടെ പ്രതീകമായി കണക്കാക്കപ്പെട്ടിരുന്നു. ആമുറ്റവും സിമന്റ് ചെയ്യുന്നതുകൊണ്ട് ജലം കിനിഞ്ഞറങ്ങാനുള്ള ഭൂവിസ്തൃതി കുറയുകയും കിണറുകളിലേക്കുള്ള നീരുറവകൾ ഇല്ലാതാവുകയും ചെയ്യുന്നു.

ഏകദേശം 65 വർഷങ്ങൾക്കുമുമ്പ് കൂർഗിലേക്കുള്ള ആദ്യത്തെ ബസ്സ് വന്നതോടുകൂടിയാണ് കാളവണ്ടിയിൽ നിന്നുള്ള മാറ്റത്തിന് നമ്മുടെ പഞ്ചായത്തിൽ തുടക്കം കുറിച്ചത്. അതിനു മുമ്പ് നമ്മുടെ പഞ്ചായത്തിലൂടെ കടന്നുപോകുന്ന കണ്ണൂർ–മൈസൂർ റോഡിൽകൂടി ദിവസേന നൂറുകണക്കിന് കാളവണ്ടികൾ കടന്നുപോയതായി പണ്ടുള്ളവരിൽ നിന്ന് മനസ്സിലാകുന്നു. കമാൽ പീടികയ്ക്കടുത്തുള്ള വീനസ് ക്ലബിനരികെയും കച്ചേരിപറമ്പിലും നൂറുകണക്കിന് കാളവണ്ടികൾക്കുള്ള പാർക്കിംഗ് സൗകര്യം ഉണ്ടായിരുന്നതായി അവരിൽ നിന്നും മനസ്സിലാവുന്നു. ആദ്യത്തെ താർ റോഡ് കണ്ണൂർ– മൈസൂർ റോഡാണ്. ഇതിന് നമ്മുടെ പഞ്ചായത്ത് പരിധിയിൽ 4–5 കിലോമീറ്റർ ദൈർഘ്യമുണ്ട്. ഇന്ന് നമ്മുടെ പഞ്ചായത്ത് പരിധിയിൽ താറിട്ടതും അല്ലാത്തതുമായ 80–ോളം കി.മീറ്റർ റോഡുണ്ട്.

സാങ്കേതിക രംഗത്ത് ഒട്ടനവധി മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. എങ്കിലും നമ്മൾ ഇന്ന് ഒരു പ്രതിസന്ധിയുടെ വക്കത്താണ്. നെൽ വയലുകൾ പുരയിടങ്ങളായി മാറിക്കൊണ്ടിരിക്കുന്നു. സാംസ്കാരിക രംഗത്തുള്ള മൂല്യത്തകർച്ച. തിരിഞ്ഞുനോക്കിയാൽ ഓർമ്മിക്കാനും ആവേശം പകരുവാനുമുള്ള ഭൂതകാലമാണ് നമുക്കുള്ളത്. നമ്മുടെ പഞ്ചായത്തിന്റെ സാംസ്കാരിക പൈതൃകം കഴിഞ്ഞതലമുറയുടെ നിരന്തര സമരങ്ങളിലൂടേയും ചെറുത്തുനില്പിലൂടെയും നേടിയതാണ്. ഇന്നലെയുടെ നേട്ടങ്ങൾ നാം ഓർക്കുമ്പോൾ ഇന്നത്തെ വെല്ലുവിളികൾ നാം കാണേണ്ടിയിരിക്കുന്നു. എന്താണ് ഇന്നത്തെ അവസ്ഥ? കാർഷിക മേഖലയിലെ മുരടിപ്പ്, അഭ്യസ്ത വിദ്യരുടെ തൊഴിലില്ലായ്മ, വനിതകളുടെ തൊഴിൽ പങ്കാളിത്തക്കുറവ്, അദ്ധ്വാനത്തോടുള്ള അവജ്ഞ, വിദ്യാഭ്യാസ രംഗത്തെ ഗുണനിലവാരത്തകർച്ച, ആരോഗ്യരംഗത്തെ സർക്കാർ സ്ഥാപനങ്ങളോട് ജനങ്ങൾക്കുള്ള അകൽച്ച ഇതൊക്കെ നമ്മുടെ മുന്നിലുള്ള വെല്ലുവിളികളാണ്. ശക്തമായ ജനകീയ ഇടപെടലുകളിലൂടെ മാത്രമേ ഇതിനു പരിഹാരം കാണാൻ സാധ്യമാവുകയുള്ളൂ. ഭൂതകാലം മാതൃകയായി ആവേശമായി നമ്മുടെ മുന്നിലുണ്ട്. പുതിയൊരു വികസന തന്ത്രത്തിന് രൂപം കൊടുക്കാൻ ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ പതാകാവാഹകരാകാൻ നമുക്ക് പ്രതിജ്ഞയെടുക്കാം.



# ഭൂപ്രകൃതിയും വിഭവങ്ങളും

ഹരിതാഭമായ നെൽപാടങ്ങളും എങ്ങും നിറഞ്ഞുനിൽക്കുന്ന കേരവൃക്ഷങ്ങളും ചെറുതോടുകളും കുന്നുകളും താഴ്വരകളും കൊണ്ട് അനുഗ്രഹീതമായ മുണ്ടേരി പഞ്ചായത്തിന് എന്നും ഒരു കേരളത്തനിമയുണ്ട്. പണ്ട്കാലത്ത് മത്സ്യസമൃദ്ധമായ മുണ്ടേരിപ്പുഴയാണ് പഞ്ചായത്തിന്റെ വടക്കേയറ്റം. പുഴയോരത്തുള്ള കൈപ്പാടുകൾ കനകം വിളയുന്ന മുണ്ടകൻ പാടങ്ങളായിരുന്നു. മുണ്ടകൈതകൾ നിറഞ്ഞുനിന്ന പുഴയോരത്ത് പായ മെടഞ്ഞ് ഉപജീവനം കഴിക്കുന്നവരുടെ കേന്ദ്രമായിരുന്നു. ഈ സ്ഥലത്ത് മൺപാത്രനിർമ്മാണത്തിന് അനുയോജ്യമായ കളിമണ്ണ് സുലഭമായിരുന്നു. അതുകൊണ്ടുതന്നെ മുണ്ടേരി കലം പണ്ട് മുതലേ പ്രശസ്തമായിരുന്നു.

വടക്ക്നിന്ന് തെക്കോട്ട് നിമ്നോന്നത ഭൂപ്രകൃതിയാണ് പഞ്ചായത്തിന്റേത്. കുന്നുകളും നെൽപാടങ്ങളും താഴ്വരകളും ഇടകലർന്നതാണ് പൊതുവെയുള്ള ഘടന. ഇങ്ങിനെയുള്ള എട്ടോ ഒൻപതോ നീർമറികൾ ചേർന്നതാണ് നമ്മുട പഞ്ചായത്ത്. പഞ്ചായത്തിലെ ഏറ്റവും താഴ്ന്ന പ്രദേശമായ മുണ്ടേരി പുഴയോരത്ത് നിന്ന് പഞ്ചായത്തിന്റെ മദ്ധ്യത്തിലൂടെ തെക്കോട്ട് നടന്നാൽ ഉയർന്ന സമതലമായ മുണ്ടേരി മൊട്ടയിലെത്തിച്ചേരും. പടന്നോട് മൊട്ടയും ഉയർന്ന സമതല പ്രദേശമാണ്. പടന്നോട് മൊട്ടയിൽ നിന്ന് കൊട്ടാനിച്ചേരിയിലെത്തുമ്പോൾ ഇടത്തരം സമതലമായി. വീണ്ടും താഴ്ന്ന പ്രദേശമായ ഏച്ചൂർവയലും ചെറിയ ചെരിവുകളിലൂടെ കയറി ഉയർന്ന സമതലമായ ശങ്കര വിലാസം യു.പി. സ്കൂൾ പരിസരത്തെത്താം. തുടർന്ന് താഴോട്ട് ഇറങ്ങി തലമുണ്ട വയലിലും അവിടെ നിന്ന് ചെറിയ കയറ്റം കയറിയാൽ ഉയർന്ന സമതലമായ പഞ്ചായത്ത് അതിർത്തിയിലെത്താം. ഇത് അഞ്ചരക്കണ്ടി, കൂടാളി, മുണ്ടേരി പഞ്ചായത്തുകളുടെ സംഗമസ്ഥാനമാണ്. പഞ്ചായത്തിലെ ഏറ്റവും ഉയർന്ന പ്രദേശം അയ്യപ്പൻമലയാണ്. കേരളത്തിന്റെ പ്രകൃതി ഭംഗി എല്ലാ അർത്ഥത്തിലും അസ്വദിക്കാൻ പറ്റിയ സ്ഥലമാണിത്. പടന്നോട്ട് മൊട്ട, മുണ്ടേരി മൊട്ട, കൊട്ടാണിച്ചേരി, കാഞ്ഞിരോട് തെരു, നിലപ്പനക്കുന്ന്, കാനച്ചേരി അംബേദ്കർ കോളനി, ഏച്ചൂർ ഹരിജൻ കോളനി, കേയിൻപറമ്പ് എന്നിവ പഞ്ചായത്തിലെ ഇടത്തരം ഉയർന്ന പ്രദേശങ്ങളാണ്. കോയ്യോട്ടു പാല

ത്തിനടുത്തുള്ള പ്രദേശങ്ങൾ ചതുപ്പുനിലങ്ങളാണ്. ഭൂപ്രകൃതി അനുസരിച്ച് പഞ്ചായത്തിനെ മുഖ്യമായും നാല് മേഖലകളായി തിരിക്കാം.

1. ഉയർന്ന സമതലം
2. ഇടത്തരം ചെരിവ് പ്രദേശം
3. കുത്തനെയുള്ള ചെരിവ് പ്രദേശം
4. താഴ്വര
5. ചതുപ്പ് നിലം

### 1. ഉയർന്ന സമതലം:-

വെട്ടുകൽ മണ്ണാണ് ഇവിടെയുള്ള മൺതരം (Laterate Soil) കശുമാവ്, കുരുമുളക്, കാട്ടുമരങ്ങൽ, മാവ്, പ്ലാവ് എന്നിവയാണ് ഇവിടുത്തെ പ്രധാന സസ്യാവരണം. കുറഞ്ഞതോതിൽ തെങ്ങും കാണപ്പെടുന്നു.

### 2. കുത്തനെയുള്ള ചെരിവ് പ്രദേശം:-

ഇത്തരം പ്രദേശങ്ങളിലേയും മണ്ണ് വെട്ടുകൽ മണ്ണ് തന്നെ. കശുമാവ്, കുരുമുളക്, മാവ്, പ്ലാവ്, തെങ്ങ എന്നിവയാണ് പ്രധാന സസ്യാവരണം.

### 3. ചെറിയ ചെരിവ് പ്രദേശം:-

വെട്ടുകൽ മണ്ണും ചരൽ മണ്ണും കൂടിയതാണ് ഇവിടങ്ങളിലെ മണ്ണ്. തെങ്ങ്. വാഴ, കവുങ്ങ്, മാവ്, പ്ലാവ് എന്നിവയാണ് പ്രധാന കൃഷി.

### 4. താഴ്വര:-

പ്രധാനമായും നെൽകൃഷിയാണ് താഴ്വരകളിൽ കാണപ്പെടുന്നത്. ചെറിയ തോതിൽ വാഴയും മരച്ചീനിയും ഉണ്ട്. ഇപ്പോൾ വ്യാപകമായി വയൽ നികത്തി തെങ്ങും കവുങ്ങും കൃഷിചെയ്യുന്ന പ്രവണതയുണ്ട്.

### 5. ചതുപ്പുനിലം:-

കോയ്യോട്ടുപാലത്തിനടുത്താണ് ചതുപ്പുനിലം കാണപ്പെടുന്നത്. വെള്ളത്തിൽ വളരുന്ന ചെറുസസ്യങ്ങൾ ഇവിടെ കാണപ്പെടുന്നു.

## കാലാവസ്ഥ

നമ്മുടെ പഞ്ചായത്ത് വടക്കൻ ഇടനാട് എന്ന കാലാവസ്ഥാ മേഖലയിൽപ്പെടുന്നു. ഇടവപ്പാതിയിലാണ് പഞ്ചായത്തിൽ ഏറ്റവും കൂടുതൽ മഴ ലഭിക്കുന്നത്. ഈ വർഷം കാലവർഷം ആരംഭിച്ച് തുടർച്ചയായി രണ്ടാഴ്ച മഴ ലഭിച്ചില്ല എങ്കിലും, തുലാവർഷമാരംഭിക്കുമ്പോഴേക്കും ഈ വർഷം 308 cm മഴ ലഭിച്ചു. 310 cm ആണ് ശരാശരി വാർഷിക വർഷപാതം. തുലാവർഷത്തിൽ 574 cm ആണ്. ജൂണോടുകൂടി ആരംഭിക്കുന്ന കാലവർഷം ആഗസ്ത് കഴിയുന്നതോടുകൂടി ശക്തി കുറയുന്നു. സപ്തംബറിലും ചെറിയ തോതിൽ മഴലഭിക്കാറുണ്ട്. ഏപ്രിൽ, മെയ് മാസങ്ങളിലാണ് ഇടമഴ ലഭിക്കാറുള്ളത്. തുലാവർഷം ഒക്ടോബർ, നവമ്പർ മാസങ്ങളിലാണ്. ഡിസംബർ, ജനുവരി, ഫിബ്രുവരി മാസങ്ങളിൽ ഏറ്റവും കൂടുതൽ തണുപ്പ് അനുഭവപ്പെടുന്നു. പകൽ താപനില ഏറ്റവും കുറവ് ജൂൺ, ജൂലായ്, ആഗസ്ത് മാസങ്ങളിലും കൂടുതൽ ഫിബ്രുവരി, മാർച്ച്, ഏപ്രിൽ മാസങ്ങളിലുമാണ്. രാത്രി താപനില ഏറ്റവും കുറവ് അനുഭവപ്പെടുന്നത് ഡിസംബർ, ജനുവരി, ഫിബ്രുവരി മാസങ്ങളിലാണ്.

വാർഡ് തല ജനസംഖ്യാ വിവരപ്പട്ടിക
അവലംബം സെൻസസ് 1991

| വാർഡ് നമ്പർ | പുരുഷന്മാർ | സ്ത്രീകൾ | ആകെ |
|---|---|---|---|
| 1 | 1374 | 1440 | 2814 |
| 2 | 903 | 1020 | 1923 |
| 3 | 1270 | 1347 | 2617 |
| 4 | 1427 | 1504 | 2931 |
| 5 | 1408 | 1544 | 2952 |
| 6 | 1528 | 1698 | 3226 |
| 7 | 1723 | 1830 | 3553 |
| 8 | 1451 | 1514 | 2965 |
| 9 | 1040 | 1184 | 2224 |
| 10 | 1030 | 1084 | 2114 |
| 11 | 1245 | 1337 | 2582 |
| ആകെ | 14399 | 15502 | 29901 |

### തൊഴിലെടുക്കുന്നവരുടെ എണ്ണം

| | സ്ത്രീ: | പുരു: | ആകെ |
|---|---|---|---|
| മുഖ്യ തൊഴിലുകൾ | 1540 | 5569 | 7109 |
| ഭാഗിക തൊഴിലുകൾ | 383 | 397 | 780 |
| മൊത്തം | 1923 | 5966 | 7889 |
| തൊഴിൽ പങ്കാളിത്ത നിരക്ക് | 12.40 | 41.43 | 26.38 |

## ജല ലഭ്യത:-

മുണ്ടേരി പഞ്ചായത്തിലെ കൃഷി മഴയെ ആശ്രയിച്ചുമാത്രമാണ് നടത്തപ്പെടുന്നത്. 80% ത്തോളം മഴയും ലഭിക്കുന്നത് ഇടവപ്പാതിയിലാണ്. പഞ്ചായത്തിൽ പ്രധാനമായും രണ്ട് തോടുകളാണുള്ളത്. കാഞ്ഞിരോട് എൽ. പി. സ്കൂൾ മുതൽ കോയ്യോട് പാലം വഴി മുണ്ടേരി പുഴയിൽ ചേരുന്ന സുമാർ 7 കി.മീ. നീളം വരുന്ന കാവുങ്കൽ തോടും ഏച്ചൂർ ഗന്ധി സ്മാരക വായനശാലക്കടുത്ത് നിന്നാരംഭിച്ച് ഇടയിൽ പീടിക വഴി മുണ്ടേരി പുഴയിൽ ചേരുന്ന 6 കി.മീ. നീളം വരുന്ന ഏച്ചൂർവയൽ തോടും ഇതിൽ പെടുന്നു. ഒരു വർഷം ശരാശരി 63.3 ലക്ഷം ക്യുബിക് മീറ്റർ ജലമാണ് മഴയിലൂടെ ലഭിക്കുന്നത്. ഇതിൽ 5% മുതൽ 8% വരെ ജലം മാത്രമേ ഭൂമിയിലേക്ക് കിനിഞ്ഞിറങ്ങി ഉറവകളായി ലഭിക്കുന്നുള്ളൂ. ബാക്കി മുഴുവൻ ജലവും മുണ്ടേരി പുഴയിലേക്ക് ഒഴുകിപ്പോകുന്നതുകൊണ്ട് വേനൽകാലത്ത് പഞ്ചായത്തിലെ ചില സ്ഥലങ്ങളിൽ ജലക്ഷാമം അനുഭവപ്പെടുന്നു. കിണറുകൾക്ക് 6 മുതൽ 32 കോൽ വരെ ആഴമുണ്ട്. 80% വീടുകളിലും സ്വന്തമായി കിണറുകളുണ്ട്. പൊതുവെ പഞ്ചായത്തിലെ കിണറുകളിൽ ശുദ്ധജലമാണ് ലഭിക്കുന്നത്. ഉപ്പുവെള്ളം, കഠിന ജലം എന്നിവ പഞ്ചായത്തിലെ കിണറുകളിൽ അനുഭവപ്പെടാറില്ല.

തൊഴിലാളികളുടെ എണ്ണം വിവിധ മേഖലകളിൽ
മുഖ്യ തൊഴിലുകൾ

| തൊഴിൽ | പുരു: | സ്ത്രീ | മൊത്തം | ശതമാനം |
|---|---|---|---|---|
| കൃഷിക്കാർ | 183 | 95 | 283 | 3.98 |
| കർഷക- തൊഴിലാളികൾ | 830 | 558 | 1388 | 19.52 |
| മത്സ്യബന്ധനം- മൃഗപരിപാലനം | 146 | 6 | 152 | 2.14 |
| ഖനനം, പാറപൊട്ടിക്കൽ | 62 | 3 | 65 | 0.90 |
| കുടിൽ വ്യവസായം | 86 | 19 | 105 | 1.48 |
| കുടിലേതര- വ്യവസായം | 1582 | 442 | 2027 | 28.51 |
| നിർമ്മാണം | 362 | 21 | 383 | 5.39 |
| വാണിജ്യം | 1230 | 40 | 1270 | 17.86 |
| ഗതാഗതം, വാർത്താ വിനിമയം | 464 | 12 | 476 | 6.70 |
| മറ്റ് സേവനങ്ങൾ | 619 | 341 | 960 | 13.50 |
| മൊത്തം തൊഴിലെടുക്കുന്നവർ | 5569 | 1540 | 7109 | 100 |

## മനുഷ്യ വിഭവം:-

മനുഷ്യന്റെ പുരോഗതിക്കു വേണ്ടിയുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുമ്പോൾ ഏറ്റവും ആദ്യം കണക്കിലെടുക്കേണ്ടത് മനുഷ്യ വിഭവത്തെക്കുറിച്ച് തന്നെയാണ്. 1991-ലെ സെൻസസ് പ്രകാരം പഞ്ചായത്തിലെ ജനസംഖ്യ 29,901 ആണ്. ഇതിൽ 14,399 പുരുഷൻമാരും 15,502 സ്ത്രീകളുമാണ്. പുരുഷന്മാരെ അപേക്ഷിച്ച് 1,103 സ്ത്രീകൾ കൂടുതലാണ്. 1000 പുരുഷൻമാർക്ക് 1077 സ്ത്രീകളുണ്ട്. ഇത് സംസ്ഥാനത്ത് 1036 ആണ്. ജനസാന്ദ്രത ചതുരശ്ര കിലോമീറ്ററിന് ജില്ലയിൽ 759 ഉം സംസ്ഥാനത്തേത് 749 ഉം ആകുമ്പോൾ പഞ്ചായത്തിലേത് 1464 ആണ്. ആകെ 1074 പട്ടികജാതിക്കാരാണ് ഉള്ളത്. 540 പുരുഷൻമാരും 534 സ്ത്രീകളും. സ്ത്രി പുരുഷ അനുപാതത്തിൽ പഞ്ചായത്ത് സംസ്ഥാന ശരാശരിയേക്കാൾ കുടുതലാണെങ്കിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളെ സംബന്ധിച്ചിടത്തോളം സ്ത്രീകൾ കുറവാണ്. 1000 സ്ത്രീകൾക്ക് 1011 പുരുഷന്മാരാണുള്ളത്. പഞ്ചായത്തിലെ മൊത്തം ജനസംഖ്യയുടെ 3.59% പട്ടികജാതിക്കാരാണ്.

## സാക്ഷരത

96.35% പുരുഷന്മാരും 84.11% സ്ത്രീകളും സാക്ഷരരാണ്. 89.46 ആണ് പഞ്ചായത്തിലെ സാക്ഷരതാ നിരക്ക്. ബ്ലോക്കിൽ ഇത് 93.05% ജില്ലയിൽ 91.48% ആണ്. സാക്ഷരതയുടെ കാര്യത്തിൽ സ്ത്രീകളുടെ ഈ പിന്നോട്ട പോക്ക് പരിഹരിക്കപ്പെടേണ്ടതാണ്.

പഞ്ചായത്തിൽ ആകെ 4407 കുടുംബങ്ങളാണ് ഉള്ളത്. ശരാശരി വീടൊന്നിന് 6.78 ആളുകൾ, ജില്ലാ ശരാശരി 6.08 ആണ്.

1991 ലെ സെൻസസ് അനുസരിച്ച് മൊത്തം തൊഴിൽ പങ്കാളിത്തനിരക്ക് 26.38% ആണ്. പുരുഷന്മാരുടേത് 41.43% വും സ്ത്രീകളുടേത് 12.40%. സ്ത്രീകളുടെ ഈ പിന്നോക്കാവസ്ഥയ്ക് പരിഹാരം കാണേണ്ടതാണ്.

തൊഴിലെടുക്കുന്നവരിൽ കൂടുതൽ ചെറുകിട വ്യവസായങ്ങളിലാണ്. 28.51%. ഇതിൽ ഏറ്റവും കൂടുതൽ ആളുകൾ ജോലിചെയ്യുന്നത് നെയ്ത് മേഖലയിലും തൊട്ടടുത്ത് ബീഡി മേഖലയിലുമാണ്. കാർഷിക മേഖലയ്ക്കാണ് തൊഴിലെടുക്കുന്നവരിൽ രണ്ടാം സ്ഥാനം. സ്ത്രീകളിൽ ഏറ്റവും കൂടുതൽ ആളുകൾ ജോലിചെയ്യുന്നത് കാരഷികമേഖലയാലാണ്. പഞ്ചായത്തിൽ ഏകദേശം 4000 തൊഴിൽരഹിതരാണുള്ളത്. ഇത് ജനസംഖ്യയുടെ 14% ത്തോളം വരും.

# മുണ്ടേരി പഞ്ചായത്ത് ഭൂപടം
## (കൃഷി)




1. [illegible] വയൽ
2. മുണ്ടേരി വയൽ
3. [illegible]
4. [illegible]
5. [illegible]
6. [illegible]
7. [illegible]
8. [illegible]
9. [illegible]
10. [illegible]
11. [illegible]
12. [illegible]
13. [illegible]



# കൃഷിയും ജലസേചനവും

നദീതീരപ്രദേശങ്ങളും താഴ്വരകളും കുന്നിൻ പ്രദേശങ്ങളും ചരിവുകളും വയലുകളും ഉൾക്കൊള്ളുന്ന മനോഹര ഭൂപ്രദേശമാണ് മുണ്ടേരി പഞ്ചായത്ത്. എടക്കാട് ബ്ളോക്കിലെ മികച്ച കാർഷിക മേഖലയായ ഈ പഞ്ചായത്തിൽ പുഴയോരങ്ങളിൽ സമൃദ്ധിയായി നിറഞ്ഞു നിൽക്കുന്ന തെങ്ങും വയലുകളിൽ ഹരിതാഭ ചാർത്തുന്ന നെല്ലും പയർവർഗ്ഗങ്ങളും പച്ചക്കറികളും പുരയിടങ്ങളിൽ തെങ്ങും കമുകും മാവും പ്ലാവും പുളിയും കുരുമുളകും വാഴയും ചരിവുകളിലും കുന്നിൻ പ്രദേശങ്ങളിലും ചെറിയതോതിൽ കശുമാവും ഇടവിളകളും കൃഷി ചെയ്ത് വരുന്നു. മുഖ്യ കാർഷികവിളകളുടെ ഉത്പാദനക്ഷമത പരിശോധിച്ചാൽ മിക്കതിലും അതുസംസ്ഥാന ശരാശരിയേക്കാൾ കൂടുതലാണെന്ന് കാണാം. കഴിഞ്ഞ വർഷത്തിലെ മുഖ്യവിളകളുടെ വിസ്തൃതി ഉത്പാദനക്ഷമത ഉത്പാദനം എന്നിവ പട്ടികയിൽ കൊടുത്തിരിക്കുന്നു.

| വിള | വിസ്തീര്ണ്ണം (ഏക്കർ) | ഉത്പാദനം | ഉത്പാദന ക്ഷമത |
|---|---|---|---|
| നെല്ല് ഒന്നാം വിള | 612 | 587.52 ടൺ | 0.96 ടൺ/ഏക്കർ |
| നെല്ല് രണ്ടാം വിള | 625 | 610 ടൺ | 0.976 ടൺ/ഏക്കർ |
| തെങ്ങ് | 3025 | 1.258 കോടി | 4160 തേങ്ങ/ഏക്കർ |
| കുരുമുളക് | 140 | 18.2 ടൺ | 0 1 3 ടൺ / ഏക്കർ |
| പയർവർഗ്ഗങ്ങൾ | 92 | 20.24 ടൺ | 0.22 ടൺ/ ഏക്കർ |
| മരച്ചീനി | 45 | 382.5 ടൺ | 8.5 ടൺ/ഏക്കർ |
| വാഴ | 85 | 595 ടൺ | 7.0 ടൺ/ഏക്കർ |
| കശുമാവ് | 55 | 22.11 ടൺ | 0.402 ടൺ/ഏക്കർ |
| മാവ് | 14 | 63 ടൺ | 4.5 ടൺ/ഏക്കർ |
| പ്ലാവ് | 9 | 162 ടൺ | 18.0 ടൺ/ഏക്കർ |
| പച്ചക്കറികൾ | 45 | 229.5ടൺ | 5.1 ടൺ/ഏക്കർ |
| കവുങ്ങ് | 170 | 3.4 കോടി | 2ലക്ഷം /ഏക്കർ |

റവന്യൂ രേഖകൾ പ്രകാരം 987.44 ഏക്കർ നിലവും 3746.53 ഏക്കർ പുരയിടവും ആണ്. കൃഷിയോഗ്യ തരിശ് സ്ഥലം ഇന്ന് വെറും 1.37 ഏക്കർമാത്രം. ഒന്നാം വിളയായി ഏതാണ്ട് 612 ഏക്കർ സ്ഥലത്തും രണ്ടാം വിളയായി 625 ഏക്കർ സ്ഥലത്തും നെൽകൃഷി ചെയ്തുവരുന്നു. പഴശ്ശി കനാൽ ജലം ലഭ്യമായ കഴിഞ്ഞ വർഷങ്ങളിൽ ചെറിയ തോതിൽ മൂന്നാം വിള നെൽകൃഷി എടുക്കാനും ശ്രമം തുടങ്ങിയിരുന്നു. പലപ്പോഴും തൃപ്തികരമായ രൂപത്തിൽ ജലം ലഭ്യമല്ലാത്തതിനാൽ മൂന്നാം വിള വേണ്ടത്ര വിജയിച്ചില്ല. കഴിഞ്ഞ പത്ത് വർഷങ്ങളിലെ കണക്കുകൾ പരിശോധിച്ചതിൽ 0.28 ശതമാനം മുതൽ 2.7 ശതമാനം വരെ നെൽകൃഷി വിസ്തൃതി വർഷം പ്രതി കുറഞ്ഞുവരുന്നതായി ക്കാണുന്നു. ഒന്നും രണ്ടും വിള നെൽകൃഷി കഴിഞ്ഞാൽ വ്യാപകമായി പച്ചക്കറി പയർ വർഗങ്ങൾ കൃഷി ചെയ്യുന്ന രീതിക്കും ഇന്ന് മങ്ങലേറ്റിട്ടുണ്ട്. എഴുപതുകളിൽ മൊത്തം പാടശേഖരത്തിന്റെ 21 ശതമാനം വരെ കൃഷിയിടങ്ങളിൽ പച്ചക്കറിയിനങ്ങൽ കൃഷിചെയ്തിരുന്ന സ്ഥാനത്ത് എൻപതുകളിൽ പടിപടിയായി കുറഞ്ഞു 13% വരെയായി. തുടർന്നുള്ള വർഷങ്ങളിൽ 91 വരെ വിസ്തൃതിയിൽ പ്രകടനായ മാറ്റങ്ങളൊന്നും ഉണ്ടായില്ല. എന്നാൽ കഴിഞ്ഞ വർഷം വരെ പയർവർഗ്ഗകൃഷിയിൽ പുരോഗതി ഉണ്ടാവുകയും അത് 92.5 ഏക്കർ സ്ഥലത്തുവരെ ഉയരുകയുമുണ്ടായി.

മൂവായിരത്തിലേറെ ഏക്കർ വരുന്ന പരുയിട കൃഷിയിൽ ബഹുഭൂരിഭാഗം സ്ഥലത്തും തെങ്ങുകൃഷിയാണ്. സമതല പ്രദേശങ്ങളിലും ചരിവുപ്രദേശങ്ങളിലും അയ്യപ്പൻമല തുടങ്ങിയ പഞ്ചായത്തിലെ ഏറ്റവും ഉയരം കൂടിയ പ്രദേശങ്ങളിലും തെങ്ങുകൃഷി ചെയ്തതായി കാണാം. ഈർപ്പം താരതമ്യേന കൂടുതൽ ലഭിക്കുന്ന സ്ഥലങ്ങളിൽ ഏകദേശം 130 ഏക്കർ സ്ഥലത്ത് മുഖ്യവിളയായും മറ്റുസ്ഥലങ്ങളിൽ 40 ഏക്കർ സ്ഥലത്ത് മിശ്രവിളയായും കമുക് കൃഷി ചെയ്തുവരുന്നുണ്ട്. താരതമ്യേന വലിയ തെങ്ങിൻതോട്ടങ്ങലിലും കവുങ്ങിൻ തോട്ടങ്ങളിലും ഇടവിളകൾ കൃഷി ചെയ്തതായി കാണുന്നുല്ല. എന്നാൽ വീട്ടുപറമ്പുകളിൽ ബഹുഭൂരിഭാഗവും തെങ്ങ്, കമുക് എന്നീ പ്രധാന വിളകളോടൊപ്പം വാഴ, മരച്ചീനി, കുരുമുളക്, പച്ചക്കറി, പഴവർഗ്ഗങ്ങൾ, കിഴങ്ങുവർഗ്ഗങ്ങൽ എന്നിവ കൂടി മിശ്രവിളകളായി കൃഷി ചെയ്തിട്ടുള്ളതായി കാണാം. പ്ലാവ്, കശുമാവ്, മാവ് എന്നിവയുടെ വിശാലമായ തോട്ടങ്ങൾ കാണാനില്ലെങ്കിലും മിക്ക പറമ്പുകളിലും ഇവ ഒറ്റപ്പെട്ട രൂപത്തിലും കൂട്ടായും കാണുന്നുണ്ട്.

താഴ്ന്ന പ്രദേശങ്ങളിൽ തോട്ടമടിസ്ഥാനത്തിൽ ചെയ്യുന്ന നേന്ത്രവാഴകൃഷി ഇന്നാട്ടിലെ ഒട്ടേറെ കർഷകരുടെ മുഖ്യവരുമാനമാർഗ്ഗമാണ്. സ്ഥലം പാട്ടത്തിനെടുത്ത് കൃഷി ചെയ്യുന്നവരാണധികവും. കഴിഞ്ഞ പത്തുർഷങ്ങളിൽ ഈ കൃഷിയുമായി ബന്ധപ്പെട്ട കണക്കുകൾ പരിശോധിച്ചാൽ നേന്ത്രവാഴ കൃഷിചെയ്യുന്ന സ്ഥലവിസ്തൃതി നേരിയ തതോതിലെങ്കിലും വർദ്ധിച്ചുവരുന്നതായിട്ടാണ് കാണുന്നത്. ഉല്പാദന ചിലവിനൊത്ത് ഉല്പന്നവിലയും ഉയരുന്നു എന്നുള്ളതാണ് ഈ കൃഷിയുമായി മുമ്പോട്ട് പോകാനുള്ള പ്രേരക ശക്തി. മാർക്കറ്റ് ഈ കൃഷിയെ സംബന്ധിച്ചിടത്തോളം പ്രശ്നമാകാറില്ല. കാലവർഷക്കെടുതി ഏതാനും കർഷകർക്കെങ്കിലും നാശം വിതക്കാറുണ്ട്.

കൃഷിഭൂമിയുടെ തുണ്ടുവൽകരണമാണ് മുണ്ടേരി പഞ്ചായത്തിലെ കാർഷിക വ്യവസ്ഥയുടെ പ്രധാന സവിശേഷത. പട്ടിക 2 പരിശോധിച്ചാൽ ഇത് വ്യക്തമാകും. ഒരു കുടുംബത്തിന്റെ ശരാശരി കൃഷിഭൂമി കഷ്ടിച്ച് 50 സെന്റ് മാത്രമാണ്. പിന്തുടർച്ചവകാശത്തിന്റെയും മറ്റും ഫലമായി ഇത്തരം ഭൂമികൾ വീണ്ടും വീണ്ടും വിഭജിക്കപ്പെട്ടു ശിഥിലമായിക്കൊണ്ടിരിക്കുകയാണ്. ഈ സാഹചര്യത്തിൽ ബഹുഭൂരിപക്ഷം കർഷകരും തങ്ങളുടെ ചെറുകിട കൃഷിയിൽ നിന്നും കിട്ടുന്ന വരുമാനം കൊണ്ട് ജീവിതം തള്ളി നീക്കാനാവാതെ വന്നപ്പോൾ മറ്റ് പല ഉപജീവന മാർഗ്ഗങ്ങളിലേക്കും തിരിഞ്ഞു. അങ്ങിനെ മുഴുവൻ സമയ കർഷകർ പലരും ഇന്ന് പാർടൈം കരഷകരായി.

പട്ടിക- 2

| ഭൂമി സംബന്ധിച്ച വിവരങ്ങൾ | | |
|---|---|---|
| പുരയിടം | - | 3796- 53 ഏക്കർ |
| നിലം | - | 987- 44 ഏക്കർ |
| പുറമ്പോക്ക് | - | 262-39 ഏക്കർ |
| തരിശ് | - | 1-37 ഏക്കർ |
| ആകെ | - | 5047- 73 ഏക്കർ |

| കൈവശക്കാർ | |
|---|---|
| ഭൂപരിധി | കുടുംബങ്ങളുടെ എണ്ണം |
| 10 സെന്റിന് താഴെ | 1248 |
| 10 മുതൽ 25 സെന്റ് വരെ | 2692 |
| 25 മുതൽ 50 സെന്റ് വരെ | 2383 |
| 50 സെന്റ് മുതൽ 1 ഏക്കർ വരെ | 1798 |
| 1 ഏക്കർ മുതൽ 2 ഏക്കർ വരെ | 849 |
| 2 ഏക്കർ മുതൽ 5 ഏക്കർ വരെ | 243 |
| 5 ഏക്കറിന് മേൽ | 12 |
| ആകെ | 9225 |

## ഭൂവിനിയോഗം

പഞ്ചായത്തിലെ ആകെ വിസ്തീർണ്ണം 5047-73 ഏക്കർ ആണ്. മിതമായ ചരിവുള്ള കുന്ന് കുത്തനെയുള്ള ചരിവ് ഉയർന്ന പ്രദേശം, തീരപ്രദേശം, സമതലം എന്നിങ്ങിനെ ഭൂപ്രകൃതി അനുസരിച്ച് സ്ഥലത്തെ പല വിഭാഗങ്ങളായി തരം തിരിക്കാം. പട്ടിക 3 കാണുക.

പട്ടിക - 3

| ഭൂപ്രകൃതി | വിസ്തൃതി (ഏക്കർ) | ശതമാനം |
|---|---|---|
| മിതമായ ചരിവുള്ള കുന്ന് | 1928.23 | 38.2 |
| കുത്തനെയുള്ള ചരിവ് | 636.01 | 12.6 |
| ഉയർന്ന പ്രദേശം | 90.86 | 1.8 |
| തീരപ്രദേശം | 731.92 | 14.5 |
| സമതലം | 1660.71 | 32.9 |
| ആകെ | 5047.73 | 100 |

പഞ്ചായത്തിന്റെ വടക്കയറ്റം മുണ്ടേരി പുഴയാണ്. ഏറ്റവും ഉയർന്ന പ്രദേശം അയ്യപ്പൻമലയും. 150 ഓളം ഏക്കർ സ്ഥലം ചതുപ്പ് നിലങ്ങളാണ്. താരതമ്യേന ഉയർന്ന പ്രദേശങ്ങളിൽ വെട്ടുകൽമണ്ണ് കണ്ടുവരുന്നു (61%). ആവശ്യമായ അളവിൽ ചൂടിനേയും ഈർപ്പത്തേയും നില നിർത്താനുള്ള കഴിവ് ഇതിനുണ്ട്. പുഴയോരങ്ങളിൽ ജല സംഭരണി ശേഷി കുറഞ്ഞ മണൽമണ്ണും (14%) തീരപ്രദേശങ്ങളിൽ താരതമ്യേന ഫലപുഷ്ടിയുള്ള മണൽ കലർന്ന എക്കൽമണ്ണും (13%) കാണപ്പെടുന്നു. കൈപ്പാട് പ്രദേശങ്ങളിൽ വെള്ളം തട്ടുമ്പോൾ ചളിപ്പരുവമാകുകയും ചൂടാകുമ്പോൾ ഇഷ്ടിക കണക്കേ ആയിത്തീരുകയും ചെയ്യുന്ന തരത്തിലുള്ള ചതുപ്പ് മണ്ണാണ് (12%). പഞ്ചായത്തിലെ എല്ലാതരം മണ്ണും പൊതുവെ അമ്ലരസമുള്ളതാണ്. ഈ അമ്ലനില കൃഷിക്ക് വളരെയേറെ ദോഷം ചെയ്യുന്ന രീതിയിൽ താഴ്ന്ന നിലവാരത്തിലല്ല. കഴിഞ്ഞ അഞ്ചു വർഷങ്ങളിലെ മണ്ണുപരിശോധനാഫലം അപഗ്രഥിച്ചതിൽ മണ്ണിന്റെ അമ്ല-ക്ഷാര നില ഏതാണ്ട് ക്രമമായി നിൽക്കുന്നതായിട്ടാണ് കാണുന്നത്. മണ്ണിൽ നിക്ഷിപ്തമായ ഭാവഹത്തന്റെ അംശം താരതമ്യേന കൂടുതലാണെന്നും കാണുന്നു.

## നെൽകൃഷി

പഞ്ചായത്തിൽ 720 ഏക്കറോളം നെൽകൃഷി യോഗ്യമായ പാടശേഖരങ്ങളുണ്ട്. പട്ടിക 4 പരിശോധിച്ചാൽ ഒന്നാം വിള 85 ശതമാനം സ്ഥലത്തും രണ്ടാംവിള 86.6 ശതമാനം സ്ഥലത്തും.മാത്രമാണെന്ന് കാണാം. മൂന്നാം വിളയായി പയർ, പച്ചക്കറി കൃഷി 12.7 ശതമാനം സ്ഥലത്താണ് നടത്തുന്നത്. മഴയെ മാത്രം ആശ്രയിച്ചാണ് മുഖ്യമായും നെൽകൃഷി നടത്തുന്നത്. ഒന്നാം വിളയിൽ വെള്ളക്കെട്ടും രണ്ടാം വിളയിൽ വരൾച്ചയും ചിലവർഷങ്ങളിൽ രൂക്ഷമാകാറുണ്ട്. കഴമ, നവര, ചിറ്റേനി, തവളക്കണ്ണൻ, പൊന്നാര്യൻ, ഓർക്കഴമ, വെള്ളരി ഏന്നീ പഴയ വിത്തുകൾ ഒഴിവാക്കി ഇപ്പോൾ ജയ, ജ്യോതി, ഐ.ആർ-എട്ട്, ഒ.ടി.പി, ത്രിവേണി, മസൂരി, പവിഴം തുടങ്ങിയ ഉല്പാദന ശേഷി കൂടിയ വിത്തുകളാണ് അധികവും ഉപയോഗിക്കുന്നത്.

പട്ടിക -4

വയൽകൃഷി സംബന്ധിച്ച വിവരങ്ങൾ (1995)

| | |
|---|---|
| കൃഷിയോഗ്യമായ പാടശേഖരം | - 720 ഏക്കർ |
| ഒന്നാംവിള | - 612 ഏക്കർ |
| രണ്ടാംവിള | - 625 ഏക്കർ |
| മൂന്നാംവിള പയർകൃഷി | - 92 ഏക്കർ |
| മൂന്നാംവിള പച്ചക്കറി കൃഷി | - 34 ഏക്കർ |

എഴുപതുകളിൽ ഒന്നും രണ്ടും വിളകളായി 1800 ഏക്കർ സ്ഥലത്തുനിന്നും 1980 ടൺ നെല്ലരിയാണുല്പാദിപ്പിച്ചിരുന്നത്.. കഴിഞ്ഞ രണ്ടു ദശാബ്ദത്തിനിടയ്ക്ക് 563 ഏക്കർ നെൽകൃഷിസ്ഥലവും 782.48 ടൺ നെല്ലരിയും നമ്മുടെ പഞ്ചായത്തിന് നഷ്ടമായിരിക്കുന്നു. അരി മുഖ്യഭക്ഷണ

ഷിക്കുള്ള ഉല്പാദന ബോണസ് വിതരണം ചെയ്യുന്നതിലും പാടശേഖരസമിതികൾ ഇപ്പോൾ കർഷകർക്ക് സഹായകമായി തീരുന്നുണ്ടെങ്കിലും നെൽകൃഷി വർദ്ധനവിനും ചിലവ് ചുരുക്കുന്നതിനുമുള്ള കൂട്ടായ സംരംഭങ്ങൾ ഏറ്റെടുത്ത് നടപ്പാക്കുന്നതിനുതകുന്ന വിധം സമിതികളെ സജ്ജമാക്കേണ്ടതുണ്ട്. കളനാശിനി പ്രയോഗം ഈ പഞ്ചായത്തിൽ ഒന്നാം വിളയിൽ ഫലപ്രദമാണെന്നും നടത്തിതിന് പുറമെ രണ്ടാം വിളക്കു ഈ പഞ്ചായത്തിലെ അനുഭവങ്ങൾ തെളിയിച്ചിട്ടുണ്ട്. നെൽകൃഷിയിൽ ചിലവ് കുറക്കാനുള്ള സങ്കേതങ്ങൾ വ്യാപകമായി പ്രചരിക്കേണ്ടതുണ്ട്. ചാരിറ്റബിൾ സൊസൈറ്റി ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട പാടശേഖരങ്ങളുടെ പേര് വിവരങ്ങൾ



പട്ടിക -5

പാടശേഖര സമിതികൾ

| |
|---|
| ഏച്ചൂർ നെല്ലുല്പാദക സമിതി |
| കാഞ്ഞിരോട് നെല്ലുല്പാദക സമിതി |
| തലമുണ്ട നെല്ലുൽപാദക സമിതി |
| കൊട്ടാണിച്ചേരി നെല്ലുല്പാദക സമിതി |
| പുറവൂർ നെല്ലുല്പാദക സമിതി |
| കൈത്തല നെല്ലുല്പാദക സമിതി |
| കാനച്ചേരി- കോളിന്മൂല നെല്ലുല്പാദക സമിതി |
| പടന്നോട്ട് നെല്ലുല്പാദക സമിതി |

മായുള്ള നമ്മുടെ നാട്ടിൽ ഈ സ്ഥിതിവിശേഷം ഉൽക്കണ്ഠാജനകമാണ്. നമ്മെ സംബന്ധിച്ച് അരി ഒരു മുഖ്യ വിള മാത്രമല്ല, 'കന്നുകാലി സമ്പത്തിന്റെ നിലനിൽപിനുവേണ്ട വയ്ക്കോലും കാർഷികരംഗത്ത് ഏറ്റവുമധികം തൊഴിലവസരങ്ങൾ പ്രദാനം ചെയ്യുന്നതും നെൽകൃഷിയാണ്. നമ്മുടെ പരിസ്ഥിതി സന്തുലനം കാത്തുസൂക്ഷിക്കുന്നതിലും ഭൂഗർഭ ജലവിതാനം നിലനിർത്തുന്നതിനും നെൽപ്പാടങ്ങൾ വഹിക്കുന്ന പങ്ക് സുപ്രധാനമാണ്. ഇത്രയേറെ പ്രത്യേകതകൾ അവകാശപ്പെടാനുള്ള നെൽകൃഷിയിൽ നിന്നും കർഷകർ ഒരളവോളം പിൻമാറുന്നതിനുള്ള കാരണങ്ങൾ ഗൗരവപൂർവ്വം കണക്കിലെടുക്കണം. ഉല്പാദനച്ചിലവിൽ വന്ന ക്രമാതീതമായ വർദ്ധന ഒരു പ്രധാന കാരണമായി ചൂണ്ടിക്കാട്ടുന്നു. എന്നാൽ ഇതിനനുസൃതമായി ഉല്പന്ന വിലയിൽ വലിയ മാറ്റമൊന്നും ഉണ്ടായിട്ടില്ല. തൊഴിലാളികളെ യഥാസമയം കിട്ടാത്തതുകൊണ്ട് പരിചരണമുറകൾ നടത്തുന്നതിലും താളപ്പിഴകൾ വരുന്നു. ഇത് ഉല്പാദനത്തെ പ്രതികൂലമായി ബാധിക്കും. അനേകം വർഷത്തിക്ക് മുമ്പുണ്ടാക്കിയ ബണ്ടും മറ്റും കാലപ്പഴക്കത്തിൽ പ്രയോജനപ്രദമല്ലാതെ വന്നിരിക്കുന്നു. ബണ്ടുനിർമ്മാണം, തോടു നിർമ്മാണം, തോടിന്റെ ആഴം വർദ്ധിപ്പിക്കൽ, അരിക് ബലപ്പെടുത്തൽ, മണ്ണുമാറ്റൽ, വെന്റഡ് ക്രോസ്ബാർ, ചീപ്പ് എന്നിവ നന്നാക്കൽ പുതുതായി ഏർപ്പെടുത്തൽ എന്നീ കാര്യങ്ങളൊന്നും കാര്യക്ഷമമായി നടക്കാത്തതിൽ മിക്ക പാടശേഖരങ്ങളിലും ജലസേചനമോ ജലനിയന്ത്രണമോ സാധിക്കാതെ പ്രതീക്ഷിച്ചത്ര വിളവ് ലഭിക്കാതിരിക്കുന്നു.

## പാടശേഖര സമിതികൾ

കൃഷിഭവന്റെ ആഭിമുഖ്യത്തിൽ കർഷകരെ കൂട്ടിയോജിപ്പിച്ചുകൊണ്ട് രൂപീകരിച്ച 8 പാടശേഖര സമിതികളാണ് ഇപ്പോൾ നിലവിലുള്ളത്. ഇവയുടെ നേതൃത്വത്തിൽ കൂട്ടായ സസ്യസംരക്ഷണ പ്രവർത്തനങ്ങൾ, ട്രില്ലർ ഉപയോഗിച്ച് നിലമൊരുക്കൽ, കുമ്മായ പ്രയോഗം, കളനാശിനി പ്രയോഗം, തോടരിക് ബലപ്പെടുത്തൽ എന്നീ പ്രവർത്തനങ്ങൾ ഏതാനും വർഷങ്ങളിൽ കുറേയൊക്കെ നടത്തിയിരുന്നു. എന്നാൽ ഇത്തരം പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാൻ പിന്നീട് പാടശേഖര സമിതികൾക്ക ഫലപ്രദമായി സാധിക്കുന്നില്ല. ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നതിലും, നെൽകൃ

ഇതിനുപുറമെ മുണ്ടേരി കൊറിഞ്ഞിവയൽ, ഇരുവങ്കെ എന്നീ പാടശേഖരങ്ങളും രൂപീകരിച്ചു. നിയമാനുസരണം റജിസ്റ്റർ ചെയ്യാനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുകഴിഞ്ഞു. കൂടാതെ റജിസ്റ്റർ ചെയ്ത ഒരു കേരവികസന സമിതിയും ഇവിടെ പ്രവർത്തിക്കുന്നുണ്ട്. സമഗ്ര നാളികേര വികസന പദ്ധതി പ്രകാരം ജലസേചന സൗകര്യം മെച്ചപ്പെടുത്താനുള്ള ഗുണഭോക്താക്കളെ സമിതി മുഖേനെയാണ് തെരെഞ്ഞെടുക്കുന്നത്.

### കൃഷിഭവൻ

1987 സപ്തംബർ 1ന് കൃഷിഭവൻ പഞ്ചായത്തൽ നിലവിൽ വന്നു. ഇപ്പോഴും സ്വകാര്യ കെട്ടിടത്തിൽ ആണ് പ്രവർത്തിക്കുന്നത്. കൃഷിവകുപ്പിന്റെ സാധാരണ പദ്ധതികൾക്ക് പുറമെ ഒപ്പേക്ക് സഹായ പദ്ധതികളും ഈ പഞ്ചായത്തൽ നടപ്പിലാക്കിവരുന്നു. ഒരു കൃഷി ഓഫീസറും മൂന്ന് കൃഷി അസിസ്റ്റന്റും ഉണ്ട്. കൃഷിഭവന്റെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും ഫീൽഡ്തല ഉദ്യോഗസ്ഥരുടെ സേവനം പൂർണ്ണമായും ഫീൽഡ്തലത്തൽ ലഭിക്കത്തകവിധം ക്രമീകരിക്കേണ്ടതുണ്ട്.

### കാർഷികോപകരണങ്ങൾ

1995 വരെ പാടശേഖരസമിതികൾക്ക് 3 പവർടില്ലറും 2 മെതി യന്ത്രവും നൽകിയിട്ടുണ്ട്. കൃഷിക്കാർക്കായി 34 റോക്കർസ്പ്രെയറും 24 നാപ്സാക് സ്പ്രെയറും ഒരു പവർ സ്പ്രെയറും സബ്സിഡിയിൽ വിതരണം ചെയ്തു. കേരസംരക്ഷണസമിതി മുഖേന തെരഞ്ഞെടുത്ത 66 പേർക്ക മമ്മട്ട്, പിക്കാസ് എന്നീ പണിയായുധങ്ങളും നൽകി. കൂടാതെ കാനച്ചേരിയിൽ പ്രവർത്തിക്കുന്ന അഗ്രോ സർവ്വീസ് സെന്റർ, മുണ്ടേരി ഹരിജൻ കോളനി, കൃഷിഭവൻ എന്നിവിടങ്ങളിൽ നിന്നും മരുന്നുതളി യന്ത്രങ്ങൾ നാമമാത്ര വാടകയ്ക്ക് നൽകുന്നുണ്ട്.

## നടീൽ വസ്തുക്കൾ

സർക്കാരിന്റെ ആഭിമുഖ്യത്തിലുള്ള നടീൽ വസ്തു ഉല്പാദന കേന്ദ്രം പഞ്ചായത്തിലില്ല. കൃഷി വകുപ്പിന്റെ അംഗീകാരത്തോടെ തലമുണ്ട, പുറവൂർ എന്നീ സ്ഥലങ്ങളിൽ പ്രവർത്തിക്കുന്ന നർസറികൾ വിവിധയിനം നടീൽ വസ്തുക്കൾ ഉല്പാദിപ്പിച്ച് വിതരണം ചെയ്തുവരുന്നുണ്ട്. കൂടാതെ വിവിധയിനം നടീൽ വസ്തുക്കൾ ലഭ്യമാകുന്ന മുറക്ക് കൃഷിഭവനിലൂടെ വിതരണം ചെയ്യാറുണ്ട്. പഞ്ചായത്തിലെ കർഷകരുടെ ആവശ്യങ്ങൾ പരിഗണിച്ച് സമിതികളുടെ സഹകരണത്തോടെ പുറത്തുള്ള അംഗീകൃത നർസറികളിൽ നിന്നും തൈകൾ, പച്ചക്കറി വിത്തുകൾ എന്നിവ വരുത്തി വിതരണം ചെയ്യാറുണ്ട്. കഴിഞ്ഞ 3 വർഷത്തിൽ വിതരണം ചെയ്ത പ്രധാന നടീൽ വസ്തുക്കളുടെ വിവരങ്ങൾ താഴെ നൽകുന്നു.

പട്ടിക -6

നടീൽ വസ്തുക്കളുടെ വിതരണം.

| | 93-94 | 94-95 | 95-96 |
|---|---|---|---|
| തെങ്ങിൻതൈകൾ (നാടൻ) | 1000 | 1200 | 1800 |
| സങ്കരയിനങ്ങൾ | 100 | 150 | 150 |
| മംഗള കവുങ്ങിൻ തൈകൾ | 6000 | 6500 | 7600 |
| സുമംഗള | - | 2000 | - |
| കാസർക്കോട് ലോക്കൽ | 4000 | 6000 | - |
| പഴവർഗ്ഗ ചെടികൾ | 2000 | 4000 | 5500 |
| വാഴക്കന്നുകൾ | 3000 | 7500 | - |
| സുഗന്ധവിളതൈകൾ | 30000 | 6000 | 4000 |
| കാപ്പി | - | - | 200 |
| നെല്ല്‌വിത്ത് | 500 | 1750 | 1750 |
| കശുമാവിൻതൈകൾ | 4000 | 5000 | - |
| ഒട്ടുകശുമാവ് | 200 | - | 1920 |
| കുരുമുളക് | 20000 | 55000 | 15000 |
| പയർ വർഗ്ഗങ്ങൽ | 400 | 500 | 300 |
| മാഞ്ചിയം | 2000 | 2000 | 500 |
| പച്ചിലവളച്ചെടി വിത്ത് | 500 | 900 | 900 |
| മറ്റ് വൃക്ഷതൈകൾ | 18000 | 16000 | 1200 |
| കൂൺ സ്പോൺ | 100 | 150 | 135 |
| കുറ്റിമുല്ല് | 2000 | 3000 | 1200 |
| പച്ചക്കറി വിത്ത് | 20കി. | 30കി. | 140കി. |

### വളം

സഹകര മേഖലയിൽ അഞ്ചും സ്വകാര്യ മേഖ

ലയിൽ ഒന്നും ഉൾപ്പെടെ ആറ് വളം വിപണന കേന്ദ്രങ്ങളാണ് പഞ്ചായത്തൽ ഉള്ളത്. രാസവളങ്ങൾ ഉപയോഗിക്കുന്നത് തികച്ചും ശാസ്ത്രീയമായ രീതിയിലല്ല. ഇത് കൃഷിച്ചിലവ് വർദ്ധിപ്പിക്കുന്നതിനു കാരണമാകുന്നു. സഞ്ചരിക്കുന്ന മണ്ണ് പരിശോധനാശാലയുടെ സേവനങ്ങൽ കൂടി ഉപയോഗപ്പെടുത്താറുണ്ടെങ്കിലും മണ്ണ് പരിശോധയുടെ അടിസ്ഥാനത്തിലുള്ള വളപ്രയോഗം വ്യാപകമായിട്ടില്ല. രാസവളത്തിന്റെ ഉപയോഗം വർഷം പ്രതി വർദ്ധിച്ചുവരുന്നതായി ഇത് സംബന്ധിച്ചുള്ള വിവരങ്ങൾ കാണിക്കുന്നു.

പട്ടിക -7

രാസവളത്തിന്റെ ഉപയോഗം

| വർഷം | നൈട്രജൻ (ടൺ) | ഫോസ്ഫറസ്സ് (ടൺ) | പൊട്ടാഷ് (ടൺ) |
|---|---|---|---|
| 1987 | 10.02 | 5.64 | 15.61 |
| 1988 | 10.16 | 5.79 | 17.52 |
| 1989 | 10.23 | 6.42 | 19.26 |
| 1990 | 11.57 | 7.56 | 19.38 |
| 1991 | 17.26 | 8.43 | 20.56 |
| 1992 | 18.21 | 9.72 | 21.92 |
| 1993 | 18.68 | 10.16 | 24.5 |
| 1994 | 20.51 | 12.72 | 25.48 |
| 1995 | 21.26 | 13.68 | 28.26 |

## കീടനാശിനികൾ

നെൽകൃഷിയിലാണ് ഏറ്റവും കൂടുതൽ കീടനാശിനികൾ ഉപയോഗിച്ചുവരുന്നത്. ഇവയുടെ 9 വര്ഷത്തെ ഉപയോഗം പരിശോധിച്ചാൽ 1987 മുതൽ 1993 വരെ വർഷം പ്രതി ഉപയോഗം ക്രമത്തിൽ കൂടിവരുന്നതായും തുടർന്നുള്ള വർഷങ്ങളിൽ കുറഞ്ഞുവരുന്നതായും കാണാം. അമിതമായ കീടനാശിനി പ്രയോഗം വരുത്തിവെക്കുന്ന വിനാശകരമായ പ്രത്യാഘാതങ്ങൽ കർഷകർ മനസ്സിലാക്കിയതും കീടനാശിനിയിലുണ്ടായ വർദ്ധിച്ച വിലവർദ്ധനവും ഇതിനുകാരണമായി ചൂണ്ടിക്കാട്ടുന്നു. നെൽകൃഷി കഴഞ്ഞാൽ നേന്ത്രവാഴകൃഷിയിലാണ് കൂടുതലായും കീടനാശിനി പ്രയോഗിച്ചുവരുന്നത്. കീടനാശിനികളുടെ ഉപയോഗം പട്ടികയിൽ കൊടുത്തിട്ടുണ്ട്.

പട്ടിക -8

സസ്യ സംരക്ഷണ മരുന്നുകളുടെ ഉപയോഗം

| വർഷംദ്രവ | കീടനാശിനി (ലിറ്റർ) | ഖര കീടനാശിനി (കി.ഗ്രാം) |
|---|---|---|
| 1987 | 1240 | 1120 |
| 1988 | 1176 | 1136 |
| 1989 | 1304 | 1270 |
| 1990 | 1290 | 1340 |
| 1991 | 1286 | 1410 |
| 1992 | 1322 | 1400 |
| 1993 | 1330 | 1416 |
| 1994 | 1120 | 920 |
| 1995 | 928 | 686 |

പട്ടിക -11

## മഴയുടെ അളവ് (മി.മീ.)

| വർഷം | ജനു. | ഫിബ്രു. | മാർച്ച് | ഏപ്രിൽ | മെയ് | ജൂൺ | ജൂലായ് | ആഗ. | സപ്തം. | ഒക്ടോ. | നവ. | ഡിസ. | ആകെ |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 1991 | – | – | – | – | 128 | 803 | 1481 | 613 | 69 | 384 | 64 | 190 | 3732 |
| 1992 | – | – | – | 15 | 114 | 916 | 1347 | 409 | 168 | 478 | 102 | 98 | 3647 |
| 1993 | – | – | – | 7 | 131 | 1094 | 1201 | 396 | 173 | 502 | 180 | 20 | 3704 |
| 1994 | – | – | – | 18 | 89 | 869 | 1248 | 615 | 47 | 308 | 201 | 278 | 3673 |
| 1995 | – | – | – | 10 | 196 | 893 | 1145 | 494 | 62 | 397 | 169 | 41 | 3407 |

കീടനാശിനികളുടെ അമിതവും അശാസ്ത്രീയവുമായ പ്രയോഗം പരിസരമലിനീകരണം, അവശിഷ്ട വിഷം. ശത്രുകീട മിത്രകീട സന്തുലിതാവസ്ഥക്ക് കോട്ടം തട്ടൽ എന്നീ ദോഷഫലങ്ങൽ ഉണ്ടാക്കുമെന്നതുകൊണ്ട് ജൈവകീടനാശിനികൾ വ്യാപകമാക്കേണ്ടതുണ്ട്.

## കാർഷിക വായ്പ

ഏച്ചൂർ സർവ്വീസ് സഹകരണ ബാങ്ക്, കാഞ്ഞിരോട് സർവ്വീസ് സഹകരണ ബാങ്ക്, കുടുക്കിമൊട്ട നോർത്ത് മലബാർ ഗ്രാമീൺ ബാങ്ക് എന്നിവയാണ് പഞ്ചായത്തിന്റെ പരീധിയിൽ വരുന്ന കാർഷിക വായ്പാ വിതരണ സ്ഥാപനങ്ങൾ. കുടാതെ പഞ്ചായത്തിന് പുറത്തുള്ള സിണ്ടിക്കേറ്റ് ബാങ്ക്, ഫെഡറൽ ബാങ്ക്, കാർഷിക വികസന ബാങ്ക് എന്നിവയും നമ്മുടെ കർഷകരുടെ വായ്പാ ആവശ്യങ്ങൾ നിർവ്വഹിക്കാറുണ്ട്. കൃഷിഭവൻ വഴി നടപ്പാക്കുന്ന ഒപ്പേക്ക് പദ്ധതിപ്രകാരം കാർഷിക പ്രവർത്തനങ്ങൾ ബാങ്ക് വായ്പ ഉപയോഗപ്പെടുത്തിക്കൊണ്ട് നടത്തുന്നവർക്ക് മാത്രമാണ് സബ്സിഡി നൽകുന്നത്..

അതിനാൽ മേൽപറഞ്ഞ ബാങ്കുകളെല്ലാം വായ്പ വിതരണം ചെയ്യുന്നകാര്യത്തിൽ വളരെയേറെ മുൻഗണന നൽകിവരുന്നുണ്ട്. ഒപ്പേക്ക് പദ്ധതി ആരംഭിച്ച കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ കാർഷിക വായ്പ വിതരണത്തിൽ ഗണ്യമായ വർദ്ധനവുണ്ടായതായി പട്ടിക 10-ലെ വിവരങ്ങൾ കാണിക്കുന്നു.

| ബാങ്ക് | വായ്പതുക | | | |
|---|---|---|---|---|
| | 92-93 | 93-94 | 94-95 | 95-96 |
| സഹ. ബാങ്കുകൾ | 1238000 | 283600042 | 68000 | 5128000 |
| മറ്റ് ബാങ്കുകൾ | 1126300 | 32760006844000 | | 948000 |

കൃഷിയിൽ ജലസേചന സൗകര്യം മെച്ചപ്പെടുത്തൽ, ഇടവിള കൃഷി, വിളപരിപാലനം, കോഴിവളർത്തൽ, പശുവളർത്തൽ, ഭൂവികസന പ്രവർത്തനങ്ങൾ എന്നിവയ്ക്കാണ് പ്രധാനമായും വായ്പ ഉപയോഗപ്പെടുത്തിയത്.

## കൂലിനിരക്ക്

ഏകീകരിച്ച കൂലിനിരക്ക് ഈ പഞ്ചായത്തിലില്ല. ശരാശരി കൂലി നിരക്ക് താഴെ ചേർക്കുന്നു. കൂലിക്ക് പുറമെ സാധാരണ രീതിയിൽ ഭക്ഷണവും നൽകാറുണ്ട്. മറ്റ് മേഖലയിൽ മേഖലയിൽ ലഭിക്കുന്ന കൂലിയുമായി താരതമ്യപ്പെടുത്തിയാൽ കാർഷിക മേഖലയിൽ താഴ്ന്ന കൂലിനിരക്കാണ് നിലവിലുള്ളത്. സ്ത്രീ തൊഴിലാളികൾക്ക് പ്രത്യേകിച്ചും കൂലി വളരെ കുറവാണെന്നു കാണാം. എന്നാൽ കൃഷിക്കാരെ സംബന്ധിച്ചിടത്തോളം ഇന്നുള്ള കൂലിനിരക്ക് തന്നെ താങ്ങാൻ കഴിയാത്തതാണ്. ഏകദേശം 1400 പേരാണ് കാർഷക തൊഴിലാളികളായി പഞ്ചായത്തിലുള്ളത്. ഇവർക്ക് ഭാഗികമായി മാത്രമേ തൊഴിൽ ലഭിക്കുന്നുള്ളൂ. ശരാശരി .കൂലി നിരക്ക് താഴെ ചേർക്കുന്നു.

പട്ടിക -10

കൂലി സംബന്ധിച്ച വിവരങ്ങൾ

| തൊഴിൽ | ജോലി സമയം | ശരാശരി | കൂലിനിരക്ക് |
|---|---|---|---|
| | മണിക്കൂറിൽ | പുരു: | സ്ത്രീ. |
| കിളക്കൽ | 8 | 80 | - |
| കളപറിക്കൽ | 7.5 | - | 35 |
| കട്ട ഉടക്കൽ | 7.5 | - | 35 |
| ഞാറു നടൽ | 7.5 | - | 35 |
| തേങ്ങയിടൽ | 4.5 | 100 | - |
| കൊയ്ത്ത് | 8 | - | 10സേർ നെല്ല് |

## വിപണന സൗകര്യം

കാർഷികോൽപ്പന്നങ്ങളുടെ വിപണനത്തിനും പഞ്ചായത്തൽ പ്രത്യേക സൗകര്യം ഒന്നും തന്നെയില്ല. തേങ്ങ, നേന്ത്രക്കായ, കശുവണ്ടി, അടക്ക, നെല്ല്, കുരുമുളക് എന്നിവയാണ് പ്രധാനപ്പെട്ട കാർഷിക വിളകൾ. ഇവയിൽ പ്രധാന ഉൽപന്നമായ തേങ്ങ, വാഴക്കുല എന്നിവയ്ക്ക്തന്നെ ഒരു പൊതുവിപണിയോ സഹകരണ വിപണിയോ പഞ്ചായത്തിൽ നിലവിലില്ല. ഇപ്പോൾ പ്രധാന കച്ചവട കേന്ദ്രതങ്ങളായ ചക്കരക്കല്ല്, കണ്ടൂർ എന്നീ സ്ഥലങ്ങളാണ് പ്രധാന വിപണിയായി ഉപയോഗിക്കുന്നത്.

### ജലസേചനം

വർഷകാലങ്ങളിൽ ലഭിക്കുന്ന മികച്ച മഴ മണ്ണിൽ പരമാവധി പിടിച്ചുനിർത്താനുള്ള മാർഗ്ഗങ്ങൾ അവലംബിക്കുന്നതിൽ നാം പൊതുവെ അലംഭാവം കാട്ടുന്നു. മണ്ണിൽ ധാരാളം ജൈവാംശങ്ങൾ ചേർത്തും ശരിയായ രീതിയിൽ കൊയ്ത്ത്, കിള എന്നിവ നടത്തിയും വരമ്പുകൾ ബലപ്പെ

ടുത്തിയും അതിർത്തികളിൽ ചെടികൾ വച്ചുപിടിപ്പിച്ചും പഴയകാലത്ത് മണ്ണും ജലവും സംഭരിച്ചു വന്നിരുന്നു. ഇത്തരം ചെലവുകുറഞ്ഞ മാർഗ്ഗങ്ങൾ നാം കൂടുതലായി നീർമറി അടിസ്ഥാനത്തിൽ നടത്തേണ്ടതുണ്ട്. ജീവിതക്രമത്തിലുണ്ടായ പരിവർത്തനങ്ങളും ഭൂമിയുടെ തുണ്ടുവൽക്കരണവും കാർഷികവൃത്തിയോടു വന്ന വിമുഖതയും മണ്ണ്-ജലസംരക്ഷണത്തെ വല്ലാതെ ബാധിച്ചു. വർഷകാലത്ത് വെള്ളപ്പൊക്കവും വേനലിൽ കൊടും വരൾച്ചയും അനുഭവപ്പെടുന്നതും ഭൂഗർഭ ജലനിരപ്പ് ക്രമേണ ക്രമേണ താണുപോകുന്നതും മണ്ണിൽ മഴ വെള്ളം പിടിച്ചുനിർത്താത്തതാണ് കാരണമെന്നുള്ള തിരിച്ചറിവ് ഉണ്ടാകേതണ്ടതുണ്ട്. ഇക്കാര്യത്തിൽ ചെലവ് കുറഞ്ഞ അതതു പ്രദേശങ്ങൾക്ക് അനുയോജ്യമായ മാർഗ്ഗങ്ങൾ നാം പ്രയോഗത്തിൽ വരുത്തേണ്ടതാണ്.

നമ്മുടെ നാട്ടിൽ ലഭിക്കുന്ന മഴയുടെ അളവ് പട്ടികയിൽ നൽകുന്നു.

## പ്രശ്നങ്ങൾ, നിർദ്ദേശങ്ങൾ

1. പഴശ്ശി കനാലിൽ നിന്നും കാഞ്ഞിരോട് പള്ളിച്ചിറവയിലേക്ക് ഒഴുകിവരുന്ന (ചോർന്ന് വരുന്ന) വെള്ളം കൃഷിനാശം ഉണ്ടാക്കുന്നു. പരിഹാരം കാണണം.

2. വയലിന് കുറുകെ മീൻകടവ് റോഡ് നിർമ്മിച്ചപ്പോൾ ആവശ്യത്തിന് ജലനിർഗ്ഗമന സൗകര്യം നൽകിയിട്ടില്ല. ഇതുമൂലം ഒന്നാം വിള നെൽ കൃഷിയിൽ ജലം കെട്ടിനിന്ന് കൃഷി നശിക്കുന്നു. ജലനിരഗ്ഗമന സൗകര്യങ്ങൾ മതിയായ രുപത്തിൽ ഉണ്ടാക്കാൻ നടപടി വേണം.

3. ചെറുകിട കർഷകരുടെ വരുമാന വർദ്ധനവ് ലക്ഷ്യമാക്കി വെറ്റില കൃഷി, കുൺകൃഷി, കുറ്റിമുല്ല, ഓർക്കിഡ്കൃഷി എന്നിവ പ്രോത്സാഹിപ്പിക്കാനുതകുന്ന പദ്ധതികൾ ആവിഷ്കരിക്കണം.

4. സസ്യ സംരക്ഷണ പ്രവർത്തനങ്ങൾ നടത്താൻ തൊഴിലാളികളെ യഥാസമയം ലഭിക്കുന്നില്ല. പരിഹാരമായി സസ്യസംരക്ഷണപ്രവർത്തനങ്ങളിൽ പരിശീലനം നൽകിയ ടീമിനെ പഞ്ചായത്തിന്റെ നേതൃത്വത്തിൽ സജ്ജീകരിക്കുക.

5. കാർഷികോൽപാദനോപാധികൾ കൃഷിയിടങ്ങളിൽ എത്തിക്കാനും കാർഷികോൽപ്പന്നങ്ങൾ മാർക്കറ്റിൽ എത്തിക്കാനും പലയിടങ്ങളിലും സൗകര്യങ്ങൾ ഇല്ല. പരിഹാരമായി

1. നാലാം വാർഡിൽ മാപ്പിളവളപ്പിനു താഴെ കനാലിനുകുറുകെ പാലം പണിയണം.

2. കാഞ്ഞിരോട് വയലിലൂടെ കടന്നുപോകുന്ന പഴശ്ശികനാലിന് കുറുകെയായി പാലം പണിയണം.

3. മൗവ്വഞ്ചേരി – കാഞ്ഞിരോട് വയലിന് കുറുകെയായി ഇരുകരകളും ബന്ധിപ്പിക്കത്തക്ക തരത്തിൽ റോഡ് നിർമ്മിക്കണം.

4. മായൻ മുക്ക് – കണ്ണം കുളം വയലിന് കുറുകെ റോഡ് നിർമ്മിക്കണം.

5. തലമുണ്ട വയലിനും കനാലിനും കുറുകെ പാലം പണിയണം.

6. പുരയിടങ്ങളിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിച്ച് വരുമാന മാർഗ്ഗം വർദ്ധിപ്പിക്കണം. ഇതിന് ആവശ്യമായ ഉൽപാദനോപാദികൾ ലഭ്യമാക്കണം.

7. പഞ്ചായത്തിലേക്ക് ആവശ്യമായ നടീൽ വസ്തുക്കൾ ഇന്നുള്ള സംവിധാനത്തിൽ തൃപ്തികരമായ രൂപത്തിൽ ലഭിക്കുന്നില്ല. ഇതിന് പരിഹാരമായി കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ ഉൽപാദിപ്പുക്കുന്ന നഴ്സറി പഞ്ചായത്തിൽ ഒന്നോ രണ്ടോ ഏക്കർ സ്ഥലത്ത് ആരംഭിക്കണം.

8. കാട്ടാമ്പള്ളി രണ്ടാംഘട്ടം പണി പൂർത്തിയാക്കാത്തതിനാൽ ചതുപ്പ പ്രദേശം നെൽകൃഷിക്കോ മത്സ്യം വളർത്തലിനോ സാധ്യമല്ലാതെ കുടക്കുന്നു. രണ്ടാംഘട്ടം ഉടൻ പൂർത്തിയാക്കി 150 ഏക്കറിലധികം വരുന്ന സ്ഥലത്ത് നെൽകൃഷി വിജയകരമയി നടത്താനുള്ള ഏർപ്പാടുകൾ ഉണ്ടാവണം.

9. നെൽകൃഷി രംഗത്ത് ചെറുകിട യന്ത്രവൽക്കരണം കൊണ്ട് ഉൽപാദനച്ചെലവ് കുറക്കാൻ കഴിയുമെന്നതിന് പഞ്ചായത്തിൽ തന്നെ അനുഭവമുണ്ട്. ആയതിനാൽ എല്ലാ പാടശേഖര സമിതികൾക്കും ടില്ലർ, മെതിയന്ത്രം, കൊയ്ത്തു നടീൽ യന്ത്രങ്ങൾ, സ്പ്രെയറുകൾ എന്നിവ ലഭ്യമാക്കണം.

10. ഒപ്പേക്ക് പദ്ധതിയിൽ ബാങ്ക് വായ്പ ഉപയോഗപ്പെടുത്താതെ കാർഷിക വികസന പ്രവർത്തനങ്ങൾ നടത്തുന്നവർക്ക് നിലവിൽ യാതൊരു ആനുകുല്യവും ലഭിക്കുന്നില്ല. ഇത് മാറ്റി വായ്പ എടുക്കാതെ ചെയ്യുന്ന കാർഷിക വികസന പ്രവർത്തനങ്ങൾക്കും സബ്സിഡി നൽകണം.

11. സമഗ്ര തെങ്ങുകൃഷി പദ്ധതി പ്രകാരം കിണർ, പമ്പുസെറ്റ് എന്നിവയ്ക്ക് വായ്പ ലഭിക്കാൻ 30 സെന്റ് വേണം എന്ന നിബന്ധന ഒഴിവാക്കി ചുരുങ്ങിയ ഭൂമിയു

ള്ളവർക്കും വായ്പ ലഭിക്കാനുള്ള സാഹചര്യം ഉണ്ടാവണം. സ്ഥലപരിധി 10 സെന്റ് എന്നാക്കി കുറക്കണം.

12. മയ്യിൽ കാഞ്ഞിരോട് റോഡിൽ തൈക്കണ്ടി താഴെയുള്ള കാർഷിയിടങ്ങളിൽ വേണ്ടത്ര ജല നിർഗ്ഗമന സൗകര്യങ്ങൾ ഉണ്ടാക്കി കൃഷി നാശം ഒഴിവാക്കാവുന്നതാണ്.

13. കാനച്ചേരി തുടങ്ങിയ പ്രദേശങ്ങളിൽ 'അരണ്ട' എന്ന പക്ഷി വമ്പിച്ച തോതിൽ കൃഷി നാശം വരുത്തുന്നു. ഇതൊഴിവാക്കാനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ ഉണ്ടാവണം.

15. നെൽപാടങ്ങൾ നാണ്യവിളകളും പുരയിടങ്ങളുമായി മാറ്റുന്ന പ്രവണത ഗൗരവമായിക്കണ്ട് ഇതിനെതിരെയുള്ള നിയമങ്ങൾ കർശനമായി നടപ്പാക്കണം.

16. തെങ്ങ് കൃഷിയിൽ പുഴയോരങ്ങളിൽ വ്യാപകമായി ചെന്നീരൊലിപ്പ് രോഗം കാണുന്നു. മണ്ണിന്റെ ഘടനാ വൈകല്യങ്ങൾ രോഗകാരണമായതിനാൽ ഇത്തരം പ്രദേശങ്ങളിൽ രോഗചികിത്സ പ്രയാസമാണെന്നാണ് വിദഗ്ദാഭിപ്രായം. അതിനാൽ ഇത്തരം തെങ്ങുകൾ മുറിച്ചു മാറ്റി രോഗപ്രതിരോധശേഷിയുള്ള ഇനങ്ങൾ വെച്ചുപിടിപ്പിക്കാൻ പദ്ധതികൾ ഉണ്ടാവണം.

17. പഞ്ചായത്തിന്റെ പലയിടങ്ങളിലും വിശേഷിച്ച് ഏച്ചൂർ, പന്ന്യോട് ഭാഗങ്ങളിൽ കിണർ കുഴിക്കുമ്പോഴുള്ള മണ്ണ് റോഡിലും ഇടകളിലും മറ്റ് നീർച്ചാലുകളിലും ഇടുന്നതുനിമിത്തം മഴക്കാലത്ത് ഇത് വയലിൽ എത്തിച്ചേരുകയും കൃഷിക്ക് പ്രതികൂലമായി തീരുകയും ചെയ്യുന്നു. ഇത് അനുവദിക്കാതിരിക്കാൻ കർശന നടപടികൾ വേണം.

18. മാവിലച്ചാലിൽ പാറാടം വയലിൽ തുടങ്ങി ഏച്ചൂർ തോടുമായി ബന്ധിക്കുന്ന കൈത്തോട് മണ്ണ് ഇടിഞ്ഞുവീണ് തകർന്നിരിക്കുന്നു. മണ്ണുമാറ്റി പോരായ്മ പരിഹരിക്കണം.

19. തുണ്ടു ഭൂമികളിലെ നെൽകൃഷി പലപ്പോഴും നഷ്ടമാകുന്നു. ഇത്തരം കൃഷിസ്ഥലങ്ങളിൽ പരിചരണ മുറകൾ കൂട്ടായി ചെയ്യാൻ പഞ്ചായത്തുകൾ നേതൃത്വം നൽകണം.

17. കാർഷികോൽപ്പന്നശേഖരങ്ങൾ സംഭരിക്കാനും വിപണനം നടത്തുവാനുമുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തി കാർഷികോൽപ്പന്നങ്ങൾക്ക് പരമാവധി വില ലഭ്യമാക്കണം.

18. പഴശ്ശി റിസർവോയറിലെ ജലം യഥാസമയം ലഭ്യമാക്കാനാവശ്യമായ ക്രമീകരണങ്ങൾ ഉണ്ടാവുകയും വെള്ളം ലഭ്യമാകുന്ന തീയ്യതി തുടങ്ങിയ കാര്യങ്ങൾ കർഷകരെ മുൻകൂട്ടി അറിയിക്കുകയും വേണം. ഇത്തരം കാര്യങ്ങൾ അറിഞ്ഞാൽ കൃഷിയിൽ ക്രമീകരണങ്ങൾ മുൻകൂട്ടി നടത്താനും അഭിവൃദ്ധിപ്പെടുത്താനും സാധിക്കും.

19. നെൽകൃഷിയിൽ എല്ലാവിധ ഉൽപ്പാദനോപാധികളും കുറഞ്ഞവിലയ്ക്ക് ലഭ്യമാക്കണം.

20. പ്രകൃതി ക്ഷോഭം, രോഗകീടങ്ങൾ എന്നിവ മൂലം കൃഷിനാശം സംഭവിച്ചാൽ നഷ്ടപരിഹാരം ലഭിക്കാനുള്ള സ്ഥിരം സംവിധാനം ഉണ്ടാവണം.

21. കാർഷികാവശ്യങ്ങൾക്ക് മുന്തിയ പരിഗണന നൽകി വൈദ്യുത കണക്ഷൻ സമയബന്ധിതമായി നൽകണം.

22. വിവിധ കാർഷിക സമിതികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുകയും കൃഷിവികസന പദ്ധതികളുടെ ആനുകൂല്യങ്ങൾ അർഹതപ്പെട്ട കർഷകർക്ക് ലഭ്യമാക്കുകയും വേണം.

23. രോഗം വന്നതും ഉൽദനക്ഷമത ഇല്ലാത്തതുമായ തെങ്ങുകൾ പലപ്രദേശങ്ങളിലും ധാരാളമായി കാണുന്നു. ഇതെല്ലാം മുറിച്ചുമാറ്റി പകരം നല്ല തൈകൾ വെച്ചുപടിപ്പിക്കാൻ സഹായ പദ്ധതികൾ ഉണ്ടാവണം. നലവിൽ ഇത്തരം പദ്ധതികൾ ഇല്ല.

24. പഞ്ചായത്തിലെ ഭൂരിപക്ഷം കിണറുകളും വളരെ പഴക്കമുള്ളതും വേനലിൽ വരളുന്നതുമാണ്. ഇത്തരം കിണറുകൾ ആഴം കൂട്ടുന്നതിനും അറ്റുറ്റപണികൾ നടത്തുന്നതിനും സാമ്പത്തിക സഹായം നൽകണം. നിലവിൽ പദ്ധതികൾ ഇല്ല.

25. കാർഷിക മേഖലയിലെ പ്രത്യേക തൊഴിൽദാന പദ്ധതിയിൽ അംഗങ്ങളായവർക്ക് കാർഷികമേഖലയിൽ സമഗ്രതൊഴിൽ പദ്ധതികൾ ഏർപ്പെടുത്തണം.

26. അഗ്രോ സർവ്വീസ് സെന്ററുകൾ എല്ലാ വാർഡുകളിലും സ്ഥാപിക്കണം. കാനച്ചേരിയിൽ പ്രവർത്തിക്കുന്ന അഗ്രോ സർവ്വീസ് സെന്ററിൽ എല്ലാവിധ കാർഷിക യന്ത്രസാമഗ്രികളും ലഭ്യമാക്കണം.

27. കാർഷിക രംഗത്ത് പ്രവർത്തിക്കുന്ന തൊഴിലാളികൾക്കുള്ള എല്ലാവിധ സംരക്ഷണവും ക്ഷേമപദ്ധതികളും നടപ്പാക്കണം.

28. കാരഷികോൽപ്പന്നങ്ങൾ സംസ്കരിച്ച് വിപണനം നടത്താനുള്ള പദ്ധതികൾ ആവിഷ്കരിക്കണം.

29. മണ്ണ് പരിശോധനാടിസ്ഥാനത്തിൽ വളപ്രയോഗം നടത്തുന്നതിനുള്ള വ്യാപകമായ പ്രചരണവും നടപടികളും വേണം.

30. കാർഷികവിള ഇൻഷൂറൻസ് പദ്ധതി ആകർഷകമാക്കണം. എല്ലാവിധ പ്രകൃതിക്ഷോഭങ്ങൾക്കും എന്നതുപോലെ രോഗകീടം മൂലമുള്ള നാശനഷ്ടങ്ങൾക്കും നിശ്ചിത തുക എത്രയും വേഗം പദ്ധതിയിൽ ചേർന്നവർക്ക് കിട്ടുമാറാക്കണം. നാശനഷ്ടം റിപ്പോർട്ട്ചെയ്യാനുള്ള കാലാവധി ഒരാഴ്ചയായി നീട്ടണം.

31. മാവിലച്ചാലിൽ നിന്ന് പാറാടം വയലിൽ നിന്ന് തുടങ്ങി ഏച്ചൂർ തോടുമായി ബന്ധിക്കുന്ന കൈത്തോട് റിപ്പേർ ചെയ്ത് കൃഷിയോഗ്യമാക്കണം.

32. ഏച്ചൂർ തോട് വീതികൂട്ടി ഇരുവശങ്ങളും കല്ലുകൊണ്ട് കെട്ടി മരുവോട്ടുതാഴെയും പറക്കോട്ടതാഴെയും പ്രത്യേകം ബണ്ട് നിർമ്മിക്കണം. കൂലോത്തിന്റവിട താഴെയുള്ള തോടിന് ഒരു ചീപ്പ് നിർമ്മിക്കണം.

33. ഏച്ചൂർ വയൽതോട് അറ്റകുറ്റപ്പണി ചെയ്ത് കുന്നോത്ത്കാവ്, മുക്കിലക്കുണ്ട്, എന്നിവിടങ്ങളിലുള്ള ക്രോസ് ബാറിന് പലകയിടണം.

34. കാനിച്ചേരി തറവയിലിൽ പൊന്നമ്പേത്ത് താഴെ മുതൽ കൈപ്പാട് വരെ നടുവിൽ കൂടി വലിയ തോടിം അതിനുവേണ്ടുന്ന ഉപതോടും നിർമ്മിക്കണം.

35. കാനിച്ചേരി കോളിന്മൂല വയലിൽ എല്ലാ കൃഷിക്കാർക്കും വെള്ളം കിട്ടത്തക്കനിലയിൽ പഴശ്ശി കനാൽചാൽ മുതൽ വയലിന്റെ നടുവിൽ കൂടി ഒരു കൈത്തോട് നിർമ്മിക്കുക. കൈപ്പാടിന്റെ ഭാഗത്ത് ക്രോസ് ബാർ ഇട്ട് വെള്ളം നിയന്ത്രിക്കണം.

36. കൈത്തല വയലിൽ ചെറുവക്കുടിത്താഴെ ചീപ്പ് നിർമ്മിക്കണം.

37. ഏച്ചൂർ തോടിന്റെ ഭാഗമായ കൂലേത്തിന്റെ താഴെ പുഴവരെ തോട് വീതി കൂട്ടണം. ഇടയിൽ പീടികമുതൽ ഒത്തിയാൽ താഴെവരെയുള്ള ഇ,സ്മായൽ തോട് എന്നറിയപ്പെടുന്ന തോട് വീതികൂട്ടി സൈഡിൽ വാഹനം പോകാനുള്ള സൗകര്യം ഏർപ്പെടുത്തണം.

38. പറക്കോടമ്പാട് ബണ്ട് പണി പൂർത്തിയാക്കുകയും പാലത്തിന് ഷട്ടർ നിർമ്മിക്കുകയും വേണം.

39. പുറവൂർ വയൽ മുതൽ കോയ്യോട് പാലം വരെയുള്ള തോട് വീതി കൂട്ടി പാർശ്വഭിത്തി കെട്ടി ചാളപ്പൊയിൽ പാലത്തിലും തുണ്ടിയിൽ വയലിനും നിട്ടൂർ വീട്ടിൽ താഴെ നിലത്തും കോട്ടപ്പുറത്തു താഴെയും ക്രോസ്ബാർ നിർമ്മിച്ച് ജലസേചന സൗകര്യം ഏർപ്പെടുത്തണം.

40. കൊട്ടാണിച്ചേരിയിൽ നിന്ന് ഒഴുകിവരുന്ന വെള്ളം തിരിച്ചുവിടുന്നതിന് തോട് നിർമ്മിച്ച് അത് നിലവിലുള്ള തോടുമായി ബന്ധിപ്പിക്കണം. കൊട്ടാണിച്ചേരി മുതൽ വട്ടക്കുന്നുവരെയുള്ള തോടിന്റെ പാർശ്വഭിത്തി കല്ലുകൊണ്ട് കെട്ടി ഇടയ്ക്ക് ചെക്ക്ഡാം നിർമ്മിച്ച് ജലസേചനത്തിന് പര്യാപ്തമാക്കണം.

41. കണ്ണംകുളം വയലിന്റെ പടിഞ്ഞാറ് ഭാഗത്ത് കൂടി ഒഴുകുന്ന തോട് പാർശ്വ ഭിത്തി കല്ലുകൊണ്ട് കെട്ടി ഇടയ്ക്ക് ചെക്ക്ഡാം നിർമ്മിച്ച് തജലസേചനത്തിന് പര്യാപ്തമാക്കണം.

42 ചാളപ്പൊയിൽ ഭാഗത്തെ തോട്, കോയ്യോട് തോട് എന്നിവ അരികുകെട്ടി സംരക്ഷിക്കണം.

43. കോയ്യോട് പാലം ബണ്ടിന്റെ പലക പുതുക്കി സ്ഥാപിക്കണം. ഉപ്പുവെള്ളം തുറന്നുവിടുന്ന പക്ഷം മാനാട്ട് ചിറ എന്ന സ്ഥലത്ത് ഒരു ബണ്ട് നിർമ്മിച്ച് കൊരിഞ്ഞി വയലിലേക്ക് കയറുന്നതുതുടയുകയും വേണം.

44. തലുമുണ്ട വയലിൽ ചക്കരക്കല്ല് താഴെ ഭാഗത്തും കുന്നത്ത്ചാലിലും പഴയടത്ത്താഴെയും പച്ചക്കറി കൃഷിനടത്താൻ ആവശ്യമായ തരത്തിൽ കുളം നിർമ്മിക്കണം.

45. കാഞ്ഞിരോട് വടക്കേർരത്ത് നിലവിലുള്ള കുളം റിപ്പേർ ചെയ്ത് കൃഷിക്കുപയുക്തമാക്കണം.

46. നല്ലാഞ്ചിയിലുള്ള പഞ്ചായത്ത് കുളം റിപ്പേർ നടത്തണം.

47. ഗാന്ധി സ്മാരകവായനശാല ഏച്ചൂരിന് സമീപം കുളം നിർമ്മിക്കുന്നത് കൃഷിക്കുപയുക്തമാക്കണം.

48. അരീക്കരകുളം റിപ്പേർ ചെയ്ത് കൃഷിക്കുപയുക്തമാക്കണം.

49. കാനച്ചേരി തറവയലിൽ പള്ളിപ്പുറത്ത് താഴെ നിലവിലുള്ള പൊതുകുളം റിപ്പേർചെയ്യണം. ഇവിടെ പമ്പുസെറ്റ് കൂടി സ്ഥാപിക്കാവുന്നതാണ്.

50. കോളിന്മൂല വയലിൽ മുകൾഭാഗത്ത് കുളവും പമ്പുസെറ്റും സ്ഥാപിക്കുന്നത് കൃഷിവികസനത്തിന് വളരെ പ്രയോജനപ്പെടും.

51. മുണ്ടേരി വയൽ, ഇരുവകൈവയൽ, പടന്നോട്ട് വയൽ എന്നിവിടങ്ങളിൽ പുതുതായി കുളം നിർമ്മിച്ച്

ജലസേചന സൗകര്യം മെച്ചപ്പെടുത്തണം.

52. പുറവൂർ വയലിലെ നിലവിലുള്ള കുളം റിപ്പേർചെയ്ത് പമ്പുസെറ്റ് സ്ഥാപിക്കുന്നപക്ഷം നെല്ല്, പച്ചക്കറി എന്നീ കൃഷികൾ അഭിവൃദ്ധിപ്പെടുത്താം.

53. കൊരിഞ്ഞിവയലിലെ പൊതുകുളം വിപുലീകരിച്ച് പമ്പുസെറ്റു വെച്ച് കൃഷി അഭിവൃദ്ധിപ്പെടുത്താം.

54. മൗവ്വഞ്ചേരി ഭാഗത്തും കുളത്തുവയൽ ഭാഗത്തും കുളങ്ങൾ നിർമ്മിച്ചാൽ കാർഷിക വികസനം മെച്ചപ്പെടും.

55. മാവിലച്ചാലിലുള്ള പഞ്ചായത്ത് കുളം നവീകരിച്ച് പമ്പസെറ്റ് സ്ഥാപിച്ച് കൃഷിക്കുപയുക്തമാക്കണം.

56. വാർഡ് 12 ലുള്ള കുളം മണ്ണ് നിറഞ്ഞ് ഉപയോഗശൂന്യമാണ്. ഈ കുളം കൃഷിക്കുപയുക്തമാക്കുന്ന കാര്യം പരിഗണിക്കണം.

57. പുറവൂരിന് സമീപം മാരാഞ്ചിറ താളെ തോട് മണ്ണിടിച്ചിൽ മൂലം നാശോന്മുഖമാണ്. ഈ അവസ്ഥ മാറ്റിയെടുത്ത് ഉപോയയോഗയോഗ്യമാക്കണം.

58. പന്നിയോട്ട് കരിയിൽ രണ്ടാം വിളയ്ക്ക് ജലം കിട്ടാത്തതുംകൊണ്ട് ഇപ്പോൾ ഒറ്റവിള മാത്രമാണെടുക്കുന്നത്. ഇവിടെ കുളം നിർമ്മിച്ച് പമ്പുസെറ്റ് സ്ഥാപിച്ചാൽ രണ്ടാംവിള എടുക്കാനാവും.

59. കൃഷിഭൂമിയിൽ ജൈവാംശം ശരീയംവണ്ണം ഉപയോഗിക്കത്തക്കവിധം പച്ചില, കമ്പോസ്റ്റ് എന്നിവയുടെ ഉൽപാദന വർദ്ധനവിനുള്ള പ്രോത്സാഹന പദ്ധതികൾ നടപ്പാക്കണം.

**അരി ആന്ധ്രയിൽ നിന്നും വരും**
**പച്ചക്കറി പൊള്ളാച്ചിയിൽ നിന്നും**
**പണം ഗൾഫിൽനിന്നും**
**നമുക്കന്തിന് പുഞ്ചപ്പാടം**

# മുണ്ടേരി പഞ്ചായത്ത് ഭൂപടം

# റോഡുകൾ





# മൃഗ സംരക്ഷണവും മത്സ്യ ബന്ധനവും

കഴിഞ്ഞ രണ്ട് ദശാബ്ദ കാലയളവിൽ മൃഗസംരക്ഷണ രംഗത്ത് അസൂയാവഹമായ വളർച്ചയും വികാസവുമാണ് ഉണ്ടായിട്ടുള്ളത്. പ്രത്യേകിച്ചും പാലിന്റെ ഉത്പാദനത്തിലും ഉപഭോഗത്തിലും അസൂയാവഹമായ വളർച്ചയാണ് കൈവരിച്ചിട്ടുള്ളത്. നാടൻ പശുക്കളുടെ ഉത്പാദനം 30% മാത്രം വർദ്ധിച്ചപ്പോൾ ഉയർന്ന ജനിതക ഗുണമുള്ള സങ്കരയിനം പശുക്കളിൽ നിന്നുള്ള ഉത്പാദനം 80% വരെ ഉയരുകയുണ്ടായി. മൃഗസംരക്ഷണ മേഖലയിലുള്ള സാധ്യതകൾ വളരെയേറെയാണ്. പോഷക പ്രധാനമായ പാൽ, മുട്ട, മാംസം എന്നിവയുടെ ഉത്പാദനം വ്യാവസായികാവശ്യത്തിനുള്ള തുകൽ , എല്ല്, ജലാറ്റിൻ, ഓസീൻ, കൊഴുപ്പ് എന്നിവയുടെ ഉത്പാദനം ഔഷധ വ്യവസായം, ഹോർമോൺ, വാക്സീൻ, എൻസൈമുകൾ, പരീക്ഷണശാലക്കുള്ള മൃഗങ്ങൾ, കാർഷിക മേഖലക്കാവശ്യമായ ജൈവ വളം, നിലം ഒരുക്കുന്നതിനും ഭാരം വലിക്കുന്നതിനുമുള്ള മൃഗശക്തി, ഊർജ്ജ സ്രോതസ്സ (ബയോഗ്യാസ്), പേവിഷബാധ നിയന്ത്രണം, മാംസപരിശോധനയിലൂടെ ശുദ്ധമായ മംസ ഉത്പാദനം തുടങ്ങിയ പൊതുജനാരോഗ്യ സംബന്ധിയായ സേവനങ്ങൾ എന്നിവ പ്രധാനപ്പെട്ട സാധ്യതകളാണ്.

ഈ മേഖലയിൽ തൊഴിൽ സാധ്യതയും വരുമാന വർദ്ധനവുമുണ്ട്. കന്നുകാലി സമ്പത്തിന്റെ 94% ഗ്രാമപ്രദേശങ്ങളിൽ ചെറുകിട നാമമാത്ര കർഷകരുടെ കൈവശമായതിനാൽ ഈ മേഖയയുടെ വികസനം ഗ്രാമീണ സമ്പദ്‌വ്യവസ്ഥ ശക്തമാക്കാൻ ഉപകരിക്കുന്നു. മൃഗസംരക്ഷണ മേഖലയിൽ 60% അദ്ധ്വാനവും സ്ത്രീകൾ നിർവ്വഹിക്കുന്നു എന്നത് എടുത്തുപറയേണ്ട ഒരു പ്രത്യേകതയാണ്.

മൃഗസംരക്ഷണ മേഖലയുടെ ഉൽപ്പന്നങ്ങൾ ഏറിയതുംസംസ്ഥാനത്തിനകത്താണ് ഉപയോഗിക്കപ്പെടുന്നത്. അതിനാൽ അന്താരാഷ്ട്ര വിപണിയിലെ താളംതെറ്റൽ, മാറിമാറി വരുന്ന സർക്കാരിന്റെ ഇറക്കുമതി നയം, എന്നിവ ഈ ഉൽപന്നങ്ങളുടെ വിപണിയെ ബാധിക്കുന്നില്ല. ആളോഹരി ഭൂമി ലഭ്യത കുറവുള്ള നമ്മുടെ സംസ്ഥാനത്തിന് യോജിച്ചതാണ് ഈ ഉൽപാദന മേഖല.

മറ്റു കാർഷി വിളകളെ താരതമ്യം ചെയ്യുമ്പോൾ മൃഗസംരക്ഷണ മേഖലയിലെ ഒരു ജോലിയിൽ നിന്നും മറ്റൊന്നിലേക്ക് മാറുവാൻ കർഷകർക്ക് എളുപ്പമാണ്. കാലാവസ്ഥയിലെ ചെറിയ വ്യതിയാനങ്ങൾ ഈ മേഖലയെ ബാധിക്കാറില്ല.

സാങ്കേതിക വിദ്യകൾ വേണ്ടതുപോലെ ഉപയോഗിക്കുകയാണെങ്കിൽ ഹ്രസ്വമായ കാലയളവിൽ കുറഞ്ഞ മുതൽ മുടക്കിൽ കൂടുതൽ ലാഭം നേടുവാൻ സഹായകമായ ഒരു പ്രധാന ഉപാധിയാണ് മൃഗസംരക്ഷണ മേഖല.

## പഞ്ചായത്തിലെ മൃഗസെരക്ഷണ മേഖല

പണ്ട്കാലത്ത് ഗ്രാമ പഞ്ചായത്തിലെ ഭൂരിപക്ഷം കർഷകരും മൃഗസംരക്ഷണ മേഖലയിൽ താൽപര്യമുള്ളവരായിരുന്നു. അവർ പശു, ആട്, കോഴികൾ, പക്ഷികൾ എന്നിവയെ വളർത്തിയിരുന്നു. മുൻകാലങ്ങളിൽ ഉണ്ടായിരുന്ന മൃഗങ്ങളെല്ലാം നാടൻ ഇനത്തിൽ പെട്ടവയായിരുന്നു. പ്രധാനമായും പാൽ, മാംസം, ജൈവവളം എന്നിവയ്ക്കായിരുന്നു പ്രധാനമായും പശുക്കളെ വളർത്തിയിരുന്നത്. കാളകളെ നിലം ഉഴകുന്നതിനും ഭാരം വലിക്കുന്നതിനും വ്യാപകമായും ഉപയോഗിച്ചിരുന്നു. ധാരാളം പാഴ്ഭൂമി ഉള്ളതിനാൽ പശുക്കളെ മേയാൻ ഇളക്കി വിടാറാണ് പതിവ്, കൃഷി വ്യാപകമായി ഉള്ളതിനാൽ കന്നുകാലികൾക്കുള്ള തീറ്റയിൽ വൈക്കോൽ എറ്റവും സുലഭമായിരുന്നു. പാൽ സ്വന്തം ആവശ്യത്തിന് ശേഷം സമീപത്തെ ആൾക്കാർക്കും ഹോട്ടലുകളിലും വിറ്റഴിച്ചിരുന്ന. കന്നുകാലികളുടെ വംശവർദ്ധനവിന് നാടൻ വിത്തുകാളകളെയാണ് പ്രധാനമായും ഉപയോഗിച്ചിരുന്നത്. പഴയ കാലത്ത് പശുക്കൾക്ക് കാര്യമായ അസുഖങ്ങളൊന്നും ഉണ്ടാകാറില്ല. ഉണ്ടെങ്കിൽ തന്നെ അത് മനസ്സിലാകാറുമില്ല. നാടൻ ചികിത്സകളാണ് നടത്തി വരാറുള്ളത്. ഇന്ന് ധാരാളം കർഷകർ കന്നുകാലികളെ വളർത്തുന്നു. പാൽ. മുട്ട, മാംസം എന്നിവയുടെ ഉപഭോഗം വർദ്ധിച്ചിരിക്കുന്നു. പശുക്കൾ 90% അത്യുൽപാദനശേഷിയുള്ള സങ്കരയിനത്തിൽ പെട്ടവയാണ്. ഏകദേശം 40% വീടുകളിൽ 5% നല്ലയിനം ആടുകളെ വളർത്തുന്നു. 80% വീടുകളിലും നല്ലയിനം കോഴികളെ വളർത്തുന്നുണ്ട്. പ്രധാനമായും മുട്ടയ്ക്കും ഇറച്ചിക്കും വേണ്ടിയാണ് വളർത്തുന്നത്. ഇറച്ചിക്കോഴികളെ സ്വകാര്യ മേഖലയിൽ വ്യാവസായികാടിസ്ഥാനത്തിൽ ലാഭകരമായി വളർത്തുന്ന മൂന്നോ നാലോ യൂണിറ്റുകൾ ഉണ്ട്. ഇത് കൂടാതെ ചുരുക്കം ചില വീടുകളിൽ അലങ്കാര പക്ഷികളേയും മുയലുകളേയും വളർത്തുന്നു. പാൽ സംഭരണത്തിനും വിപണനത്തിനുമായി രണ്ട് ക്ഷീരോൽപാദക സഹകരണ സംഘളുണ്ട്. കന്നുകാലികളുടെ വംശവർദ്ധന്വിനായി മൂന്ന് കൃത്രിമ ബീജദാന കേന്ദ്രങ്ങളുണ്ട്. അതിനാൽ അത്യുൽപാദന ശേഷിയുള്ള കന്നുകുട്ടികളെ കൃത്രിമ ബീജ സങ്കലനം വഴി കർഷകർക്ക് ലഭിക്കുന്നു. കന്നുകാലികളെ പാലിന് മാത്രമല്ലാതെ ജൈവവളം, തുകൽ, മാംസം എന്നിവയ്ക്ക് കൂടി വളർത്തുന്നു. ആളോഹരി ലഭ്യത കുറവായതിനാൽ ഭൂരിപക്ഷം ആളുകൾ അവരവരുടെ ഭൂമിയിൽ കെട്ടിമേയ്ക്കുന്നു. കൃഷി ഉള്ളവർ പച്ച പുല്ലിന് ക്ഷാമമുള്ള സമയത്ത് അവരുടെ കൃഷിയിൽ നിന്ന് ലഭിച്ച വൈക്കോലും, മറ്റുള്ളവർ ഗ്രാമങ്ങളിൽ നിന്നും ശേഖരിച്ചതു പോരാത്തതു മറ്റ് അയൽ സംസ്ഥാനങ്ങളിൽ നിന്നും ഇറക്കുമതി ചെയ്തതുമായ വൈക്കോലും പശുക്കൾക്ക് നൽകുന്നു. ആധുനിക യന്ത്ര സാമഗ്രികൾ കാർഷിക മേഖലയിൽ വന്നതോടെ കാളകളെ നിലമുഴുകുന്നതിന് വേണ്ടി ഉപയോഗിക്കുന്നവർ വിരലിലെണ്ണാവുന്നവർ മാത്രമായി ചുരുങ്ങിയിരിക്കുന്നു.

## പഞ്ചായത്തിലെ മൃഗസംരക്ഷണ പ്രവർത്തനങ്ങൾ

കൃത്രിമ ബീജദാനം, രോഗപ്രതിരോധ കുത്തിവെയ്പ്പുകൾ, മൃഗ ചികിത്സ, പുൽവിത്ത് വിതരണം, വന്ധ്യതാ നിവാരണ കേമ്പുകൾ, ഗോരക്ഷാ കേമ്പുകൾ. ബോധവൽകരണ ക്ലാസുകൾ, സെമിനാറുകൾ, പേ വിഷബാധ നിയന്ത്രണ പരിപാടികൾ, കർഷകർക്ക് വളർത്തു മൃഗങ്ങളേയും കോഴികളേയും വിതരണം ചെയ്യൽ, കാലിത്തീറ്റ വിതരണം എന്നിവയാണ് പഞ്ചായത്തിൽ നടന്നുവരാറുള്ള പ്രധാന മൃഗസംരക്ഷണ പ്രവർത്തനങ്ങൾ. അകിട് വീക്കം, ദഹന സംബന്ധമായ രോഗങ്ങൾ, കുളമ്പ് ദീനം എന്നിവയാണ് പ്രധാനമായി കാണുന്ന രോഗങ്ങൾ.

## പഞ്ചായത്തിലെ മൃഗസംരക്ഷണ സ്ഥാപനങ്ങൾ

പഞ്ചായത്തിലെ മൃഗാശുപത്രി കുടുക്കി മൊട്ടയിൽ 30-3-94 ന് ഒരു വാടക കെട്ടിടത്തിൽ പ്രവർത്തനമാരംഭിച്ചു. വെറ്ററിനറി സർജൻ-1, ലൈവ് സ്റ്റോക് ഇൻസ്പെക്ടർ-1, അറ്റന്റർ -1, പാർടൈം സ്വീപ്പർ-1 എന്നിങ്ങനെയാണ് ജീവനക്കാരുടെ തസ്തികകൾ. ആശുപത്രിയിൽ മൃഗചികിത്സ, കർഷക പരിശീലനം, കൃത്രിമ ബീജധാനം, വന്ധ്യതാ നിവാരണം, റാബീസ് വാക്സിനേഷൻ രോഗപ്രതിരോധ കുത്തിവെയ്പ്പുകൾ എന്നിവ ചെയ്യുന്നു. ആശുപത്രിയിൽ ലബോറട്ടറി, ഓപ്പറേഷൻ തീയേറ്റർ, കർക പരിശീലന ഹാൾ, മൈക്രോസ്കോപ്പ്, ടെലഫോൺ, വാഹനം എന്നീ സൗകര്യങ്ങൾ ഇല്ല.

പഞ്ചായത്തിൽ 1959 ൽ തുടങ്ങിയ കാഞ്ഞിരോട് ഐ.സി.ഡി.പി. സബ്സെന്റർ തലമുണ്ടയിലും 1986 ൽ തുടങ്ങിയ സബ്സെന്റർ മുണ്ടേരിയിലും വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. ഓരോ സബ് സെന്ററുകളിലും ഒരു ലൈവ് സ്റ്റോക് ഇൻസ്പെക്ടറുടേയും ഒരു പാർടൈം സ്വീപ്പറുടേയും തസ്തികയുണ്ട്. സബ് സെന്ററുകളിൽ കൃത്രിമ ബീജദാനവും രോഗ പ്രതിരോധ കുത്തിവെപ്പുകളും പ്രധാനമായും നടക്കു

ന്നു. മൃഗശുപ്രിയിലും ഐ.സി.ഡി.പി. സബ്സെന്ററിലുമായി രണ്ട് ലൈവ് സ്റ്റോക് ഇൻസ്പെക്ടർമാരുടെ തസ്തികയിൽ ആളില്ല.

## വികസനത്തിനുള്ള ആവശ്യങ്ങൾ

കന്നുകാലികൾ വളർത്തലിൽ ഏർപ്പെട്ട കർഷകർക്ക് മൃഗസംരക്ഷണ സ്ഥാപനങ്ങളുടെ കാര്യക്ഷമമായ പ്രവർത്തനം അത്യാവശ്യമാണ്. അതിനാൽ ഇപ്പോഴുള്ള മൃഗാശുപത്രി എല്ലാ കർഷകർക്കും സൗകര്യപ്രദമായ സ്ഥലത്ത് സ്ഥാപിക്കണം. അതോടൊപ്പം സാങ്കേതി വൈദഗ്ദ്യമുള്ളവരുടെ സേവനം എല്ലായ്പ്പോഴും ലഭ്യമാക്കുവാൻ ക്വാട്ടേഴ്സ് സൗകര്യവും ആവശ്യമാണ്. അതിനാൽ 25 സെന്റ് സ്ഥലത്ത് സ്വന്തമായി ആധുനിക സൗകര്യങ്ങളോട് കൂടിയ മൃഗാശുപത്രി പണിയുക. മൃഗ ചികിത്സയിലെ ചിലവ് കുറക്കുന്നതിന്റെ ഭാഗമായി പഞ്ചായത്തിലെ വിവിധ വാർഡുകളിലായി മൊബൈൽ വെറ്ററനറി ക്ലിനിക് നടത്തുകയും ആവശ്യമായ മരുന്നുകൾ കൂടുതലായി ലഭ്യമാക്കി വിതരണം ചെയ്യുകയും ചെയ്യുക. മൃഗ സംരക്ഷണ മേഖലയിൽ എല്ലാസമയത്തും സാങ്കേതി വൈദഗ്ദ്ധ്യമുള്ളവരെ ലഭിക്കുന്നില്ല. അതിനാൽ മൃഗസംരക്ഷണ സ്ഥാപനങ്ങളിൽ എല്ലായ്പ്പോഴും ഉദ്യോഗസ്ഥരെ ലഭ്യമാക്കണം. പഞ്ചായത്തിൽ കർഷകർക്ക് പ്രയോജനപ്രദമാംവിധം ഊർജ്ജിത കന്നുകാലി വികസന ഉപകേന്ദ്രങ്ങൾ കൂടുതലായി സ്ഥാപിക്കേണ്ടതും ആവശ്യമാണ്. കാനച്ചേരിൽ ഒരു സബ്സെന്റർ ആവശ്യമാണ്. സബ്സെന്റുകൾക്ക് സ്വന്തമായി കെട്ടിടം സ്ഥാപിക്കേണ്ടതാണ്.

## വികസനത്തിനുള്ള ആവശ്യങ്ങൾ

1992 ൽ മുണ്ടേരി ഹരിജൻ കോളനിയിൽ 6-8 മാസം പ്രായമായ 480 രൂപ വിലയുള്ള 10 ആട്ടിൻകുട്ടികളെ ഒരാൾക്ക് രണ്ട് വീതം സൗജന്യമായി വിതരണം ചെയ്തു. 1993 ൽ മുണ്ടേരി ഹരിജൻ കോളനിയിൽ 45-60 ദിവസം പ്രായമായ 36 കോഴിക്കുഞ്ഞുങ്ങളെ ഒരാൾക്ക് മൂന്നെണ്ണം വീതം 12 പേർക്ക് സൗജന്യമായി വിതരണം ചെയ്തു. സമഗ്ര മൃഗസമ്പത്ത് വികസന പദ്ധതി പ്രകാരം സബ്സിഡിയോട് കൂടിയുള്ള 45-60 ദിവസം പ്രായമായ കോഴിക്കുഞ്ഞുങ്ങളെ മൂന്നെണ്ണം വീതം 1611 പേർക്ക് വിതരണം ചെയ്തു. 90 വളർത്തുനായ്ക്കൾ സബ്സിഡി നിരക്കിൽ പേവിഷ ബാധയ്ക്കെതിരെ വാക്സിനേഷൻ ചെയ്തു. നിലപ്പനക്കുന്ന് ഹരിജൻകോളനിയിൽ കിടാരികളെയും ആട്ടിൻകുട്ടികളെയും വിതരണം ചെയ്തു. പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി പ്രകാരം (4-9 മാസം പ്രായം വരെയുള്ള സങ്കരയിനം കന്നുകുട്ടികൾക്ക് 32 മാസം വരെ അല്ലെങ്കിൽ ആദ്യപ്രസവംവരെ സബ്സിഡി നിരക്കിൽ കാലിത്തീറ്റ വിതരണം ചെയ്യുന്ന പദ്ധതി) 812 കന്നുകുട്ടികൾക്ക്. കാലിത്തീറ്റ വിതരണം ചെയ്തു.

**1992 മുതൽ പഞ്ചായത്തിൽ വിതരണം ചെയ്ത വളർത്തുമൃഗങ്ങൾ**

| ഇനം | പ്രായം | എണ്ണം | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| ആട് | 6-8 | 10 | മാസം |
| കോഴി | 45-60 ദിവസം | 36 | 12 |
| കോഴി | 45-60 ദിവസം | 1161 | 387 |

മൃഗസംരക്ഷണത്തിലെ വിവിധ മേഖലയെ കുറിച്ചുള്ള വിവരങ്ങളും പ്രശ്നങ്ങളും.

പഞ്ചായത്തിൽ ആതിവർഷം 6,70,000 ലിറ്റർ പാൽ ഉൽപാദിപ്പിക്കപ്പെടുന്നു. ഒരാൾക്ക് പ്രതിദിനം 58 മില്ലീലിറ്റർ പാലാണ് ലഭ്യമാകുന്നത്. പഞ്ചായത്തിൽ പാൽ വിപണനം പ്രധാനമായും കുടുക്കിമൊട്ടയിലുള്ള മുണ്ടേരി ക്ഷീരോൽപാദക സംഘം, കാഞ്ഞിരോട് ക്ഷീരോൽപാദക സഹകരണ സംഘം മുഖേനയും നടന്നുവരുന്നു. ആളോഹരി ഉണ്ടായിരിക്കേണ്ട ശരാശരി പാൽ ഉപഭോഗത്തേക്കാൾ വളരെ കുറവാണ് പഞ്ചായത്തിലെ പാൽ ഉപഭോഗം. അതിനാൽ പാൽ ഉൽപാദനം പഞ്ചായത്തിൽ കൂട്ടേണ്ടതുണ്ട്. ഈ രംഗത്തുള്ള പ്രധാന പ്രശ്നം കാലിത്തീറ്റയുടെ അമിതമായ വിലയാണ്. അതുകൂടാതെ അകിട് വീക്കം, വന്ധ്യത, ഉൽപാദന രോഗങ്ങൾ, അശാസ്ത്രീയമായ പരിചരണം കൊണ്ടുള്ള അമിതമായ സംരക്ഷണ ചിലവ്, വർദ്ധിച്ചുവരുന്ന ചികിത്സാചിലവ്, തീറ്റപ്പുല്ലിന്റെ ലഭ്യത കുറവും വൈക്കോൽ ക്ഷാമവും എന്നിവ മറ്റുപ്രധാന പ്രശ്നങ്ങളാണ്. പോഷക ഗുണമുള്ളതാണെന്ന് എല്ലാവരും സമ്മതിക്കുന്ന പാലിനുള്ള കുറഞ്ഞവിലയും വളരെ പ്രധാനമായ മറ്റൊരു പ്രശ്നമാണ്.

പഞ്ചായത്തൽ ഏകദേശം 5% വീടുകളിൽ ആട് വളർത്തുണ്ട്. കൂടുകളും പരിചരണവും ശാസ്ത്രീയമല്ല. ആടുകളെ കെട്ടി

യിട്ട് വളർത്തിയാണ് സംരക്ഷിക്കുന്നത്. ആടിനുള്ള തീറ്റയായ പ്ലാവ്, സുബാബൂൾ, മുരിക്ക് മുതലായവ ചെറിയതോതിൽ ലഭ്യമാണ്. ആട്ടിറച്ചി പഞ്ചായത്തിൽ നല്ല പോലെ പ്രചാരത്തിലുണ്ട്. സ്ഥല പരിമിതിയും അശാസ്ത്രീയമായ പരിചരണവും ആട്ടിൻ തീറ്റയിൽ പ്രധാനമായ പ്ലാവിലയുടെ കുറഞ്ഞുവരുന്ന ലഭ്യതയുമാണ് ഈ മേഖലയിൽ പ്രധാന പ്രശ്നങ്ങൾ. പഞ്ചായത്തിൽ 60% വീടുകളിലും മുട്ടക്കോഴികളെ വളർത്തുന്നു. പഞ്ചായത്തൽ ഏകദേശം ഒരു വർഷത്തിൽ ഒന്നരകോടിയിലധികം മുട്ട ആവശ്യമായി വരുന്നു.

പഞ്ചായത്തിൽ ആവശ്യത്തിന്റെ 50–60% മാത്രമേ ഇവിടെ നിന്ന് ഉൽപാദിപ്പിക്കുന്നുള്ളൂ. ബാക്കിയുള്ള മുട്ടകൾ അയൽ സംസ്ഥാനങ്ങളെ ആശ്രയിച്ചിരിക്കുന്നു. വ്യാവസായികാടിസ്ഥാനത്തിൽ മുട്ട ഉൽപാദിപ്പിക്കുന്ന ഫാമുകളൊന്നുമില്ല. ഈ മേഖലയിൽ കോഴിക്കുഞ്ഞുങ്ങളുടെ ലഭ്യത കുറവും കോഴികൾക്കുള്ള അസുഖങ്ങൾ, കോഴിത്തീറ്റയുടെ അമിതമായ വില എന്നിവയാണ് പ്രധാന പ്രശ്നങ്ങൾ. വ്യാവസായികാടിസ്ഥാനത്തിൽ ഇറച്ചിക്കോഴി വളർത്തുന്ന 4 ഫാമുകളുണ്ട്. ഇറച്ചിയുടെ 40% പഞ്ചായത്തിലും ബാക്കിഭാഗം പുറമേയുമാണ് വിറ്റഴിക്കുന്നത്. ഈ മേഖലയിൽ കോഴിക്കുഞ്ഞുങ്ങളുടെ വർദ്ധിച്ച വില, കോഴിത്തീറ്റയുടെ അമിതമായ വില, രോഗങ്ങൾ, മാംസ വിപണനത്തിനുള്ള അസൌകര്യം മൂലമുള്ള ലാഭക്കുറവ് എന്നിവയാണ് പ്രധാന പ്രശ്നങ്ങൾ.

പഞ്ചായത്തിൽ അറവ്ശാല ഇല്ല. പക്ഷെ, 5 സ്ഥലങ്ങളിൽ അറവ് നടക്കുന്നുണ്ട്. അത് നടക്കുന്ന സ്ഥലം വൃത്തിഇല്ലാത്തതും അതിന്റെ അവ്ശിഷ്ടങ്ങൾ വേണ്ടതുപോലെ നീക്കം ചെയ്യുന്നുമില്ല. അതുവഴി തെരുവ് നായ്ക്കളുടെ ശല്യം വർദ്ധിച്ചുവരുന്നു. പ്രതിവർഷം 1500 പോത്ത്/മൂരിക്കുട്ടികൾ എന്നിവയെയും 360 ആടുകളേയും അറുത്ത് മാംസം ആക്കുന്നു. (കല്യാണാവശ്യങ്ങൾ, മറ്റ് വിശേഷാൽ പരിപാടികൾ, ഉൽസവ ദിനങ്ങൾ എന്നിവ കണക്കിലെടുത്തിട്ടില്ല) അതുവഴി പ്രതിവർഷം 78 ലക്ഷം രൂപക്കുള്ള മാംസം പഞ്ചായത്തിലെ വീടുകളിലും ഹോട്ടലുകളിലും വിറ്റഴിക്കുന്നു. ഇവിടെ അറുത്തു വിൽക്കുന്ന മൃഗങ്ങളിൽ 90% അയൽ സംസ്ഥാനങ്ങളിൽ നിന്നാണ് കൊണ്ടുവരുന്നത്. അതുവഴി 70.2 ലക്ഷം രൂപ നമ്മുടെ പഞ്ചായത്തിൽ നിന്നും അന്യസംസ്ഥാനങ്ങളിലേക്ക് മാംസ സംഭരണത്തിനായി നഷ്ടപെടുന്നു. പോത്ത്/കാളക്കുട്ടി, ആടുകൾ എന്നിവയുടെ ഇവിടെയുള്ള ലഭ്യതകുറവാണ് ഈ മേഖലയിലെ വളരെ പ്രധാനപ്പെട്ട പ്രശ്നം.

ശാസ്ത്രീയമായ അറവുശാലകളുടേയും അതോടനുബന്ധിച്ച് അറക്കുന്ന മൃഗങ്ങൾ, മാംസം എന്നിവയുടെ പരിശോധനയുടെ അഭാവവുമാണ് മറ്റ് പ്രശ്നങ്ങൾ.

പഞ്ചായത്തിൽ പേ വിഷബാധ മൂലം കഴിഞ്ഞ 5 വർഷക്കാലത്ത് ഏകദേശം 20 കന്നുകാലികൾ മരണപ്പെട്ടുപോയിരിക്കുന്നു. ഗ്രാമ പഞ്ചായത്തിലെ പേ വിഷ നിയന്ത്രണ പദ്ധതിപ്രകാരം 126 വളർത്തുനായക്കൾക്ക് ഇതിനകം വാക്സിനേഷൻ നൽകിയിട്ടുണ്ട്.

അലഞ്ഞുനടക്കുന്ന തെരുവ് നായ്ക്കളുടെ ശല്യം, ഉടമസ്ഥർ ഉണ്ടായിട്ടും ശാസ്ത്രീയമായി പരിചരിക്കാതെ ഇളക്കിവിട്ട് അലഞ്ഞുനടക്കുന്ന നായ്ക്കളുടെ ശല്യം വാക്സിനേഷൻ യഥാസമയം ചെയ്യാത്ത നായ്ക്കൾ, വളർത്തുനായ്ക്കൾക്കുള്ള ലൈസൻസ് സംമ്പ്രദായത്തിന്റെ അഭാവം എന്നിവയാണ് പേവിഷബാധ സംബന്ധിച്ച് നിലവിലുള്ള പ്രധാന പ്രശ്നങ്ങൾ.

## മൃഗ സംരക്ഷണ മേഖലയിലെ സാധ്യതകൾ

1. പഞ്ചായത്ത് തലത്തിൽ മാതൃകാ ഡയറി യൂണിറ്റുകൾ കൂടുതലായി സ്ഥാപിക്കുക. ഉൽപാദന ക്ഷമതയുള്ള നല്ലയിനം പശുക്കളെ ഗവ: ഫാമിൽ നിന്നും കർഷകന് ലഭ്യമാക്കുക.

2. ഒരു വീട്ടിൽ ഒരു പശു എന്ന നിലയിൽ പശുക്കളെ വളർത്തുവാനുള്ള പദ്ധതികൾ

3. സഹകരണ അടിസ്ഥാനത്തിൽ പഞ്ചായത്തിൽ കാലിത്തീറ്റ നിർമ്മാണ യൂണിറ്റ് സ്ഥാപിക്കുക.

4. കൃഷി ചെയ്യാതെ വെറുതെ കിടക്കുന്ന സ്ഥലങ്ങളിലും തെങ്ങിൻതോപ്പുകളിലും മെച്ചമായ പുൽവിത്തുകൾ സൗജന്യമായി നൽകിക്കൊണ്ട തീറ്റപ്പുൽ കൃഷി വ്യാപിക്കുക.

5. കർഷകർക്ക് കൂടുതൽ ദൂരം സഞ്ചരിക്കാതെ അവരുടെ പശുക്കൾക്ക് യഥാസമയം കൃത്രിമ ബീജദാനം നടത്തുവാൻ ഐ.സി.ഡി.പി (ഊർജ്ജിത കന്നുകാലി വികസന ഉപ കേന്ദ്രങ്ങൾ) സബ്സെന്റർ (ചുരുങ്ങിയത് രണ്ട് കി.മീ. ചുറ്റളവിൽ 250 പശുക്കൾക്ക് ഒന്നെന്ന നിലയിൽ) സ്ഥാപിക്കുക.

6. ഇപ്പോൾ കർഷകർക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന കന്നുകുട്ടി പരിപാലന പദ്ധതി പ്രകാരമുള്ള സബ്സിഡിയോടു കൂടിയുള്ള കാലിത്തീറ്റ വിതരണം മുഴുവൻ കർഷകർക്കും കിട്ടത്തക്കവണ്ണം വിപുലീകരിക്കുക.

7. സഹകരണ അടിസ്ഥാനത്തിൽ വൈക്കോൽ സുലഭമായി ലഭിക്കുന്ന സമയത്ത് സംഭരിച്ച് വിതരം ചെയ്യുവാനുള്ള

പരിപാടികൾ ആവിഷ്കരിക്കുക.

8. കന്നുകാലികൾക്ക് സൗജന്യ നിരക്കിൽ ഇൻഷ്വറൻസി നുള്ള പദ്ധതികൾ നടപ്പിലാക്കുക.

9. കാലിത്തീറ്റകൾക്കുള്ള ടാക്സ് ഒഴിവാക്കുക.

10. ക്ഷീരോൽപാദക സഹകരണ സംഘത്തിൽ പാൽ കൊടുക്കുന്ന മുഴുവൻ കർഷകർക്കും മെമ്പർഷിപ്പ് കൊടുക്കാനുള്ള പദ്ധതി നടപ്പാക്കുകയും പാൽ ഉൽപ്പന്ന നിർമാണ യൂണിറ്റ് സഹകരണ അടിസ്ഥാനത്തിൽ വാർഡ് തോറും സ്ഥാപിക്കുക.

11. ദേശീയ നിർമറി പദ്ധതിയിൽ നൽകുന്നതുപോലെ കൃഷിവകുപ്പ് നടപ്പാക്കുന്ന ഒപ്പേക്ക് പദ്ധതി പ്രകാരം ആടുകളെ സൗജന്യമായി വിതരണം ചെയ്യുക.

12. സഹകരണ മേഖലയിൽ ആടുകളെ വളർത്തുവാനുള്ള ഫാമുകൾ പഞ്ചായത്ത് തലത്തിൽ ആരംഭിക്കുക.

13. പഞ്ചായത്തിൽ വാർഡ് തോറും 300 കുടുംബങ്ങൾക്ക് പത്ത് മുട്ടക്കോഴിക്കുഞ്ഞുങ്ങളെ വീതം സൗജന്യമായി നൽകിക്കൊണ്ട് അടുക്കള മുറ്റത്തെ കോഴിവളർത്തൽ പദ്ധതി (ബാക്യാർഡ് പാൾട്രി) നടപ്പിലാക്കുക.

14. പഞ്ചായത്തൽ ആവശ്യമായ കോഴികളെ വിതരണം ചെയ്യുവാൻ എഗ്ഗർ നേഴ്സറി സ്ഥാപിക്കുക.

15. സ്കൂൾ പൗൾട്രി പദ്ധതി നടപ്പിലാക്കുക.

16. ആകർഷകമായ സബ്സിഡി നൽകിക്കൊണ്ട് ഇറച്ചിക്കോഴി വളർത്തൽ കൂടുതൽ വ്യാപിപ്പിക്കാനുള്ള പദ്ധതി.

17. സഹകരണ അടിസ്ഥാനത്തിൽ പഞ്ചായത്തിൽ കോഴിയിറച്ചി വിപണനത്തിനുള്ള സൗകര്യങ്ങൾ നടപ്പിലാക്കുക

18. വീടുകളിൽ മാംസാവശ്യത്തിനായി ഇറച്ചിക്കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കുവാൻ വേണ്ടി വീടുതോറും സൗജന്യ നിരക്കിൽ അഞ്ച് ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്യുക.

19. കോഴിത്തീറ്റ, കാലിത്തീറ്റ നിർമ്മാണ യൂണിറ്റുകൾ ആരംഭിക്കുക.

20. കോഴിത്തീറ്റക്കുള്ള ടാക്സ് ഒഴിവാക്കുക.

21. കാളക്കുട്ടികളെ ശാസ്ത്രീയമായ പരിചരണം നൽകി മാംസാവശ്യത്തിന് ഉപയോഗപ്പെടുത്തുവാൻ പദ്ധതി ആവിഷ്കരിക്കുക. (60–70% കാളക്കുട്ടികളും ശാസ്ത്രീയമായ ഇല്ലാത്തതിനാൽ മരണപ്പെടുന്നു).

22. മാംസാവശ്യത്തിനായി ആടുവളർത്തൽ പ്രോത്സാഹിപ്പിക്കുക.

23. കാനച്ചേരി, മുണ്ടേരിമൊട്ട, കുടുക്കിമൊട്ട, പടന്നോട്ട്, കാഞ്ഞിരോട് മായൻമുക്ക്, തലമുണ്ട എന്നീ സ്ഥലങ്ങളിൽ ആധുനിക രീതിയിലുള്ള അറവ് ശാല നിർമ്മിക്കൽ, മൃഗങ്ങളെ അറക്കുന്നതിന് മുമ്പും അറുത്തതിന് ശേഷമുള്ള മാംസവും പരിശോധനയ്ക്ക് വിധേയമാക്കൽ എന്നീ പരിപാടികൾ നടപ്പിലാക്കുക.

24. പഞ്ചായത്തിൽ മുഴുവൻ വളർത്തുനായ്ക്കൾക്ക് പ്രതിരോധ കുത്തിവെപ്പിനുള്ള വാക്സിൻ സൗജന്യ നിരക്കിൽ എല്ലാ വർഷവും ലഭ്യമാക്കാനുള്ള പദ്ധതി.

25. തെരുവ് നായകളെ സമയ ബന്ധിതമായി എല്ലാ വർഷവും നശിപ്പിക്കുക.

26. വളർത്തുനായകൾക്ക് ലൈസൻസ് നിർബന്ധമാക്കുക.

27. ഉടമസ്ഥനുള്ളതും പ്രതിരോധ കുത്തിവെപ്പ് ചെയ്യാത്തതുമായ വളർത്തു നായകൾ വല്ലവരേയും കടിക്കുകയാണെങ്കിൽ അതുസംബന്ധിച്ചുണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്ക് ഉടമസ്ഥൻ ഉത്തരവാദിയാകുന്ന വിധത്തിൽ നിയമംഫലപ്രദമാക്കുക.

28. കന്നുകാലി ഇൻഷുറൻസ് പദ്ധതി ഏർപ്പെടുത്തൽ. (മാസ്റ്റർ പോളിസി)

29. കൂടുതൽ പേർ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുവാൻ വേണ്ടി സബ്സിഡി നൽകികൊണ്ടുള്ള പദ്ധതി.

30. കാട വളർത്തൽ യൂണിറ്റുകൾ പഞ്ചായത്തിൽ ആരംഭിക്കുവാനുള്ള പദ്ധതി

31. മുയൽ വളർത്തുവാനുള്ള പദ്ധതി.

32. പന്നി വളർത്തൽ യൂണിറ്റുകൾ ആരംഭിക്കുവാനുള്ള പദ്ധതി

33. മൃഗസംരക്ഷണ മേഖലയിലെ കർഷകർക്ക് അംഗീകാരം നൽകുക. (പഞ്ചായത്ത് തലത്തിൽ നല്ല ക്ഷീര കർഷകരെ ആദരിക്കലും നല്ല കന്നുകാലികളെ തെരെഞ്ഞെടുത്ത് സമ്മാനം നൽകലും)

34. വിജ്ഞാന വ്യാപന സൗകര്യം ഏർപെടുത്തുന്ന

തിന്റെ ഭാഗമായി കർഷകർക്ക് ലൈബ്രറി സൗകര്യം ഏർപ്പെടുത്തുക.

34. മൃഗ സംരക്ഷണ പ്രവർത്തനവുമായുള്ള ബോധവൽക്കരണത്തിനുള്ള പദ്ധതി നടപ്പിലാക്കുക.

35. കന്നുകാലി തൊഴുത്ത് ശാസ്ത്രീയമായി സ്ഥാപിക്കുവാൻ സഹായം നൽകണം. കന്നുകാലി വളർത്തൽ, ഇടത്തരക്കാരെയും മേൽത്തട്ട്കാരെയും ഈ രംഗത്ത് പ്രവേശിപ്പിക്കണം.

36.. മിനി ഡയറി യൂണിറ്റുകൾ സ്ഥാപിക്കുക. കറവ കേന്ദ്രം, കറവ പരിശീലന ക്ലാസ്സുകൾ എന്നിവ നടത്തുക.

37. ക്ഷീര വ്യവസായ സഹകരണസംഘം, ക്ഷീര വകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനം എന്നിവയുടെ ഏകോപിച്ചുകൊണ്ടുള്ള പ്രവർത്തനത്തിന് വേദി ഒരുക്കുക.

38. തീറ്റപ്പുൽ കൃഷി വർദ്ധിപ്പിക്കുന്നതിന് അയൽകൂട്ട പരിപാടിയുമായി ബന്ധപ്പെടുത്തി വികസിപ്പിക്കണം.

39. ആടുമാടുകളെ വളർത്തുന്നതിനും ശാസ്ത്രീയ പരിശീലനവും സബ്സിഡിയും നൽകുക.

1987– ലെ ലൈവ് സ്റ്റോക്ക് സെൻസസ് പ്രകാരം പഞ്ചായത്തിലെ വളർത്തുമൃഗങ്ങൾ

| മൃഗങ്ങൽ | ആൺ | പെൺ | പാലുൽപാദനമുളളവ | ആകെ |
|---|---|---|---|---|
| പശു (സങ്കരയിനം) | 181 | 1503 | 846 | 1684 |
| പശു (നാടൻ) | 119 | 839 | 501 | 958 |
| ആട് | 73 | 324 | – | 397 |
| എരുമ | – | – | – | – |
| പന്നികൾ | | | | –2 |
| താറാവ് | | | | –11 |

മൃഗങ്ങളുടെ രോഗവിവരങ്ങൾ പട്ടിക– 2

(അവലംബം: മൃഗചികിത്സാ രജിസ്റ്റർ, മൃഗാശുപത്രി, മുണ്ടേരി. 1.5.94 – 30.8.96)

| ക്രമനമ്പർ | രോഗങ്ങൾ | പശു | ആട് | കോഴി |
|---|---|---|---|---|
| 1. | ദഹനസംബന്ധമായവ | 1730 | 87 | 452 |
| 2. | ശ്വാസകോശ സംബന്ധം | 497 | 18 | 7 |
| 3. | ഉപാപചയ സംബന്ധം | 105 | 3 | – |
| 4. | ത്വക്രോഗങ്ങൾ | 194 | 11 | 1 |
| 5. | ധാതുലവണങ്ങവളുടെ | | | |
| | അഭാവം | 154 | 39 | |
| 6. | പരാദ രോഗങ്ങൽ | 1209 | 24 | 70 |
| 7. | പ്രത്യുല്പാദന വ്യവസ്ഥയുമായി ബന്ധപ്പെട്ടവ | 161 | 11 | – |
| 8. | വന്ധ്യത | 186 | – | – |
| 9. | അകിടുവീക്കം | 48 | – | – |
| 10. | മുടന്തൻ പനി | 263 | – | – |
| 11. | പകർച്ച വ്യാധികൾ | – | – | – |

'മനുഷ്യൻ ലക്ഷോപലക്ഷം ജീവജാലങ്ങളിൽ ഒന്നുമാത്രം. ഭൂവിഭവങ്ങളിലുളള അവകാശം ഈ ലക്ഷത്തിലൊന്നുമാത്രം'

പട്ടിക– 4 പ്രതിരോധ കുത്തിവെപ്പുകൾ നടത്തിയതിന്റെ വിവരങ്ങൾ

| കുളമ്പുദീനം | കോഴിവസന്ത | കോഴി വസൂരി | കുരളടപ്പൻ | കരിങ്കൂത | അടപ്പൻ | പട്ടി |
|---|---|---|---|---|---|---|
| 392 | 2489 | 444 | 128 | 52 | 88 | 212 |

# മത്സ്യബന്ധനം

മുൻകാലങ്ങളിൽ മുണ്ടേരി പഞ്ചായത്ത് മത്സ്യ സമ്പത്തിനാൽ സമൃദ്ധമായിരുന്നു. മത്സ്യ സമ്പത്തുക ളിൽ പ്രധാനപ്പെട്ടവ ചെമ്മീൻ, കൊഞ്ച്, ഞണ്ട് എന്നിവ യൊക്കെയായിരുന്നു. ആർക്കും സ്വന്താവശ്യത്തിനും വില്പനയാവശ്യത്തിനും അക്കാലങ്ങളിൽ അനായാസേന മത്സ്യം ലഭിച്ചിരുന്നു. എന്നാൽ കാട്ടാമ്പള്ളി പദ്ധതിയുടെ നിർമ്മാണത്തോടെ ഉപ്പ് വെള്ളപ്രവാഹത്തിന് തടസ്സമു ണ്ടാകുകയും തൽഫലമായി മത്സ്യസമ്പത്താകെ അപൂർവ്വ വസ്തുവായി തീരുകയും ചെയ്തു. മത്സ്യബന്ധനം തൊഴി ലാക്കിയവരും മത്സ്യസംസ്കരണം നടത്തുന്നവരും പഞ്ചാ യത്തിൽ ഇന്ന് തീരെയില്ലാതായി. വള്ളവും വലയും അതോടെ അപ്രത്യക്ഷമായിയെന്നുതന്നെ പറയാം.

എന്നാൽ മുണ്ടേരിയിലെ മത്സ്യബന്ധന സ്രോതസ്സ് അപ്പാടി അടഞ്ഞതായി ഇതിനർത്ഥമില്ല. ഇന്നു നിലവുലുള്ള സാഹചര്യങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ട് ഉൾനാടൻ മത്സ്യം വളർത്തു സാദ്ധ്യതകൾ പരമാവധി നമുക്ക് ഉപ യോഗപ്പെടുത്താവുന്നതാണ്. ശുദ്ധജല മത്സ്യകൃഷിക്ക് സാദ്ധ്യതയുള്ള സ്ഥലങ്ങലിൽ അതും ചതുപ്പ്നിലങ്ങളിൽ ചെമ്മീൻ കൃഷിക്കും പദ്ധതികൾ രൂപപ്പെടുത്തേണ്ടതു ണ്ട്. നിർമ്മാണത്തിലിരിക്കുന്ന പറക്കോട് ബണ്ട് പൂർത്തി യാക്കിക്കഴിഞ്ഞാൽ മത്സ്യം വളർത്തലിന് സാദ്ധ്യതകൾ കൂടും. ഈ രംഗത്ത് വിദഗ്ദ്ധരായവർ കർഷകർക്ക് ആവ ശ്യമായ സാങ്കേതികമായ അറിവ് നൽകണം. മത്സ്യ ബന്ധ നവും വിപണനവും സംസ്കരണവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവർക്ക് എല്ലാവിധ സഹായങ്ങളും അധി കൃതരിൽ നിന്നും ഉണ്ടാവണം. ഒട്ടേറെ പേർക്ക് തൊഴിൽ നൽകാൻ സാധിക്കുന്ന ഈ മേഖലയുടെ വികസനം വളരെ ഗൗരവപൂർവ്വം കാണേണ്ടതുണ്ട്. ഓരുജല മത്സ്യവ ളർത്തലും ശുദ്ധജല മത്സ്യം വളർത്തലും വളരെ പ്രധാന വരുമാന മാർഗ്ഗമാണ്. മുണ്ടേരി, കാനച്ചേരി എന്നീ ഭാഗ ങ്ങളിൽ ഇതിന് വളരെ സാധ്യതയുണ്ട്. പഞ്ചായത്തിലെ ചെറിയ തോടുകൾ, കുളങ്ങൾ മത്സ്യകൃഷിക്ക് സാധ്യ തയുണ്ട്. നല്ല വരുമാന മാർഗ്ഗമായ മത്സ്യകൃഷിക്ക് ആവ ശ്യമായ സാമ്പത്തിക സഹായം അനുവദിക്കുക.

സാധ്യതകൾ

1 ശുദ്ധജല മത്സ്യകൃഷിക്ക് അനുയോജ്യമായ കുള ങ്ങളും ജലാശയങ്ങളും കണ്ടെത്തുകയും ശുദ്ധജല മത്സ്യ കൃഷി വ്യാപകമാക്കുവാനുള്ള പരിപാടികൾ ആവിഷ്ക രിക്കുക.

## 'ഭൂ വിഭവങ്ങൾ സംരക്ഷിക്കൂ ഭാവി സുരക്ഷിതമാക്കൂ'



# വ്യവസായം

വ്യവസായ മേഖല പരിശോധിച്ചാൽ പഞ്ചായത്തിന്റെ അവസ്ഥ തൃപ്തികരമല്ലെന്ന് കാണാം. പൊതു മേഖലയിലോ സ്വകാര്യമേഖലയിലോ വൻകിടവ്യവസായങ്ങൾ ഒന്നും തന്നെ നമ്മുടെ പഞ്ചായത്തിൽ ഇല്ല. പരമ്പരാഗത വ്യവസായങ്ങളിൽ കൈത്തറി, ബീഡി തുടങ്ങിയ മേഖലകളിലാണ് അല്പമെങ്കിലും പുരോഗതിയുള്ളത്. കൈത്തറി മേഖലയിലെ ഇന്നു കാണുന്ന ഉണർവിന് പ്രധാന കാരണം കാഞ്ഞിരോട് വീവേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ ആവിർഭാവമാണ്. മുൻകാലങ്ങളിൽ ചിലർ ചിറക്കൽ സൊസൈറ്റിയുമായി ബന്ധപ്പെട്ട പ്രവർത്തിക്കുകയും അവരുടെ ശ്രമഫലമായി 1952 ൽ ഒരു സൊസൈറ്റി റജിസ്റ്റർ ചെയ്ത് കാഞ്ഞിരോട് പ്രവർത്തനം ആരംഭിക്കുകയുണ്ടായി. വയലൻ കൃഷ്ണൻ എന്നവരായിരുന്നു ആദ്യത്തെ സൊസൈറ്റി പ്രസിഡണ്ട്. ആദ്യകാലങ്ങളിൽ തുണി ഉല്പാദിപ്പിച്ച് നെയ്ത്തുകാർ വീടുവീടാന്തരം കയറി ഇറങ്ങി ഉല്പന്നങ്ങൾ വിറ്റഴിക്കാറായിരുന്നു പതിവ്. സൊസൈറ്റിയുടെ ആവിർഭാവത്തോടെ കൂടുതൽ പേർ സ്ഥാപനവുമായി ബന്ധപ്പെടുകയും ഉല്പാദിപ്പിക്കുന്ന തുണിക്ക് സ്വന്തമായൊരു വിപണന സൗകര്യം കണ്ടെത്തുകയും ചെയ്തു. ഉത്സവ ചന്തകളിലും അലങ്കരിച്ച കാളവണ്ടികളിലും മറ്റും സൊസൈറ്റി പ്രവർത്തകന്മാർ കൊണ്ടുപോയി വിൽപന നടത്തുകയും വിപുലപ്പെടുത്തുകയും ചെയ്തു. നിലവിൽ പഞ്ചായത്തിൽ ഈ മേഖലയിലുള്ള ഏക സഹകരണ സ്ഥാപനം ഈ സൊസൈറ്റി മാത്രമാണ്. ഇന്നത്തെ ഇതിന്റെ പ്രവർത്തനം കേരളത്തിലെ മറ്റ് വീവേഴ്സ് സൊസൈറ്റിയെ അപേക്ഷിച്ച് ഏറെ മുന്നിലാണ്. 1995 ലെ സംസ്ഥാനത്തിലെ ഏറ്റവും നല്ല കൈത്തറി മേഖലിയിലെ സ്ഥാപനങ്ങൾക്ക് നൽകാറുള്ള ദേശീയ അംഗീകാരം (സ്വർണ്ണ മെഡൽ) നേടുവാൻ സൊസൈറ്റിക്ക് സാധിച്ചിട്ടുണ്ട്. സൊസൈറ്റിയുടെ ഇന്നത്തെ തൊഴിലാളികളുടേയും മറ്റ് വിവരങ്ങളും പട്ടികയിൽ കൊടുത്തിട്ടുണ്ട്.

പട്ടിക -1

വ്യവസായ സഹകരണ സംഘം

| ക്രമ നമ്പർ | ഇനം | മെമ്പർ എണ്ണം | തൊഴിലാളികളുടെ എണ്ണം | | ആകെ |
|---|---|---|---|---|---|
| | | | പുരു: | സ്ത്രീ: | |
| 1 | കാഞ്ഞിരോട് വീവേഴ്സ് കോ -ഓപ്പറേറ്റീവ് സൊസൈറ്റി | 391 | | | |
| എ. | കൈത്തറി | | 181 | 102 | 283 |
| ബി. | യന്ത്രത്തറി | | 11 | 4 | 15 |
| സി. | ഓഫീസ് സ്റ്റാഫ് | | 18 | – | 18 |

കൈത്തറി മേഖലയിൽ നല്ല നിലയിൽ പ്രവർത്തിക്കുന്ന സ്വകാര്യ സ്ഥാപനങ്ങളും പഞ്ചായത്തിൽ നിലവിലുണ്ട്. കൈത്തറി മേഖലയിലെ പ്രധാന പ്രശ്നം വിദഗ്ദ്ധ തൊഴിലാളികളുടെ അഭാവമാണ്. തൊഴിലാളികളുടെ ഒഴിഞ്ഞു പോക്കിന് പ്രധാനകാരണം കുറഞ്ഞ കൂലി നിരക്കാണ്. വർദ്ധിച്ച കൂലി ലഭിക്കുന്ന കെട്ടിട നിർമ്മാണം പോലുള്ള മേഖലകൾ കൂടുതൽ പേരെ ആകർഷിക്കുന്നു. മുൻകാലങ്ങളിൽ കൈത്തറി മേഖലയിൽ ജോലി ചെയ്തിരുന്ന പലരും ഈ രംഗത്ത് നിന്ന് യന്ത്രത്തറിയിലേക്ക് മാറിയതായി കാണാം. ഇത്തരത്തിലുള്ള 68 ഓളം യൂനിറ്റുകൾ പഞ്ചായത്തിൽ റജിസ്റ്റർ ചെയ്തിട്ടുണ്ട്. സ്ഥാപനങ്ങളേറെയും മൂന്നാം വാർഡിലും നാലാം വാർഡിലുമാണ് സ്ഥിതി ചെയ്യുന്നത്.

## ബീഡി

വലിയന്നൂർ പ്രൈമറി സൊസൈറ്റിയുടെ കീഴിൽ സംഘടിത മേഖലയിൽത്തന്നെ കേരളാ ദിനേശ് ബീഡിയുടെ നാലോളം യൂനിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന അഞ്ച് യൂനിറ്റുകൾ നമ്മുടെ പഞ്ചായത്തിൽ ഉണ്ട്. കൂടാതെ കുറഞ്ഞ കൂലി നിരക്കാണെങ്കിലും മുന്നൂറിലധികം സ്ത്രീകൾ സ്വകാര്യ ബീഡി കമ്പനികളിൽ നിന്നും അസംസ്കൃത പദാർത്ഥങ്ങൾ കൊണ്ടുവന്ന് വീടുകളിൽ നിന്നും ജോലി ചെയ്യുന്നു.

എഞ്ചിനീയറിംഗ് വ്യവസായ രംഗത്ത് ഏകദേശം എട്ട് യൂനിറ്റുകൾ പഞ്ചായത്തിൽ റജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്നുണ്ട്. ഏകദേശം മുപ്പതോളം തൊഴിലാളികൾ ഈ മേഖലയിൽ തൊഴിലെടുക്കുന്നുണ്ട്. ഭക്ഷ്യ ഉല്പന്നങ്ങളുടെ നിർമ്മാണത്തിലേർപ്പെട്ട എട്ട് സ്ഥാപനങ്ങൾ പഞ്ചായത്തിൽ ഉണ്ട്. വൈവിധ്യമാർന്ന ഭക്ഷ്യ ഉല്പന്നങ്ങളുടെ ഉൽപാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കാൻ ഈ സ്ഥാപനങ്ങൾക്ക് കഴിഞ്ഞിട്ടില്ല. വാഴ, മരച്ചീനി തുടങ്ങിയവ നല്ല നിലയിൽ കൃഷിചെയ്യുന്നുണ്ടെങ്കിലും അവയെ വ്യവസായാടിസ്ഥാനത്തിൽ ഉപയോഗപ്പെടുത്തി ചിപ്സ് നിർമ്മാണം പോലുള്ള യൂനിറ്റുകളൊന്നും നമ്മുടെ പഞ്ചായത്തിലില്ല.

## ഖാദി മേഖല

ഖാദി ബോർഡിന്റെ കീഴിൽ കുടുക്കിമൊട്ടയിൽ ഒരു നൂൽനൂൽപ്പ്കേന്ദ്രം നിലവിലുണ്ട്. അവിടെ 22 ഓളം പേർ ജോലിയെടുക്കുന്നുണ്ട്. ഏഴാം വാർഡിൽ പടന്നോട്ട്മൊട്ടയിൽ ഖാദി നെയ്ത്ത് ആരംഭിക്കുന്നതിനുള്ള പ്രവർത്തനം നടന്നുവരുന്നു.

## തടി വ്യവസായം

ഈ മേഖലിയൽ എടുത്തുപറയത്തക്ക വൻകിട വ്യവസായങ്ങളൊന്നും പഞ്ചായത്തിൽ നിലവിലില്ല. ഏച്ചൂരിലുള്ള രണ്ട് മരമില്ലുകൾ മാത്രമാണ് പഞ്ചായത്തിൽ ഈ മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ. ആറോളം ഫർണിച്ചർ ഫാക്ടറികൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്.

വ്യവസായ മേഖലിയിൽ സ്ത്രീകളുടെ പങ്കാളിത്തം.

സ്ത്രീകളുടെ പങ്കാളിത്തത്തോടുകൂടി പ്രവർത്തിക്കുന്ന നാല് ഡി.ഡബ്ല്യൂ.സി.ആർ.എ. യൂനിറ്റുകൾ ഇവിടെ ഉണ്ട്.

പട്ടിക -2

| ക്രമനമ്പർ | യൂനിറ്റിന്റെ പേര് | തൊഴിലാളികളുടെ എണ്ണം |
|---|---|---|
| 1 | ഐശ്വര്യ ലതർ വർക്സ് | 10 |
| 2 | ഉദയ ലതർ വർക്സ് | 16 |
| 3 | മുണ്ടേരി ഡയറി യൂനിറ്റ് | 10 |
| 4 | സൂര്യ കുട നിർമ്മാണം | 14 |

പരമ്പരാഗത കുടിൽ വ്യവസായമായി ഇന്നും പഞ്ചായത്തിൽ കാനച്ചേരി, നിലപ്പനക്കുന്ന്, ഏച്ചൂർ ഹരിജൻകോളനി എന്നിവിടങ്ങളിലായി പതിനഞ്ചോളം സ്ത്രീകൾ കൈതയോലപായ നിർമ്മാണവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നു. അസംസ്കൃത വസ്തുവായ ഓലയുടെ ദൗർലഭ്യം നിമിത്തം ഇത് കടുത്ത പ്രതിസന്ധിയിലാണ്. ദൂര സ്ഥലങ്ങളിൽ നിന്നും വലിയൊരു സംഖ്യ ചിലവഴിച്ച് ഓല കൊണ്ടുവന്നാൽത്തന്നെ ന്യായമായ വില ലഭിക്കുന്നില്ല എന്നതും ഇതിന്റെ തളർച്ചയ്ക്ക് കാരണമാണ്.

മുൻകാലങ്ങളിൽ മൺപാത്ര നിർമ്മാണത്തിൽ നമ്മുടെ പഞ്ചായത്തിൽ ഏറെ പ്രസ്കതി ഉണ്ടായിരുന്നു. ഏച്ചൂറുട്ട് ഉത്സവവേളയിലും മറ്റും വിദൂരസ്ഥലങ്ങളിൽ നിന്നുപോലും മൺപാത്രങ്ങൾക്ക് ആവശ്യക്കാർ എത്താറുണ്ടായിരുന്നു. എന്നാൽ ഇന്ന് ഈ മേഖലയുടെ പ്രവർത്തനം തീർത്തും നിരാശാജനകമാണ്. ആധുനിക രീതിയിലുള്ള യന്ത്രവൽകരണവും ബോധവൽകരണവും നടത്തിയാൽ ഈ മേഖല വളരെയേറെ അഭിവൃദ്ധിപ്പെടാൻ സാധ്യതയുണ്ട്.

വൽകൃത ചകിരി സൊസൈറ്റി രൂപീകരിച്ച് അഞ്ചാം വാർഡിൽ പ്രവർത്തനം നടത്തിവരുന്നു. പച്ചത്തൊണ്ട് സംസ്കരിച്ച് കയർ ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്ന

ഈ സ്ഥാപനം പ്രവർത്തിച്ചുതുടങ്ങുമ്പോൾ കേര കർഷകർക്കും കൊപ്ര സംസ്കരണ ജോലിയിൽ ഏർപ്പെട്ടിരിക്കുന്നവർക്കും പച്ചത്തൊണ്ടിന് ന്യായമായ വില ലഭിക്കും. ഈ യുനിറ്റിൽ 20 ഓളം ആളുകൾക്ക് തൊഴിൽ ലഭിക്കാൻ സാധ്യതയുണ്ട്.

### സാധ്യതകളും നിർദ്ദേശങ്ങളും
### വൻകിട വ്യവസായം

1. മുണ്ടേരി പഞ്ചായത്തിലെ വ്യവസായ തൊഴിലാളികളിൽ ഭൂരിപക്ഷം പേരും തുണിവ്യവസായ മേഖലയുമായി ബന്ധപ്പെടുന്നവരാണ്. കൈത്തറി മേഖലയിലും യന്ത്രത്തറി മേഖലയിലും കുടി മൊത്തം 834 പേർ ജോലി ചെയ്യുന്നു. തുണി വ്യവസായരംഗത്ത് ആവശ്യമായ അസംസ്കൃത പദാർത്ഥമായ നൂൽ ഉൽപാദിപ്പിക്കുന്ന ഒരു സ്ഥാപനം നമ്മുടെ പഞ്ചായത്തിൽ നലവില്ല. നൂലിന്റെ ദൗർലഭ്യം ഈ മേഖല അഭിമുഖീകരിക്കുന്ന മുഖ്യ പ്രശ്നങ്ങളിൽ ഒന്നാണ്. ഈ പ്രശ്നം പരിഹരിക്കാൻ തുണി വ്യവസായം കേന്ദ്രീകരിക്കുന്ന മുന്ന്, നാല് വാർഡിൽ എവിടെയെങ്കിലും ഒരു സ്പിന്നിംഗ് മിൽ സ്ഥാപിക്കണം. കൈത്തറി മേഖലയിൽ നമ്മുടെ പഞ്ചായത്തിന്റെ അഭിമാനമായ വീവേഴ്സ് സൊസൈറ്റിയുടെ



കൈത്തറി



യന്ത്രത്തറി

മുൻകാലങ്ങളിൽ ഒരു പ്രത്യേക വിഭാഗത്തിലുള്ള സ്ത്രീ തൊഴിലാളികൾ സ്വന്തമായി ചകിരി സംസ്കരിച്ച് ഉല്പന്നങ്ങൾ ഉണ്ടാക്കി വീടുകളിൽ കൊണ്ടുപോയി വില്പന നടത്തിയിരുന്നു. ഇന്ന് ഈ മേഖല തീരെ ഇല്ലെന്നുതന്നെ പറയാം. ചകിരി വ്യവസായവുമായി ബന്ധപ്പെട്ട് ഒരു യന്ത്ര

മാതൃകയിൽ സ്പിന്നിംഗ് മില്ലിന്റെ മാനേജ്മെന്റ് സംഘാടനം സഹകരണ മേഖലയിലായിരിക്കണം.

2. നമ്മുടെ പഞ്ചായത്തിലെ കാർഷികോല്പന്നങ്ങളിൽ മുഖ്യമായത് നാളികേരമാണ്. എങ്കിലും ഒന്നോ രണ്ടോ ഓയിൽ മിൽ ഒഴിച്ചുനിർത്തിയാൽ ഈ വിളവ് ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള അനുബന്ധ വ്യവസായങ്ങൾ ഒന്നുംതന്നെ നമുക്ക് ഇവിടെ ഇല്ല. ഒരു കോക്കനട്ട് കോംപ്ലക്സ് സ്ഥാപിച്ച് നാളികേരത്തിന്റെ എല്ലാവിധത്തിലുള്ള സാധ്യതകളും ഉപയോഗപ്പെടുത്തിക്കൊണ്ട് ഒരു നാളികേര ഫാക്ടറി സ്ഥാപിക്കണം. ഇതിൽ താഴെ പറയുന്ന ഉല്പാദന യൂനിറ്റുകൾ ഉൾപ്പെടുത്താം.

1. വെളിച്ചെണ്ണ നിർമ്മാണ യുനിറ്റ്

2. തേങ്ങാ പൗഡറും ക്രീമും (തേങ്ങാപ്പാൽ കുഴമ്പുരൂപത്തിൽ) ഉല്പാദിപ്പിക്കുന്ന യൂനിറ്റ്.

3. തേങ്ങാവെള്ളം ഉപയോഗിച്ചുള്ള ശീതള പാനീയങ്ങൾ നിർമ്മിക്കുന്ന യൂനിറ്റ്യ

4. യന്ത്രവൽകൃത ചകിരി നിർമ്മാണ യുനിറ്റ്

5. ചകിരി ഉപയോഗിച്ചുള്ള ചുടി, കയർ, ചുടിപ്പായ, ചകിരി നാരിന്റെ കിടക്ക, തലയിണ തുടങ്ങിയവ നിർമ്മിക്കുന്ന യൂനിറ്റ്

6. ചകിരിച്ചവറുപയോഗിച്ചുള്ള ജൈവവള നിർമ്മാണ യൂനിറ്റ്

7. ചിരട്ടപ്പൊടി നിർമ്മാണ യൂനിറ്റ്

8. ചിരട്ടകൊണ്ട് കരകൗശല വസ്തുക്കൾ നിർമ്മിക്കുന്ന യൂനിറ്റ

10. ചിരട്ട കൊണ്ട് ചട്ടുകം, സ്പൂൺ, കയിൽ മുതലായ ഗൃഹോപകരണങ്ങൾ, ഐസ്ക്രീം കപ്പ്, സോസർ തുടങ്ങിയ വസ്തുക്കളും നിർമ്മിക്കുന് യൂനിറ്റ്.

## ചെറുകിട വ്യവസായം

വ്യവസായിക രംഗത്ത് ബോധവൽകരണം ഇന്ന് വളരെയേറെ ആവശ്യമാണ്. വ്യവസായമെന്നാൽ ഈർച്ചവാളിന്റെ പല്ലുപോലുള്ള (Saw teeth) മേൽകൂരയുള്ള വലിയ കെട്ടിടങ്ങളോടുകൂടിയതും ഷിഫ്റ്റ് സമയങ്ങളിൽ സൈറൺ മുഴക്കുകയും ചെയ്യുന്ന വൻകിട വ്യവസായങ്ങൾ മത്രമാണെന്ന ധാരണ പോതുജനങ്ങളിൽ നില നിൽക്കുന്നണ്ട്. അത് മാറ്റിയെടുക്കാൻ ചെറുകിട വ്യവസായ മേഖലയുടെ ഗുണങ്ങൾ – ചെറിയ മുടക്കുമുതൽ, കൂടിയ തൊഴിലവസരങ്ങൾ, ഉപഭോഗവസ്തുക്കളുടെ ഉല്പാദനത്തിലൂടെ വിലവർദ്ധനവ് തടഞ്ഞ്നിർത്താം. വ്യാവസായിക വളർച്ചയുടെ നിരക്ക് വർദ്ധനവ്, മാനേജമെന്റ് രംഗത്തുള്ള സൗകര്യം (Easy Management) എന്നിവ പൊതുജനങ്ങളെ പറഞ്ഞ് ബോധ്യപ്പെടുത്തണം. ഇതിലൂടെ കർമ്മോത്സുകരായ പുതിയ വ്യവസായ സംരഭകരെ സൃഷ്ടിക്കുവാൻ നമുക്ക് കഴിയണം. ഒരു കാലത്ത് നമ്മുടെ പാർപ്പിടരംഗത്ത് മുഴങ്ങിക്കേട്ട മുദ്രാവാക്യമായ ചെറുതാണ് സുന്ദരം (Small is beautiful) എന്നപോലെ വ്യാവസായിക രംഗത്ത് ഇന്ന് കേൾക്കുനന മുദ്രാവാക്യമാണ് ചെറുതാണ് കാര്യക്ഷമം (Small is efficient). പല വൻകിട വ്യവസായങ്ങളും അത് പൊതുമേഖലയായാലും സ്വകാര്യ മേഖലയായാലും മാനേജ്മെന്റ് രംഗത്തെ കാര്യമതയില്ലാത്തതു കൊണ്ട് നഷ്ടത്തിലായത് നമ്മളൊക്കെ കണ്ടതാണ്. അതേ സമയം തന്നെ ചെറുകിട മേഖലയിൽ മാനേജിംഗ് വളരെ എളുപ്പവും കാല്യക്ഷമവും ആയതുകൊണ്ട് നല്ല സാമ്പത്തിക നിലയിൽ പ്രവർത്തിക്കുന്ന ധാരാളം യുനിറ്റുകൾ നമുക്ക് കാണാൻ സാധിക്കും. അതുകൊണ്ട് ചെറുകിട വ്യാവസായിക മേഖലയുടെ പ്രാധാന്യം പൂർണ്ണമായും ഉൾക്കൊണ്ടുകൊണ്ട് നമ്മുടെ പഞ്ചായത്തിന്റെ വ്യവസായ വൽക്കരത്തിൽ ശ്രദ്ധ ചെലുത്താൻ നമുക്ക് സാധിക്കണം.

പട്ടിക –3

| ക്രമ നമ്പർ | ഇനം | ആകെ വ്യവസായങ്ങൾ | തൊഴിലാളികൾ പുരു | സ്ത്രീ | ആകെ |
|---|---|---|---|---|---|
| 1. | യന്ത്രത്തറി | 68 | 143 | 108 | 251 |
| 2. | ബീഡി | 12 | 325 | 61 | 376 |
| | കമ്പനിയായി ജോലി ചെയ്യുന്നവർ | | | | |
| 3. | എഞ്ചിനീയറിംഗ് യൂനിറ്റ് | 8 | 26 | – | 26 |
| 4. | ഖാദി | | 1 | – 22 | 22 |
| 5. | അച്ചടി | 3 | 6 | 3 | 9 |
| | (ഡി.ഡബ്ല്യു.സി.ആർ.എ യൂനിറ്റ് ഒഴികെ) | | | | |
| 6. | ഭക്ഷ്യ സംസ്കരണം | 8 | 24 | – | 24 |
| 7. | ഫർണ്ണിച്ചർ | 10 | 61 | – | 61 |
| 8. | കറിപൗഡർ നിർമ്മാണ യൂനിറ്റ് | 2 | 2 | 6 | 8 |
| 9. | ഫ്ളവർ മിൽ | 11 | 11 | – | 11 |
| 10. | മറ്റുള്ളവ | 24 | 32 | 10 | 42 |

പട്ടിക -4

വ്യവസായ സ്ഥാപനങ്ങളിലെ തൊഴിലാളികളുടെ എണ്ണം

| ക്രമ | ഇനം | തൊഴിലാളികൾ | | ആകെ | % |
|---|---|---|---|---|---|
| | | പുരു | സ്ത്രീ | | |
| 1. | കൈത്തറി (സഹ. മേഖല) | 181 | 102 | 283 | 15.67 |
| 2. | യന്ത്രത്തറി | 11 | 4 | 15 | 00.83 |
| 3. | കൈത്തറി | 162 | 138 | 300 | 6.62 |
| 4. | യന്ത്രത്തറി | 132 | 104 | 236 | 13.07 |
| 5. | ബീഡി | 175 | 61 | 236 | 13.07 |
| 6. | ബീഡി | 150 | 281 | 431 | 23.87 |
| 7. | എഞ്ചിനീയറിങ്ങ് | 26 | – | 26 | 01.44 |
| 8. | തഴപ്പായ – | 15 | | 015 | 0.83 |
| 9. | ഖാദി | – | 22 | 22 | 01.21 |
| 10. | ഐശ്വര്യ ലതർ വർക്സ് | – | 1 | 0 10 | 0.55 |
| 11. | സൂര്യ കുട | | 14 | 14 | 0.77 |
| 12. | ഉദയ പ്രിന്റിംഗ് പ്രസ് | – | 16 | 16 | 0.88 |
| 13. | മുണ്ടേരി ഡയറി | – | 16 | 16 | 0.55 |
| 14. | ഭക്ഷ്യ സംസ്ക്കരണം | 24 | – | 24 | 01.33 |
| 15. | അച്ചടി | 4 | – | 4 | 00.22 |
| 16 | സ്വർണ്ണപ്പണി | .22 | – | 22 | 1.22 |
| 17. | ഫർണിച്ചർ | 61 | – | 61 | 03.39 |
| 18. | ഇലക്ട്രോണിക്സ് | 6 | – | 6 | 00 .33 |
| 19. | ടയർ വർക്സ് | 2 | – | 2 | 0.11 |
| 20. | സോഡാ യൂനിറ്റ് | 6 | – | 6 | 0.3 |
| 21. | കള്ള് ചെത്ത് | 66 | – | 66 | 03.65 |
| | ആകെ | 1028 | 777 | 1805 | 100 |

ചെറുകിട മേഖലയിൽ ഗ്രാമസഭയിൽ നിന്നുയർന്നു വന്ന നിർദ്ദേശങ്ങളും സാധ്യതകളും

1. ഭക്ഷ്യ വസ്തുക്കളും അനുബന്ധ വ്യവസായങ്ങളും

എ. മുണ്ടേരി പഞ്ചായത്തിൽ നല്ല നിലയിൽ പ്രവർത്തിക്കുന്ന രണ്ട് പാൽ സൊസൈറ്റികൾ നിലവിലുണ്ട്. അവയുടെ കീഴിൽ ഐസ്ക്രീം പാർലർ ഇല്ലാത്ത സ്ഥലങ്ങളിൽ അത്തരം യൂനിറ്റുകൾ തുടങ്ങണം.

ബി. കറിപൗഡർ, വിനാഗിരി, റൊട്ടി, ബിസ്ക്കറ്റ്, ഔഷധ നിർമ്മാണം . തുടങ്ങിയ ഭക്ഷ്യവസ്തുക്കൾ ഉല്പാദിപ്പിക്കുന്ന യുനിറ്റുകൾ തുടങ്ങണം.

സി. ചിപ്സ് നിർമ്മാണം (നേന്ത്രക്കായ, കപ്പ)

2. കോഴി, ആട് വളർത്തൽ

മുണ്ടേരി പഞ്ചായത്തിലെ താൽപര്യമുള്ള മുഴുവനാളുകൾക്കും കോഴി, ആട് എന്നിവയെ വളർത്താനാവശ്യമായ സഹായങ്ങൾ ചെയ്തുകൊടുക്കുക. ഒരു കുടിൽ വ്യവസായമെന്ന നിലയിൽ വീട്ടിലെ മുഴുവൻ ആൾക്കാരുടേയും സഹായത്തോടെ വളരെ വിജയകമായ രീതിയിൽ ഇത് നടപ്പിലാക്കാം. കോഴിക്കുഞ്ഞുങ്ങളേയും ആട്ടിൻകുഞ്ഞുങ്ങളേയും സബ്സിഡി നിരക്കിൽ നൽകുകയും അവയുടെ കൂട് നിർമ്മിക്കുന്നതിന് സാമ്പത്തിക സഹായം ചെയ്തു കൊടുക്കുകയും വേണം. 50 കോഴികളുള്ള ഒരു യൂനിറ്റുകൊണ്ട് ഒരു ചെറിയ കുടുംബത്തിന് നിത്യവൃത്തി കഴിയുവാൻ പ്രയാസമില്ല.

3. തുണിനെയ്ത്തും വ്സത്ര നിർമ്മാണവും.

കൈത്തറി, യന്ത്രത്തറി മേഖലയിൽ കൂടുതൽ യൂനിറ്റുകൾ തുടങ്ങുകയും അതിൽ നെയ്തെടുക്കുന്ന തുണികൊണ്ട് വസത്ര നിർമ്മാണം നടത്തുകയും ചെയ്യുന്ന യുനിറ്റുകൾ തുടങ്ങണം.

4. മരവും മരത്തടി വ്യവസായവും

പുതിയ ഈർച്ചമില്ലുകളും യന്ത്ര വൽകൃത ഫർണിച്ചർ ഫാക്ടറികളും തുടങ്ങണം.

5. കടലാസും കടലാസുല്പന്നങ്ങളും

എ. ഡക്കറേഷൻ പേപ്പർ, കോറുഗേറ്റഡ് പേപ്പർ ബോർഡ്. കടലാസ് പേക്കറ്റുകൾ എന്നിവ ഉൽപാദിപ്പി

ക്കുന്ന യൂനിറ്റുകൾ തുടങ്ങണം.

ബി. വനിതാ വ്യവസായ യൂനിറ്റെന്ന നിലയിൽ ഒരു വനിതാ നോട്ട് ബുക്ക് നിർമ്മാണ കേന്ദ്രം സ്ഥാപിക്കണം.

6. ലെതറും ലെതറുൽപന്നങ്ങളും

ലെതർ ബേഗ്, ലെതർ ഷൂസ്, ലെതർ ചെരിപ്പ് തുടങ്ങിയവ നിർമ്മിക്കുന്ന യൂനിറ്റുകൾ തുടങ്ങാനാവശ്യമായ സഹായങ്ങൾ ചെയ്ത് കൊടുക്കണം.

7. റബ്ബർ ഉല്പന്നങ്ങൾ

ഉന്നത നിലവാരമുള്ള റബ്ബർ ഉല്പാദിപ്പിക്കുന്ന ജില്ലയാണ് കണ്ണൂർ. എങ്കിലും റബ്ബർ അനുബന്ധ വ്യവസായങ്ങൾ ഇവിടെ വിരളമാണ്. കേൻവാസ്, സൈക്കിൾ ട്യൂബ്, റബ്ബർ കൈയ്യുറ തുടങ്ങിയ റബ്ബർ ഉല്പന്നങ്ങൾ നിർമ്മിക്കുന്ന യൂനിറ്റുകൾ നമ്മുടെ പഞ്ചായത്തിൽ സ്ഥാപിക്കണം.

8. ഗ്ലാസ്സും സിറാമിക് ഉല്പന്നങ്ങളും

മുണ്ടേരി പുഴയിലെ സുലഭമായ പൂഴിയും കക്കയും ഉപയോഗപ്പെടുത്തി ഒരു ഗ്ലാസ്സ് ഫാക്ടറി തുടങ്ങണം. സുലഭമായ കളിമണ്ണ് ഉപയോഗിച്ചു കൊണ്ട് ഇഷ്ടിക, ഓട്, ടൈൽസ് തുടങ്ങിയവ ഉല്പാദിപ്പിക്കുന്ന യൂനിറ്റുകൾ തുടങ്ങാൻ മുണ്ടേരിയിലുള്ള സാദ്ധ്യത അപാരമാണ്.

9. മെക്കാനിക്കൽ എഞ്ചിനീയറിംഗ് സ്ഥാപനങ്ങൾ

എ. ഓട്ടോമോബൈൽ വർക്കഷോപ്പ

സംസ്ഥാന ഹൈവേയായ കണ്ണൂർ - വീരാജ്പേട്ട റോഡിൽ സ്ഥിതി ചെയ്യുന്ന പ്രധാന കേന്ദ്രങ്ങളായ കാഞ്ഞിരോട്, കുടുക്കിമൊട്ട തുടങ്ങിയ സ്ഥലങ്ങളിൽ ഓട്ടോമോബൈൽ വർക്ക്ഷോപ്പ് തുടങ്ങണം.

ബി. മറ്റ് മെക്കാനിക്കൽ എഞ്ചിനീയറിംഗ് സ്ഥാപനങ്ങളായ വെൽഡിംഗ് ഷോപ്പ്, റഫ്രിജറേഷൻ മെക്കാനിക്, എ.സി. മെക്കാനിക് എന്നീ യൂനിറ്റുകൾ തുടങ്ങാനാവശ്യമായ സഹായവും അവർക്ക് വേണ്ട പരിശീലനം നൽകാനാവശ്യമായ സംവിധാനവും ഏർപ്പെടുത്തണം.

10. ഇലക്ട്രിക്കൽ ഉപകരണങ്ങളായ ട്രാൻസ്ഫോർമർ, ബൂസ്റ്റർ, വോൾട്ടേജ് സ്റ്റബിലൈസർ, പി.വി.സി. പൈപ്പ്, പി.വി.സി. വയർ തുടങ്ങിയവ നിർമ്മിക്കാനും അതിന്റെ റിപ്പയർ ചെയ്യാനുമുള്ള യൂനിറ്റ് തുടങ്ങാനാവശ്യമായ പരിശീലനവും സാമ്പത്തിക സഹായവും നൽകണം.

11. പാഴായിപോകുന്ന വാഴനാര് ഉപയോഗിച്ച് ചെറുകിട മേഖലയിൽ ഒരു ഫാൻസി ഫൈബർ യൂനിറ്റ് സ്ഥാപിക്കണം.

12. മറ്റ് സ്ഥലങ്ങളെ അപേക്ഷിച്ച് കെട്ടിട നിർമ്മാണത്തിനാവശ്യമായ ചെങ്കല്ല്, കരിങ്കല്ല് തുടങ്ങിയവയുടെ ദൗർലഭ്യം ഇവിടെ ഏറെയാണ്. ഇത് പരിഹരിക്കുന്നതിനായി സഹകരണമേഖലയിൽ ഒരു ഹോളോബ്രിക് യൂനിറ്റ് ആരംഭിക്കേണ്ടതായിട്ടുണ്ട്.

13. നിർമ്മാണത്തൊഴിലിൽ ഏർപ്പെട്ട ഒട്ടനവധി വിദഗ്ദ്ധരും അല്ലാത്തതുമായ തൊഴിലാളികൾ ഏറെയുണ്ട്. ഇവരെ സംഘടിപ്പിച്ച് ഒരു ലേബർ കോൺട്രാക്റ്റ് സൊസൈറ്റി രൂപീകരിച്ചാൽ നന്നായിരിക്കും.

14. പഞ്ചായത്തിൽ സ്വയംതൊഴിൽ സംരഭകരുടെ എക്സ്ചേഞ്ച് സ്ഥാപിക്കുക.

## പ്രശ്നങ്ങൾ

കൈത്തറിമേഖല

കൈത്തറി മേഖല ഇന്ന് പ്രശ്നങ്ങളുടെ ചുഴിയിലാണ്. ഈ മേഖല അഭിമുഖീകരിക്കുന്ന പ്രശ്നം തൊഴിലാളികളുടെ അഭാവമാണ്. നിലവിലുള്ള തൊഴിലാളികൾ തന്നെ യന്ത്രത്തറി മേഖലയിലേക്ക് കുടിയേറാനുള്ള ശ്രമത്തിലുമാണ്. കെട്ടിട നിർമ്മാണം പോലെയുള്ള മറ്റ് മേഖലകളെ അപേക്ഷിച്ച് കൈത്തറി മേഖലയിലെ കുറഞ്ഞ കുലി നിരക്കാണ് ഇതിന് അവരെ പ്രത്സാഹിപ്പിക്കുന്നത്. ഏകദേശം 220 ഓളം സ്വാകാര്യവ്യക്തികൾ ഒരു കുടിൽവ്യവസായം പോലെ അസംസ്കൃത പദാർത്ഥങ്ങൾ സ്വകാര്യവ്യക്തികളിൽ നിന്ന് ശേഖരിച്ച് വീടുകളിൽ നിന്ന് നെയ്ത്ത് ജോലി ചെയ്യുന്നുണ്ട്. ഇവർക്ക് വർദ്ധിച്ച നിലയിലുള്ള കുലിയോ മറ്റ് ആനുകൂല്യങ്ങളോ ലഭിക്കാറില്ല. ഇത്തരം തൊഴിലാളികളെ കൂടി സൊസൈറ്റിയുടെ കീഴിൽ കൊണ്ടുവരണം. സൊസൈറ്റി തൊഴിലാളികളേതുപോലെ ഇവർക്കും വർദ്ധിച്ച നിലയിലുള്ള ആനുകൂല്യങ്ങളും കൂലിയും നൽകിയാൽ അവരുടെ നെയ്ത്തിനോടുള്ള ആഭിമുഖ്യം വർദ്ധിപ്പിക്കുവാൻ സാധിക്കും. സൊസൈറ്റിയുടെ കീഴിൽ ടെക്സ്റ്റൈൽ രംഗത്തെ വൈവിധ്യമാർന്ന ഉൽപാദനപ്രവർത്തനങ്ങൾ ഏറ്റെടുക്കുയും തുണിയുടെ രംഗത്ത്ഒരു

സ്വയം പര്യാപ്തത കൈവരിക്കുവാൻ സാധിക്കുകയും ചെയ്താൽ ഈ സ്ഥാപനത്തിന്റെ കീർത്തി ദേശീയതലത്തിൽ തന്നെ വീണ്ടും ശ്രദ്ധിക്കപ്പെടും.

### യന്ത്രത്തറി

ഈ അടുത്തകാലത്തായി യുവാക്കളേയും പുതിയ സംരംഭകരേയും കൂടുതലായി ആകർഷിച്ചിട്ടുള്ള ഒരു മേഖലയാണിത്. അദ്ധ്വാനത്തിന്റെ ലഘൂകരണവും കൂടിയ ഉൽപാദനവുമാണ് ഈ മേഖലയുടെ പ്രധാന സവിശേഷത. ഈ മേഖലയിലെ ഒരുതൊഴിലാളിക്ക് ഒരു ദിവസം മിനിമം 100 രൂപ ലഭിക്കും.

### സ്വകാര്യ മുതലാളിമാരുടെ ചൂഷണം.

യന്ത്രത്തറി മേഖലക്കാവശ്യമായ അസംസ്കൃത പദാർത്ഥങ്ങളുടെ വിതരണവും ഉൽപ്പന്നത്തിന്റെ സംഭരണവും നടത്തുന്നത് സ്വകാര്യമുതലാളിമാരാണ്. അതുകൊണ്ട്തന്നെ ഈ മേഖലയിലെ സാമ്പത്തിക കാര്യങ്ങൾ തീരുമാനിക്കുന്നത് ഇത്തരം സ്വകാര്യ മുതലാളിമാരാണ്. ഈ കാരണത്താൽ തന്നെ ഈ മേഖലയിലെ സാമ്പത്തിക നേട്ടം തൊഴിലാളിക്കോ ചെറുകിട യൂനിറ്റ് നടത്തിപ്പുകാരനോ ലഭിക്കുന്നില്ല. സാമ്പത്തിക നേട്ടം മുഴുവൻ സ്വകാര്യ മുതലാളിമാരുടെ കീശയിലേക്കാണ് പോകുന്നത്. ഇത് പരിഹരിക്കണമെങ്കിൽ ഈ മേഖലയിൽ പ്രവർത്തിക്കുന്ന മുഴുവൻ യൂനിറ്റുകാരെയും സംഘടിപ്പിച്ചുകൊണ്ട് അവർക്കാവശ്യമായ അസംസ്കൃത പദാർത്ഥങ്ങൾ വിതരണം ചെയ്യാനും അവരുടെ ഉത്പന്നങ്ങൾ സംഭരിച്ച് വിതരണം പെയ്യാനും ഉതകുന്ന വിധം വീവേഴ്സ് സൊസൈറ്റിയുടെ മാതൃകയിൽ ഒരു സഹകരണസംഘം രൂപീകകരിക്കണം.

### 12. വൈദ്യുതി പ്രതിസന്ധി

പുതിയ സംരംഭകരെ സംബന്ധിച്ചിടത്തോളം വൈദ്യുതി കണക്ഷൻ ലഭിക്കാനുള്ള തടസ്സം ഈ മേഖലയിൽ പുതിയ യൂനിറ്റ് തുടങ്ങാൻ തടസ്സം സൃഷ്ടിക്കുന്നു. വ്യാവസായികാവശ്യങ്ങൾക്കുള്ള വൈദ്യുതി കണക്ഷൻ ഉടനടി ലഭിക്കാനാവശ്യമായ സമ്മർദ്ദം വൈദ്യുതി ബോർഡിൽ ചെലുത്തണം. അതിനാവശ്യമായ നിയമനടപടികൾ വൈദ്യുതബോർഡിൽ എടുക്കുവാനാവശ്യമായ നടപടി പഞ്ചായത്ത് സ്വീകരിക്കണം. യന്ത്രത്തറി മേഖല കേന്ദ്രീകരിച്ചിരിക്കുന്ന 3,4 വാർഡുകളിൽ കപ്പാസിറ്റി കൂടിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കണം.

### 3. ധന സഹായങ്ങളുടെ ലഭ്യതക്കുറവ്

ഇന്ന് ചെറുകിട വ്യവസായങ്ങൾക്കാവശ്യമായ വായ്പാ സൗകര്യങ്ങൾ ജില്ലാബേങ്കിൽ മാത്രമേ നിലവിലുള്ളൂ. എന്നാൽ അപേക്ഷകർക്ക് ആവശ്യമായ ഫണ്ടിന്റെ അഭാവം ജില്ലാ ബേങ്കിൽ നിലനിൽക്കുന്നുണ്ട്. അതുകൊണ്ട് ധനസഹായങ്ങളുടെ ലഭ്യതക്കുറവ് കാരണം പുതിയ സംരംഭകർക്ക് യന്ത്രത്തറി തുടങ്ങാൻ പ്രയാസം നേരിടുകയാണ്. അതേ സമയം തന്നെ പ്രാഥമിക സഹകരണ സ്ഥാപനങ്ങളിൽ യഥേഷ്ടം ഫണ്ട് ഉണ്ടെങ്കിലും ചെറുകിട വ്യവസായങ്ങൾക്ക് ധനസഹായം നൽകാനുള്ള നിയമനടപടികൾ ഒന്നുംതന്നെയില്ല. അതുകൊണ്ട് പ്രഥമിക സഹകരണ സ്ഥാപനങ്ങളിൽ നിന്ന് ചെറുകിട വ്യവസായത്തിന് ധനസഹായം ലഭ്യമാക്കാനുള്ള നടപടിക്രമവും നിയമഭേദഗതികളും ഉടനടി ഉണ്ടാക്കണം.

### ബീഡി

മുണ്ടേരി പഞ്ചായത്തിലെ വ്യവസായത്തൊഴിലാളികളുടെ എണ്ണത്തിൽ രണ്ടാം സ്ഥാനത്താണ് ഈ മേഖല. ഏകദേശം 700 ഓളം പേർ ഈ മേഖലയിൽ തൊഴിലെടുക്കുന്നുണ്ട്. ദിനേശ് ബീഡി രംഗത്തും സാധുബീഡി മേഖലയിലുമാണ് കൂടുതൽ പേർ തൊഴിലെടുക്കുന്നത്. മറ്റ് സ്വകാര്യ ബീഡി കമ്പനികളിൽ നിന്ന് അസംസ്കൃത പദാർത്ഥങ്ങൾ വാങ്ങി വീട്ടിൽ നിന്ന് ബീഡി തിരക്കുന്ന ഏകദേശം 300 ഓളം സ്ത്രീ തൊഴിലാളികൾ നമ്മുടെ പഞ്ചായത്തിലുണ്ട്. ജനങ്ങളുടെ ദുശ്ശീലത്തിൽ നിന്ന് ഉത്ഭവിക്കുന്ന വ്യവസായമെന്ന നിലയിൽ ഇതിന്റെ നിലനിൽപ്പ് ഇന്ന് ഒരു ചോദ്യചിഹ്നമായി അവശേഷിക്കുകയാണ്. ദിനേശ് ബീഡി കേന്ദ്ര സഹകരണ സംഘത്തിന്റെ നേതൃത്വത്തിൽ തന്നെ മറ്റ് വ്യവസായോൽപ്പന്നങ്ങളുടെ ഉൽപാദനത്തിലേക്ക് ശ്രദ്ധ കേന്ദ്രീരിക്കാൻ തുടങ്ങിയിരിക്കുന്നു. നമ്മുടെ പഞ്ചായത്തിലെ ബീഡിതൊഴിലാളികളെ മറ്റ് ചെറുകിട വ്യവസായങ്ങളിലേക്ക് ആകർഷിക്കുകയും അവർക്കുവേണ്ട സാങ്കേതിക പരിശീലനം നൽകുകയും വേണം.

### വ്യവസായ മലിനീകരണം

വ്യവസായങ്ങളുടെ അഭാവംകൊണ്ട് തന്നെ വ്യവസായമലിനീകരണത്തെ സംബന്ധിച്ച പരാതികൾ നമ്മുടെ പഞ്ചായത്തിൽ വിരളമാണ്. എങ്കിലും ഛായം മുക്കലിനോടനുബന്ധിച്ച് രണ്ടാംവാർഡിലും മൂന്നാം വാർഡിലും പുറവൂരിൽ രണ്ടിടത്തും ഈ പ്രശ്നം ഉയർന്നുവന്നിട്ടുണ്ട്. ഈ

കാരണാത്താൽ ഫരായം മുക്കൽ കേന്ദ്രങ്ങൾ ജനവാസം കുറഞ്ഞ മേഖലയിലേക്ക് മാറ്റാൻ ആവശ്യമായ നടപടി ഉണ്ടാക്കണം.

## മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്

സ്ഥലപരിമിതി പുതിയ സംരഭകരെ സംബന്ധിച്ചിട ത്തോളം മുണ്ടേരി പഞ്ചായത്തിൽ ഒരു സങ്കീർണ്ണ പ്രശ്ന മാണ്. ഇത് പരിഹരിക്കണമെങ്കിൽ ലഭ്യമായ സ്ഥലങ്ങൾ അക്വയർ ചെയ്യുകയും അത് സംരഭകർക്ക് വാടകയ്ക്ക് നൽകുകയും വേണം. അക്വയർ ചെയ്ത സ്ഥലത്ത് വ്യവ സായത്തിനാവശ്യമായ പ്രാഥമിക സൗകര്യങ്ങൾ ചെയ്തു കൊടുക്കുകയും വേണം.

ഗ്രാമ സഭയിൽ നിന്ന് ഉയർന്നു വന്ന മേൽപറഞ്ഞ നിർദ്ദേശങ്ങൾ ലഭ്യമായ ഫണ്ടിന്റെ അടിസ്ഥാനത്തിൽ മുൻഗണനാ ക്രമം നിശ്ചയിച്ച് നടപ്പിലാക്കിയാൽ നമ്മുടെ പഞ്ചായത്തിന്റെ വ്യവസായ വൽകരണം ത്വരിതപ്പെടു ത്താനും തൊഴിലില്ലായ്മ ഒരു പരിധി വരെ കുറക്കുവാനും നിത്യോപയോഗ സാധനങ്ങൾക്ക് അന്യരെ ആശ്രയിക്കുന്ന അവസ്ഥ മാറ്റാനും സാധിക്കും.

**ഏത് ധൂസര സങ്കൽപ്പത്തിൽ പിറന്നാലും**

**ഏതോരു യന്ത്രവൽകൃത ലോകത്തിൽ പുലർ ന്നാലും**

**മനസ്സിലുണ്ടാവട്ടേ ഗ്രാമത്തിൻ മണവും, മമതയും .....**

**ഇത്തിരി കൊന്നപ്പൂവും ......**



# വിദ്യാഭ്യാസം

ഒമ്പതാം പദ്ധതിക്ക് മുന്നൊരുക്കമായ മുണ്ടേരി പഞ്ചായത്തിലെ വിദ്യാഭ്യാസ പ്രവർത്തനങ്ങളുടെ വീര്യവും വികാരവും സമാഹരിക്കുമ്പോൾ കേരളത്തിന്റെ പൊതുവിദ്യാഭ്യാസത്തിന്റെ തുടർച്ചയായ പ്രവർത്തനം തന്നെയാണ് നമ്മുടേതെന്ന് കാണാം. പൊതുവിദ്യാഭ്യാസ.രംഗത്ത് കേരളം കൈവരിച്ച എല്ലാ നേട്ടങ്ങളും കോട്ടങ്ങളും നിഴൽപോലെ മുണ്ടേരി പഞ്ചായത്തിലും പടർന്നിട്ടുണ്ട്. ജനപങ്കാളിത്തത്തോടെയുള്ള പ്രവർത്തനമാണ് സാക്ഷരകേരളം സാധ്യമാക്കിയത്. പ്രാഥമിക വിദ്യാഭ്യാസം സാർവത്രികമാക്കുന്നതിന് ജനങ്ങളിൽ നിന്നുണ്ടായ സമ്മർദ്ദമാണ് പൊതു വിദ്യാഭ്യാസ പദ്ധതി സൃഷ്ടിച്ചത്. കേരളത്തിന്റെ പൊതുവിദ്യാഭ്യാസ പദ്ധതി അതിശക്തമായ സമ്മർദ്ദങ്ങളെയും ഭീഷണികളേയും നേരിടുകയാണ്. പൊതുവിദ്യാഭ്യാസത്തിന്റെ ഗുണനിലവാര തകർച്ച ഒഴുക്കൻ മട്ടിൽ പറഞ്ഞുനിറുത്താൻ വയ്യ. സാമൂഹ്യാവശ്യങ്ങളെ നിറവേറ്റാൻ, ജനങ്ങളിൽ വലിയവിഭാഗത്തിന് തൊഴിൽ കണ്ടെത്താനും ഫലപ്രദമായ അടിസ്ഥാനവിജ്ഞാനം നേടാനും സാധിക്കുന്നില്ല. ആയതിനാൽ സ്കൂൾവിദ്യാഭ്യാസത്തിനും ഉന്നതവിദ്യാഭ്യാസത്തിനും ഭീമമായ റവന്യൂനഷ്ടം സംഭവിച്ചുകൊണ്ടിരിക്കുകയാണ്.

വർദ്ധിച്ച മനുഷ്യശക്തിയുടെ ഈ പാഴായിപോകൽ അഥവാ ഭീമമായ റവന്യൂ നഷ്ടം ഇതിന് കാരണമെന്താണ്? വിദ്യാഭ്യാസസുരക്ഷാസമിതി മുതൽ പത്രമാധ്യമങ്ങൾ വരെ ഇതിന്കാരണം കണ്ടെത്തുന്നു. കലാലയന്തരീക്ഷത്തിലെ രാഷ്ട്രീയ അതിപ്രസരം, തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന്റെ അഭാവം, സെൽഫ് ഫൈനാൻസിംഗ് കോഴ്സുകളുടെ അതിപ്രസരം തുടങ്ങി നിരവധി കാരണങ്ങൾ. വാസ്തവത്തിൽ ഈ ചർച്ചകളെല്ലാം തന്നെ വ്യക്തമായ നയ പരിപ്രേക്ഷ്യത്തിന്റെ അടിസ്ഥാനത്തിലല്ല നടക്കുന്നത്. കേരളത്തിലെ വിദ്യാഭ്യാസരംഗത്തും സാമൂഹ്യാവശ്യങ്ങളെയും കുറിച്ചുള്ള സമഗ്രമായ പഠനങ്ങളെ ആധാരമാക്കിയല്ല ഇത്തരം നയങ്ങളുണ്ടാക്കുന്നത്. കേരളത്തിലെ വിദ്യാഭ്യാസത്തെക്കുറിച്ച് നമ്മുടെ മക്കളെ കുറിച്ച്, അവരുടെ വളർച്ചയെ കുറിച്ച് ശാസ്ത്രീയമായ ഒരു കാഴ്ചപ്പാട് ആവശ്യമാണ്. ഈ കാഴ്ചപാട് ജനകീയ വികസന കാഴ്ചപാടിൽ നിന്നും ഉരുത്തിരിഞ്ഞ് വരുന്നതായിരിക്കണം.

ജനകീയ വികസന കാഴ്ചപ്പാട് ഉൾക്കൊണ്ട് ശാസ്ത്രീയ ഗവേഷണ പഠനങ്ങൾ നടത്താൻ കഴിവുള്ള വിദഗ്ദൻമാരാലാണ് 9–ാം പദ്ധതിയുടെ മുന്നോടിയായുള്ള വിദ്യ

ഭ്യാസ വികസന റിപ്പോർട്ട് തയ്യാറാക്കപ്പെടുന്നത്. വിദ്യാഭ്യാസത്തിൽ തൽപരരായ വിദഗ്ദരും ജനങ്ങളും കൂട്ടായി നടത്തുന്ന അന്വേഷണമാണ് ഇന്നാവശ്യം. അതിൽ നിന്ന് ലഭിക്കുന്ന വിവരങ്ങളെ പഠിച്ച് പരിപ്രേക്ഷ്യം രൂപീകരിക്കുവാൻ കഴിവുള്ള പ്രഗത്ഭരും അനുഭവസമ്പന്നരുനായ ഒരുസംഘം വിദഗ്ദരും ഈ ശ്രമത്തിന് നേതൃത്വം കൊടുക്കുന്നു. ഇതുതന്നെയാണ് ജനകീയസൂത്രണ പ്രസ്ഥാനത്തിന്റെ കാതൽ.

പഞ്ചായത്തിലെ വിദ്യാഭ്യാസ പ്രവർത്തനങ്ങളുടെ പൊതുവിവരം പ്രതിപാദിക്കുന്നതിന് മുന്നേ നമ്മുടെ പഴയകാല വിദ്യാഭ്യാസ ചരിത്രം പ്രസ്താവിക്കാതെ വയ്യ. പഞ്ചായത്തിലെ വിദ്യാലയങ്ങൾ പഴയകാല ഗുരുകുല വിദ്യാലയത്തിന്റെ തുടർച്ചയായി ഏകാദ്ധ്യാപക വിദ്യാലയങ്ങലായി വികസിച്ചതാണ്. തുടർന്നുവന്ന ബ്രിട്ടീഷ് സർക്കാറിന്റെ കീഴിൽ ഗ്രാന്റ് ഇൻ എയ്ഡ് സമ്പ്രദായത്തിൽ മാനേജ്മെന്റ് വിദ്യാലയത്തിലെ അദ്ധ്യാപകർ മാനേജർമാരുടെ കീഴിൽ അടിമകളെ പോലെ കഴിഞ്ഞതും ചരിത്രവസ്തുതകളാണ്. മലബാറിൽ ദേശീയ പ്രസ്ഥാനത്തിന്റെ ഭാഗമായി ഈ രംഗത്ത് ഒരു നവോത്ഥാനമുണ്ടാവുകയും സ്വാതന്ത്ര്യപ്രസ്ഥാനവുമായി ചേരുകയും ചെയ്തു. പഞ്ചായത്തിലെ ഏതാനും ചില അദ്ധ്യാപകരും കെ. കേളപ്പൻ, എ.കെ.ജി, ടി.സി. നാരായണൻ നമ്പ്യാർ എന്നിവരുടെ നേതൃത്വത്തിലുള്ള ദേശീയ പ്രസ്ഥാന ത്തിന്റെ ഭാഗമായി പ്രവർത്തിച്ചിരുന്നു.

ഇന്ന് പഞ്ചായത്തിൽ നിലവിലുള്ള വിദ്യാലയങ്ങളിൽ പഴക്കംചെന്നത് 1882 ൽ സ്ഥാപിതമായ ഏച്ചൂര് ഈസ്റ്റ് എൽ.പി. സ്കൂളാണ്. തുടർന്ന് 13 പ്രൈമറി വിദ്യാലയങ്ങളും 1982 ൽ ഗവൺമെന്റ് മേഖലയിൽ മുണ്ടേരി ഗവൺമെന്റ് ഹൈസ്ക്കൂളും സ്ഥാപിതമായി.

ജില്ലാ കേന്ദ്രത്തിന്റെ അടുത്തുള്ള പഞ്ചായത്ത് എന്ന ഭൗതിക സാഹചര്യം ഉപയോഗപ്പെടുത്തി വിദ്യാഭ്യാസപരമായി വളരെയൊന്നും മുന്നോട്ട് പോകാൻ നമുക്ക് കഴിഞ്ഞിട്ടില്ല. കേരള സർവ്വകലാശാലയുടെ കീഴിൽനിന്ന് കോഴിക്കോട് സർവ്വകലാശാലയുടെ കീഴിലായപ്പോൾ കുറെ മുന്നേറാൻ കഴിഞ്ഞെങ്കിലും കണ്ണൂർ സർവ്വകലാശാല ഇപ്പോൾ നിലവിൽ വന്നതോടുകൂടി ഈ രംഗത്ത് ഒരു കുതിച്ചുചാട്ടം നടത്താൻ നമുക്ക് സാധിക്കേണ്ടതുണ്ട്. പ്രബലമായ രണ്ട് മതവിഭാഗങ്ങൾ ഇടപഴകി ജീവിക്കുന്ന പഞ്ചായത്തിൽ സാമുദായിക സൗഹാർദ്ദം എല്ലാകാലത്തും കാത്തുസൂക്ഷിക്കാൻ കഴിഞ്ഞത് വിദ്യാഭ്യാസത്തിന്റെ ഒരു വൻനേട്ടമായി കാണാം.

33000 –ാളം ജനസംഖ്യയുള്ള പഞ്ചായത്തിൽ ഒരു ഹൈസ്കൂൾ അനുവദിച്ചുകിട്ടാൻ 1982 വരെ കാത്തുനിൽക്കേണ്ടി വന്നു എന്നുള്ളത് സെക്കന്ററി വിദ്യാഭ്യാസത്തിൽ ഒരു പിറകോട്ടടിക്ക് ഇടയാക്കിയിട്ടുണ്ടെന്ന് കണ്ടത്താൻ കഴിയും. സമീപ പഞ്ചായത്തിലെ കൂടാളി ഹൈസ്കൂൾ സ്ഥാപിതമാകുന്നതുവരെ സെക്കന്ററി വിദ്യാഭ്യാസത്തിന് പഞ്ചായത്തിലുള്ളവർക്ക് 13 കിലോമീറ്ററോളം അകലെയുള്ള കണ്ണൂര് മുനിസിപ്പൽ ഹൈസ്കൂളിനെ ആശ്രയിക്കേണ്ടിവന്നിരുന്നു. മുണ്ടേരി ഹൈസ്കൂൾ സ്ഥാപിതമായതോടുകൂടി സെക്കന്ററി വിദ്യാഭ്യാസം നിഷേധിക്കപ്പെടുമായിരുന്ന ഒരു വലിയവിഭാഗം പെൺകുട്ടികൾക്ക് തുടർവിദ്യാഭ്യാസസൗകര്യം ലഭ്യമായി.

പഞ്ചായത്തിലെ ആകെയുള്ള 15 വിദ്യാലയങ്ങളിൽ ഒന്ന് മാത്രമാണ് സർക്കാർ മേഖലയിലുള്ളത്. സർക്കാർ മേഖലയിലെ അദ്ധ്യാപകർ മൊത്തം അദ്ധ്യാപകരിൽ 12.78% ഉം, വിദ്യാർത്ഥികൾ 12.55% ഉം ആണ്. 87% അദ്ധ്യാപകരും വിദ്യാർത്ഥികളും സ്വകര്യമേഖലയിലാണ്.

അൺ– എയിഡഡ്, ഇംഗ്ലീഷ് മാധ്യമ സ്ക്കൂളുകളോടുള്ള ഭ്രമം ഈ അടുത്ത കാലത്ത് ചെറിയ തോതിൽ കുറഞ്ഞിട്ടുണ്ടെങ്കിലും 150 ഓളം കുട്ടികൾ അത്തരം വിദ്യാലയങ്ങളിൽ പഠിക്കുന്നു. ഈ വിദ്യാർത്ഥികളെ കൂടി പൊതുധാരയിലേക്ക് കൊണ്ടുവരേണ്ടതാണ്. വിദ്യാഭ്യാസപരമായി സമൂഹത്തന്റെ മേൽതട്ടിലേക്ക് ഉയർന്നുവരുന്നത് ഇത്തരം വിദ്യാർത്ഥികളാണെന്ന തെറ്റായ ധാരണ മാറി വരുന്ന ഇന്നത്തെ സാഹചര്യം ആശാവഹമാണ്.

ഹൈസ്ക്കൂൾ വിദ്യാഭ്യാസത്തിനുശേഷം ഉപരി പഠനത്തിനുള്ള സ്ഥാപനങ്ങൾ സർക്കാർ സ്വകാര്യ മേഖലയിൽ ഒന്നും തന്നെയില്ല. സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സ്ഥിതിയും ഇതുതന്നെ. മുന്നേ വ്യാപകമായി ഉപയോഗപ്പെടുത്തിയിരുന്ന ടൈപ്പ്റൈറ്റിംഗ് ഷോട്ട്ഹാന്റ് മേഖല ഇന്ന് നിർജ്ജീവമാണ്. കമ്പ്യൂട്ടറിന്റെ സാർവത്രികമായ ഉപയോഗം നിലവിൽവന്നെങ്കിലും ഒറ്റ കമ്പൂട്ടർ പരിശീലനകേന്ദ്രം പഞ്ചായത്തിൽ ഇല്ല. മാറി വരുന്ന സാഹചര്യവുമായി പൊരുത്തപ്പെട്ട് പോകുവാൻ ആവശ്യമായ ഭൗതിക സാഹചര്യം ജനങ്ങൾക്ക് ഒരുക്കി ക്കൊടുക്കുവാൻ കഴിയേണ്ടതാണ്. പ്രീഡിഗ്രി, ബിരുദ പഠനത്തിനായി ഭൂരി പക്ഷം വിദ്യാർത്ഥികളും കണ്ണൂര് S.N കോളേജ്, കൃഷ്ണമേനോൻ മെമ്മോറിയൽ വനിതാ കോളേജ്, മട്ടന്നൂർ കോളേജ് , സർ സയ്യിദ് കോളേജ്, തളിപ്പറമ്പ്, ബ്രണ്ണൻ കോളേജ്, തലശ്ശേരി എന്നിവയേയും സാങ്കേതിക പഠനത്തിന് കണ്ണൂർ ഗവ. എഞ്ചിനീയറിങ്ങ കോളേജ്, ഗവ. പോളി ടെക്നിക്ക്, എന്നിവയേയും

പട്ടിക –1

## വിദ്യാലയം – അദ്ധ്യാപകർ – വിദ്യാർത്ഥികൾ

| ക്രമ നമ്പർ | സ്കൂൾ | സ്ഥാപിച്ച വർഷം | മാനേജ്മെന്റ് | കുട്ടികളുടെ എണ്ണം | | | അദ്ധ്യാപകരുടെ എണ്ണം | | |
|---|---|---|---|---|---|---|---|---|---|
| | | | | ആൺ | പൺ | ആകെ | ആൺ | പെൺ | ആകെ |
| 1. | ജി.എച്ച്.എസ്. മുണ്ടേരി | 1982 | സർക്കാർ | 320 | 285 | 605 | 13 | 11 | 24 |
| 2. | മുണ്ടേരി സെൻട്രൽ യു.പി. | 1924 | സ്വകാര്യം | 447 | 401 | 848 | 10 | 18 | 28 |
| 3. | ശങ്കരവിലാസം യു.പി. | 1953 | സ്വകാര്യം | 340 | 348 | 688 | 10 | 16 | 26 |
| 4. | കാഞ്ഞിരോട് യു.പി. | 1932 | സ്വകാര്യം | 340 | 295 | 635 | 9 | 17 | 26 |
| 5. | ഏച്ചൂർ വെസ്റ്റ് യു.പി. | | സ്വകാര്യം | 249 | 227 | 476 | 4 | 15 | 19 |
| 6. | മൻഷ ഉൽ ഉലും എൽ.പി. | 1939 | സ്വകാര്യം | 163 | 129 | 292 | 5 | 7 | 12 |
| 7. | നവകേരള എൽ.പി. | 1957 | സ്വകാര്യം | 117 | 109 | 226 | 3 | 6 | 9 |
| 8. | മുണ്ടേരി ഈസ്റ്റ് എൽ.പി. | | സ്വകാര്യം | 112 | 119 | 231 | 5 | 4 | 9 |
| 9. | കാഞ്ഞിരോട് എൽ.പി. | | സ്വകാര്യം | 95 | 94 | 189 | 4 | 4 | 8 |
| 10. | ഏച്ചൂർ സെൻട്രൽ എൽ.പി. | | സ്വകാര്യം | 65 | 64 | 129 | 2 | 3 | 5 |
| 11. | മുണ്ടേരി എൽ.പി. | 1914 | സ്വകാര്യം | 64 | 65 | 129 | 3 | 2 | 5 |
| 12. | പുറവൂർ എൽ.പി. | 1927 | സ്വകാര്യം | 61 | 52 | 113 | 2 | 3 | 5 |
| 13. | തലമുണ്ട എൽ.പി. | | സ്വകാര്യം | 65 | 45 | 110 | 1 | 2 | 3 |
| 14. | കാഞ്ഞിരോട് സെൻട്രൽ എൽ.പി. | 1928 | സ്വകാര്യം | 31 | 45 | 76 | 2 | 2 | 4 |
| 15. | ഏച്ചൂർ ഈസ്റ്റ് എൽ.പി. | 1882 | സ്വകാര്യം | 43 | 32 | 75 | 3 | 2 | 5 |

ആശ്രയിക്കുന്നു. സമാന്തര വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്ക് പോകുന്ന വിദ്യാർത്ഥകളുടെ എണ്ണവും കുറവല്ല.

### സ്ഥാപനങ്ങൾ

14 എയിഡഡ് വിദ്യാലയങ്ങളും ഒരു സർക്കാർ ഹൈസ്ക്കുളും നേഴ്സറിയോട് ചേർന്ന 4 ഇംഗ്ളീഷ് മാധ്യമ സ്ക്കൂളും 1 മലയാള നേഴ്സറി ക്ളാസും നമ്മുടെ പഞ്ചായത്തി ലുണ്ട്. ഇതിൽ 13 വിദ്യാലയങ്ങൾ സ്വാതന്ത്ര്യത്തിന് മുന്നേ നില നിൽക്കുന്നവയാണ്. അൺ എയിഡഡ് സ്ക്കൂളുകൾ 1990 ന് ശേഷം നിലവിൽ വന്നതാണ്. ഇവയ്ക്ക് സർക്കാർ അംഗീകാരമി ല്ല. 3 എൽ പി വിദ്യാലയങ്ങളോട് ചേർന്ന് 5ാം ക്ളാസും പ്രവർത്തിക്കുന്നുണ്ട്. മുണ്ടേരി ഗവ. ഹൈസ്ക്കൂൾ വിഭാഗം മാത്രമേ പ്രവർത്തിക്കുന്നുള്ളു. ജനസംഖ്യാനുപാതികമായി നമ്മുടെ പഞ്ചായത്തിൽ പ്രൈമറി വിദ്യാലയങ്ങൾ പര്യാപ്തമാ ണ്. ആരംഭിച്ച വിദ്യാലയങ്ങൾ ഒന്നും സമീപ കാലത്ത് അടച്ച് പൂട്ടപ്പെട്ടിട്ടില്ല.

### വിദ്യാർത്ഥികൾ

പഞ്ചായത്തിലെ വിദ്യാലയങ്ങളിൽ ആകെ 4822 വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്. ഇതിൽ 2512 ആൺകുട്ടികളും, 2310 പെൺകുട്ടികളുമാണ്. പെൺകുട്ടികൾ ആകെ വിദ്യാർത്ഥിക ളുടെ 49.91% ആണ്.

പട്ടിക 2

വിദ്യാർത്ഥികൾ

| ആകെ വിദ്യാർത്ഥികൾ | | | പ്രൈമറി | | | ഹൈസ്ക്കൂൾ | | |
|---|---|---|---|---|---|---|---|---|
| | | | ആകെ | പെൺ | % | ആകെ | പെൺ | % |
| 4822 | 2310 | 47.91 | 4217 | 2025 | 4802 | 605 | 285 | 47.1 |

1991 കാനേഷ്മാരി കണക്ക് പ്രകാരം പ്രൈമറി വിദ്യാലയങ്ങളിൽ പഠിക്കാൻ പ്രായമുള്ള 4337 കുട്ടികളിൽ പഞ്ചായത്തിലെ വിദ്യാലയങ്ങളിൽ 3754 വിദ്യാർത്ഥികൾ മാത്രമാണ് പ്രവേശനം നേടിയത്. 583 വിദ്യാർത്ഥികൾ പഞ്ചായത്തിന് പുറത്തുള്ള സ്കൂളുകളിൽ പഠിക്കുന്നുണ്ട്. മുസ്ലീം ഭൂരിപക്ഷ പ്രദേശങ്ങളിലെ വിദ്യാലയങ്ങളിൽ മറ്റ് പ്രദേശങ്ങളിലെ പെൺകുട്ടികളെ അപേക്ഷിച്ച് വിദ്യാഭ്യാസം നേടുന്ന പെൺ കുട്ടികളുടെ എണ്ണം കുറവാണ്. (പട്ടിക കാണുക).

പട്ടിക ജാതി പട്ടിക വർഗ്ഗത്തിലെ 175 വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്. ആകെയുള്ള വിദ്യാർത്ഥികളിൽ 3.63% ആണ് ഇത്.

പട്ടിക –2

വിദ്യാർത്ഥിനികൾ [illegible]

| ആകെ വിദ്യാർത്ഥികൾ | | പ്രൈമറി | | | ഹൈസ്കൂൾ | | |
|---|---|---|---|---|---|---|---|
| | | ആകെ | പെൺ | % | ആകെ | പെൺ | % |
| 4822 2310 | 47.91 | 4217 | 2025 | 48.02 | 605 | 285 | 47.1 |

അവലംബം സെക്കൻഡറി ഡാറ്റ

വിദ്യാർത്ഥികളുടെ കൊഴിഞ്ഞ് പോക്ക് നമ്മുടെ പഞ്ചായത്തിൽ ഉണ്ട്. 4822 പേരിൽ 75 വിദ്യാർത്ഥികൾ വിവിധ കാരണത്താൽ പഠനം നിറുത്തിയിട്ടുണ്ട്. ഇത് 1.55% ആണ്. പട്ടിക ജാതി പട്ടിക വർഗ്ഗ വിദ്യാർത്ഥികളിൽ 4 പേർ വിവിധ കാരണത്താൽ പഠനം നിറുത്തി. ഇത് 2.28% ആണ്. പട്ടിക ജാതി പട്ടിക വർഗ്ഗത്തിലെ കൊഴിഞ്ഞ് പോക്ക് മറ്റ് വിഭാഗത്തിനെ അപേക്ഷിച്ച് കുടുതലാണ്.

പട്ടിക 3 പട്ടിക ജാതി/പട്ടിക വർഗ്ഗ വിദ്യാർത്ഥികൾ

| പ്രൈമറി | | | ഹൈസ്കൂൾ | | | ആകെ വിദ്യാർത്ഥികൾ | | |
|---|---|---|---|---|---|---|---|---|
| ആകെ | SC/ST | % | ആകെ | SC/ST | % | | | |
| 4217 | 157 | 3.72 | 605 | 18 | 2.9 | 4822 | 175 | 3.63 |

അവലംബം സെക്കൻഡറി ഡാറ്റ

പട്ടിക 4

വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക്

| SC/ST | | | | മറ്റുള്ളവർ | | | |
|---|---|---|---|---|---|---|---|
| ആൺ | പെൺ | ആകെ | % | ആൺ | പെൺ | ആകെ | % |
| 3 | 1 | 4 | 2.28 | 47 | 28 | 75 | 1.55 |

കഴിഞ്ഞ 5 വർഷമായി പഞ്ചായത്തിൽ വിദ്യാർത്ഥികളുടെ പ്രവേശനത്തിൽ കാര്യമായ കുറവ് സംഭവിച്ചിട്ടുണ്ട്. 1991–92 ൽ 5495 വിദ്യാർത്ഥികൾ ഉണ്ടായിരുന്നത് 1996–97 ൽ 4833 ആയി കുറഞ്ഞു.




ജനന നിരക്കിലെ കുറവും അയൽവക്ക വിദ്യാലയങ്ങളോടുള്ള ആഭിമുഖ്യവും ഇതിന് കാരണമാണ്.

## അധ്യാപകർ

പഞ്ചായത്തിലെ വിദ്യാലയങ്ങളിൽ 188 അധ്യാപകർ പ്രവർത്തിക്കുന്നു. ഇതിൽ പുരുഷൻമാർ 76ഉം സ്ത്രീകൾ 112 ഉം ആണ്. ആകെ അധ്യാപകരിൽ 60% സ്ത്രീകളാണ്.

അദ്ധ്യാപകർ



ഒരു വിദ്യാലയത്തിൽ ഒഴികെ എല്ലാ വിദ്യാലയങ്ങളിലും ആവശ്യത്തിന് അധ്യാപകർ ഉണ്ട്. അധ്യാപകന മേഖലയിൽ കൂടുതൽ വനിതകളാണ് കടന്ന് വരുന്നത്. 67 അധ്യാപകർ നമ്മുടെ പഞ്ചായത്തിൽ സ്ഥിര താമസക്കാരാണ്. മറ്റ് പഞ്ചായത്തിൽ അധ്യാപനം നടത്തുന്ന ധാരാളം അദ്യാപകർ നമ്മുടെ പഞ്ചായത്തിലുണ്ട്.

### ഭൗതിക സാഹചര്യങ്ങൾ

സ്വകാര്യ സ്ക്കുളുകളിൽ ആവശ്യത്തിന് ക്ലാസ് മുറികൾ ഉണ്ട്. (പ്രീ.കെ.ഇ.ആർ ബിൽഡിംഗ് ഉൾപ്പെടെ) 3 വിദ്യാലയങ്ങളിൽ സ്റ്റാഫ് മുറികളില്ല. 13 വിദ്യാലയങ്ങളിലും ആവശ്യത്തിന് ഫർണ്ണിച്ചറുകളില്ല. 3 വിദ്യാലയങ്ങളിൽ മൂത്രപ്പുരയോ കക്കൂസുകളോ ഇല്ല. മൂന്ന് വിദ്യാലയങ്ങളിൽ മൂത്രപ്പുരയോ കക്കൂസുകളോ ഇല്ല. മൂന്ന് വിദ്യാലയങ്ങളിൽ മൂത്രപ്പുരയും കക്കൂസും ഉണ്ട്. 23 മൂത്രപുരകളിലായി ഒരേ സമയം 72 വിദ്യാർത്ഥികൾക്ക് ഉപയോഗിക്കുവാനുള്ള സൗകര്യങ്ങളേ ഉള്ളൂ. എല്ലാ വിദ്യാലയങ്ങളിലും കുടിവെള്ളത്തിന് സൗകര്യം ഉണ്ട്. വിദ്യാലയങ്ങളിൽ പഞ്ചായത്ത് സ്ഥാപിച്ച പൈപ്പുകളിൽ ചിലത് പ്രവർത്തനക്ഷമമല്ല. പ്രൈമറി വിദ്യാലയങ്ങളിൽ എല്ലാം ഉച്ചഭക്ഷണം നൽകുന്നു. എന്നാൽ 8 വിദ്യാലയങ്ങളിൽ പാചക മുറി ഇല്ല്. 8 വിദ്യാലയങ്ങലിൽ 'അനർട്ടി'ന്റെ ഇന്ധനക്ഷമമുള്ള അടുപ്പ് ഉണ്ട്. മുണ്ടേരി എച്ച.എസ്, കാഞ്ഞിരോട് യു.പി, എന്നീ വിദ്യാലയങ്ങൾ ഒഴികെ മറ്റ് വിദ്യാലയങ്ങൾക്ക് ആവശ്യമായ കളിസ്ഥലം ഇല്ല. തീരെ കളിസ്ഥലം ഇല്ലാത്ത വിദ്യാലയങ്ങളും ഉണ്ട്. ലാബ്, ലൈബ്രറി, മറ്റ് പഠനോപകരണങ്ങൾ എന്നിവ ഭൂരിപക്ഷം സ്കുളുകളിലും വേണ്ടത്ര ഇല്ല. ഒരൊറ്റ വിദ്യാലയത്തിനും ചുറ്റുമതിൽ ഇല്ല. മിക്കവാറും ക്ലാസ്മുറികൾ തറ സിമന്റ് ചെയ്യാത്തതാണ്. ഹൈസ്കുൾ ഒഴികെ മറ്റ് വിദ്യാലങ്ങളിൽ ഓഡിയോ – വിഷ്വൽ ഉപകരണങ്ങളില്ല. ആവശ്യത്തിന് ബ്ലാക്ക് ബോർഡ് ഇല്ലാത്ത വിദ്യാലയങ്ങളുമുണ്ട്. 200 അധ്യയനദിവസം പൂർത്തിയാക്കിയ ഒരൊറ്റ വിദ്യാലയവും ഇല്ല. 177 ദിവസം മുതൽ 193.5 പ്രവൃത്തിദിവസം വരെ പൂർത്തിയാക്കിയ സ്ഥാപനങ്ങളാണ് ഉള്ളത്. മുസ്ലിം വവിദ്യാലയങ്ങളിൽ നഷ്ടപ്പെടുന്ന പ്രവൃത്തിദിവസങ്ങൾ പരിഹരിക്കാൻ സാധിക്കാത്ത അവസ്ഥയുണ്ട. 3 വിദ്യാലയങ്ങളിൽ എത്തിച്ചേരാൻ റോഡുസൗകര്യമില്ല. ഇതിൽ മഴക്കാലത്ത് കുട്ടികൾക്ക് എത്തിച്ചേരാൻ പ്രയാസമുള്ള രണ്ട് സ്കൂളുകളുണ്ട്.

വിദ്യാലയങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിലേക്കായി ജില്ലാപഞ്ചായത്ത് ആവിഷ്കരിച്ച 'ഗുരുകുലം' പദ്ധതി എല്ലാ വിദ്യാലയങ്ങളിലും നടന്നുവരുന്നുണ്ട്. ഇതിന്റെ ഭാഗമായി പി.ടി.എ. മാതൃസംഗമം, സ്പോർട്സ്, കലോത്സവങ്ങൾ, സാഹിത്യസമാജങ്ങൾ, വിജ്ഞാനോത്സവം, സ്കൂൾ അസംബ്ലി, സ്കൂൾ യുനിഫോം, വിവിധ ക്ലബ്ബുകൾ, ഉച്ചഭക്ഷണം എന്നിവഎല്ലാ വിദ്യാലയങ്ങളിലും നടന്നു വരുന്നു. രക്ഷിതാക്കൾക്ക് ഈ പരിപാടികളോട് നല്ല അഭിപ്രായമാണ് ഉള്ളത്. ഇത് ഫലപ്രദമായി ഉപോയോഗപ്പെടുത്തുണം. അയൽക്കൂട്ടങ്ങൾ എല്ലാ വാർഡുകളിലും രൂപീകരിച്ചിട്ടില്ല.

പി.ടി.എ. കളിൽ കുടിയുള്ള സാമൂഹ്യ ഇടപെടൽ ഫലപ്രദമാക്കണം. ഹൈസ്കൂളിലും യു.പി.സ്കുളിലും പി.ടി.എ. ഏറെക്കുറെ ഫല്പ്രദമാണ്. ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുവാൻ പി.ടി.എ. ശ്രമിച്ചിട്ടുണ്ട്. മിക്ക എൽ.പി. സ്കുളിലും പി.ടി.എ. പ്രവർത്തനം നാമമാത്രമാണ്. ഇത് ശക്തിപ്പെടുത്തേണ്ടത് വിദ്യാലയനടത്തിപ്പിന്റെ ഉത്തരവാദിത്തം മാനേജർമാരിലായതിനാൽ തങ്ങളുടെ മക്കൾക്ക് ലഭിക്കേണ്ട മെച്ചപ്പെട്ട വിദ്യാഭ്യാസ സൗകര്യം മാനേജർമാരുടെ ഔദാര്യത്തിന് വിട്ടുകൊടുത്ത് രക്ഷിതാക്കൾ നിസ്സംഗത പാലിക്കുന്നത് കരണീയമല്ല.



മുണ്ടേരി ഗവ: ഹൈസ്കൂൾ

## പഠന നിലവാരം

ഹൈസ്കുളിൽ കഴിഞ്ഞ അഞ്ചുവർഷത്തെ എസ്.എസ്.എൽ.സി വിജയശതമാനം ക്രമാനുഗതമായി കുറഞ്ഞ് 22.4% ൽ എത്തി നിൽക്കുന്നു. കുട്ടികളുടെ വിദ്യാഭ്യാസ കാര്യത്തിൽ കൂടുതൽ താല്പര്യമുള്ള രക്ഷിതാക്കൾ അവരുടെ കുട്ടികളെ മുണ്ടേരി എച്ച്.എസിൽ അയക്കാതെ മറ്റ് സ്കുളികളിലേക്ക് അയക്കുന്നു. സ്കൂളിന്റെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തി കൂടുതൽ വിദ്യാർത്ഥികളെ ആകർഷിക്കാൻ കഴിയണം. കഴിഞ്ഞ വർഷം പഞ്ചായത്തിൽ 7–ാം ക്ലാസിൽ നിന്നുജയിച്ച 440 വിദ്യാർത്ഥികളിൽ 117 പേർ മാത്രമാണ് മുണ്ടേരി ഗവ: ഹൈസ്കൂളിൽ ചേർന്നത്. പഞ്ചായത്തിലെ പൊതു വിദ്യാഭ്യാസം പരിശോധിച്ചാൽ 28% പേർ 60% ൽ കൂടുതൽ മാർക്ക് വാങ്ങുന്നവരാണ്. 30% ൽ താഴെ മാർക്ക് വാങ്ങുന്നവർ 12% മാത്രമാണ്. ബാക്കിയുള്ള 60% പേർ ശരാശരി നിലവാരമുള്ളവരാണ്. ഇത് മെച്ചപ്പെട്ട വിദ്യാഭ്യാസ നിലവാരത്തെ സൂചിപ്പിക്കുന്നു.

മുണ്ടേരി എച്ച്. എസിലെ പഠന നിലവാരം കഴിഞ്ഞ വർഷങ്ങളിൽ താഴ്ന്നിട്ടുണ്ടങ്കിലും പഞ്ചായത്തിലെ 10- ാം ക്ലാസ്സിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ പഠന നിലവാരം തൃപ്തി കരമാണെന്നു കണ്ടെത്താം. മുണ്ടേരി എച്ച്.എസിൽ നിന്ന് എസ്. എസ്.എൽ.സി. വിജയശതമാനം കഴിഞ്ഞ വർഷങ്ങളിൽ കുറ ഞ്ഞുവരുന്നതിനു പ്രധാനകാരണം ബുദ്ധിപരമായി കഴിവുള്ള വിദ്യാർത്ഥികൾ പഞ്ചായത്തിന് പുറത്തുള്ള ഹൈസ്കൂളുകളിൽ ചേർന്ന് പഠിക്കുന്നതാണ്. ഈ സാഹചര്യത്തിൽ എത്രതന്നെ കഠി നമായി പ്രയത്നിച്ചാലും നമ്മുടെ ഹൈസ്കൂളിൽ പഠനനില വാരം മെച്ചപ്പെടുത്തൽ ശ്രമകരമായ ഒരു ദൗത്യം തന്നെയാണ്. ആയതിനാൽ പഞ്ചായത്തിന്റെ അന്തസ്സ് നിലനിറുത്തുന്നതിന് എല്ലാ തലങ്ങളിലുമുള്ള വിദ്യാർത്ഥികൾക്കും 'അയൽപക്ക' സ്കൂൾ സമ്പ്രദായത്തിൽ പ്രവേശനം നൽകുവാൻ ശ്രദ്ധിക്കേണ്ട താണ്.

## സമാന്തര വിദ്യാലയങ്ങൾ

പഞ്ചായത്തിൽ നല്ല നിലയിൽ പ്രവർത്തിക്കുന്ന ഒരു പാരലൽ കോളേജ് ഉണ്ട്. ഇവിടെ 750 –ാളം വിദ്യാർത്ഥികൾ പഠി ക്കുന്നുണ്ട്. എസ്.എസ്.എൽ.സി. വിദ്യാഭ്യാസത്തിനുശേഷം ഉന്ന തവിദ്യാഭ്യാസ സൗകര്യങ്ങൾ ഇല്ലാത്തതുകൊണ്ട് വളരെയധികം കുട്ടികൾ സമാന്തര സ്ഥാപനങ്ങളെ ആശ്രയിച്ചുവരുന്നു. അതു കൊണ്ട് മുണ്ടേരി എച്ച്.എസിൽ പ്ലസ്ടു കോഴ്സുളോ തൊഴിലധി ഷ്ഠിത കോഴ്സുകളോ ആരംഭിച്ചാൽ കുടുതൽ വിദ്യാർത്ഥികളെ അങ്ങോട്ട് ആകർഷിക്കാൻ കഴിയും.

## സാങ്കേതിക വിദ്യാലയങ്ങൾ

വിരലിലെണ്ണവുന്ന ടൈപ്പ്റൈറ്റിംഗ ഇൻസ്റ്റിട്ട്യുട്ട് ഒഴികെ സാങ്കേതി വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഒന്നുംതന്നെ പഞ്ചായത്തി ലില്ല. കൈത്തറി സാങ്കേതിക വിദ്യ പരിശീലിപ്പിക്കുന്ന സ്ഥാപനം കമ്പ്യുട്ടർ സെന്റർ തുടങ്ങിയവ പഞ്ചായത്തിൽ സ്ഥാപിക്കേണ്ട

പട്ടിക – 5

## വിദ്യാലയ സൗകര്യങ്ങൾ

| ക്രമ നമ്പർ | സ്കൂൾ | ഓഫീസ് റൂം | സ്റ്റാഫ് റൂം | ലബോറട്ടറി | ലൈബ്രറി | വൈദ്യുതി | കളി സ്ഥലം | കുടി വെള്ളം | മൂത്രപ്പുര | കക്കൂസ് |
|---|---|---|---|---|---|---|---|---|---|---|
| 1 | ജി.എച്ച്.എസ്. മുണ്ടേരി | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 2 | മുണ്ടേരി സെൻട്രൽ യു.പി. | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 3 | ശങ്കര വിലാസം യു.പി. | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 4. | കാഞ്ഞിരോട് എ.യു.പി. | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല |
| 5 | ഏച്ചൂർ വെസ്റ്റ് യു.പി. | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 6 | മൻഷ ഉൽ-ഉല്ലും എൽ.പി. | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 7 | നവകേരള എൽ.പി. | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 8 | മുണ്ടേരി ഈസ്റ്റ് എൽ.പി | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല |
| 9 | കാഞ്ഞിരോട് എൽ.പി. | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 10 | ഏച്ചൂർ സെൻട്രൽ എൽ.പി | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല |
| 11 | മുണ്ടേരി എൽ.പി. | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 12 | പുറവൂർ എൽ.പി. | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല |
| 13 | തലമുണ്ട എൽ.പി. | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 14 | കാഞ്ഞിരോട് സെൻട്രൽ എൽ.പി. | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല |
| 15 | ഏച്ചൂർ ഈസ്റ്റ് എൽ.പി. | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |

## പത്താം ക്ലാസ്സ വരെയുള്ള വിദ്യാർത്ഥികളുടെ പഠന നിലവാരം

(ശതമാനത്തിൽ)




## മുണ്ടേരി എച്ച്. എസ്സിലെ എസ്.എസ്.എൽ.സി വിജയശതമാനം

| വർഷം | ശതമാനം |
|---|---|
| 1993–92 | 42% |
| 92–93 | 38% |
| 93–94 | 32% |
| 94–95 | 23% |
| 95–96 | 22.4% |

പട്ടിക – 6

## പഞ്ചായത്തിലെ പഠന നിലവാരം

| ക്ലാസ്സ് | ആകെ കുട്ടികൾ | 30% ന് താഴെ മാർക്ക് കിട്ടിയവർ | 30% – 40% | 40% – 50% | 50% – 60% | 60% മേൽ |
|---|---|---|---|---|---|---|
| 3 | 631 | 97 | 66 | 114 | 143 | 211 |
| 4 | 680 | 34 | 49 | 128 | 152 | 317 |
| 5 | 554 | 26 | 79 | 153 | 130 | 166 |
| 6 | 516 | 55 | 83 | 133 | 118 | 127 |
| 7 | 538 | 57 | 92 | 179 | 94 | 116 |
| 8 | 117 | 32 | 33 | 28 | 21 | 3 |
| 9 | 206 | 44 | 46 | 73 | 28 | 15 |
| 10 | 219 | 76 | 66 | 38 | 25 | 14 |
| ആകെ | 3461 | 421 | 514 | 846 | 711 | 969 |
| ശതമാനം | | 12.16 | 14.85 | 24.45 | 20.54 | 28 |

താണ്. കേന്ദ്ര ഗവ: പദ്ധതിയിൽ ഉൾപ്പെടുത്തി കണ്ണൂർ ഗവ: പോളി ടെക്നിക് ഒരു കമ്മ്യൂണിറ്റി പോളിടെക്നിക് എക്സ്റ്റൻഷൻ സെന്റർ നമ്മുടെ പഞ്ചായത്ത് ആരംഭിച്ചിട്ടുണ്ട്. ഇവിടെ ടി.വി.–റേഡിയോ റിപ്പേറിംഗിൽ 6 മാസത്തെ പരിശീലനവും സർട്ടഫിക്കറ്റും നൽകിവരുന്നു. കണ്ണൂർ ഗവ: പോളിടെക്നിക്കിന്റെ 9 –ാമത്തെ റൂറൽ എക്സ്റ്റൻഷൻ സെന്ററാണ് നമ്മുടേത്.

## അനൗപചാരിക വിദ്യാഭ്യാസം

ഔപചാരിക വിദ്യാഭ്യാസ ഏജൻസികളെ പോലെ ശക്തമായ ഇടപെടൽ അനൗപചാരിക രംഗത്ത് സാധിച്ചിരുന്നില്ല. എന്നാൽ ദേശീയ സ്വാതന്ത്ര്യ സമര പ്രസ്ഥാനത്തിന്റെയും കർഷകസംഘപ്രസ്ഥാനത്തിന്റെയും ഭാഗമായി നമ്മുടെ പഞ്ചായത്തിൽ ഗ്രാമീണ വായനശാലകൾ ഉയർന്നുവന്നിട്ടുണ്ട്. ചരിത്രത്തിന്റെ ഗതകാലസ്മൃതിയിൽ ഒളിമങ്ങാത്ത അദ്ധ്യായമായി ഏച്ചൂരിൽ 1939 ൽ സ്ഥാപിക്കപ്പെട്ട ദേശീയ വായനശാല പ്രശോഭിച്ചിരുന്നു. 1942 ൽ ബ്രിട്ടീഷ് പട്ടാളക്കാർ 'ദേശീയം' എന്ന പദത്തിൽ അമർഷം തോന്നി പ്രസ്തുത വായനശാല തല്ലിത്തകർക്കുകയാണുണ്ടായത്. മഹാനായ എ.കെ.ജി. യുടെ ധീരമായ പ്രചോദനം ഉൾക്കൊണ്ടുകൊണ്ട് ഏച്ചൂരിലെ ജനങ്ങൽ ഒളിവിൽ നിന്നുകൊണ്ടുതന്നെ ഗ്രന്ഥശാലാ പ്രവർത്തനം നടത്തിയിട്ടുണ്ട്. ഇന്ന് പഞ്ചായത്തിൽ 11 വായനശാലകൾ പ്രവർത്തിക്കുന്നുണ്ട്. മിക്ക വായനശാലകളുടേയും പ്രവർത്തനം സജീവമല്ല. ഈ രംഗത്ത് ഗൗരവമായ വായന കുറഞ്ഞുവരുന്ന ആപത്കരമായ പ്രവണതയാണുള്ളത്. അനൗപചിരിക വിദ്യാഭ്യാസ രംഗത്ത് വിവിധ ഏജൻസികളുടെ പ്രവർത്തനം നടന്നുവരുന്നുണ്ടെങ്കിലും പഞ്ചായത്തിൽ നാമമാത്രമായിരുന്നു. ചരിത്രത്തിന്റെ തങ്കലിപികളാൽ രേഖപ്പെടുത്തിയ സാക്ഷരതാ പ്രസ്ഥാനത്തോടുകൂടിയാണ് ഈ രംഗത്ത് ഒരു മുന്നേറ്റമുണ്ടായത്. 1991 ഏപ്രിൽ 8 ന് നടന്ന ഏകദിന സർവെയിൽ നമ്മുടെ പഞ്ചായത്തിൽ 2108 നിരക്ഷരരെ കണ്ടെത്തിയിരുന്നു. ഒരു വർഷക്കാലയളവിൽ നടന്ന തീവ്രയത്ന പരിപാടിയുടെ ഫലമായി 1425 പേരെ അക്ഷരങ്ങളുടെ ലോകത്തേക്ക് കൈപിടിച്ചുയർത്തി. 683 പേർ ഇപ്പോഴും നിരക്ഷരരായി തുടരുന്നുവെന്നത് യാഥാർത്ഥ്യമാണ്. രണ്ടും മൂന്നും ഘട്ട സാക്ഷരതാ പ്രവർത്തനങ്ങൾ നിർജ്ജീവമായപ്പോൾ നമ്മുടെ പഞ്ചായത്തിൽ 33 അക്ഷര സംഘങ്ങളും സ്ഥാപിക്കപ്പെട്ടുവെങ്കിലും അതെല്ലാം ഇപ്പോൾ നിർജീവമാണ്. നമ്മുടെ പഞ്ചായത്തിൽ മതപഠനത്തിന്റെ ഭാഗമായി 15 മദ്രസസ്സകൾ പ്രവർത്തിക്കുന്നുണ്ട്. മറ്റു മത വിഭാഗങ്ങളുടെ കേന്ദ്രീകൃത മത പാഠശാലകളില്ല.

പഞ്ചായത്തിലെ 12 വാർഡുകളിലെ വിദ്യാഭ്യാസ ഗ്രൂപ്പുകളിൽ ചർച്ച സജീവമായിരുന്നു. ഗ്രാമസഭാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തില്ഡ വരുന്ന 5 കൊല്ലത്തേക്ക് വേണ്ട വിദ്യാഭ്യാസ പ്രവർത്തനം ഗ്രാമസഭാചർച്ചയുടെ ആവേശം ഉൾക്കൊണ്ടുകൊണ്ട് ചിട്ടപ്പെടുത്തിയിരിക്കയാണ്, വിദ്യാഭ്യാസ പ്രവർത്തനങ്ങളുടെ വിശദവിവരം ചുവടെ കൊടുക്കുന്നു.

## പ്രശ്നങ്ങൾ

1. ഗുരുകുലം പദ്ധതി ഫലപ്രദമായി നടക്കുന്നില്ല.

2. മുണ്ടേരി ഗവ: എച്ച്.എസിലെ ഭൗതിക സാഹചര്യം അപര്യാപ്തമാണ്.

3. മുണ്ടേരി എച്ച്.എസിലെ പഠനനിലവാരം വർഷംതോറും കുറഞ്ഞുവരികയാണ്.

4. പി.ടി.എ. സജീവമാണെങ്കിലം പഞ്ചായത്തിലെ ഏക ഗവ: ഹൈസ്കൂൾ ഉണർന്നുപ്രവർത്തിക്കുന്നില്ല.

5. IV, V എന്നീ വാർഡുകളിൽ യു.പി. വിദ്യാലയങ്ങൾ ഇല്ലാഞ്ഞതിനാൽ വിദ്യാർത്ഥികൾ 3 കിലോമീറ്ററോളം സഞ്ചരിക്കേണ്ടി വരുന്നു.

6. ഏച്ചൂർ സെൻട്രൽ എൽ.പി. സ്കൂൾ ഒഴികെ പഞ്ചായത്തിലെ പ്രൈമറി സ്കൂളുകളിൽ പ്രീ–പ്രൈമറി വിദ്യാഭ്യാസത്തിനുള്ള സൗകര്യമില്ല.

7. ഏച്ചൂർ സെൻട്രൽ എൽ.പി.സ്കൂൾ, കാഞ്ഞിരോട് സെൻട്രൽ എൽ.പി. സ്കൂൾ, മുണ്ടേരി ഈസ്റ്റ് എൽ.പി. സ്കൂൾ എന്നിവിടങ്ങളിൽ മൂത്രപ്പുരകളോ കക്കൂസോ ഇല്ല.

8. മുണ്ടേരി ഗവ: ഹൈസ്കൂൾ, കാഞ്ഞിരോട് യു.പി. സ്കൂൾ എന്നിവ ഒഴികെയുള്ള സ്ഥാപനങ്ങളിൽ ഫലപ്രദമായ കളിസ്ഥലമില്ല.

9. പുറവൂര് എൽ.പി. സ്കൂൾ, കാഞ്ഞിരോട് സെൻട്രൽ എൽ.പി. സ്കൂൾ എന്നിവിടങ്ങളിൽ സ്കൂളിലെ ഭൗതികസാഹചര്യം വികസിപ്പിക്കുന്നതിനാവശ്യമായ സ്ഥലം ലഭ്യമല്ല.

10. തലമുണ്ട എൽ.പി.സ്കൂൾ ഏകാദ്ധ്യാപക വിദ്യാലയമായാണ് പ്രവർത്തിക്കുന്നത്. ഇത് തലമുണ്ട ഭാഗത്തെ വിദ്യാഭ്യാസ പഠന നിലവാരത്തെ കാര്യമായി ബാധിക്കുന്നു.

11. പഞ്ചായത്തിൽ ഒരു റഫറൻസ് ഗ്രന്ഥാലയം ഇല്ലാത്തതിനാൽ ഉന്നത പഠനത്തിന് വിഷമം അനുഭവിക്കുന്നു.

12. 12–ാം വാർഡിൽ എൽ.പി. സ്കൂൾ ഇല്ലാത്തതിനാൽ ഏച്ചൂര് കോട്ടം ഭാഗത്തെ വിദ്യാർത്ഥികൾ എൽ.പി. വിദ്യാഭ്യാസത്തിന്

ഏറെബുദ്ധിമുട്ട് അനുഭവിക്കുന്നു.

13. ഉച്ചക്കഞ്ഞി തയ്യാറാക്കുന്നതിന് ഇന്ധനക്ഷാമം അനുഭവപ്പെടുന്നു.

14. തുടർസാക്ഷരതാ പ്രവർത്തനം ഫലപ്രദമല്ല.

15. മുണ്ടേരി ഗവ: എച്ച്.എസ്സിൽ ഗതാഗത പ്രശ്നത്തിന്റെ പേരിൽ വിദ്യാർത്ഥികളും ബസ്തൊഴിലാളികളും തമ്മിൽ സ്ഥിരമായി തർക്കം നിലനിൽക്കുന്നു. ഇത് വിദ്യാർത്ഥികളുടെ പഠനത്തെ ബാധിക്കുന്നു.

16. മുസ്ലിം ഭൂരിപക്ഷ പ്രദേശങ്ങളിലെ വിദ്യാലയങ്ങളിൽ ആൺകുട്ടികളെ അപേക്ഷിച്ച് വിദ്യാഭ്യാസം നേടുന്ന പെൺകുട്ടികളുടെ എണ്ണം തരതമ്യേന കുറവാണ്.

17. എല്ലാ യു.പി. സ്കൂളുകളിലും ഫർണിച്ചറുകൾ അപര്യാപ്തമാണ്.

18. വിദ്യാഭ്യാസ രംഗം പൊതുവിൽ ഗുണനിലവാര തകർച്ചയെ നേരിടുന്നു.

## സാധ്യതകൾ

1. ഗുരുകുലം പദ്ധതി സ്കൂൾ കോംപ്ലക്സുകൾ അയൽകൂട്ടം പരിപാടി എന്നിവ ജനകീയ സഹകരണത്തോടെ നടപ്പിൽ വരുത്തുക.

2. മുണ്ടേരി ഗവ: എച്ച്. എസിൽ കൈത്തറി സാങ്കേതിക വിദ്യ ഉപയോഗിച്ച് വി.എച്ച്.എസ്.ഇ. ആയി ഉയർത്തുക.

3. ഹൈസ്കൂളിനെ ഭൗതിക സാഹചര്യത്തിലും പഠനനിലവാരത്തിലും കൂടുതൽ ആകർഷകമാക്കി, പഞ്ചായത്തിലെ യു.പി. വിദ്യാഭ്യാസം പൂർത്തിയാക്കുന്ന വിദ്യാർത്ഥികളെ മുണ്ടേരി എച്ച്.എസിൽ ചേർക്കാൻ സംവിധാനം ഏർപ്പെടുത്തുക. സ്ഥിരം കെട്ടിടം, ലൈബ്രറി, ലാബ് സൗകര്യം, ഫർണിച്ചറുകൾ, മിനിസ്റ്റേഡിയം നിർമ്മിക്കൽ എന്നിവ പദ്ധതി കാലയളവിൽ കൊണ്ടുവരുക.

4. പി.ടി.എ. ഉണർന്നു പ്രവർത്തിക്കുക. മുണ്ടേരി എച്ച്.എസിലെ അദ്ധ്യാപകർ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിന് ചെയ്യുന്ന പ്രവർത്തനങ്ങൾക്ക് രക്ഷിതാക്കളുടെയും നാട്ടുകാരുടെയും പരസ്പരസഹകരണം ഉറപ്പ് വരുത്തുക.

5. മുണ്ടേരി എച്ച്.എസിനെ അയൽപക്ക സ്കൂൾ സമ്പ്രദായ രീതിയിൽ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിന് പഞ്ചായത്തിലെ വിദ്യാഭ്യാസ വിചക്ഷണൻമാർ, സാംസ്കാരിക പ്രവർത്തകന്മാർ രാഷ്ട്രീയ പാർട്ടി പ്രവർത്തകന്മാർ എന്നിവരെ ഉൾപ്പെടുത്തി ഒരു കർമ്മ സമിതി രൂപപ്പെടുത്തുക.

6. 12- ാം വാർഡിൽ ഏച്ചൂർ കോട്ടം ഭാഗത്ത് എൽ.പി. സ്കൂൾ സ്ഥാപിക്കുക. 4, 6 എന്നീ വാർഡുകളിൽ യു.പി. സ്കൂൾ സ്ഥാപിക്കുക.

7. ഏച്ചൂർ സെൻട്രൽ എൽ.പി. സ്കൂളിലെ പ്രീ-പ്രൈമറി സ്കൂളിന് ഗവ: അംഗീകാരം നൽകുക. മറ്റ് എൽ.പി., യു.പി. സ്കൂളുകളിൽ പ്രീ-പ്രൈമറി സ്കൂളുകൾ ഗവൺമെന്റ് അംഗീകാരത്തോടുകൂടി ആരംഭിക്കുകയും ചെയ്യുക.

8. കാഞ്ഞിരോട് യു.പി. സ്കൂളിലൊഴികെ എല്ലാ എൽ.പി., യു.പി. വിദ്യാലയങ്ങളിലും പി.ടി.എ മാനേജ്മെന്റ് സഹകരണത്തോടുകൂടി കളിസ്ഥലം നിർമ്മിക്കുക.

9. പുറവൂര് എൽ.പി.എസ്, കാഞ്ഞിരോട് സെൻട്രൽ എൽ.പി.എസ് പി.ടി.എ., മാനേജ്മെന്റ് സഹകരണത്തോടുകൂടി ഭൗതികസാഹചര്യം വികസിപ്പിക്കുക.

10. തലമുണ്ട എൽ.പി.എസ്. കേരള എജുക്കേഷൻ റൂൾസ് പ്രകാരമുള്ള കെട്ടിടം ഏർപ്പെടുത്തുക. ഫലപ്രദമായ മാനേജ്മെന്റ് സഹകരണത്തോടുകൂടി എല്ലാ അദ്ധ്യപകർക്കും അദ്ധ്യാപനം നടത്തുവാനുള്ള സൗകര്യം സത്വരമായി ഉണ്ടാക്കുക.

11. ഉച്ചക്കഞ്ഞി തയ്യാറാക്കുന്നതിന് അനർട്ടിന്റെ പുകയില്ലാത്ത അടുപ്പുകൾ സ്ഥാപിക്കുക.

12. സാക്ഷരതാ പ്രവർത്തനം തുടർന്നും ഏറ്റെടുക്കുക. നിലവിലുള്ള ആറ് ജനവിദ്യാ കേന്ദ്രങ്ങളിൽ തുടർ സാക്ഷരതാ പ്രവർത്തനങ്ങൾക്ക് ആവശ്യമായ പത്രങ്ങൾ, ദൃശ്യ-ശ്രാവ്യ ഉപകരണങ്ങൾ, ലൈബ്രറികൾ, റിക്രിയേഷൻ ക്ലബ്ബുകൾ, എന്നിവയോടുകൂടി സജ്ജമാക്കുക.

13. പഞ്ചായത്ത് വായനശാലയിൽ പ്രവർത്തിക്കുന്ന ജനവിദ്യാകേന്ദ്രത്തിന് ഒരു പ്രീ-പ്രൈമറി സ്കൂൾ ആരംഭിക്കുക.

14. മുസ്ലിം വിദ്യാർത്ഥിനികൾക്കും ദുർബല വിഭാഗത്തിലെ വിദ്യാർത്ഥിനികൾക്കും ആകർഷകമായ സ്കോളർഷിപ്പുകൾ ഏർപ്പെടുത്തുക.

15. സ്കൂൾ എന്റോവ്മെന്റുകൾ ഏർപ്പെടുത്തി കുട്ടികളെയും രക്ഷികാക്കളെയും ആകർഷകപ്പെടുത്തി കൊണ്ടുവരിക.

16. ഉന്നത വിദ്യാഭ്യാസത്തിന് ഉപകരിക്കുന്ന രീതിയിൽ പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ ഒരു വിപുലമായ റഫറൻസ് ഗ്രന്ഥാലയം ആരംഭിക്കുക. കാഞ്ഞിരോട് പഞ്ചായത്ത് വായനശാലയിൽ ഈ റഫറൻസ് ഗ്രന്ഥാലയം താമസിയാതെ

പ്രവർത്തന സജ്ജമാക്കുക.

17. പ്രീ–പ്രൈമറി വിദ്യാഭ്യാസം ശാസ്ത്രീയമായി പുനഃസംഘടിപ്പിക്കുക.

പഞ്ചായത്തിലെ 12 വാർഡുകളിലെ ഗ്രാമസഭകളിൽ വിദ്യാഭ്യാസ പ്രശ്നങ്ങൾ ജനങ്ങളുടെ ദൈനംദിന ജീവിതത്തിൽ ഉതിർന്നുവീണ പ്രശ്നങ്ങൾ തന്നെയാണ്. എല്ലാ വാർഡുകളിൽ നിന്നും ഒരേ സ്വരത്തിൽ ഉയർന്നതാണ് മുണ്ടേരി ഗവ: ഹൈസ്കൂളിന്റെ പഠനഭൗതിക നിലവാരം മെച്ചപ്പെടുത്തുന്നതിനെ സംബന്ധിച്ച ചർച്ച, മുണ്ടേരി പഞ്ചായത്തിലെ തൊഴിൽ മേഖലയിൽ ഏറെ പ്രാധാന്യമുള്ളതാണ് കൈത്തറി. ഏറെ ജനവിഭാഗവും നിത്യവൃത്തിക്ക് ആശ്രയിക്കുന്നത് കൈത്തറി തന്നെ. എന്നാൽ കൈത്തറി സാങ്കേതിക വിദ്യ അഭ്യസിച്ചവർ നമ്മുടെ പഞ്ചായത്തിൽ വിരളമാണ്. തൊഴിലില്ലായ്മ രൂക്ഷമായിരിക്കുന്ന ഈ കാലത്ത് കൈത്തറി സാങ്കേതിക രംഗത്ത് ആവശ്യമായ വിദഗ്ദന്മാർ ലഭ്യമല്ല. നാടിന്റെ തനത് പാരമ്പര്യം ഉൾക്കൊണ്ട് കൈത്തറി സാങ്കേതിക വിദ്യയും ചായക്കൂട്ടുകളുടെ നിർമ്മാണവും പുത്തൻ തലമുറയെ പിശീലിപ്പിക്കേണ്ടിയിരിക്കുന്നു. ഇതിൽ ഊന്നൽ നൽകി ഒരു തൊഴിലധിഷ്ഠിത വിദ്യാഭ്യാസ സൗകര്യം മുണ്ടേരി ഹൈസ്കൂളിൽ നിലവിൽ വരേണ്ടിയിരിക്കുന്നു.

1982 ൽ സ്ഥാപിക്കപ്പെട്ട മുണ്ടേരി ഹൈസ്കൂൾ പഞ്ചായത്തിലെ രാഷ്ട്രീയ നേതൃത്വത്തിന്റെ ഭഗീരഥ പ്രയത്നത്തിന്റെ ഫലമായി നിലവിൽവന്നതാണ്. ഇതിൽ മുണ്ടേരി പഞ്ചായത്ത് മുൻ പ്രസിഡന്റ് ശ്രീ. കെ. കേളൻമാസ്റ്റർ നിർവ്വഹിച്ച നേതൃത്വപരമായ പങ്ക് സ്മരിക്കാതെ കടക്കുന്നത് ചരിത്രപരമായ പാപമായി മാറും.ഇത്രയും അദ്ധ്വാനത്തിന്റെയും വിയർപ്പിന്റെയും ഫലമായി ഉയർന്നുവന്ന ഈ സ്ഥാപനത്തെ പരിപോഷിപ്പിക്കുന്നതിന് നാം എന്തുചെയ്തു എന്ന് സ്വയം വിലയിരുത്തേണ്ടിയിരിക്കുന്നു. തുടക്കത്തിൽ എസ്.എസ്.എൽ.സി. വിജയശതമാനം സമീപപ്രദേശങ്ങളിലെ മാനേജ്മെന്റ് ഹൈസ്കൂളിനെപോലും വെല്ലുവിളിക്കുന്ന രീതിയിൽ ഉയർന്നിരുന്നു. എന്നാൽ ഇപ്പോൾ എസ്.എസ്.എൽ.സി. വിജയശതമാനത്തിന്റെ ഗ്രാഫ് കുത്തനെ താഴുന്നതായാണ് നമുക്ക് കാണാൻ കഴിയുന്നത്. ഇതിന് ഒരു പ്രധാനകാരണം പഞ്ചായത്തിലെ മെച്ചപ്പെട്ട പഠന നിലവാരമുള്ള വിദ്യാർത്ഥികളെ പഞ്ചായത്തിന് പുറത്തുള്ള ഹൈസ്കൂളുകളിൽ ചേർക്കാനുള്ള ഒരു ഭ്രമമാണ് സമീപകാലത്ത് വളർന്നുവരുന്നത്.

സ്കൂൾ കോംപ്ലക്സ് പരിപാടിയും, ഗുരുകുലം പദ്ധതിയും ഫലപ്രദമായി നമ്മുടെ പഞ്ചായത്തിൽ നടപ്പിൽ വരുത്തിയാൽ ഒരു പരിധിവരെ പഠനനിലവാരം മെച്ചപ്പെടുത്താൻ സാധിക്കും. ഗുരുകുലം പദ്ധതിയുടെ ഭാഗമായി വിദ്യാർത്ഥികളുടെ പഠന നിലവാര രേഖ രക്ഷിതാക്കളെ സ്കൂളിൽ തന്നെ വരുത്തി നൽകുന്ന സമ്പ്രദായം ഏറെ ശ്ലാഘനീയമാണ്. വിദ്യാലയങ്ങളിൽ നടപ്പിൽ വരുത്തുന്ന അക്കാദമിക് പ്രവർത്തനങ്ങൾ ചിട്ടപ്പടി പ്രവർത്തനങ്ങൾക്ക് ഉപരിയായി ബഹുജന ബന്ധത്തോടുകൂടി പുനഃസംഘടിപ്പിക്കുമ്പോൾ അതിന്റേതായ കർമ്മോത്സുകത ഉണർത്തി എടുക്കുവാൻ സാധിക്കുന്നതാണ്. സ്കൂൾ കോംപ്ലക്സുകൾ, ഗുരുകുലം പരിപാടി, അയൽക്കൂട്ടപരിപാടി, അദ്ധ്യാപകർക്കുള്ള റിഫ്രഷ്മെന്റ് കോഴ്സുകൾ, പാഴ്വസ്തുക്കളിൽ നിന്നും ബോധന ഉപകരണങ്ങൾ നിർമ്മിക്കൽ എന്നിവ ബഹുജന പങ്കാളിത്തത്തോടുകൂടി സംഘടിപ്പിക്കേണ്ടതാണ്. ഇതിന്റെ ചിലവുകൾ പരമാവധി ബഹുജനങ്ങളിൽ നിന്നും സഹകരണ സ്ഥാപനങ്ങളിൽ നിന്നും മറ്റ് സ്പോൺസർമാരിൽ നിന്നും സമാഹരിച്ചുകൊണ്ട് ചെയ്യേണ്ടതാണ്.

പാഠ്യാനുബന്ധ പ്രവർത്തനങ്ങൾ എല്ലാ വിദ്യാലയങ്ങളിലും സജീവപ്പെടുത്തേണ്ടതാണ്. എൻ,.സി.സി., സ്കൗട്ട്, ഗൈഡ് പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തണം. മിതവ്യയശീലം വളർത്താനും സഞ്ചയികാ പ്രവർത്തനങ്ങളിലും അദ്ധ്യാപകരുടെ മേൽനോട്ടത്തിൽ വിദ്യാർത്ഥികളെകൊണ്ട് തന്നെ പ്രവർത്തിപ്പിക്കേണ്ടിയിരിക്കുന്നു. സ്കൂൾ പാർലമെന്റുകൾ നമ്മുടെ ജനായത്ത ഭരണത്തിന്റെ അടിക്കല്ലായി കണ്ട്കൊണ്ട് തന്നെ സജീവമാക്കണം. സാഹിത്യസമാജങ്ങൾ, ഗ്രീൻ ക്ലബ്ബുകൾ, കൈയ്യെഴുത്ത്–ചിത്ര മാസികകൾ, നാണയ–തുവൽ ശേഖരണം, ചരിത്ര ആൽബം, മ്യൂസിയങ്ങൾ, പൂന്തോട്ട–പച്ചക്കറി തോട്ട നിർമ്മാണം, കായിക പരിശീലന പരിപാടികൾ, പഠന പര്യടന യാത്രകൾ, വിനോദസഞ്ചാര പരിപാടി, ദേശീയ ദിനാചരണങ്ങൾ, വിജ്ഞാന ഉത്സവങ്ങൾ, വിദ്യാർത്ഥികളുടെ കായികരോഗ്യം നിലനിറുത്തുന്നതിനും പരിപോഷിപ്പിക്കുന്നതിനും മോർണിംഗ് മാസ് ഡ്രില്ലുകൾ നടത്തണം. ഈ രീതിയിലുള്ള പരിപാടികൾ വിരസതിയില്ലാതെ സംഘടിപ്പിക്കുകയും സൗഹൃദപരമായ സ്കൂൾ അന്തരീക്ഷം നൂതനനായ ഒരു വിദ്യാഭ്യാസ പുരോഗതിക്ക് തന്നെ സഹായിക്കും.

വിദ്യാഭ്യാസ കാര്യങ്ങൾ ചർച്ചചെയ്യുന്നതിന് അമ്മമാരുടെ യോഗവും പി.ടി.എ.കളുടെ നിശ്ചയദാർഢ്യത്തോടുകൂടിയുള്ള പ്രവർത്തനവും പഞ്ചായത്ത് തലത്തിൽ ഏകോപിപ്പിച്ചുകൊണ്ട് വിലയിരുത്തുകയും തിരുത്തുകയുംചെയ്യുന്ന തുടർ പ്രവർത്തനം നടത്തിയാൽ തന്നെ ഏറെ മാറ്റങ്ങൾ ഈ രംഗത്ത് പ്രകടമാകും.

പ്രീ–പ്രൈമറി, പൊതുവിദ്യാഭ്യാസം, തുടർ സാക്ഷരതാ തുടങ്ങിയ മേഖലകളിൽ ശാസ്ത്രീയവും ജീവിതഗന്ധിയും സമൂഹ പുരോഗതിക്ക് ഉതകുന്നതും വികസനത്തെ ത്വരിതപ്പെടുത്തുന്നതുമായ ബദൽ മാതൃകകൾ വളർത്തി എടുക്കേണ്ടതായിട്ടുണ്ട്. വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെടുന്ന മുഴുവനാളുകളുടേയും വിദ്യാർത്ഥികൾ, അദ്ധ്യാപകർ, രക്ഷിതാക്കൾ സർവ്വോപരി സമൂഹത്തിന്റെ ആകെ കൂട്ടായ പരിശ്രമത്തിലൂടെ വളർത്തി എടുക്കുന്നതാവണം ഈ മാതൃകകൾ. കേരളത്തിന്റെ വിദ്യാഭ്യാസം ഇനി എങ്ങോട്ട് പോകണമെന്ന് വ്യക്തമാക്കുന്ന ഒരു പ്രവർത്തനം കൂടിയാകണം ഇത്. പഞ്ചായത്ത് രാജ് സ്ഥാപങ്ങളുടെ സാനിധ്യവും നേതൃത്വവും ഈ പ്രവർത്തനത്തെ ത്വരിതപ്പെടുത്തുമെന്ന് പ്രതീക്ഷിക്കാം.



# കുടിവെള്ളവും പൊതുജനാരോഗ്യവും

## പൊതുജനാരോഗ്യം

ആരോഗ്യ നിലവാരവും പ്രശ്നങ്ങളും പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ വ്യത്യസ്തമാണ്. മതം, സാമൂഹ്യ നിലവാരം, സാമ്പത്തിക സ്ഥിതി, തൊഴിൽ, ഭൂപ്രകതി എന്നിവയിലെ വ്യതിയാനമാണ് ഇതിന് കാരണം. ആരോഗ്യകാര്യങ്ങളിൽ താൽപര്യവും അറിവും ഉള്ള ഒരു ജനത തന്നെയാണ് ഇവിടെയുള്ളത്. എങ്കിലും പഞ്ചായത്തിലെ ആരോഗ്യ സ്ഥപനങ്ങളുടെ അപര്യാപ്തത ആരോഗ്യ നിലവാരത്തെ ബാധിക്കുന്നു എന്നത് വാസ്തവമാണ്.

മൂന്ന് ദശാബ്ദങ്ങൾക്ക് മുമ്പ് ആധുനിക ചികിത്സാ സ്ഥാപനങ്ങളൊന്നും പഞ്ചയാത്തിലുണ്ടായിരുന്നില്ല. ജനങ്ങൾ പാരമ്പര്യ വൈദ്യന്മാരേയും മന്ത്രവാദികളേയും മറ്റും ആശ്രയിച്ചാണ് ചികിത്സിച്ചുകൊണ്ടിരുന്നത്. കൂടാതെ സമീപ പഞ്ചായത്തിലെ ഇരിവേരി ആരോഗ്യ കേന്ദ്രത്തിന്റേയും, കണ്ണൂർ ജില്ലാ (എച്ച.ക്യൂ) ആശുപത്രിയുടേയും സേവനങ്ങളാണ് ജനങ്ങൾ പ്രയോജനപ്പെടുത്തിയിരുന്നത്. 1967 ൽ ഇരിവേരി P.H.C യുടെ കീഴിൽ ഏച്ചൂരിൽ ഒരു വാടകക്കെട്ടിടത്തിൽ ആരംഭിച്ച കുടുംബക്ഷേമ സെന്റർ ആണ് പഞ്ചായത്തിലെ ആദ്യത്തെ ആരോഗ്യ കേന്ദ്രം. ഇതേവർഷം തന്നെ കാനച്ചേരിയിലും ഒരു ഫാമിലി വെൽഫെയർ സെന്റർ F.W.C. ആരംഭിച്ചു. 1973 ൽ ഏച്ചൂർ F.W.C. സ്വന്തം കെട്ടിടത്തിലേക്ക് മാറ്റി. 1975 ൽ മുണ്ടേരി മൊട്ടയിലെ ഒരു വാടക കെട്ടിടത്തിൽ പഞ്ചായത്തിലെ ഗവൺമെന്റ് റൂറൽ ഡിസ്പൻസറി സ്ഥാപിതമായി. മൂന്ന് കൊല്ലത്തിനുശേഷം 1978 ൽ മുണ്ടേരി കടവിനടുത്തുള്ള മുണ്ടേരി സെയ്ദ് അബ്ദുൾ റഹിമാൻ ബാഫകി തങ്ങൾ സ്മാരക ട്രസ്റ്റ് സൗജന്യമായി നൽകിയ ഒരേക്കർ സ്ഥലത്ത് സ്വന്തം കെട്ടിടത്തിലേക്ക് മാറ്റിയ ഈ സ്ഥാപനം 1988 ൽ പ്രാഥമിക ആരോഗ്യ കേന്ദ്രം (P.H.C) ആയി ഉയർത്തപ്പെട്ടു. ഈ പ്രാഥമികാരോഗ്യത്തിന്റെ കീഴിലായി നേരത്തെയുള്ള ഏച്ചൂർ F.W.C ഉൾപ്പെടെ നാല് മാതൃശിശു സംരക്ഷണകേന്ദ്രങ്ങൾ . ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ ഏച്ചൂർ കാനച്ചേരി സബ്സെന്ററുകൾക്ക് സ്വന്തം കെട്ടിടം ഉണ്ട്. തലമുണ്ട, കൊല്ലൻചിറ എന്നിവിടങ്ങളിലെ സബ്സെന്ററുകൾക്ക് സ്വന്തം കെട്ടിടം ആയിട്ടില്ല. കൊല്ലൻചിറ സെന്ററിന്റെ കെട്ടിട നിർമ്മാണം ആരംഭിച്ചുകഴിഞ്ഞിട്ടുണ്ടെങ്കിലും പണി . മന്ദഗതിയിലാണെന്ന് പരാതിയുണ്ട്. പഞ്ചായത്തിലെ 3, 4 വാർഡുകളിലെ ആരോഗ്യ കാര്യങ്ങൾ ഏച്ചൂർ കുടുംബക്ഷേമ കേന്ദ്രവും (കുടുക്കിമൊട്ട) 1,2,10 വാർഡുകളിലേത് തലമുണ്ട കേന്ദ്രവും, 5,8,11 വാർഡുകളി

ലേത് കൊല്ലൻചിറ കേന്ദ്രവും, 6,7,12 വാർഡുകളിലേത് കാനച്ചേരി കേന്ദ്രവും മേൽനോട്ടം വഹിക്കുന്നു. അതത് സെന്ററുകളിലെ ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് (Jr. P.H.N) ആണ് ആ വാർഡുകളിലെ ചുമതല വഹിക്കുന്നത്. പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ Jr. P.H.N 9-ാം വാർഡിലെ ചുമതല വഹിക്കുന്നു. കൂടാതെ 3 ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരും (J.H.I) അടിസ്ഥാന ആരോഗ്യ പ്രവർത്തകരായുണ്ട്. Jr. P.H.N മാരുടെ മേൽനോട്ടത്തിനായി ഒരു ലേഡി ഹെൽത്ത് ഇൻസ്പെക്ടർ (L.H.I)ഉണ്ട്. L.H.I മാരുടെ മേൽനോട്ടത്തിന് ഒരു H.I യും ഉണ്ട്. പഞ്ചായത്തിലെ മൊത്തം ആരോഗ്യ പ്രവർത്തനങ്ങളുടെ മേൽനോട്ടവും നിയന്ത്രണവും മെഡിക്കൽ ഓഫീസർക്കാണ്. സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന 13 അംഗൻവാടികളിലെ വർക്കർമാർ അടിസ്ഥാന ആരോഗ്യ പ്രവർത്തകരെ സഹായിക്കുന്നുണ്ട്. കൂടാതെ ഈ അംഗൻവാടികൾ കേന്ദ്രീകരിച്ച് 11 മഹിള ആരോഗ്യ ക്ഷേമ സംഘവും M.S.S പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. P.H.C യിലും വെളിയിലുമായി 17 പേർ ജോലിചെയ്യുന്നതിൽ 7 പേർ P.H.C യിൽ മാത്രമാണ്.

5,000 ജനസംഖ്യക്ക് ഒരു J.H.I, ഒരു Jr. P.H.N എന്നിവരാണ് വേണ്ടത്. എന്നാൽ 3 J.H.I മാരും 5 Jr. P.H.N മാരും മാത്രമേ നിലവിലുള്ളൂ. 32,000- ത്തിലധികം ജനസംഖ്യയുള്ള ഈ പഞ്ചായത്തിൽ രണ്ട് Jr. P.H.N മാരും നാല് J.H.I മാരും ഇനിയും വേണ്ടതുണ്ട്. മുഴുവൻ ജീവനക്കാരും ഉണ്ടായാൽ മാത്രമേ ആരോഗ്യ പ്രവർത്തനം ഏറ്റവും നന്നായി നടത്തുവാൻ കഴിയുകയുള്ളൂ. ചേലോറ- മുണ്ടേരി പഞ്ചായത്തുകൾക്ക് പൊതുവായി ഒരു H.I ആയതിനാൽ അവരുടെ സേവനവും വേണ്ടത്ര ലഭിക്കുന്നില്ല.

പഞ്ചായത്തിന്റെ ഒരറ്റത്താണ് (9-ാം വാർഡിൽ) P.H.C സ്ഥിതിചെയ്യുന്നത്. അതിനാൽ തന്നെ വലിയൊരു വിഭാഗം ജനങ്ങൾക്ക് ഇതിന്റെ സേവനം പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല. വാഹനസൗകര്യത്തിന്റെ അഭാവവും പ്രശ്നങ്ങൾ വർദ്ധിപ്പിക്കുന്നു. സമീപ പഞ്ചയാത്തുകളിലെ ഇരിവേരി P.H.C, ചേലോറ P.H.C എന്നിവയെ ഇവിടെയുള്ള നിരവധി ആളുകൾ ആശ്രയിക്കുന്നു. എന്നിരുന്നാലും സമീപ പഞ്ചായത്തുകളായ കൊളച്ചേരി, കുറ്റ്യാട്ടൂർ എന്നിവിടങ്ങളിലെ ഒരു വിഭാഗം ജനങ്ങൾ നമ്മുടെ P.H.C യുടെ സേവനം ഉപയോഗപ്പെടുത്തുന്നുണ്ട്.

O.P യിൽ വരുന്ന രോഗികളുടെ എണ്ണം താരതമ്യേന കുറവായതിനാൽ മരുന്നു ലഭിക്കുന്നില്ല എന്ന പരാതി പൊതുവെ കുറവാണ്. പ്രതിവർഷം മുണ്ടേരി P.H.C യിൽ മരുന്നുകൾക്കും മറ്റുപകരണങ്ങൾക്കുമായി ഒരു ലക്ഷം രൂപ ചിലവഴിക്കുന്നു. (ആളോഹരി മൂന്നു രൂപ). ശമ്പള ഇനത്തിൽ 95-96 വർഷത്തിൽ 6,60,000 രൂപയാണ് ചിലവായത്.

രോഗികളെ കിടത്തി ചികിത്സിക്കാനായി ആറ് പേരെ കിടത്താവുന്ന വാർഡിന്റെ നിർമാണ പ്രവർത്തനം പൂർത്തിയായിട്ടുണ്ടെങ്കിലും അതിന്റെ വൈദ്യുതീകരണം നടത്തിയിട്ടില്ല. ഡോക്ടർമാർക്കും ആശുപത്രി ജീവനക്കാർക്കും താമസിക്കാനാവശ്യമായ ക്വാർട്ടേഴ്സ് നിലവിലില്ല. ഇത് P.H.C യുടെ ദൈനംദിന പ്രവർത്തനങ്ങളെ സാരമായി ബാധിക്കുന്നുണ്ട്. സർക്കാർ മേഖലയിൽ പ്രവർത്തിക്കുന്ന ഏക ആരോഗ്യ കേന്ദ്രം P.H.C മാത്രമാണ്. സ്വകാര്യ മേഖലയിൽ അലോപ്പതി വിഭാഗത്തിൽ ഒരു ഡോക്ടർ മുഴുവൻ സമയുവും രണ്ട് പേർ ഭാഗികമായി പഞ്ചായത്തിൽ പ്രാക്ടീസ് ചെയ്യുന്നുണ്ട്. ആയുർവേദ-ഹോമിയോ രംഗത്ത് സർക്കാർ സംരംഭങ്ങളൊന്നും പഞ്ചായത്തിൽ ഇല്ല. സ്വകാര്യ രംഗത്ത് ചില ഒറ്റപ്പെട്ട ആളുകൾ ചികിത്സ നടത്തുന്നുണ്ടെങ്കിലും അത് വേണ്ടത്ര ഫലപ്രദമല്ല.

പഞ്ചായത്തിൽ കിടത്തി ചികിത്സിക്കാവുന്ന ആശുപ്രികൾ ഇല്ല. ഇതിനായി പരമാവധി 10 കി.മീറ്ററും (ഇരിവേരി P.H.C യിൽ) വിദഗ്ദ്ധ ചികിത്സക്കായി 16 കി.മീറ്ററും (കണ്ണൂർ H/Q ആശുപത്രി) സഞ്ചരിക്കേണ്ടതായി വരുന്നുണ്ട്. മുണ്ടേരി P.H.C യിൽ എല്ലാവിധ സൗകര്യങ്ങളോടും കൂടിയ I.P വിഭാഗം ആരംഭിച്ചാൽ മാത്രമേ ജനങ്ങളുടെ ഈ പ്രശ്നത്തിന് ഒരു പരിഹാരമാവുകയുള്ളൂ.

### ആരോഗ്യ നിലവാരം

ശേഖരിക്കപ്പെട്ട സ്ഥിതിവിവരക്കണക്കുകൾ തെളിയിക്കുന്നത് പഞ്ചായത്തിൽ ആരോഗ്യ നിലവാരത്തിന്റെ കാര്യത്തിൽ കാര്യമായ പിന്നോക്കാവസ്ഥ ഇല്ല് എന്നാണ്. 1995-96 ൽ 179 ജലജന്യ രോഗങ്ങളും, 29 വായുജന്യ രോഗങ്ങളും 27 പ്രണിജന്യ രോഗങ്ങളും 5301 മറ്റ് രോഗങ്ങളും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. മലമ്പനി രോഗം കാണപ്പെട്ടത് അന്യ സംസ്ഥാനങ്ങളിൽ പോയി തിരിച്ചു വന്നവരിലാണ്. കുഷ്ഠ രോഗം ബാധിച്ച നാല് പേർ ചികിത്സയിൽ കഴിയുന്നുണ്ട്. 95-96 വർഷത്തിൽ ഇവിടെ ഒരു AIDS മരണവും ഉണ്ടായി.

പഞ്ചായത്തിലെ ജനന നിരക്ക് 11.85 (സംസ്ഥാന ശരാശരി 17%) ഉം മരണ നിരക്ക് 5.54 (സംസ്ഥാന ശരാശരി 5.9) ഉം ആണ്. ശിശു മരണ നിരക്ക 10.44 ഉം മാതൃമരണ നിരക്ക് 2.6 ഉം ആണ്. കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ ഒരു മാതൃമരണം മാത്രമാണ് നടന്നത്. 119 പുരുഷന്മാരും 93 സ്ത്രീകളും അംഗവൈകല്യം സംഭവിച്ചവരായുണ്ട്. ഇതിൽ 47 പുരുഷന്മാരും 49 സ്ത്രീകളും 18 വയസ്സിനും 45 വയസ്സിനും ഇടയിലുള്ളവരും പുനരധിവാസം അർഹിക്കുന്നവരുമാണ്.

5 വയസ്സിൽ താഴെയുള്ള 2813 കുട്ടികൾ ഉണ്ട്. അവരിൽ 497 പേർ ഒരു വയസ്സിൽ താഴെയുള്ളവരാണ്. ആകെയുള്ള കുട്ടികളിൽ 2504 പേർക്കും (83.03%) തൃപ്തികരമായ പോഷണക്കുറവുള്ളവർ 221 ഉം (7.85%) മിതമായ പോഷകക്കുറവുള്ളവർ 87 ഉം (3.09%), ഗുരുതരമായ പോഷണക്കുറവുള്ള ഒരുകുട്ടിയും (0.03%) ഉണ്ട്. ആൺകുട്ടികളിൽ 12.25 % പേർക്കുമാണ് ഏതെങ്കിലും തരത്തിലുള്ള പോഷണക്കുറവ് കാണപ്പെട്ടത്. പെൺകുട്ടികളിൽ കാണുന്ന കൂടിയ നിരക്കിലുള്ള പോഷണക്കുറവിന് പ്രത്യേകമായ കാരണങ്ങളൊന്നും കണ്ടെത്താനായിട്ടില്ല.

ജനങ്ങളിൽ ഭൂരിപക്ഷവും പ്രത്യേകിച്ച് സ്ത്രീകൾ പ്രതിരോധ കുത്തിവെപ്പിനെ പറ്റി ധാരണയുള്ളവരാണ്. കുട്ടികളുടെ പ്രതിരോധ കുത്തി വെപ്പിനുവേണ്ടി മിക്കവരും സർക്കാർ ആശുപത്രിയേയോ സബ്സെന്റർ, അംഗൻവാടി തുടങ്ങിയ സർക്കാർ സംവിധാനത്തെയോ ആണ് ആശ്രയിക്കുന്നത്. മിക്കവാറും കുട്ടികൾക്കും ഗർഭിണികൾക്കും പ്രതിരോധ കുത്തിവെപ്പ് കിട്ടുന്നുണ്ട്. എന്നാൽ ഗർഭിണികളിൽ പകുതി പേരും പ്രതിരോധ കുത്തിവെയ്പിനും പരിശോധനക്കും സ്വകാര്യ ആശുപത്രികളേയാണ് പ്രയോജനപ്പെടുത്തുന്നത്.

കുട്ടികളുടേയും ഗർഭിണികളുടേയും പ്രതിരോധ കുത്തിവെയ്പ് സംബന്ധിച്ച വിവരങ്ങൾ 95–96

| കുട്ടികൾ | B.C.G | D.P.T | | | | പോളിയോ | | | | D.T | | | | മീസിൽസ് |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | 1D | 2D | 3D | BD | 1D | 2D | 3D | BD | 1D | 2D | 3D | BD | |
| 0–1 വയസ്സ് | 394 | 496 | 468 | 472 | - | 496 | 468 | 472 | - | | | | | 516 |
| 1–3 വയസ്സ് | | | | | 483 | | | | 483 | | | | | |
| 3–6 വയസ്സ് | | | | | | | | | | | | | 340 | |

ടെറ്റനസ് ടോക്സോയിഡ് (T.T)

| ഗർഭിണികൾ | 1D | 2D | BD |
|---|---|---|---|
| 409 | 384 | 384 | 25 |

ഇരുമ്പ് ഗുളികകൾ ലഭിച്ച ഗർഭിണകൾ– 392

ഇരുമ്പ ഗുളികകൾ ലഭിച്ച കുട്ടികൾ– 324

വിറ്റാമിൻ എ. തുള്ളിമരുന്ന് ലഭിച്ച കുട്ടികൾ – 750

ആശുപത്രിയിൽ നടന്ന പ്രസവങ്ങൾ – 497

വീട്ടിൽ നടന്ന പ്രസവങ്ങൾ – 5

ആകെയുള്ള 4,584 ദമ്പതിമാരിൽ 2125 ദമ്പതികൾ സ്ഥിരമായ ഗർഭനിരോധന മാർഗം സ്വീകരിച്ചവരും 816 പേർ താൽകാലികമാർഗ്ഗം സ്വീകരിച്ചവരുമാണ്. പഞ്ചായത്തിൽ കാണുന്ന കുറഞ്ഞ ജനന നിരക്കിന് ഫലപ്രദമായ കുടുംബാസൂത്രണ മാർഗങ്ങൾ മാത്രമല്ല. കുറേയധികം പുരുഷന്മാർ വിദേശങ്ങളിലോ അന്യസംസ്ഥാനങ്ങളിലോ ജോലിക്കായി താമസിക്കുന്നതും ഒരു കാരണമാണ്.

ഗുരുതരമായ പകർച്ച വ്യാധികൾ കുറെയൊക്കെ നിരമാർജ്ജനം ചെയ്യാൻ സാധിച്ചിട്ടുണ്ടെങ്കിലും താരതമ്യേന ലഘുവായ രോഗങ്ങൾ ഉദാ: വൈറൽ ഫീവർ, കണ്ണ് രോഗം എന്നിവ ബാധിക്കുന്നതിനാൽ കുറേയധികം പ്രവർത്തി ദിവസങ്ങൾ ചിലർക്ക് നഷ്ടപ്പെടുന്നുണ്ട്.

## ശുചിത്വ നിലവാരം

വ്യവസായ വൽകരണം വളരെ കുറഞ്ഞ പ്രദേശമാകയാൽ ആ വഴിക്കുള്ള പരിസര മലിനീകരണം ഗുരുതരമല്ല. എന്നാലും പഞ്ചായത്തിന്റെ പല ഭാഗത്തുനിന്നും ശുചീകരണത്തിന്റെ അഭാവത്തെ പറ്റി മുറവിളി ഉയർന്നിട്ടുണ്ട്.

മത്സ്യ–മാംസാവശിഷ്ടങ്ങൾ അലക്ഷ്യമായി വലിച്ചെറിയുന്നതായി മിക്ക ഗ്രാമസഭകളിൽ നിന്നും പരാതി ഉയർന്നുവന്നു. പഞ്ചായത്തിൽ സുസജ്ജമായ ഒരു അറവുശാലയും പ്രധാന കവലകളിൽ മത്സ്യമാർക്കറ്റും സ്ഥാപിക്കേണ്ടത് വളരെ അത്യാവശ്യമാണ്.

പാതിക്കാട് ട്രഞ്ചിങ്ങ് ഗ്രൗണ്ടിന്റെ മലിനീകരണ പ്രശ്നങ്ങൾ ചേലോറ–മുണ്ടേരി പഞ്ചായത്തുകളെ പൊതുവായി ബാധിക്കുന്നതാണ്.

കൈത്തറി വ്യവസായ ശാലകളിൽ നിന്നം പുറത്തുവിടുന്ന മലിനജലം സമീപ പ്രദേശങ്ങളിൽ വലിയ പരിസ്ഥിതി പ്രശ്നങ്ങളും കുടിവെള്ള പ്രശ്നങ്ങളും ഉണ്ടാക്കുന്നുണ്ട്. വ്യവസായ ശാലകളിൽ നിന്ന് പുറത്തുവിടുന്ന് ജലത്തിൽ മാലിന്യത്തിന്റെ അളവ് ക്രമീകരിക്കാനാവശ്യമായ മലിനീകരണ നിയന്ത്രണ സംവിധാനം ഫാക്ടറികളിൽ ഏർപ്പെടുത്താൻ നിഷ്കർഷിച്ചാൽ ഈ പ്രശ്നത്തിന് ഒരു ശാശ്വത പരിഹാരമാവും.

പരിസര ശുചിത്വം പാലിക്കാൻ പ്രഥമമായി വേണ്ടത് കക്കൂസ് ആണ്. പഞ്ചായത്തിലെ 4994 വീടുകളിൽ 879 വീടുകൾക്ക് (17.6%) കക്കൂസില്ല. ഇതിനാൽ വിരശല്യം, വയറിളക്ക രോഗങ്ങൾ എന്നിവ കണ്ടുവരുന്നു. 1995–96 ലെ കണക്കുപ്രകാരം 179 പേർക്ക് ജലജന്യ രോഗങ്ങൽ ഉണ്ടായിട്ടുണ്ട്.

ഗ്രാമ സഭകളിലെ ചർച്ചകളുടെ അടിസ്ഥാനത്തിൽ കക്കൂസ് നിർമാണത്തിൽ അനുഭവപ്പെടുന്ന പ്രയാസങ്ങൾ രണ്ടുമൂന്നെണ്ണമുണ്ട്.

### 1. സാമ്പത്തീക പരാധീനത:

മിക്ക ആളുകളും ഈ കാരണത്താലാണ് കക്കൂസ് നിർമിക്കാത്തത്. ഇവർക്ക് സൗജന്യമായി കക്കൂസ് നിർമ്മിച്ചുകൊടുക്കേണ്ടതാണ്. അതിനായി സർക്കാർ, അർദ്ധസർക്കർ, സഹകരണ സ്ഥാപനങ്ങളുടെ സാമ്പത്തിക സഹായവും സന്നദ്ധസംഘടനകളുടെ കർമശേഷിയും പ്രാദേശിക തൊഴിലാളി സമൂഹത്തിന്റെ ആത്മാർത്ഥമായ സേവനങ്ങളും പ്രയോജനപ്പെടുത്താവുന്നതാണ്.

### 2. സ്ഥല ദൗർലഭ്യം:

കോളനികളിലും ജനങ്ങൾ ഇടതിങ്ങി വസിക്കുന്ന സ്ഥലങ്ങളിലും മറ്റും ഓരോരുത്തർക്കും കക്കൂസ് നിർമ്മിക്കാൻ സ്ഥലമില്ല എന്നത് ഒരു പ്രശ്നമാണ്. ഇതിന് പരിഹാരമായി പൊതുവായി ഒരു വലിയ സെപ്ടിക് ടാങ്ക് സ്ഥാപിക്കുക. ഇരുന്ന് മലമൂത്ര വിസർജനം നടത്താനുള്ള സംവിധാനം ഓരോ വീട്ടിലും

ഉണ്ടാക്കുക.

3. ബോധവൽകരണത്തിന്റെ അഭാവം:

ബോധവർകരണത്തിന്റെ കുറവ് കൊണ്ടും ചിലർ കക്കൂസ് ഉണ്ടാക്കുന്നില്ല. ബോധവൽകരണം നടത്താൻ കാര്യാമായ ശ്രമം നടത്തുക. സന്നദ്ധ സംഘടനകളുടേയും ആരോഗ്യ വകുപ്പ ഉദ്യോഗസ്ഥന്മാരുടേയും മറ്റും സേവനം പ്രയോജനപ്പെടുത്തണം.

പഞ്ചായത്തിലെ ഓരോ വാർഡിലും ഉള്ള കക്കൂസുകളെ പറ്റിയും ആവശ്യമുള്ള കക്കൂസുകളെ പറ്റിയും പ്രതിപാദിക്കുന്ന പട്ടിക ചുവടെ കൊടുക്കുന്നു.

| വാർഡ് | സാനിറ്ററി കക്കൂസുകൾ ഇല്ലാതിരുന്ന വീടുകൾ | വിവിധ പദ്ധതികളിലായി ഇതുവരെ അനുവദിച്ച കക്കൂസുകൾ | ഇനി കക്കൂസുകൾ വേണ്ടതായ കുടുംബങ്ങൾ |
|---|---|---|---|
| 1 | 193 | 96 | 97 |
| 2 | 106 | 45 | 61 |
| 3 | 154 | 78 | 76 |
| 4 | 254 | 169 | 85 |
| 5 | 184 | 93 | 91 |
| 6 | 131 | 63 | 68 |
| 7 | 168 | 105 | 63 |
| 8 | 151 | 80 | 71 |
| 9 | 127 | 44 | 83 |
| 10 | 106 | 51 | 51 |
| 11 | 159 | 84 | 75 |
| 12 | 97 | 39 | 58 |
| ആകെ | 1830 | 951 | 879 |

കക്കൂസുകളുടെ അഭാവം വമ്പിച്ച ആരോഗ്യ പ്രശ്നങ്ങൾ വരും നാളുകളിൽ സൃഷ്ടിക്കാൻ സാധ്യതയുണ്ട്. ആയതിനാൽ 9-ാം പദ്ധതിയിൽ ഏറ്റവും അധികം മുൻഗണന നൽകി നടപ്പാക്കേണ്ട ഒന്നാണ് കക്കൂസുകളുടെ നിർമ്മാണം. പദ്ധതി കഴിയുമ്പോഴേക്കും നൂറ് ശതമാനം വീടുകൾക്കും കക്കൂസ് ഉണ്ട് എന്ന് ഉറപ്പ് വരുത്താനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ആരോഗ്യ കാര്യങ്ങൾ, പരിസര ശുചിത്വം തുടങ്ങിയ കാര്യങ്ങളെ പറ്റി മിക്കവാറും എല്ലാ ഗ്രാമസഭകളിൽ നിന്നും പൊതുവായി ചില പ്രശ്നങ്ങളും നിർദ്ദശങ്ങളും, പരിഹാരമാർഗ്ഗങ്ങളും ഉയർന്നുവന്നിട്ടുണ്ട്.

## പ്രശ്നങ്ങൾ

1. കക്കൂസില്ലാത്ത എല്ലാ കുടുംബങ്ങൾക്കും സൗജനയമായി കക്കൂസുകൾ നിർമ്മിച്ചുകൊടുക്കുവാൻ ഫലപ്രദമായ സംവിധാനം ഇല്ല. ഉപയോഗശൂന്യവും കാലഹരണപ്പെട്ടതുമായ കക്കൂസുകൾ പുതുക്കി നിർമ്മിക്കാൻ സാമ്പത്തീക സഹായം ലഭിക്കുന്നില്ല.

2. നിലവിലുള്ള ആരോഗ്യകേന്ദ്രത്തിന്റെ വികസനം മന്ദഗതിയിലാണ്. I.P വിഭാഗം ആരംഭിക്കുക. കൂടുതൽ ഡോക്ടർമാരെ നിയമിക്കുക. ഡോക്ടർമാർക്കും ജീവനക്കാർക്കും താമസിക്കാൻ ക്വാർട്ടേഴ്സ് പണിയുക. ലാപ്രോസ്കോപ്പികം വന്ധ്യംകരണ ക്യാമ്പുകൾ നടത്തുക. ഈ സകര്യങ്ങൾ ഇപ്പോഴും നമ്മുടെ P.H.C യിൽ ലഭ്യമല്ല.യൂനിസെഫിന്റെ കീഴിൽ പ്രസവ ചികിത്സക്കും, നവജാത ശിശു സംരക്ഷണത്തിനും സൗകര്യമുള്ള First Referal Unit (FRU) സംസ്ഥാനത്തുടനീളം സ്ഥാപിക്കാൻ പരിപാടിയുണ്ട്. അത്തരം ഒരു യൂനിറ്റ് സ്ഥാപിക്കാൻ P.H.C പരിസരം തികച്ചും അനുയോജ്യമാണ്.

3. പഞ്ചായത്തിൽ ഒരു ആധുനിക അറവു ശാല ഇല്ല. മത്സ്യ-മാംസ വിൽപന കേന്ദ്രങ്ങൾ ശുചിയായി സൂക്ഷിക്കാൻ സംവിധാനം ഇല്ല.

4. പഞ്ചായത്തിൽ ഒരു പൊതു ശ്മശാനം ഇല്ല.

5. പഞ്ചായത്തിൽ ഓരോ ആയുർവേദ ഹോമിയോ ആശുപത്രികൾ ഇല്ല.

6. പഞ്ചായത്തിൽ ഒരു വിഷചികിത്സാ കേന്ദ്രം ഇല്ല.

7. കൊതുകു നിവാരണത്തിന് സ്ഥിരമായ നടപടികൾ സ്വീകരിക്കുന്നില്ല.

8. രാത്ര സമയങ്ങളളിൽ പെട്ടെന്നുള്ള ചികിത്സയ്ക്ക് ഡോക്ടർമാരുടെ സേവനം പരിമിതമാണ്.

9. പുകവലി, പകർച്ചവ്യാധി എന്നിവയ്ക്കെതിരെ വ്യാപകമായ ബോധവൽകരണം പ്രവർത്തനം പഞ്ചായത്തിൽ നടന്നിട്ടില്ല.

10. 1,2,5 എന്നീ വാർഡുകളിലെ അംഗൻവാടികൾക്ക് കെട്ടിടമില്ല.

11. അംഗൻവാടികളിൽ ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഇല്ല.

12. പഞ്ചായത്തിലെ പ്രധാന കേന്ദ്രങ്ങളായ കാഞ്ഞിരോട്, ഏച്ചൂര്, മുണ്ടേരി മൊട്ട എന്നിവിടങ്ങളിൽ മത്സ്യ മാർക്കറ്റുകളില്ല.

13. പാതിരക്കാട് ട്രഞ്ചിംഗ ഗ്രൗണ്ട് പരിസ്ഥിതി പ്രശ്നം ഉണ്ടാക്കുന്നു.

14. അലഞ്ഞുതിരിയുന്ന പട്ടികൾ പ്രശ്നം ഉണ്ടാക്കുന്നു.

15. P.H.C യിൽവാഹന സൗകര്യമില്ല.

16. പഞ്ചായത്തിൽ വിഷ ചികിത്സാകേന്ദ്രം ഇല്ല.

17. പ്രധാന കവലകളിൽ കുപ്പത്തൊട്ടികൾ ഇല്ലാത്തതിനാൽ പരിസര മലിനീകരണ പ്രശ്നം ഉണ്ടാകുന്നു.

18. മദ്യം, മയക്കുമരുന്ന്, എയ്ഡ്സ് എന്നിവയ്ക്കെതിരെ ബോധവൽക്കരണ പ്രവർത്തനം കുറവാണ്.

19. പഞ്ചായത്തൽ പൊതു ശ്മശാനം ഇല്ല.

20. കായികാരോഗ്യം പരിപോഷിപ്പിക്കുന്നതിനായി കളി സ്ഥലം പര്യാപ്തമല്ല.

21. അംഗൻവാടികൾ യഥാർത്ഥ ശിശു വിദ്യാഭ്യാസ കേന്ദ്രങ്ങൾ ആകുന്നില്ല.

22. കുടുംബക്ഷേമ ഉപകേന്ദ്രങ്ങളുടെ പ്രവർത്തനം തൃപ്തികരമല്ല.

23. P.H.C പഞ്ചായത്തിന്റെ അതൃത്തിയിലായതിനാൽ എല്ലാ ഭാഗത്തുമുള്ളവർക്കും അതിന്റെ ഗുണഫലം ലഭിക്കുന്നില്ല.

24. അംഗൻവാടികളിൽ ഡോക്ടർക്ക് എത്തിച്ചേരുവാൻ വിഷമം അനുഭവപ്പെടുന്നു.

25. ജനസംഖ്യാനുപാതികമായി അംഗൻവാടികൾ, കുടുംബക്ഷേമ ഉപകേന്ദ്രം എന്നിവ ഇല്ല.

26. കൈത്തറി വ്യവസായ ശാലകളിൽ നിന്നും പുറത്തു വിടുന്ന മാലിന്യങ്ങൾ ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാക്കുന്നു.

## പരിഹാരങ്ങൾ നിർദ്ദേശങ്ങൾ

1. പുകവലി, പകർച്ചവ്യാധി, എയ്ഡ്സ്, മയക്കുമരുന്ന് എന്നിവയ്ക്കെതിരെ ജനകീയ പങ്കാളിത്തത്തോടെ മെഡിക്കൽ ഓഫീസറുടെ നേതൃത്വത്തിൽ ബോധവൽക്കരണ പ്രവർത്തനം സംഘടിപ്പിക്കുക. ജനങ്ങളുടെ കർമ്മ ശേഷിയും സർക്കാർ അർദ്ധ സർക്കാർ സ്ഥാപനങ്ങളുടെ സാമ്പത്തിക സഹായവും ലഭ്യമാക്കുക.

2. പഞ്ചായത്തിൽ ഹോമിയോ ആയുർവേദ ആശുപത്രികൾ സ്ഥാപിക്കുക.

3. കൈത്തറി വ്യവസായ സ്ഥാപനങ്ങൾക്ക് അനുമതി കൊടുക്കുമ്പോൾ മലിനീകരണ പ്രശ്നം പരിഹരിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ എന്ന് പഞ്ചായത്ത് ശ്രദ്ധിക്കേണ്ടതാണ്.

4. കാഞ്ഞിരോട്, ഏച്ചൂര്, മുണ്ടേരിമൊട്ട എന്നിവിടങ്ങളിൽ മത്സ്യ മാർക്കറ്റ് സ്ഥാപിക്കുക.

5. പാതിരക്കാട് ട്രഞ്ചിംഗ് ഗ്രൗണ്ട് പ്രശ്നം പരിഹരിക്കുന്നതിന് ജില്ലാ ഭരണാധികാരികൾ ശ്രദ്ധിക്കുക.

6. P.H.C യിൽ വാഹന സൗകര്യം ഏർപ്പെടുത്തുക.

7. പ്രധാന കേന്ദ്രങ്ങളിൽ കുപ്പത്തൊട്ടികൾ സ്ഥാപിക്കുക.

8. പഞ്ചായത്ത് കളിസ്ഥല നിർമ്മാണം ഉടൻ പൂർത്തിയാക്കുക.

9. പഞ്ചായത്തിൽ പൊതു ശ്മശാനങ്ങളുടെ സ്ഥലം ഉടൻ കണ്ടെത്തണം.

10. അംഗൻവാടികൾ, സബ്സെന്ററുകൾ എന്നിവകളുടെ പ്രവർത്തനങ്ങളെ പഞ്ചായതത് തലത്തിൽ വിലയിരുത്തണം.

വർഷകാലത്തും മറ്റും പഞ്ചായത്തിൽ പല്ഭാഗങ്ങളിലും പകർച്ചവ്യാധികൾ ഉണ്ടാകാറുണ്ട്. ഇതിനെതിരേ കിണറുകളിലെ ക്ലോറിനേഷൻ, ഈച്ച, കൊതുക് നശീകരണം എന്നിവയ്ക്ക് നടപടി സ്വീകരിക്കണം.

ഏച്ചൂർ ടൗൺ, കുടുക്കിമൊട്ട, മുണ്ടേരി മൊട്ട, മാച്ചേരി എന്നീ സ്ഥലങ്ങൾ ജനങ്ങൾ തിങ്ങിക്കൂടുന്നവയാണ്. ഇവിടെ പൊതു കക്കൂസുകൾ ഉണ്ടാക്കുകയും അവ വൃത്തിയായി സംരക്ഷിക്കാനുള്ള സ്ഥിരം സംവിധാനം ഏർപ്പെടുത്തുകയും ചെയ്യേണ്ടതാണ്. ഇതിനായി സന്നദ്ധ സംഘടനകളുടേയും രാഷ്ട്രീയ പാർട്ടികളുടേയും സേവനം പ്രയോജനപ്പെടുത്തണം. കൂടാതെ പഞ്ചായത്തിലെ മറ്റുചില പ്രധാനപ്പെട്ട കവലകളായ കാഞ്ഞിരോട്, കമാൽപീടിക, കൊട്ടനച്ചേരി, കച്ചേരിപ്പറമ്പ, കോയ്യോട്ടുപാലം, തലമുണ്ട, മായൻ മുക്ക് എന്നിവിടങ്ങളിൽ പൊതു മൂത്രപ്പുരയും സ്ഥാപിക്കണം. മാലിന്യങ്ങൾ യഥാസമയം നീക്കം ചെയ്യാൻ സംവിധാനം വേണം. മറ്റ് പഞ്ചായത്തുകളെ അപേക്ഷിച്ച് നമ്മുടെ പഞ്ചായത്തിൽ ജനസാന്ദ്രത കൂടുതലാണ്. വാഹനങ്ങളുടെ ആധിക്യം വായുമലിനീകരണത്തിനും ഭാവിയിൽ കാരണമായേക്കാം. പ്രധാനവഴിയോരങ്ങളിലും കവലകളിലും തണൽമരങ്ങൾ വെച്ചുപിടിപ്പിക്കാൻ നടപടികൾ സ്വീകരിക്കാവുന്നതാണ്.

പരസ്യങ്ങളിലൂടെയും മറ്റും ചികിത്സാ സ്ഥാപനങ്ങളും മരുന്ന് കമ്പനികളും അതിരുകവിഞ്ഞ അവകാശവാദങ്ങൾ ഉന്നയിക്കുന്നതിനെതിരേയുള്ള ബോധവൽക്കരം ഇവിടെ ആവശ്യമുണ്ട്. ബുദ്ധിവർദ്ധിപ്പിക്കുന്നതിനും ശരീര വടിവുണ്ടാക്കുന്നതിനും ലൈംഗികശേഷി വർദ്ധിപ്പിക്കുന്നതിനും ഉതകും എന്ന രീതിയിൽ വിറ്റഴിക്കപ്പെടുന്ന മരുന്നുകൾ നിരോധിക്കണം. പഞ്ചായത്തിന് വലിയൊരു തുക ലഭിച്ചതുകൊണ്ടുമാത്രം ജനങ്ങൾ ഗ്രാമസഭകളിലർപ്പിച്ച ഉയർന്ന പ്രതീക്ഷകൾ സഫലീകരിക്കുകയില്ല. സർക്കാരാശുപത്രികളിൽ ഉച്ചക്കുശേഷം O.P വേണം എന്ന് കുറേ ഗ്രാമസഭകൾ ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ ഡോക്ടർമാരുടെ സ്വകാര്യ പ്രാക്ടീസ് നിലനിർത്തിക്കൊണ്ട് ഇത്തരമൊരു സംവിധാനം സാധ്യമല്ല.

പഞ്ചായത്തിലെ ജനങ്ങളുടെ പൊതു ആരോഗ്യ സ്ഥിതി മെച്ചപ്പെടുത്താൻ പുകവലി, പുകയില മുറുക്കൽ, മദ്യപാനം എന്നിവയുടെ ഉപയോഗം ബോധവൽക്കരണപ്രവർത്തനങ്ങൾ വഴി നിരുത്സാഹപ്പെടുത്താൻ ശ്രമിക്കണം. പഞ്ചായത്തിൽ മദ്യനിരോധനം ഏർപ്പെടുത്തണമെന്ന ഒന്നിലധികം ഗ്രമസഭകൾ ആവശ്യപ്പെട്ടിട്ടുണ്ട്. പൊതുസ്ഥാപനങ്ങളുടെ 200 മീറ്റർ പരിധിയിൽ പുകവലി വസ്തുക്കൾ വിൽക്കുന്നത് നിയമം മൂലം നിരോധിക്കണമെന്നത് 9– ാം വാർഡ് ഗ്രാമസഭയുടെ ശക്തമായ ഒരു നിർദ്ദേശമാണ്. വരും നാളുകളിൽ പഞ്ചായത്തിലെ ആരോഗ്യ ശുചീകരണ കാര്യങ്ങളിൽ ബോധവൽക്കരണം നടത്താനും പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് ആസൂത്രണം ചെയ്ത് നിർവ്വഹിക്കാനും പഞ്ചായത്ത് തലത്തിൽ ഒരു ബോധവൽക്കരണ സമിതി രൂപീകരി

ക്കേണ്ടതാണ്.

രക്തദാനം, നേത്രദാനം AIDS ന് എതിരേയുള്ള ബോധവൽക്കരണം എന്നിവയുടെ മഹത്വം വിളിച്ചറിയിക്കുന്ന പ്രചാരണ പ്രവർത്തനങ്ങൾ ഇവിടെ പഞ്ചായത്ത് തലത്തിൽ സംഘടിപ്പിക്കേണ്ടതാണ്. ഇപ്പോൾ പഞ്ചായത്തിൽ നിലനിൽക്കുന്ന സാഹചര്യങ്ങൾ പൂർണ്ണമായി പ്രയോജനപ്പെടുത്തി സംഘടനകളുടേയും സ്ഥാപനങ്ങളുടെയും സേവനവും ലഭ്യമാക്കി ' രണ്ടായിരമാണ്ടോടെ ഏവർക്കും ആരോഗ്യം' എന്ന ലക്ഷ്യം യാഥാർത്ഥ്യമാകയിത്തീർക്കാൻ നമുക്ക് കഴിയേണ്ടതാണ്.

# കുടിവെള്ളം

ആരോഗ്യ പുരോഗതിയുടെ പ്രധാന സൂചികകളിലൊന്ന് കുടിവെള്ളത്തിന്റെ ലഭ്യതയും ഗുണനിലവാരവുമാണ്. നമ്മുടെ പഞ്ചായത്തിലെ മുഖ്യ കുടിവെള്ള ശ്രോതസ്സുകൾ കിണറുകൾ, പൊതു ടാപ്പുകൾ, കുഴൽക്കിണറുകൾ എന്നിവ മാത്രമാണ്. ഭൂരിഭാഗം ജനങ്ങളും കുടിവെള്ളത്തിനായി കിണറുകളെ ആശ്രയിക്കുന്നു. 3830 കിണറുകൾ ഉള്ളതിൽ 2520 മാത്രമാണ് ആരോഗ്യപരമായ രീതിയിൽ നിർമ്മിച്ചത്. ഏകദേശം 20% കിണറുകളിലും വേനൽകാലത്ത്വെള്ളമുണ്ടാകാറില്ല. ഏച്ചൂർ ഹരിജൻ കോളനിയിലുള്ള K.W.A യുടെ10 പൊതു ടേപ്പുകളും കൊളച്ചേരി ജലവിതരണപദ്ധതി (K.W.S.P) യുടെ കീഴിലുള്ള 64 ടേപ്പുകളും ഉൾപ്പെടെ 74 പൊതുടേപ്പുകളും പഞ്ചായത്തിലുണ്ട്. K.W.S.P യുടെ കീഴിൽ 19 ടേപ്പുകൾ കൂടി നിർമ്മിക്കാൻ അനുമതിയായെങ്കിലും നിർമ്മാണ പ്രവർത്തനം തുടങ്ങിയിട്ടില്ല. നിലവിലുള്ള പൊതുടേപ്പുകളിൽ ജല ലഭ്യത ചിലനേരങ്ങളിലും ചില ദിവസങ്ങളിലും മാത്രമാണ് എന്നതാണ് യാഥാർഥ്യം. പഞ്ചായത്തിൽ 6 കുഴൽക്കിണറുകൾ ഉണ്ടെങ്കിലും അതിൽ മൂന്നെണ്ണം ഉപയോഗശൂന്യമാണ്. വേനൽക്കാലങ്ങളിൽ പഞ്ചായത്തിലെ ഏകദേശം 20% ജനങ്ങൾക്കും ശുദ്ധജലക്ഷാമം അനുഭവപ്പെടുന്നുണ്ട്.

| വാർഡ് | പൈപ്പ് പൊതുടേപ്പ് | പൊതു കിണർ | പൊതുകുഴൽ കിണർ |
|---|---|---|---|
| 1 | 6 | 2 | – |
| 2 | 3 | 2 | – |
| 3 | 11 | 4 | 1 |
| 4 | 6 | 4 | – |
| 5 | 1 | 4 | – |
| 6 | 6 | 2 | – |
| 7 | 12 | 5 | – |
| 8 | 8 | 1 | 1 |
| 9 | 6 | 2 | 2 |
| 10 | 4 | – | – |
| 11 | 10 | 5 | – |
| 12 | 11 | 1 | – |
| ആകെ | 74 | 32 | 6 |

പൊതുകിണറിൽ 5 എണ്ണത്തിൽ വേനൽക്കാലത്ത് വെള്ളമുണ്ടാകാറില്ല. പഞ്ചായത്തിലെ ശുദ്ധജലക്ഷാമം പരിഹരിക്കാനുള്ള സംവിധാനം തീരെ അപര്യാപ്തമാണ്. K.W.S.P യിൽ ഉൾപ്പെടെ പഞ്ചായത്തിലെ എല്ലാ വാർഡുകളിലും കൂടി 120 പൊതുടേപ്പുകൾ സ്ഥാപിച്ച് ശുദ്ധജലക്ഷാമത്തിന് ശാശ്വത പരിഹാരം കാണാൻ സാധിക്കുന്നതാണ്. ഉപയോഗശൂന്യമായ കുഴൽക്കിണറുകൾ മാറ്റി പുതിയവ സ്ഥാപിക്കണം. നിലവിലുള്ള പൊതുകിണറുകളുടെ അറ്റകുറ്റപ്പണി നടത്തി സംരക്ഷണച്ചുമതല ഏതെങ്കിലും സന്നദ്ധസംഘടനകളെ ഏൽപ്പിച്ചാൽ അവയുടെ നിലനിൽപ്പും ഉപയോഗ ക്ഷമതയും കൂടുതൽ കാല്യചക്ഷമമാകും.

## പൊതു ടാപ്പുകൾ- ഗ്രാമസഭാ നിർദ്ദേശങ്ങൾ

| വാർഡ് | സ്ഥലം |
|---|---|
| 1 | ആവശ്യമായ സ്ഥലങ്ങളിൽ |
| 2 | പാറോത്തുംചാൽ ഭാഗം, പി.കെ. ഹൗസ് പരിസരം, |
| | തലമുണ്ട ക്ഷേത്ര പരിസരം, |
| | പറമ്പിൽ ഭാഗം, കരക്കട്ട് ഭാഗം |
| 4 | അയ്യപ്പൻമല, കേയിന്റപറമ്പ് |
| 5 | കള്ള് ഷാപ്പ്, പാട്ടേത്ത് മൂല |
| 6 | മാവിലാച്ചാൽ, പൊമ്പമേത്ത്, കാനച്ചേരിപ്പള്ളി |
| 9 | കുനിമ്മൽതാഴെ റോഡ് |
| 10 | തലമുണ്ട വായനശാല |

## പൊതുകിണർ ഗ്രാമസഭാ നിർദ്ദേശങ്ങൾ

| വാർഡ് | സ്ഥലം |
|---|---|
| 2 | പറമ്പിൽറോഡ് പരിസരം |
| 5 | ഏച്ചൂർ വീനസ് ഗ്രൗണ്ടിന് സമീപം |
| 6 | കാഞ്ഞങ്ങാടൻ നാരായണിയുടെ വീട്ടിനുസമീപം |
| ര | മീൻകടവ് മുക്ക് ഇരുവൻകൈ |
| | മുണ്ടേരി വില്ലേജ് ഓഫീസ് (അറ്റകുറ്റപ്പണി) |
| 8 | ആശാരിപ്പറമ്പ- ബാച്ചിക്കന്റവിടെ |
| 9 | കോയ്യോട്ടുപാലം (അറ്റകുറ്റപ്പണി) |

## പ്രശ്നങ്ങൾ

1. പഞ്ചായത്തിലെ എല്ലാ വാർഡുകളിലും ഏപ്രിൽ, മെയ് മാസങ്ങളിൽ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു.

2. K.W.S.P. യുടെ പൈപ്പ് ലൈനിൽപ്പെട്ട പൊതു ടാപ്പു

കൾ 1,2 വാർഡുകളിൽ വേണ്ടത്ര ലഭ്യമായിട്ടില്ല.

3. പഞ്ചായത്തിൽ വേണ്ടത്ര പൊതുകിണറുകൾ ഇല്ല.

4. കൈത്തറി വ്യവസായ ശാലകളിൽ നിന്നൊഴുകുന്ന മലിനജലം സമീപപ്രദേശത്തെ കിണറുകൾ മലിനമാക്കുന്നു.

5. മീൻകടവ് റോഡിൽ കൈപ്പക്കോട് എന്ന സ്ഥലം കേയിന്റെപറമ്പ്, അയ്യപ്പൻമല എന്നിവിടങ്ങളിൽ ആഴത്തിൽ കിണർ കുഴിച്ചാലും എല്ലാകാലത്തും ജലം ലഭ്യമാകുന്നില്ല.

6. കുഴൽക്കിണറുകൾ ഫലപ്രദമായി പ്രവർത്തിക്കുന്നില്ല.

7. 6 -ാം വാർഡിലെ ഹരിജൻ കോളനിയിലെ ശുദ്ധജല വിതരണ ടാങ്ക് ശോചനീയവസ്ഥയിലാണ്.

## നിർദ്ദേശങ്ങൾ, പരിഹാരങ്ങൾ

1. പഞ്ചായത്തിലെ ശുദ്ധജലക്ഷാമത്തിന് ശാശ്വത പരിഹാരം കാണുന്നതിന് ഒരു കർമ്മപരിപാടി ആവിഷ്കരിക്കണം.

2. K.W.S.P. യുടെ പൊതു ടാപ്പുകൾ വേണ്ടത്രയില്ലാത്ത സ്ഥലങ്ങളിൽ ടാപ്പുകൾ സ്ഥാപിക്കണം.

3. വ്യവസായ സ്ഥാപനങ്ങളിൽ നിന്നുള്ള മാലിന്യങ്ങൾ ആരോഗ്യ വകുപ്പധികൃതർ പരിശോധിച്ച് മലിനീകരണത്തിന്റെ അളവ് തിട്ടപ്പെടുത്തുകയും പ്രതിരോധ നടപടികൾ സ്വീകരിക്കുകയും ചെയ്യുക.

4. പഞ്ചായത്തിൽ രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ ആവശ്യമായ പൊതുകിണറുകൾ കുഴിക്കണം.

5. കുഴൽക്കിണറുകളുടെ മൊത്തം സ്ഥിതി വിലയിരുത്തുകയും ഫലപ്രദമായി പ്രവർത്തിക്കാനുള്ള നടപടി സ്വീകരിക്കുകയും വേണം.

6. കിണർ കുഴിക്കാൻ സാമ്പത്തിക ബുദ്ധിമുട്ടുള്ളവർക്ക് സാമ്പത്തിക സഹായം ലഭ്യമാക്കണം.

7. കമ്മ്യൂണിറ്റി ഇറിഗേഷൻ പദ്ധതി നടപ്പിൽ വരുത്തി കൃഷിക്കും കുടിവെള്ളത്തിനും പ്രയോജനപ്പെടുത്തണം. ഇതിന്റെ നടത്തിപ്പ് ചുമതല അയൽക്കൂട്ടങ്ങൾക്ക് നൽകണം.

നിലവിലുള്ള എല്ലാ പൊതു കിണറുകളും കുഴൽക്കിണറുകളും ഉപയോഗയോഗ്യമാക്കിയാൽത്തന്നെ പഞ്ചായത്തിലെ ശുദ്ധജലക്ഷാമം കുറച്ചെങ്കിലും പരിഹരിക്കാം. എല്ലാ പൊതുടാപ്പുകളും പ്രവർത്തനക്ഷമമാക്കാനും മുഴുവൻ സമയവും ജല ലഭ്യത ഉണ്ടന്ന് വരുത്താനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

കൈത്തറി വ്യവസായ ശാലകളിൽ നിന്നും പുറത്തുവിടുന്ന മലിന ജലം സൃഷ്ടിക്കുന്ന പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കാണാൻ പഞ്ചായത്ത് തലത്തിൽതന്നെ സംവിധാനം ഏർപ്പെടുത്തണം. അത്യാവശ്യമുള്ള സ്ഥലങ്ങളിൽ പൊതുടാപ്പുകൾ സ്ഥാപിക്കാവുന്നതാണ്. ജല സംരക്ഷണത്തെക്കുറിച്ചും ജല ജന്യരോഗങ്ങളെ കുറിച്ചും ജനങ്ങളെ ബോധന്യവാൻമാരാക്കുന്നതിന് ഫീൽഡ് പബ്ലിസിറ്റി വിഭാഗം ആരോഗ്യവകുപ്പ് ബോധവാൻമാരാക്കുകതിന് സാമൂഹ്യക്ഷേമവകുപ്പ് എന്നിവയുടെ സേവനം പ്രയോജനപ്പെടുത്തണം. നെഹ്റു യുവക്കേന്ദ്ര, ശാസ്ത്ര സാഹിത്യ പരിക്ഷത്ത് തുടങ്ങിയ സന്നദ്ധസംഘടനകളുടെ സഹകരണത്തോടെ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ഇത്തരം ബോധവൽക്കരണ ക്ലാസുകൾ നടത്തേണ്ടതാണ്. വിദ്യാലയങ്ങളിലെ ആരോഗ്യ വിദ്യാഭ്യാസം വളരെ ഫലപ്രദമായി നടപ്പിലാക്കണം. വിദ്യാലയങ്ങളിൽ ആരോഗ്യം, ശുചിത്വം, ശുദ്ധ ജലം എന്നിവയെപ്പറ്റി ആരോഗ്യ വകുപ്പധികൃതരുടെ സഹായത്തോടെ ക്ലാസ്സുകൾ നടത്തണം. ജലജന്യ രോഗങ്ങളും മറ്റും കുട്ടികളിലാണ് കൂടുതൽ കണ്ടുവരുന്നത് എന്നതുകൊണ്ട് തന്നെ ഇത വളരെയധികം പ്രാധാന്യമർഹിക്കുന്ന ഒരു കാര്യമാണ്.

പഞ്ചായത്തിന്റെ നേതൃത്വത്തിൽ ഓരോ വാർഡിലും വാർഡ് മെമ്പർ ചെയർമാനായി സന്നദ്ധ പ്രവർത്തകർ അംഗങ്ങളായി 'ജലസംരക്ഷണ സമിതി' രൂപീകരിക്കണം. പൊതുകിണർ, ടാപ്പുകൾ എന്നിവയുടെ സംരക്ഷണച്ചുമതല അവരെ ഏൽപ്പിക്കാവുന്നതാണ്.

പഞ്ചായത്തിലെ മഴവെള്ള സംഭരണം വർദ്ധിപ്പിച്ചാൽ കിണറുകളിലെ ജലലഭ്യത കൂട്ടാവുന്നതാണ്. നീർക്കുഴികൾ കുഴിച്ചും വരമ്പുകൾ ഇട്ടും മഴവെള്ളം തടഞ്ഞുനിർത്താം. പറമ്പുകളിൽ ചെറിയ ചെറിയ കുഴികൾ കുഴിച്ച് ജലം ശേഖരിച്ചാൽ കിണറിലെ ജലനിരപ്പ് കൂടും. ഇതും കൂടി മനസ്സിൽ വച്ചു കൊണ്ടുള്ള പരിശ്രമം ഉണ്ടായാൽ പഞ്ചായത്ത് കുടിവെള്ളക്കാര്യത്തിൽ ഒരിക്കലും ദരിദ്രമാകില്ല എന്ന് തീർത്തുപറയാൻ കഴിയും.





# ഗതാഗതം, ഊർജ്ജം

ഒരു നാടിന്റെ വികസനത്തിൽ റോഡുകൾക്ക് നിർണ്ണാകമായ സ്വാധീനമുണ്ട്. എങ്കിലും റോഡുകളാണ് വികസനത്തിന്റെ ആകെത്തുക എന്ന് വളർന്നുവന്ന നമ്മുടെ സമൂഹത്തിന്റെ ധാരണ ഒരുവശത്തും, കൂട്ടായ്മയിലൂടെ പൂർവ്വ തലമുറ സൃഷ്ടിച്ചെടുത്ത നമ്മുടെ മിക്ക റോഡുകളുടെയും ഓവുചാലെടുക്കുവാനോ, കുഴി നികത്തുവാനോ മിനക്കെടാത്ത പുതിയ തലമുറയുടെ നിസംഗത മറുവശത്തും കാണാവുന്നതാണ്. സാമാന്യം വിപുലമായ റോഡുശൃംഘല നമുക്കുണ്ടെങ്കിലും മിക്കറോഡുകളും കുണ്ടും കുഴിയും നിറഞ്ഞ് ഗതാഗതയോഗ്യമല്ലാതായിത്തീർന്നിരി ക്കുകയാണ്. അത്യാവശ്യസമയങ്ങളിൽ ഉപകരിക്കേണ്ട ഈ റോഡുകളുടെ സംരക്ഷണവും, പുതിയവ നിർമ്മിക്കേണ്ടതും സർക്കാർ ഉത്തരവാദിത്വവുമായി കണ്ട് ഒഴിഞ്ഞു നിൽക്കുന്നതുമാണ് നമ്മുടെ വികസനപ്രതിസന്ധികളിൽ ഒന്ന്.

സമീപഭാവിയിൽതന്നെ സ്റ്റേറ്റ് ഹൈവേയായി വികസിപ്പിക്കാൻ പോകുന്ന കണ്ണൂർ - മൈസൂർ റോഡിന്റെ 4.5 കി.മീ. അധികം വരുന്ന ഭാഗം നമ്മുടെ പഞ്ചായത്തിലൂടെ കടന്നുപോകുന്നു. കൂടാതെ ഉദ്ദേശം 32.3 കി.മീ താർ റോഡുകളടക്കം 92.063 കി.മി. റോഡ് നമ്മുടെ പഞ്ചായത്തിലുണ്ട്. ഇതിൽ കണ്ണൂർ മൈസൂർ റോഡിലും, ഏച്ചൂർ-മാച്ചേരി റോഡ് , വലിയന്നൂർ-നായാട്ടുപാറ, കുടുക്കിമൊട്ട-മുണ്ടേരിമൊട്ട, കാഞ്ഞിരോഡ്-മയ്യിൽ, തണ്ടപ്പുറം റോഡ്, വട്ടപ്പൊയിൽ-കൊല്ലൻചിറ റോഡ്, മാച്ചേരി-ഹാജിമൊട്ട റോഡ്, കാഞ്ഞിരോട്-ചൂള റോഡ് എന്നിവയാണ് ബസ് ഗതാഗതമുള്ള പഞ്ചായത്തതിർത്തിയിലുള്ള റോഡുകൾ, പഞ്ചായത്തിൽ നിലവിലുള്ള റോഡുകളുടേയും പുതുതായി നിർമ്മിക്കേണ്ടതിന്റേയും പട്ടിക ചുവടെ കൊടുക്കുന്നുണ്ട്.

റോഡുകളുടെ കാര്യത്തിൽ സംസ്ഥാന ശരാശരി ഉയർന്നതാണ് നമ്മുടേത്. സംസ്ഥാന ശരാശരിയേക്കാൾ 3.66 കി.മീ. ആകുമ്പോൾ നമ്മുടേത് 4.5 കി.മീ ആണ്. ഇതിൽ താർ ചെയ്ത റോഡുകളുടെ നീളം 31.14 കി.മീ ആണ്. ഇതിൽ പഞ്ചായത്തിന്റേത് 8.61 കി.മീ. യും, P.W.D യുടേത് 14.37 കി.മീയും ഉൾപ്പെടുന്നു. ടാർ ചെയ്ത റോഡുകളിൽ ഹരിജൻ വെൽഫെയറിന്റേത് 5.22 കി.മീയും ഉൾപ്പെടുന്നു. ബസ് ഗതാഗതമില്ലാത്തതും ബസ് റൂട്ടിന് സാധ്യതയുള്ളതുമായ റോഡുകളുടെ നീളം 5.2 കി.മീ ആണ്.

# ടാറ് ചെയ്ത റോഡുകൾ

(പട്ടിക. 1)

| നമ്പർ | റോഡിന്റെ പേര് | ഉടമസ്ഥത | ദൂരം (കി.മീ) | ബസ് ഗതാഗതം |
|---|---|---|---|---|
| 1. | കണ്ണൂർ-മൈസൂർ റോഡ് | P.W.D | 3.600 | ഉണ്ട് |
| 2. | ഏച്ചൂർ-മാച്ചേരി റോഡ് | P.W.D | 0.750 | ഉണ്ട് |
| 3. | വലിയന്നൂർ-നായാട്ടുപാറ റോഡ് | P.W.D | 4.000 | ഉണ്ട് |
| 4. | മായൻമുക്ക്-മുണ്ടേരി മൊട്ട റോഡ് | P.W.D | 2.900 | ഉണ്ട് |
| 5. | മയ്യിൽ-കാഞ്ഞിരോഡ് റോഡ് | P.W.D. | 1.000 | ഉണ്ട് |
| 6. | വട്ടപ്പൊയിൽ-കൊല്ലൻചിറ റോഡ്. | ഹരിജൻ വെൽഫേർ | 3.800 | ഉണ്ട് |
| 7. | കാഞ്ഞിരോട്-മൗവ്വഞ്ചേരി ലിങ്ക് റോഡ്. | പഞ്ചായത്ത് | 3.200 | ഉണ്ട് |
| 8. | മുണ്ടേരി-കോളനി റോഡ് | P.W.D | 1 .000 | ഉണ്ട് |
| 9. | അപ്പക്കടവ്-കൂടാളി റോഡ് | പഞ്ചായത്ത് | 2.800 | ഉണ്ട് |
| 10 | മുണ്ടരിമൊട്ട-കടവ് റോഡ് | P.W.D | 0.920 | ഇല്ല് |
| 11. | ഏച്ചൂർ കോട്ടം റോഡ് | പഞ്ചായത്ത് | 0.800 | നിലവിലില്ല |
| 12. | ജയൻ പീടിക-കരിമ്പുംകര റോഡ് | പഞ്ചായത്ത് | 2.200 | നിലവിലില്ല |
| 13. | കാനച്ചേരി-ചാപ്പ, കോളനി റോഡ് | അംബേദ്കർഹരിജൻ വെൽഫേർ | 1.000 | ഇല്ല |
| 14. | ഏച്ചൂർ പഴയ ഇലക്ട്രിക്ക് ഓഫീസ് ശങ്കര വിലാസം സ്ക്കൂൾ റോഡ് | പഞ്ചായത്ത് | 2.410 | ഇല്ല |
| 15. | മാച്ചേരി-ഹാജിമൊട്ട റോഡ് | പഞ്ചായത്ത് | 2.200 | ഉണ്ട് |
| 16. | നിലപ്പനക്കുന്ന്-ലക്ഷംവീട് റോഡ് | ഹരിജൻ വെൽഫേർ | 0.420 | ഇല്ല |
| 17. | മായൻമുക്ക്-ചീത്ത വയൽ-ഹാജിമൊട്ട റോഡ് | പഞ്ചായത്ത് | 0.500 | ഇല്ല |

# ടാറ് ചെയ്യാത്ത റോഡുകൾ (പട്ടിക 2)

| ക്രമ നമ്പർ | റോഡിന്റെ പേര് | ഉടമസ്ഥത | ദൂരം(K.M) | ബസ് ഗതാഗതം |
|---|---|---|---|---|
| 1. | പടന്നോട്ട് മൊട്ട-തണ്ടപ്പുറം റോഡ് | P.W.D | 0.920 | നിലവിലില്ല |
| 2. | ഏച്ചൂർ-കോട്ടം റോഡ് | പഞ്ചായത്ത് | 1.610 | നിലവിലില്ല |
| 3. | മായൻമുക്ക് ചീത്തയിൽ റോഡ് | " | 0.150 | ഇല്ല |
| 4. | കാനച്ചേരി ബോട്ട്ജട്ടി റോഡ് | " | 0.350 | ഇല്ല |
| 5. | കുന്നത്ത്ചാല്-തലമുണ്ട റോഡ് | " | 1.750 | ഇല്ല |
| 6. | മുഴപ്പാല-കോറോത്ത് റോഡ് | " | 1.750 | ഇല്ല |
| 7. | ശങ്കരവിലാസം-പുലിദൈവം കാവ് | " | 0.880 | ഇല്ല |
| 8. | പടന്നോട്ട്-ഇരുവെങ്കലാവ് | " | 1.500 | ഇല്ല |
| 9. | പടന്നോട്ട്-കരമ്പുങ്കര റോഡ് | " | 0.615 | ഇല്ല |
| 10. | കാനച്ചേരി വായനശാല-മാവിലാനാച്ചാൽ | " | 0.750 | ഇല്ല |
| 111. | മാവിലാച്ചാൽ-വെങ്ങപ്പാറയിൽ | " | 0.600 | ഇല്ല |
| 12. | കാനച്ചേരിക്കാവ്-കാനച്ചേരി വയൽ | " | 0.300 | ഇല്ല |
| 13. | മാവിലാച്ചാൽ-തോലക്കാട്ട് ചിറ റോഡ് | " | 0.600 | ഇല്ല |
| 14. | പന്നിയോട്ട്-അംഗൻവാടി റോഡ് | " | 0.150 | ഇല്ല |
| 15. | പുത്തൻവളപ്പ്-രയരോത്ത് ചിറ റോഡ് | " | 0.350 | ഇല്ല |

| | | | | |
|---|---|---|---|---|
| 16. | കൊല്ലൻചിറ ചന്ത്രോത്ത് വീട്മൽ റോഡ് | " | 0.300 | ഇല്ല |
| 17. | ഏച്ചൂർ കോട്ടം-മുണ്ടേരി വയൽ | " | 0.400 | ഇല്ല |
| 18 | ഏച്ചൂർ കോട്ടം -ഏച്ചൂർ വയൽ | " | .460 | ഇല്ല |
| 19. | പറമ്പനാടത്ത് റോഡ് | " | .375 | ഇല്ല |
| 20. | ബാലൻ പീടിക-പാക്കൂൽ വയൽ റോഡ് | " | .500 | ഇല്ല |
| 21. | ബാലൻ പീടിക-പടന്നോട്ട് വയൽ | " | .750 | ഇല്ല |
| 22. | ജയൻ പീടിക-പാക്കൂൽ കനാൽ റോഡ് | " | 1.070 | ഇല്ല |
| 23. | കൊട്ടാണിച്ചേരി-അഴീക്കോടൻ ക്ളബ് റോഡ് | " | 1.610 | ഇല്ല |
| 24. | കൊട്ടാനിച്ചേരി-അഴീക്കോടൻ ക്ലബ് റോഡ് | " | .500 | ഇല്ല |
| 25. | കുടുക്കി മൊട്ട-പാട്ടേത്ത് മൂല റോഡ് | " | .880 | ഇല്ല |
| 26. | കുടുക്കി മൊട്ട വായനശാല-കനാൽ റോഡ് | " | .500 | ഇല്ല |
| 27. | കമാൽ പീടിക-ഏച്ചൂർ വെസ്റ്റ് യു.പി. സ്ക്കൂൾ റോഡ് | " | 1.610 | ഇല്ല |
| 28. | വീനസ് ഗ്രൗണ്ട്-കനിക്കോട്ട് വയൽ റോഡ് | " | .300 | ഇല്ല |
| 29. | വീനസ് ഗ്രൗണ്ട്-ഏച്ചൂർ വയൽ റോഡ് | " | .400 | ഇല്ല |
| 30. | ഇരുവെങ്കറോഡ് ജംക്ഷൻ റോഡ് | " | .310 | ഇല്ല |
| 31. | കച്ചേരിപ്പറമ്പ്-ഇരുവെങ്ക് റോഡ് | " | .980 | ഇല്ല |
| 32. | കയിപ്പക്കയിൽ-ചാളപ്പൊയിൽ റോഡ് | " | 1.610 | ഇല്ല |
| 33. | കച്ചേരി പറമ്പ് മീൽ കടവ് റോഡ് റോഡ് | " | 1.300 | ഇല്ല |
| 34. | മുണ്ടേര് മൊട്ട-ജമായന്നി വചറചള ഖമധറ. | " | .600 | ഇല്ല |
| 35. | കയിപ്പക്കയിൽമൊട്ട അറുപതുംവിത്ത് വയവ് | " | .740 | ഇല്ല |
| 36. | പടന്നോട്ട് കോട്ടം റോഡ്. | " | .400 | ഇല്ല |
| 37. | പടന്നോട്ട് മൊട്ട പാറയിൽ മടപ്പുരറോഡ്. | " | 2.500 | ഇല്ല |
| 38. | പടന്നോട്ട് മൊട്ട മുങ്ങേരിവയൽ റോഡ്. | " | .200 | ഇല്ല |
| 39. | കൂനൻചാൽ പടന്നോട്ട് വയൽ റോഡ് | " | .450 | ഇല്ല |
| 40. | ഈസഹാജി ശാന്തപുരം റോഡ്. | " | .500 | ഇല്ല |
| 41. | മുണ്ടേരി ഗവ.ഹൈസ്ക്കൂൾ ചാളക്കണ്ടി റോഡ് | " | .500 | ഇല്ല |
| 42. | മുണ്ടേരി കോരൻ വൈദ്യർ റോഡ് | " | .500 | ഇല്ല |
| 43. | സോഡ വളപ്പിൽ റോഡ്. | " | .200 | ഇല്ല |
| 44. | ചിരുകണ്ടൻ മാസ്ററ് സെക്കന്റ് റോഡ്. | " | .200 | ഇല്ല |
| 45. | താഴെ വളപ്പിൽ റോഡ്. | " | .200 | ഇല്ല |
| 46. | പുറവൂറ് സ്ക്കൂൾ വയലശ്ശേരി റോഡ് | " | .200 | ഇല്ല |
| 47. | കുഞ്ഞിവളപ്പ് കുനിയിൽ താഴെ | " | 1.500 | ഇല്ല |
| 48. | കാഞ്ഞിരോട് മദ്രസ കാരക്കാട് റോഡ് | " | .230 | ഇല്ല |
| 49. | ഹാജിമൊട്ട വില്ലേജ് ഓഫസ്. | " | .830 | ഇല്ല |
| 50. | അണ്ണാക്കൊട്ടൻ ചാൽ നല്ലാഞ്ചി മുക്ക്. | " | .275 | ഇല്ല |
| 51. | കുടുക്കി മൊട്ട തെരു റോഡ്. | " | 1.610 | ഇല്ല |
| 52. | അണ്ണാക്കൊട്ടൻചാൽ പുരുപുരുത്താൻ റോഡ് | " | .468 | ഇല്ല |
| 53. | ഇലക്ട്രിക്ക് ഓഫീസ് വയൽ റോഡ് | " | .450 | ഇല്ല |
| 54. | കുന്നത്ത് ചാൽ റോഡ് | " | 1.500 | ഇല്ല |
| 55. | പുതിയവീട്ടിൽ റോഡ്. | " | .350 | ഇല്ല |
| 56. | ഏച്ചൂർ പന്നിയോട്ട് | " | 2.000 | ഇല്ല |
| 57. | ഏച്ചൂർ നല്ലാഞ്ചി | " | .400 | ഇല്ല |
| 58. | കൊളത്ത് വയൽ മാച്ചേരി അയ്യപ്പൻ മല | " | 1.000 | ഇല്ല |
| 59. | പാറോത്തും ചാൽ-തുമ്പത്തും ചാൽ | " | .750 | ഇല്ല |
| 60 | കുയ്യാൽ കുന്നുമ്പ്രം മെരുവോട് താഴെ | " | .450 | ഇല്ല |
| 61. | മുക്കണ്ണി കരക്കാട്ട് റോഡ്. | " | .500 | ഇല്ല |
| 62. | ഏച്ചൂർ എൽ.പി. സ്ക്കൂൾ-അയ്യപ്പൻ മല | " | 1.000 | ഇല്ല |
| 63. | കുളത്ത് വയൽ മാച്ചേരി 11 റിച്ച് | " | .400 | ഇല്ല |
| 64. | അയ്യപ്പൻ മല പുലിദേവൽ കാവ് | " | .500 | ഇല്ല |
| 65. | തലമുണ്ട ക്ഷേത്രം റോഡ്. | " | .250 | ഇല്ല |
| 66. | ആലാറംമ്പിൽ കാഞ്ഞിരോട് വയൽ റോഡ് | " | .500 | ഇല്ല |

| | | | | |
|---|---|---|---|---|
| 67. | ആലാറമ്പിൽ കാഞ്ഞിരോഡ് വയൽ റോഡ്. | ,, | .500 | ഇല്ല |
| 68. | സൈതാർക്കണ്ടി റോഡ് | ,, | .500 | ഇല്ല |
| 69. | ചാലാടച്ചിയിൽ ഇടവഴി റോഡ് | ,, | .450 | ഇല്ല |
| 70 | തലമുണ്ട-ഇല്ലത്ത് പൊയിൽ റോഡ്. | ,, | 1.000 | ഇല്ല |
| 71. | പാറോത്തും ചാൽ കൊട്ടാരം റോഡ് | ,, | .350 | ഇല്ല |
| 72. | താറ്റിയോട്ട്-പന്നിയോട്ട് കനാൽ റോഡ്. | ,, | 6.000 | ഇല്ല |
| 73. | കനിക്കോട്ട് കാവ്-പാക്കൂൽ വയൽ | ,, | 2.000 | ഇല്ല |
| 74. | മുഴപ്പാല കോറോത്ത് റോഡ്. | ,, | .175 | ഇല്ല |
| 75. | തലമുണ്ട വയൽ കരിപ്പച്ചാൽ | ,, | .235 | ഇല്ല |
| 76. | അപ്പക്കടവ് ചാക്കാടത്ത് റോഡ് | ,, | .300 | ഇല്ല |
| 77. | കെ.ടി. ഹാജി ഫീഡിംഗ് സെന്റർ റോഡ് | ,, | .800 | ഇല്ല |
| 78. | ചിരുതക്കുളം തലമുണ്ട വയൽ റോഡ്. | ,, | 1.000 | ഇല്ല |
| 79. | മുള്ളൻ മൊട്ട തലമുണ്ട വയൽ റോഡ്. | ,, | .450 | ഇല്ല |
| 80. | ചൂരയിൽ ഇടവഴിയിൽ റോഡ്. | ,, | .500 | ഇല്ല |
| 81. | പാറോത്തുംചാൽ തലമുണ്ട റോഡ് | ,, | .500 | ഇല്ല |
| 82. | ആലാറമ്പിൽ റോഡ്. | ,, | .337 | ഇല്ല |
| 83. | പാലക്കാടൻ ഇടവഴി ഫോർത്ത് റോഡ്. | ,, | 454 | ഇല്ല |
| 84. | കൊട്ടാരം ഇടവഴി റോഡ്. | ,, | .400 | ഇല്ല |
| 85. | ചീത്തയിൽ കുടുക്കി മൊട്ട റോഡ്. | ,, | .900 | ഇല്ല |
| 86. | കരക്കാട്ട-കുശാൽ റോഡ് | ,, | .400 | ഇല്ല |
| 87. | സാറാന്റവിടെ-ബാച്ചിക്കന്റവിട റോഡ്. | ,, | .200 | ഇല്ല |

കണ്ണൂർ മൈസൂർ റോഡിൽ നമ്മുടെ പഞ്ചായത്തിൽ കൂടി കടന്ന് പോകുന്ന 4-5 കി.മീറ്ററിൽ അപകടമേഖല നിരവധിയാണ്. ഏച്ചൂർ ബസാറിൽനിന്നും കിഴക്കോട്ടുള്ള വളവ് അപകട മേഖലയാണ്. നിരവധി വാഹനങ്ങൾ അപകടത്തിൽ പെടുകയും ട്രാഫിക്ക് കുരുക്കിൽപെട്ട് ഗതാഗത സ്തംഭനം ഉണ്ടാവുകയും ചെയ്യുന്നു. കമാൽ പീടിക വളവും കാഞ്ഞിരോട് യു.പി.സ്ക്കൂൾ വളവും അപകടമേഖലയാണ്. റോഡിന്റെ കിടപ്പും ഡ്രൈവർമാരുടെ അനാസ്ഥയുമാണ് അപകടകാരണം. കാഞ്ഞിരോഡ് ബസാറിൽ ചക്കരക്കല്ല് ഭാഗത്തുനിന്നുള്ള വാഹനങ്ങൾ ഇടുങ്ങിയ റോഡിലൂടെ കടന്നുവരുന്നതിനാൽ ഗതാഗതക്കുരുക്ക് അനുഭവപ്പെടുന്നു. ഏച്ചൂർ ബസാറിൽ ഫലപ്രദമായ ഡ്രൈനേജ് സൗകര്യം ഇല്ലാത്തതിനാൽ റോഡുകൾ മഴക്കാലത്ത് താറുമാറായി ഗതാഗതത്തിന് തടസ്സം സൃഷ്ടിക്കുന്നു.

## വാഹനങ്ങൾ

പഞ്ചായത്തിൽ 30 ഓട്ടോറിക്ഷകളും 28 ജീപ്പുകളും 20 മിനി ലോറികളും ഉണ്ട്. ഇതിന് ആവശ്യമായ പാർക്കിംഗ് സൗകര്യമില്ലാത്തതിനാൽ കുടുക്കി മൊട്ട, കാഞ്ഞിരോട് ബസാർ, മുണ്ടേരി മൊട്ട എന്നിവിടങ്ങളിൽ ഗതാഗത സ്തംഭനം നേരിടുന്നു. വാഹനങ്ങൾക്ക് ഒരു പാർക്കിംഗ് സൗകര്യം ഏർപ്പെടുത്തിയാൽ പഞ്ചായത്തിന് ഒരു വരുമാനം കൂടിയായിരിക്കും.

പട്ടിക 3

പഞ്ചായത്തിലെ വാഹനങ്ങളുടെ വിവരം

| ക്രമ നമ്പർ | വാഹനങ്ങൾ | എണ്ണം |
|---|---|---|
| 1. | ഓട്ടോറിക്ഷ | 30 |
| 2. | കാർ | 16 |
| 3. | മിനി. ലോറി | 20 |
| 4. | സൈക്കിൾ | 485 |
| 5. | മോട്ടോർ സൈക്കിൾ | 58 |
| 6. | ജീപ്പ് | 28 |

ബസ് റൂട്ടിന് സാധ്യതയുള്ള റോഡുകൾ :-

1. കണ്ണൂർ-കൊട്ടനിച്ചേരി-കരിമ്പുക്കര വഴി മീൻകടവ്
2. കണ്ണൂർ- എടയിൽ പീടിക-ഏച്ചൂർ കോട്ടം-പടന്നോട്ട്-മീൻകടവ്.
3. തണ്ടപ്പുറം മൂണ്ടേരി ക്കടവ്- ചക്കരക്കല്ല് തലശ്ശേരി
4. പക്കരക്കല്ല് കാഞ്ഞിരോട്-ഇരിക്കൂർ
5. കണ്ണൂര് കുടുക്കിമൊട്ട- ചെറുവത്തിലെ മൊട്ട- മയ്യിൽ
6. കണ്ണൂർ-ഏച്ചൂർ മില്ല് റോഡ് വഴി പന്ന്യോട്ടാകനാൽ

റോഡുകളും നടപ്പാതകളും ഗവർമെന്റിൽനിന്നും പഞ്ചായത്തിൽ നിന്നും ഒരുക്കിത്തരുമെന്ന നമ്മുടെ സങ്കൽപ്പതിന് മാറ്റം വരുത്തേണ്ടിയിരിക്കുന്നു. നമുക്ക് സഞ്ചരിക്കേണ്ട പാത നാം തന്നെ ഒരുക്കണം . ജനകീയ സഹകരണവും യുവജന സന്നദ്ധ പ്രവർത്തനവും സമ്മേളിച്ചിൽ ഗ്രാമത്തിലെ നടപ്പാത പ്രശ്നം ഒരു പരിധി വരെ പരിഹരിക്കാം

ഗ്രാമ സഭയിൽ ഉയർന്നുവന്ന അഭിപ്രായങ്ങളുടെ അടിസ്ഥാനത്തിൽ പുതുതായി പണി തുടങ്ങേണ്ട റോഡുകൾ

## താർ ചെയ്യേണ്ടവ

| ക്രമ നമ്പർ | റോഡ് | കി.മീ. |
|---|---|---|
| 1. | കാഞ്ഞിരോട് മൗവഞ്ചേരി (റീ-ടാറിംഗ്) | 3.2 |
| 2. | ഏച്ചൂർ വെസ്റ്റ് യു.പി. റോഡ് | 1.25 |
| 3. | ഏച്ചൂർ മില്ല്-പന്നിയോട്ട് കനാൽ റോഡ് | 2.00 |
| 4. | ഹാജിമൊട്ട-കാഞ്ഞിരോട് യു.പി. (220 കെ.വി.ക്ക് പിന്നിലൂടെ) | 0.8 |

## നിർദ്ദേശിക്കപ്പെട്ട നടപ്പാതകൾ

1. ഗാന്ധി സ്മാരക വായനശാല മുതൽ നല്ലാഞ്ചിവഴി പി. നാരായണൻ മാസ്റ്ററുടെ വീടുവരെ — 1 കി.മീ
2. സെയ്തുക്കണ്ടി ഇടവഴിമുതൽ ചാലിൽ പറമ്പിൽ വരെ — .82 കി.മീ
3. ശങ്കരവിലാസം റോഡുമായി ബന്ധിപ്പിച്ചു കൊണ്ട് തയ്യിൽ പറമ്പു വഴി തലമുണ്ടയിലേക്ക് — 0.75 കി.മി.
4. പാറിച്ചി കോളനി പറവൂർ ബന്ധിപ്പിക്കുന്ന നടപ്പാത — 0.5 കി.മീ

## നിർദ്ദേശിക്കപ്പെട്ട റോഡുകൾ

1. കാനച്ചേരി ബോട്ട്ജട്ടി ജട്ടി വരയിൽ ചിറവഴി ഹെൽത്ത് സെന്റർ
2. നിലപ്പനക്കുന്ന് ഹരിജൻ കോളനിമുതൽ
3. ഇടയിൽ പീടിക പറക്കോട്ട് വഴി-ഹെൽത്ത് സെന്റ്റ്
4. മുണ്ടേരി I.C.D.P. സ്റ്റോപ്പുമുതൽ കോളനി റോഡുവരെ
5. പുറവൂര്-ചുലോട്ട് കനാൽ-കരക്കാട്ട് കനാൽ സെയ്തൃക്കണ്ടി വഴി തലമുണ്ട

## നിർദ്ദേശിക്കപ്പെട്ട കലുങ്ക് പാലം

1. മാവിലാച്ചാൽ മുച്ചിലോട്ട് ഭഗവതി ക്ഷേത്രത്തിന് സമീപം
2. കോട്ടം റോഡ് പൊക്കന്റെ വീടുവഴി റോഡിനു സമീപം
3. കാനിച്ചേരി വയൽ ചിറ
4. തലമുണ്ട ക്കാവിനടുത്ത്

## നിർദ്ദേശിക്കപ്പെടുന്ന സ്ളാബ്

1. പന്ന്യോട്ട് റേഷൻ ഷാപ്പിന് സമീപം
2. ചാളപ്പൊയിൽ മുതൽ മുണ്ടേരിക്കടവ് റോഡു വരെ
3. പുറവൂരിൽ തൈക്കണ്ടി റോഡിൽ വയലിൽ ഇറങ്ങുന്ന സ്ഥലത്ത്
4. ഇരുവങ്കൈ പാടത്തിൽ താഴെ
5. കൈപ്പക്കയിൽ മെട്ട വയൽ
6. തലമുണ്ട വയലിൽനിന്നും കനാൽ കയറുന്നിടത്ത്
7. കരക്കാട്ട്, പറമ്പത്ത് കൃഷ്ണന്റെ മുന്നിലുള്ള വരമ്പിൽ
8. മീത്തിലെ പറമ്പിൽ കൃഷ്ണന്റെ വീടിനു സമീപം
9. കണ്ണങ്കുളം വയലിൽ ചിരുകണ്ഠൻ മാസ്റ്റർ ഇടവഴി
10. താഴലെ വളപ്പ് വയൽ ( ൧൦ം വാർഡ്)



കുടുക്കിമൊട്ട ബസാർ

## ശ്രമദാനത്തിലൂടെ നടത്തേണ്ട ബസ് വെയിറ്റിംഗ് ഷെൽട്ടറുകൾ

1. മുണ്ടേരി മോട്ട
2. മുണ്ടേരി ഗവ. ഒട് ഴ നു മുൻവശം
3. കുടുക്കിമൊട്ട ബസാറിൽ മയ്യിൽ റോഡിൽ

നിർദ്ദേശങ്ങൾ

1. കാനിച്ചേരി ചാപ്പ വരയിൽ ചിറ റോഡു 8 വർഷം മുമ്പ് നിർമ്മിച്ചതാണ്. അടിയന്തിരമായി റിപ്പേർ ചെയ്യണം

2. കോരൻ വൈദ്യർ പീടിക കൈപ്പക്കൽ ചിറ റോഡ് ചാളപ്പൊയിൽ കൈപ്പക്കൈ റോഡു താർ ചെയ്ത് ഗതാഗത യോഗ്യമാക്കണം

3. ഗവ. ഡിസ്പൻസറി മുതൽ മാനാട്ട് ചിറ റോഡ് അറുപത് വിത്ത് വയൽ റോഡ് ഗതാഗതയോഗ്യമാക്കണം

4. ഏച്ചൂര് ഹരിജൻ കോളനി ശ്മശാനം റോഡ് താർ ചെയ്യണം

5. പടന്നോട്ട് പാറയിൽ മഠപ്പുര റോഡ് താർ ചെയ്യണം

6. കുലോത്തിന്റവിട പള്ളിയിൽനിന്നും പാപ്പാടത്തേക്ക് കാനച്ചേരി ഭാഗത്ത് റോഡ് നിർമ്മിക്കണം

7. കെ.എസ്.ഇ.ബി. ക്വാർട്ടേർസ് അപ്രോച്ച് റോഡ് ഗതാഗതയോഗ്യമാക്കണം.

8. ചാളക്കണ്ടി പാറിച്ചി കോളനി റോഡ് താർ ചെയ്യണം

റോഡിനുവേണ്ടി പുതിയ നിർദ്ദേശങ്ങൾ ഉയർന്നുവരുമ്പോൾ തന്നെ അതിന്റെ നിർമ്മാണത്തിന് ശാസ്ത്രീയ വശങ്ങൾ കൂടി കണക്കിലെടുത്ത് രൂപകൽപ്പന ചെയ്യണം. താല്കാലിക വികാരങ്ങൾക്കനുസൃതമായി രൂപം കൊണ്ട റോഡുകളിൽ ഇന്നു വികസന പ്രതിസന്ധി നേരിടുന്നു. ആദ്യകാലത്ത് റോഡു വരണമെന്ന അത്യുൽസാഹത്തിൽ മുന്നിട്ടിറങ്ങുന്നു. എന്നാൽ വികസന പദ്ധതികൾ നടപ്പിൽ വരുമ്പോൾ അതിനു തടസ്സം നിൽക്കുന്ന പ്രവണത ധാരാളം കാണാം. ഗ്രാമസഭകളിൽ ഒട്ടേറെ റോഡുകളുടെ നിർദ്ദേശം ഉയർന്നു വന്നിട്ടുണ്ട്. ഇതെല്ലാം ശാസ്ത്രീയ കാഴ്ചപ്പാടിൽ ഉയർന്ന് വന്നിട്ടുള്ളതല്ലെന്ന് വ്യക്തം. ഈ ക്രോഡീകരിച്ച അഭിപ്രായങ്ങൾ സമഗ്ര ചർച്ചക്ക് വിധേയമാക്കി നടപ്പിലാക്കണം.

# ഊർജ്ജം

നമ്മുടെ പഞ്ചായത്തിലെ ഊർജ്ജാവശ്യങ്ങളെക്കുറിച്ച് സമഗ്രമായ ഒരന്വേഷണം ആവശ്യമാണ്. ഒരു കാലത്ത് ധാരാളം മരങ്ങൾ ലഭ്യമായതിനാൽ വിറകിന് ക്ഷാമം ഉണ്ടായിരുന്നില്ല. മരം സംരക്ഷിക്കുവാനോ അത് നിലനിർത്തുവാനോ ജനങ്ങൾ ബോധവാന്മാരായിരുന്നില്ല. ജനസംഖ്യാ വർദ്ധനവും ജനങ്ങളുടെ മാർബിൾ കൊട്ടാര സങ്കൽപ്പത്തിൽനിന്നും കോൺക്രീറ്റ് സൗധം ഉയർന്നതോടെ വൻ മരങ്ങൾ ഗ്രാമത്തിൽനിന്നും അന്യമായിക്കൊണ്ടിരിക്കുന്നു. ഇതോടെ പാചകത്തിന് ഇന്ധനക്ഷാമവും അനുഭവപ്പെട്ടു. വിറകിന്റെ ക്ഷാമം നേരിട്ടപ്പോൾ ബദലെന്താണെന്ന് അന്വേഷണം ആരംഭിച്ചു. അന്വേഷണത്തിന്റെ വളർച്ചയാണ് മണ്ണെണ്ണയും. L.P.G യും ഇലക്ട്രിസിറ്റിയും പാചകാവശ്യത്തിന് ഉപയോഗപ്പെടുത്തുവാൻ തുടങ്ങിയത്

വൈദ്യുതിയുടെ ഉപയോഗം വ്യാവസായിക കാർഷിക മേഖലകളിൽ കാര്യമായ ചലനങ്ങൾ ഉണ്ടാക്കി 1972 ൽ ഏച്ചൂരിൽ മേജർ ഇലക്ട്രിസിറ്റി ഓഫീസ് സ്ഥാപിതമായതോടെ ഈ രംഗത്ത് ഒരു കുതിച്ചുചാട്ടം തന്നെയുണ്ടായി. ഏച്ചൂര് മേജർ സെക്ഷൻ ഓഫീസിന്റെ പ്രവർത്തനം നമ്മുടെ പഞ്ചായത്തിലാണ്. ഈ പഞ്ചായത്തിന് പുറമെ തൊട്ടടുത്ത നാല് പഞ്ചായത്തുകൾ കൂടി പ്രവർത്തന പരിധിയിലുണ്ട്. നമ്മുടെ പഞ്ചായത്തിലെ ആകെയുള്ള 4994 വീടുകളിൽ 3672 എണ്ണം വൈദ്യുതീകരിച്ചതാണ്. ഇത് മൊത്തം വീടിന്റെ 75% വരും. പ്രതിദിനം 6000 യൂണിറ്റ് വൈദ്യുതി വീട്ടാവശ്യത്തിനും 1000 യൂണിറ്റ് വാണിജ്യാവശ്യത്തിനും ഉപയോഗിക്കുന്നു. പഞ്ചായത്തിലെ 94 വ്യാവസായിക യൂണിറ്റുകളിലായി പ്രതിദിനം 1500 യൂണിറ്റ് വൈദ്യുതിയും തെരുവുവിളക്കുകൾക്കായി 25 യൂണിറ്റ് വൈദ്യുതിയും ഉപയോഗിക്കുന്നുണ്ട്. [illegible] കുറകൊണ്ടാണ്.

പാചകാവശ്യത്തിനും വീടുകളിലെ [illegible] കത്തിക്കുന്നതിനുമായി രണ്ട് ലക്ഷം ലിറ്റർ മണ്ണെണ്ണ ആവശ്യമായി വരുന്നുണ്ട്. ഏതാണ്ട് 200 കുടുംബങ്ങൾ പാചക വാതക സിലിണ്ടറുകൾ ഉപയോഗിച്ചുവരുന്നു.

പട്ടിക 1

| ഇന്ധനം | എണ്ണം | % |
|---|---|---|
| വിറകടുപ്പ് | 4240 | 85.02 |
| പുകയില്ലാത്ത അടുപ്പ് | 249 | 4.99 |
| ഗ്യാസ് | 200 | 4.00 |
| ബയോഗ്യാസ് | 5 | 0.10 |
| ആകെ | 4994 | 100.00 |

പട്ടിക 2

## പഞ്ചായത്തിലെ വൈദ്യുതി ഉപയോഗം വിവിധ മേഖലകളിൽ

| ഇനം | യൂണിറ്റ് | % |
|---|---|---|
| വ്യവസായം | 15000 | 62.07 |
| ഗാർഹികം | 8000 | 33.11 |
| വാണിജ്യം | 1000 | 4.14 |
| കൃഷി | 100 | 0.41 |
| തെരുവുവിളക്കുകൾ | 65 | 0.27 |

ഭൂമിശാസ്ത്രപരമായ പഞ്ചായത്തിന്റെ കിടപ്പ് കാരണം വൈദ്യുതോപയോഗത്തിനുള്ള സ്രോതസ്സുകൾ പഞ്ചായത്തിൽ ഇല്ല എന്നുതന്നെ പറയാം. ആകെ സാദ്ധ്യതയുള്ളത് സൗരോർജ്ജ പാനലുകളുപയോഗിച്ചുള്ള വൈദ്യുതോൽപ്പാദനത്തിനാണ്. പഞ്ചായത്തിന്റെ വൈദ്യുതാവശ്യങ്ങൾ നിറവേറ്റുന്നത് മുണ്ടയാട് 110 കെ.വി സബ്സ്റ്റേഷനിലെ 11 കെ.വി ഫീഡറിൽനിന്നുള്ള ലൈനിൽക്കൂടിയാണ്. പഞ്ചായത്തിന്റെ പരിധിയിൽ വൈദ്യുത വിതരണത്തിനായി 19 കി.മീ. 11 കെ.വി ലൈനുകളും മൊത്തം 1900 കെ.വി.എ. ശേഷിയുള്ള 13 ട്രാൻസ്ഫോർമറുകളും 52 കി.മീ ലോ ടെൻഷൻ ലൈനുകളുമാണുള്ളത്.

ക്കുന്നില്ല.

അഞ്ചു ശതമാനത്തിൽ താഴെ മാത്രമെ ഇന്ധന ക്ഷമത കൂടിയ അടുപ്പുകളും വിളക്കുകളും ഉപയോഗിക്കുന്നുള്ളൂ. വിറകിന്റെ ലഭ്യത മുഖ്യമായും തെങ്ങും മരച്ചില്ലകളെയും ആശ്രയിച്ചാണ്. അതിനാൽ ആവശ്യമുള്ള വിറകിന്റെ 50% ത്തോളം മറ്റു മേഖലകളിൽനിന്നും സംഭരിച്ചുവരുന്നു.

### സാധ്യതകൾ:

ഇന്ധനക്ഷമത കൂടിയ വിറകടുപ്പുകൾ വ്യാപകമായി പ്രചരിപ്പിക്കേണ്ടതുണ്ട്. അതിനായി പഞ്ചായത്തുതലത്തിൽ ഏജൻസികൾ സ്ഥാപിക്കണം കച്ചിപ്പെട്ടി, പ്രഷർ കുക്കർ എന്നിവയുടെ ഉപയോഗം വ്യാപകമായി പ്രചരിപ്പിക്കണം. പഞ്ചായത്തിൽ സാമൂഹ്യ വനവൽക്കരണത്തിനുള്ള പ്രദേശങ്ങൾ കുറവാണെങ്കിലും പഞ്ചായത്തിലൂടെ കടന്നുപോകുന്ന കനാലിന്റെ ഇരുവശങ്ങളിലും വീടുപറമ്പുകളിലെ ഒഴിവുള്ള സ്ഥലങ്ങളിലൊക്കെ വ്യാപകമായി മാവ്, കശുമാവ് തുടങ്ങിയവയും വേഗത്തിൽ കൂടുതൽ വിറക് തരുന്നതും കൂടെ ഫലങ്ങൾ തരുന്നതുമായ വൃക്ഷങ്ങൾ നട്ടു പിടിപ്പിക്കണം. അതിനുവേണ്ട പദ്ധതികൾ പഞ്ചായത്തുതലത്തിൽ ഉണ്ടാവണം.

വൈദ്യുതി സാധ്യതകൾ: കണ്ണൂരിലെ പ്രധാനപ്പെട്ടതും ഉത്തരമലബാറിലെ ആദ്യത്തേതുമായ 220 കെ.വി വൈദ്യുത ട്രാൻസ്മിഷൻ കേന്ദ്രത്തിന്റെ പണി മുണ്ടേരി പഞ്ചായത്തിൽ നടന്നുവരികയാണ്. ഈ കേന്ദ്രത്തിന് 350 എം



നിർമ്മാണത്തിലിരിക്കുന്ന കാഞ്ഞിരോട് 220 കെ.വി സബ്സ്റ്റേഷൻ

പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ: വളരെ വിരളമായി മാത്രമെ മുണ്ടേരി പഞ്ചായത്തിൽ പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകൾ മുഖേന ഊർജ്ജോല്പാദനം നടക്കുന്നുള്ളൂ. വിരലിലെണ്ണാവുന്ന ബയോഗ്യാസ് പ്ലാന്റുകൾമാത്രമാണ് ഇന്നുള്ളത്. സൂര്യപ്രകാശത്തിൽനിന്നോ, കാറ്റിൽനിന്നോ ഊർജ്ജോത്പാദനം നട

വി എ പവർ കൈകാര്യം ചെയ്യാൻ ശേഷിയുണ്ട്. തദ്ദേശീയ വിതരണത്തിനായി രണ്ട് 10 എം.വി. എ ശേഷിയുള്ള ട്രാൻസ്ഫോർമറുകളും 6 11 കെ.വി ഫീഡറുകളും ഈ സബ്സ്റ്റേഷൻ പ്രവർത്തന ക്ഷമമാകുമ്പോൾ ലഭിക്കും.

കൂടാതെ ജനകീയാസൂത്രണത്തിന്റെ ഫലമായി

കാർഷിക മേഖലയിലും മൃഗസംരക്ഷണ മേഖലയിലും വരുന്ന മാറ്റത്തിന്റെ ഫലമായി വീടുകളിൽ വ്യാപകമായി പശുക്കളെ വളർത്തുകയും അവയുടെ ചാണകം ഉപയോഗിച്ചുകൊണ്ട് ഒറ്റക്കും കൂട്ടായും ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കാൻ കഴിഞ്ഞാൽ പാചകാവശ്യത്തിനുള്ള ഇന്ധനം സുലഭമാക്കാൻ കഴിയും. മൂണ്ടേരി പഞ്ചാത്തിൽ 3672 ഗാർഹീക കണക്ഷനും 360 കച്ചവട സ്ഥാപനങ്ങൾക്കുള്ള കണക്ഷനും 94 വ്യാവസായീക കണക്ഷനും വൈദ്യുതി മേഖലയിൽ നിലവിലുണ്ട്. ഈ പഞ്ചായത്തിൽ 1422 വീടുകൾ ഇനി വൈദ്യുതീകരിക്കാനുണ്ട്. അത് 27.61 % വരും. ഇതിൽ ഭൂരിഭാഗവും കണക്ഷന് അപേക്ഷ നൽകി കാത്തിരിക്കുന്നവരാണ്. 15-10-1991 വരെയുള്ള അപേക്ഷകർക്കാണ് ഇതുവരെ കണക്ഷൻ നൽകിയിട്ടുള്ളത്. പഞ്ചായത്തിലെ 95% ജനവാസപ്രദേശങ്ങളിലും വ്യാപകമായി റോഡുകളും പൊതുവഴികളും ഉണ്ടെങ്കിലും കേവലം 273 സ്ട്രീറ്റ് ലൈറ്റുകൾ മാത്രമാണ് നിലവിലുള്ളത്. ഇതിൽ 263 ബൾബുകളും 5 റ്റ്യൂബുകളുമാണ്. ഇതിനായി പഞ്ചായത്ത് പ്രതിമാസം 3083 രൂപ വൈദ്യുതിബോർഡിന് അടക്കുന്നുണ്ടെങ്കിലും മിക്കവാറും സ്ട്രീറ്റ്ലൈറ്റുകൾ നശിപ്പിക്കപ്പെടുകയോ കത്താതിരിക്കുകയോ ചെയ്യുന്ന സ്ഥിതിയാണ്. അതുപോലെതന്നെ പ്രകാശം അത്യാവശ്യമായ സമയങ്ങളിൽ സ്ട്രീറ്റ് ലൈറ്റുകൾ മിക്കവയും വേണ്ടത്ര പ്രകാശം പരത്തുന്നില്ല. അതിനാൽ ജനവാസ പ്രദേശങ്ങളിൽ കൂടുതൽ ജനങ്ങൾ ഉപോയഗിക്കുന്ന റോഡുകളിലും വഴികളിലും പഞ്ചായത്തിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനും അവ സുരക്ഷിതമായി നിലനിർത്തുന്നതിനാവശ്യമായ കാര്യങ്ങൾ ചെയ്യേണ്ടതുമാണ്. വോൾട്ടേജ് കുറയുന്ന സമയങ്ങളിലും കൂടുതൽ പ്രകാശം ലഭിക്കുന്നതിന് ഇന്ധനക്ഷമത കൂടിയ വിളക്കുകൾ സ്ഥാപിക്കണം. പഞ്ചായത്തിലെ ഹരിജൻ കോളനികൾ വൈദ്യുതീകരിച്ചതാണ് എങ്കിലും കണക്ഷൻ ലഭിക്കാൻ ബാക്കിയുള്ളവർ അവിടങ്ങളിലുണ്ട. കോളനിപ്രദേശത്ത് സൗരോർജ്ജപാനലുകൾ സ്ഥാപിച്ച് സ്ട്രീറ്റലൈറ്റിനും വെള്ളം പമ്പുചെയ്യാനും അടുത്ത വീടുകളിൽ മറ്റാവശ്യങ്ങൾക്കും ഊർജ്ജം ഉൽപാദിപ്പിക്കാൻ കഴിയണം. തൻവർഷം പഞ്ചായത്തുപരിധിയിൽ സാധാരണ കണക്ഷൻ 18 എണ്ണവും, ഒ.ടി.പി. കണക്ഷൻ മൂന്നും ഒ.വൈ.സി. കണക്ഷൻ 37 ഉം കാർഷീക കണക്ഷൻ 4 ഉം വ്യാവസായിക കണക്ഷൻ 2 ഉം മാത്രമാണ് കൊടുത്തിട്ടുള്ളത്. പഞ്ചായത്തിലെ നിർദ്ധനരായ കുടംബങ്ങൾക്ക് ഇതുവരെ കുടീർ ജ്യോതി പദ്ധതിപ്രകാരം 28 കണക്ഷനുകൾ അനുവദിച്ചിട്ടുണ്ട്. മുണ്ടേരി വില്ലേജിൽ 10 ഉം കാഞ്ഞിരോട് വില്ലേജിൽ 6 ഉം ആണ്. കാര്യക്ഷമമായവൈദ്യുതി വിതരണത്തിന് സമഗ്രമായ ഊർജ്ജാസൂത്രണത്തിനും വിതരണ മേഖലിയലെ ന്യൂനതകൾ പരിഹരിക്കേണ്ടതാവശ്യമാണ്. ലൈനിൽ തട്ടുന്ന വൃക്ഷശിഖരങ്ങൾ കാലാകാലങ്ങളിൽ മുറിച്ചുമാറ്റുന്നതിനും അത്യാവശ്യമുള്ള മേഖലകളിൽ ആവശ്യത്തിന് മാത്രമുള്ള വൈദ്യുതി ഉപയോഗക്രമവും വോൾട്ടേജ് കുറഞ്ഞ സമയങ്ങലിൽ തുല്ല്യമായ വൈദ്യുതി വിതരണം തടസ്സപ്പെടുന്ന വിധത്തിൽ സ്റ്റെപ്പ് അപ്പുകളും ട്രാൻസ്ഫോർമറുകളും മറ്റും വ്യാപകമായി ഉപയോഗിക്കുന്നത് നിരുത്സാഹപ്പെടുത്തേണ്ടതിലേക്കും നടപടികൾ ആവശ്യമാണ്. അതിലുപരിയായി വൈദ്യുതി വിതരണത്തിനും പാരമ്പര്യേതര ഊർജ്ജ ഉപഭോഗം പ്രോത്സാഹിപ്പിക്കേണ്ടതിലേക്കും ഒരു പഞ്ചായത്തുതല മനേജ്മെന്റ് നിലവിൽ വരണം.ഊർജ്ജ മേഖലയുമായി ബന്ധപ്പെട്ട് മുണ്ടേരി പഞ്ചായത്തിലെ പന്ത്രണ്ട് ഗ്രാമസഭയിൽ നിന്ന് ഉയർന്നുവന്ന ആവശ്യങ്ങൾ താഴെപറയും പ്രകാരമാണ്.

1. സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കേണ്ട സ്ഥലങ്ങൾ.

കാനച്ചേരി ലക്ഷം വീട് കോളനി - എച്ചൂർ ഹരിജൻ കോളനി റോഡ്, കാനച്ചേരി ചാപ്പ- അംബേദ്കർ കോളനി റോഡ്, (സിദ്ദീഖ് പള്ളി റോഡ്) കാനച്ചേരി ചാപ് - വരയിൽ ചിറ റോഡ്, ഇടയിൽ പീടിക - കാനച്ചേരി മദ്രസ്സ റോഡ്, നുച്ചിലോട്ട് കാവ് - കാനച്ചേരി റോഡ്, എച്ചൂർ കോട്ടം- കനാൽ റോഡ്, ആറ്റുതറ - മൂണ്ടേരിവയൽ റോഡ്, കോട്ടം റോഡ് - പാക്കൂർ വയൽ റോഡ്, എൻ.കെ. ബാലൻ പീടിക - പാക്കൂർ വയൽ റോഡ് - ജയൻ പീടിക, പാക്കൂർ കനാൽ റോഡ്, കൊട്ടാനിച്ചേരി അംഗൻവാടി റോഡ്, കാനിക്കോട് മൂല കനാൽ റോഡ് - കമാൽ പീടിക, എച്ചൂർ വെസ്റ്റ് യു.പി.സ്കൂൾ റോഡ്, കുടുക്കിമൊട്ട വയനശാല മുതൽ കനിക്കോട് വയൽ വരെയും വീനസ് ഗ്രൗണ്ട് മുതൽ കനിക്കാട്ട് വയൽ വരെയുമുള്ള റോഡുകളിൽ സ കുടുക്കിമൊട്ട കള്ളുഷാപ്പ് പാട്ടേത്ത് മൂല് റോഡ്- കയിപ്പക്കയീ മൊട്ട- മുണ്ടേരി പുഴ റോഡ്, കയിപ്പക്കയി മൊട്ട- മുണ്ടേരി കോളനി റോഡ്,. മുണ്ടേരി കോളനി റോഡ്, മുണ്ടേരി ക്ഷേത്രം റോഡ്, ഇരുവങ്കെ റോഡ്, മീൻകടവ് റോഡ്, ചാളപ്പൊയിൽ റോഡ്, ജയൻപീടിക- കരിമ്പുങ്കര റോഡ്, മുണ്ടേരി ആശുപത്രി റോഡ്, മുണ്ടേരിമൊട്ട - കടവ് റോഡ്, പടന്നോട്ട് മൊട്ട സ്കൂൾ റോഡ്, പാറയിൽ മഠപ്പുരറോഡ്, മായൻമുക്ക് പുറവൂർ റോഡ്, അയ്യപ്പൻമല റോഡ്, എച്ചൂർ ഇലക്ട്രിക് ഓഫീസ്- ശങ്കവിലാസം സ്കൂൾ റോഡ്, ഹാജിമൊട്ട- അയ്യപ്പൻ മല റോഡ്, അയ്യപ്പൻമല റേഷൻ ഷാപ്പ് റോഡ്, മാച്ചേരി അയ്യപ്പൻമല റോഡ്, കാഞ്ഞിരോട് തെരു- തലമുണ്ട കനാൽറോഡ്, കുടുക്കിമൊട്ട തെരു റോഡ്, കാഞ്ഞിരോട് ബസാർ, ചുഉറോഡ്, അയ്യപ്പൻമല, പുലിദൈവംകാവ് റോഡ്, ചിതൈക്കുളം റോഡ്, തലമുണ്ട വായനശാല എൽ.പി. സ്കൂൾ റോഡ്,മുണ്ടേരി ഗവ: ഹൈസ്കൂൾ കാരക്കാട് ബസാർ - ചാളക്കണ്ടി റോഡ്- പാരച്ചികോളനി ചക്കാടത്ത് വയൽ റോഡ്, ചുളകോളത്തുവയൽ റോഡ്, തലമുണ്ട ക്ഷേത്രം, മുള്ളൻമൊട്ട റോഡ്, യു.കെ.മുകുന്ദൻ പീടിക ഈസഹാജി - ശാന്ത്പുരം റോഡ്, കുടുക്കിമൊട്ട പഞ്ചായത്ത് ഓഫീസ്, കനാൽ റോഡ്, തലമുണ്ട താറ്റ്യോട് - കനാൽ റോഡ്, കനിക്കാടുവയൽ, പാക്കൂർ വയൽ കനാൽ, കരക്കാട്ട ബസാർ റോഡ്, വട്ടപ്പൊയിൽ- കൊല്ലൻചിറ റോഡ്, കമാൽ പീടിക- പന്ന്യോട്ട് കനാൽ റോഡ്, കാനച്ചേരി ചാപ്പ - കൊല്ലൻചിറ റോഡ്, സാറാന്റവിടെ- പാച്ചിക്കന്റവിട- പറമ്പിലൽ ഇടവഴി.

2. പാറയിൽ മറപ്പുരഭാഗത്ത് ഇനിയും വൈദ്യുതി എത്തിയിട്ടില്ലാത്ത 20 വീടുകൾക്ക് ലൈൻവലിച്ച് കണക്ഷൻ നൽകുക. നിലവിലുള്ള ട്രാൻസ്ഫോർമറുകൾ മേപ്പ് നോക്കുക.

3. ഓവർലോഡും വോൾട്ടേജ് ക്ഷാമവും അനുഭവിക്കുന്ന താഴെപറയുന്ന സ്ഥലങ്ങളിൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക.

1. എൻ.കെ. ബാലൻപീടികക്ക് സമീപം
2. കൊല്ലൻചിറ
3. ഏച്ചൂർ വെസ്റ്റ് യു.പി. സ്കൂളിന് സമീപം
4. ഏച്ചൂർ കട്ടൻകവർ
5. അയ്യപ്പൻമല
6. കാഞ്ഞിരോട് തെരു
7. തലമുണ്ട
8. കരിമ്പുകര (പുറവൂർ)
9. പാരിച്ചിന്റവിടെ (പുറവൂർ)
10. കോയ്യോട്ടുപാലം
11. മുണ്ടേരി വയൽക്കര
12. കച്ചേരി പറമ്പ്
13. ഇടയിൽ പീടികക്ക് സമീപം
14. കാഞ്ഞിരോട് ടൗൺ

4 കുടുക്കിമൊട്ട, മുണ്ടേരിമൊട്, കാനച്ചേരി ചാപ്പ, ഇടയിൽ പീടിക, ഏച്ചൂർ ബസാർ, കമാൽ പീടിക, തലമുണ്ട- കാഞ്ഞിരോട്ബസാർ, കാരക്കാട് ബസാർ, പുറവൂർ, മായൻ മുക്ക് എന്നിവിടങ്ങളിൽ മെർക്കുറി വിളക്കുകൾ സ്ഥാപിക്കുക.

5. പുകയില്ലാത്ത ഇന്ധനക്ഷമത കൂടിയ അടുപ്പുകളും ഇന്ധനക്ഷമത കൂടിയ പാചക പ്രകാശ ഉപകരണങ്ങളും പ്രചരിപ്പിക്കാൻ പഞ്ചായത്തുതലത്തിൽ ഏജൻസി നടത്തുകയും ചെയ്യുക.

6. മണ്ണെണ്ണ പെർമിറ്റ സാർവത്രീകമാക്കാൻ നടപടി എടുക്കുക.

7. പഞ്ചായത്തിൽ എൽ.പി.ജി. ഗ്യാസ് ഏജൻസി ആരംഭിക്കുവാൻ നടപടിയെടുക്കുക.

8. മുണ്ടേരി കോളനിയിലേയും കുടുക്കിമൊട്ട- തെരുവ് റോഡിലേയും പഴകിയ പോസ്റ്റുകൾ മാറ്റുക.

പരിഹാര മാർഗ്ഗങ്ങൾ/സാധ്യതകൾ

1. വൈദ്യുതി വിതരണച്ചുമതല ഗ്രാമ പഞ്ചായത്തുകളെ ഏൽപ്പിക്കുക.

2. ചെറുകിട വൈദ്യുത ഡീസൽ പദ്ധതികൾ സ്ഥാപിക്കുന്നതിന് സഹകരണസംഘങ്ങൾ മുന്നിട്ടിറങ്ങണം. ഇത്തരം പദ്ധതികൾ ഏറ്റെടുക്കുന്ന സംഘങ്ങൾക്ക് ആവശ്യമായ സഹായം സഹകരണവകുപ്പും ത്രിതല പഞ്ചായത്തും ചെയ്തുകൊടുക്കണം.

3. ദക്ഷത കൂടിയ വൈദ്യുതവിളക്ക് സബ്സിഡി നിരക്കിൽ നൽകുക.

4. ദക്ഷത കൂടിയ അടുപ്പ് പ്രചരിപ്പിക്കുന്നതിന് പരിപാടി ആസൂത്രണം ചെയ്യുക.

5. ബയോഗ്യാസ് പ്ലാന്റ് വ്യാപകമാക്കുക.

6. വൈദ്യുത തെരുവ് വിളക്കുകൾ ജനങ്ങളുടെ സഹകരണത്താൽ സ്ഥാപിക്കുക.

7. വീടുകളിലെ അനിയന്ത്രിത വൈദ്യുതി ഉപഭോഗത്തിന് അധിക ചാർജ് ഈടാക്കുക.

8. വൈദ്യുത മീറ്ററുകൾ കാര്യക്ഷമമാക്കുക.

പട്ടിക -3

### കഴിഞ്ഞവർഷം കൊടുത്ത വൈദ്യുത കണക്ഷനുകൾ

| ഇനം | എണ്ണം |
|---|---|
| സാധാരണ കണക്ഷൻ | 18 |
| ഒ.ടി.പി. 3 | |
| ഒ.വൈ.സി | 37 |
| കാർഷികം | 4 |
| വ്യവസായം | 2 |
| ആകെ 64 | |

ഇന്ധന ക്ഷമത കൂടിയ അടുപ്പുകൾ പ്രചരിപ്പിക്കുക. ചെറുകിട ഡീസൽ പ്ലാന്റുകൾ സ്ഥാപിക്കുക. സമഗ്രമായ ഊർജ്ജാസൂത്രണത്തിലൂടെ ഇന്ധനോപയോഗം കുറക്കുക. ഇതൊക്കെ കാര്യക്ഷമതയോടെ ശ്രദ്ധിച്ചാൽ നാം അനുഭവിച്ചുകൊണ്ടിരിക്കുന്ന ഊർജ്ജ പ്രതിസന്ധിക്ക് ഒരു പരിധിവരെ പരിഹാരം കണ്ടെത്തുവാൻ സാധിക്കും. സമൂഹത്തന്റെ പുരോഗതിക്കും ജനസാന്ദ്രത കൂടുന്നതിനും ഊർജ്ജാവശ്യങ്ങൾ കൂടിവരുന്ന്തിനനുസരിച്ച് പരമാവധി ഊർജ്ജോൽപാദനത്തിൽ ശ്രദ്ധിക്കുകയും വേണം.

അന്ധകാരത്തെ ശപിക്കുന്നതിനേക്കാൾ നല്ലത്
ഒരു മെഴുകുതിരി കത്തിക്കുകയാണ്.

# മുണ്ടേരി പഞ്ചായത്ത് ഭൂപടം

## (വൈദ്യുത ഓഫീസുകൾ ട്രാൻസ്ഫോർമറുകൾ)




A. ഏച്ചൂർ 100 കെ.വി.എ.
B. ഇലക്ട്രിക്ക് ഓഫീസ് 250 കെ.വി.എ.
C. നുച്ചിലോട്ട് 100 കെ.വി.എ.
D. കമാൽ പീടിക 100 കെ.വി.എ.
E. കുടുക്കി മൊട്ട് 160 കെ.വി.എ.
F. മായൻമുക്ക് 100 കെ.വി.എ.
G. തലമുണ്ട 100 കെ.വി.എ.
H. കോട്ടം റോഡ് 160 കെ.വി.എ.
I. മുണ്ടേരി മൊട്ട 160 കെ.വി.എ.
J. കൈപ്പക്കയിൽമൊട്ട 100 കെ.വി.എ.
K. കാനച്ചേരി 160 കെ.വി.എ.
L. കാഞ്ഞിരോട് 220 കെ.വി സബ്സ്റ്റേഷൻ
M. ഏച്ചൂർ കെ.എസ്.ഇ.ബി. ഓഫീസ്.



# പാർപ്പിടവും സാമൂഹ്യക്ഷേമവും

വിദ്യാഭാസ, സാമൂഹ്യ, സാംസ്കാരിക രംഗത്ത് മുൻപന്തിയിൽ നിൽക്കുന്ന ഈ പഞ്ചായത്ത് മുണ്ടേരി, കാഞ്ഞിരോട് എന്നീ രണ്ട് വില്ലേജുകൾ ചേർന്നതാണ്.

സമ്പന്നരും സാധാരണക്കാരായ കൂലിവേലക്കാരും ഇടകലർന്ന് ജീവിച്ചുവരുന്ന ഈ പഞ്ചായത്തിൽ ഗൾഫ് പണത്തിന്റെ സ്വാധീനം നിർണ്ണായക ഘടകമാണ്.

കൂലിപ്പണിയെടുത്ത്. ഉപജീവനം നടത്തുന്നവരാണ് പഞ്ചായത്തിൽ കൂടുതലും ഉള്ളത്. അതുകൊണ്ടുതന്നെ ഇടത്തരം വീടുകളാണ് പഞ്ചായത്തിൽ കൂടുതലായും ഉള്ളത്. എന്നാൽ ഗൾഫ് മേഖലകളിൽ കൂടുതലായും കോൺക്രീറ്റ് സൗധങ്ങളും ഉണ്ട്. പഞ്ചായത്തിലെ പട്ടികജാതി/പട്ടികവർഗ്ഗത്തിൽ പെട്ട മിക്ക കുടുംബങ്ങൾക്കും വിവിധ പദ്ധതികളിലായി വീടുകൾ അനുവദിച്ചു കിട്ടിയിട്ടുണ്ട്.

പഞ്ചായത്തിൽ ആകെ 4994 വീടുകളാണ് ഉള്ളത്. അതിൽ 1000 വീടുകൾ ഭേദപ്പെട്ടതും 3637 വീടുകൾ ഇടത്തരവും ബാക്കി 357 വീടുകൾ കുടിലുകളോ ഓലമേഞ്ഞതോ ആണ്.

1990 മുതൽ ഈ കാലയളവ് വരെ പഞ്ചായത്തിൽ കൂടുതലായും നിർമ്മിച്ചിട്ടുള്ളത് കോൺക്രീറ്റ് വീടുകളാണ്. കോൺക്രീറ്റ് വീടുകളുടെ നിർമ്മാണം ഒരു ഫേഷനായി മാറിക്കൊണ്ടിരിക്കുന്നതായി കാണുന്നു. മരത്തിന്റെ ദൗർലഭ്യവും ഇതിന് ഒരു കാരണമാണ്.

വയൽ നികത്തി വീട് എടുക്കുന്ന പ്രവണതയും അങ്ങിങ്ങായി കാണാനുണ്ട്. കാർഷിക മേഖലയെ തളർത്തുന്ന ഇത്തരം പ്രവർത്തനങ്ങൾ മുളയിലേതന്നെ നുക്കാൻ വേണ്ട നടപടികൾ ചെയ്യേണ്ടതാണ്.

ഭവന നിർമ്മാണ രംഗത്ത് പ്രവർത്തിക്കുന്ന സൊസൈറ്റികളോ ബേങ്കുകളോ പഞ്ചായത്തിൽ ഇല്ലാത്തത് സാധാരണക്കാരനെ വളരെയധികം വിഷമിപ്പിക്കുന്നുണ്ട്. ഇതിൽ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

സാധാരണക്കാരന് ഉദാരമായ രീതിയിൽ ഭവന നിർമ്മാണ വായ്പകൾ ലഭിക്കാനുള്ള സഹകരണ സംഘങ്ങൾ രൂപീകരിക്കുകയും താഴെ കാണിച്ച രീതിയിൽ വായ്പകൾ അനുവദിക്കുകയും ചെയ്യുന്നത് പരിഗണിക്കാവുന്നതാണ്.

## സാധ്യതകൾ

1. നിർമ്മിക്കുന്ന വീടും സ്ഥലവും ഈടായി സ്വീകരിച്ച് വായ്പ ലഭ്യമാക്കാൻ നടപടിയെടുക്കുക.

2. പലിശ നിരക്ക് വരുമാന പരിധി നിർണ്ണയിച്ച് 12% ആക്കി നിജപ്പെടുത്തുക.

3. പ്ലോട്ട് അടിസ്ഥാനത്തിൽ തവണ വ്യവസ്ഥയോടുകൂടി വീട് നിർമ്മിച്ച് നൽകുക.

ഈ പഞ്ചായത്തിൽ 750 കുടുംബങ്ങൾക്ക് സ്വന്തമായി വീടില്ലാത്തവരാണെന്ന് കണ്ടെത്തിയിട്ടുണ്ട്. സർക്കാർ ഏജൻസികൾ മുഖേന പഞ്ചായത്തിൽ ലഭ്യമായ വീടുകളുടെ എണ്ണം വളരെ പരിമിതമാണ്.

സർക്കാർ ഭവനനിർമ്മാണ ബോർഡ് വഴി ദുർബ്ബല ഇടത്തര വിഭാഗക്കാർക്ക് നടപ്പാക്കിക്കൊണ്ടിരിക്കുന്ന ഭവന വായ്പ ദുർബല വിഭാഗക്കാർക്ക് മാത്രമായും അതും തന്നെ വളരെ കുറച്ച് പേർക്കുമാണ് ലഭിക്കുന്നത്.

ജനകീയാവശ്യങ്ങളിൽ ഏറ്റവും വലിയ പ്രശ്നമായ പാർപ്പിട പ്രശ്നം അടിയന്തിര പ്രാധാന്യത്തോടെ പരിഹരിക്കപ്പെടേണ്ടതും അതുവഴി നാടിന്റെ പ്രത്യുൽപാദനരംഗങ്ങളിൽ എല്ലാ ജനവിഭാഗങ്ങളെയും സജീവമാക്കാനും നമുക്ക് കഴിയേണ്ടിയിരിക്കുന്നുത്.

പഞ്ചായത്തിൽ വിവിധ പദ്ധതികൾ പ്രകാരം നിർമ്മിച്ച വീടുകളുടെ വിവര പട്ടിക താഴെ കൊടുക്കുന്നു.

| വർഷം | RLEGP | NREP | IAY | MWS | JRY | ആകെ |
|---|---|---|---|---|---|---|
| 1985–86 | 20 | – | – | – | – | 20 |
| 86–87 | – | 14 | – | – | – | 14 |
| 87–88 | – | 10 | – | – | – | 10 |
| 88–89 | 14 | 7 | – | – | – | 21 |
| 89–90 | – | 1 | 2 | 2 | – | 5 |
| 90–91 | – | – | – | 10 | 1 | 11 |
| 91–92 | – | – | – | – | 4 | 4 |
| 92–93 | – | – | – | – | 7 | 7 |
| 93–94 | – | – | – | – | 7 | 7 |
| 94–95 | – | – | 4 | – | – | 4 |
| 95–96 | – | – | 9 | – | – | 9 |
| ആകെ | 34 | 32 | 15 | 12 | 21 | 114 |

വിവിധ പദ്ധതികൾ പ്രകാരം നമ്മുടെ പഞ്ചായത്തിൽ ദുർബല വിഭാഗങ്ങൾക്ക് ലഭ്യമായ വീടുകൾ 1985–86 മുതൽ 95–96 വരെ 114 എണ്ണമാണെന്ന് കണക്കുകൾ കാണിക്കുന്നു. ഭവന നിർമ്മാണ ബോർഡ്, സൊസൈറ്റി എന്നിവ മുഖേനെ ദുർബല വിഭാഗങ്ങൾക്ക് നൽകുന്ന സഹായങ്ങളും വായ്പകളും വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു. ഭവന നിർമ്മാണ സാമഗ്രികളുടെ അമിതമായ വിലക്കയറ്റം, കൂലി നിരക്കിലെ ക്രമാതീതമായ വർദ്ധനവ് എന്നിവ നിമിത്തം പാവപ്പെട്ടവന്റെ സ്വന്തമായൊരു വീട് എന്ന സ്വപ്നം ആഗ്രഹമായി തന്നെ അവശേഷിക്കവെ കിട്ടിയ ആനുകൂല്യങ്ങൾ കൊണ്ടുതന്നെ വീട് പൂർത്തിയാക്കാനും കഴിയാത്ത അവസ്ഥയും ഉണ്ട്.

1972–73 വർഷങ്ങളിൽ വിദഗ്ധ തൊഴിലാളികൾക്ക് 25 രൂപയും അവിദഗ്ധ തൊഴിലാളിക്ക് 10–12 രൂപയായിരുന്നു കൂലി നിരക്ക്. അത് 92–93 വർഷങ്ങളിൽ യഥാക്രമം 80–90 രൂപയും 65 –75 രൂപയുമായും 95–96 കാലയളവിൽ വിദഗ്ധ തൊഴിലാളികൾ 110 മുതൽ 140 വരെയും വർദ്ധിച്ചു. സ്ത്രീ തൊഴിലാളിൽ പഞ്ചായത്തിൽ വിദഗ്ധ തൊഴിലാളികൾ കിറവാണ്. . പുരുഷ തൊഴിലാളികളെക്കാൾ കുറവാണ് സ്ത്രീ തൊഴിലാളികളുടെ കൂലി നിരക്ക്. 95–96 ൽ 50 രൂപ മുതൽ 80 രൂപ വരെയാണ്.

കെട്ടിട നിർമ്മാണ സാമഗ്രികളായ സിമന്റിന് 87–88 കാലയളവിൽ 70 രൂപയുള്ളത് 95–96 വർഷങ്ങളിൽ 190 രൂപവരെ എത്തി നിൽക്കുന്നു. 87–88 കാലയളവിൽ കല്ലിന് (1000 എണ്ണത്തിന്) 1200 രൂപ ആയിരുന്നത് 94– ൽ 5000 രൂപയായും 96–ൽ 7200 രൂപയായും വർദ്ധിച്ചിരിക്കുന്നു. കല്ലിന്റെ ഗുണത്തിലും വലുപ്പത്തിലും കുറവ് ഉണ്ടായിക്കൊണ്ടിരിക്കുന്നു. 87–88 ൽ 1 കി.ഗ്രാം കമ്പിക്ക് 13 രൂപ ആയിരുന്നത് 96 ൽ 16.50 രൂപയിൽ എത്തി നിൽക്കുന്നതായി കാണാം. കോൺക്രീറ്റ് ചെയ്യുന്നതിൽ 1989–90 ൽ 4 രൂപ (സ്ക്വയർ ഫീറ്റിന്) ഉണ്ടായിരുന്നത് 1996 ൽ 9 രൂപയിൽ എത്തി നിൽക്കുന്നു. ഓടിന് 1000–ന് 5000 രൂപ ഉണ്ടായിരുന്നത് 96 ൽ 5500 രൂപയിൽ എത്തി നിൽക്കുന്നു.

കൂലി നിരക്കിലെയും അതിനേക്കാൾ വെല്ലുന്ന സാമഗ്രികളുടേയും വിലിക്കയറ്റം കാരണം വീടിന് സർക്കാർ നൽകുന്ന സഹായങ്ങളായ IAY, JRY, MWS എന്നീ പദ്ധതികളുടെ തുകയും വായ്പാ പദ്ധതികളായ രാജീവ് ദശലക്ഷം പാർപ്പിട പദ്ധതിയുടെ തുകയും വർദ്ധിപ്പിക്കേണ്ടതാണ്.

പഞ്ചായത്തിൽ ആകെ 4 ഹരിജൻ കോളനികൾ ഉണ്ട്. വീടു നിർമ്മാണത്തിന് സ്ഥല സൗകര്യമില്ലാത്തതു കാരണം ഒരേ വീട്ടിൽ തന്നെ ഒന്നിലധികം കുടുംബങ്ങൾ താമസിച്ചു വരുന്നുണ്ട്. ആയതിനാൽ സ്ഥലമേറ്റെടുത്ത് വിതരണം ചെയ്യുന്ന പദ്ധതികൾക്ക് രൂപം കൊടുക്കേണ്ടതുണ്ട്.

പഞ്ചായത്തിലെ കുടിലുകൾ മാറ്റിയെടക്കലും ഭവനരഹിതർക്ക് വീട് നിർമ്മിച്ച് നൽകാനും സർക്കാർ വിവിധ ഏജൻസികളിലൂടെ നൽകുന്ന ധനസഹായങ്ങളും വായ്പകളും കൊണ്ടു കാര്യമായ പ്രവർത്തനം നടത്താൻ കഴിയില്ലെന്നും അനുഭവം കൊണ്ട് നമുക്ക് അറിയാൻ കഴിയുന്നു. വാർഡ് തല

ത്തിൽ ബൃഹത്തായ പദ്ധതികൾ ഉണ്ടാക്കിയാലേ ഇവ മാറ്റിയെടുക്കുവാൻ കഴിയൂ. ഗുണഭോക്താക്കളുടേയും സന്നദ്ധ സംഘടനകളുടേയും സംയുക്തമായ പ്രവർത്തനം കൊണ്ട് സർക്കാർ ഫണ്ടിന് പുറമെ അദ്ധ്വാനം സംഭാവന എന്നിവ സ്വരൂപിച്ച് ഇതിന് പരിഹാരം കാണാവുന്നതാണ്.

പാർപ്പിട രംഗത്തെ രൂക്ഷമായ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ താഴെ പറയുന്ന മാർഗ്ഗങ്ങൾ സ്വീകരിക്കാവുന്നതാണ്.

1. പഞ്ചായത്ത് തലത്തിൽ ഭവന നിർമ്മാണ സൊസൈറ്റികൾ രൂപീകരിക്കുക. ഏഞ്ചിനീയർ മുതൽ തൊഴിലാളികൾ വരെയുള്ളവരെ സൊസൈറ്റിയിലൂടെ സപ്ലൈ ചയ്യുക. സർക്കാർ പദ്ധതികൾ ജനങ്ങളിലേക്കെത്തിക്കുന്ന ഏജൻസിയായും ഈ സൊസൈറ്റിക്ക് പ്രവർത്തിക്കാവുന്നതാണ്.

2. കെട്ടിട നിർമ്മാണ സാമഗ്രികൾ ഉൽപാദിപ്പിക്കുന്നതിനും വിതരണം ചെയ്യുന്നതിനും സംവിധാനമേർപ്പെടുത്തുക.

3. നിർമ്മാണച്ചിലവ് 2 ലക്ഷത്തിനും മുകളിൽ വരുന്ന വീടുകൾക്ക് പരിധി ഏർപ്പെടുത്തുക

4. റജിസ്റ്ററാഫീസലെ അമിതമായ ഫീസ് ഇല്ലാതാക്കുക

5. വായ്പക്കും ധനസഹായത്തിനുമുള്ള കാല താമസം ഒഴിവാക്കുക.

6. സർക്കാർ ലഭ്യമാക്കുന്ന ഭവന നിർമ്മാണ വായ്പകളുടേയും ധനസഹായങ്ങളുടേയും സംഖ്യ വർദ്ധിപ്പിക്കുക.

7. ചിലവ് കുറഞ്ഞ വീടുകൾക്ക് പ്രചാരം നൽകുക.

8. IAY, MWS, JRY എന്നീ പദ്ധതികളിൽ വീടുകൾക്ക് അനുവദിക്കുന്ന തുക 35000 രൂപയായി വർദ്ധിപ്പിക്കുക. രാജീവ് ദശലക്ഷം വീട് പദ്ധതി തുക 26400 ക. യിൽ നിന്നും 50000 ക. യായി ഉയർത്തുക. പ്രകൃതി ക്ഷോഭ പുനരധിവാസ പദ്ധതി 15000 ക. യിൽ നിന്ന് 25000 ക. യായി ഉയർത്തുക.

ഭവനരഹിതരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ചിലവ് കുറഞ്ഞ വീടുകൾ നിർമ്മിക്കുന്നതിന് നിർമ്മിതി കേന്ദ്രം തുടങ്ങിയ ഏജൻസികളെ ഉപയോഗപ്പെടുത്താവുന്നതാണ്. ഭൂമി സംബന്ധമായ പ്രശ്നങ്ങൾ ഉണ്ടെങ്കിൽ, ലഭ്യത കുറവാണെങ്കിൽ ഫ്ളാറ്റ് സിസ്റ്റം ഏർപ്പെടുത്താവുന്നതാണ്. വളരെ മുമ്പ് സർക്കർ പദ്ധതികൾ പ്രകാരം വീട് അനുവദിച്ച കുടുംബങ്ങളുടെ (പ്രത്യേകിച്ച് പട്ടികജാതിയിൽ പെട്ടവരുടെ) നാശോന്മുഖമായിട്ടുണ്ട്. അത്തരക്കാർക്ക് വീട് നന്നാക്കാനുള്ളതോ പുതുക്കിപ്പണിയാനുള്ളതോ ആയ് സഹായങ്ങൾ ലഭ്യമാക്കേണ്ടതായിട്ടുണ്ട്.

5 വർഷം കൊണ്ട് നമ്മുടെ പഞ്ചായത്തിലെ പാർപ്പിട പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് നമുക്ക് കൂട്ടയ്മയോടു കൂടിയുള്ള പ്രവർത്തനം കൊണ്ട് സാധിക്കും എന്ന കാര്യത്തിൽ സംശയമില്ല.

# സാമൂഹ്യക്ഷേമം

സാമൂഹ്യ ക്ഷേമരംഗത്ത് ദാരിദ്ര്യ രേഖയ്ക്ക് താഴെ ഉദ്ദേശിച്ചുകൊണ്ടുള്ള ദാരിദ്ര്യ നിർമാർജ്ജന പദ്ധതികളും സംഘടിത –അസംഘടിത തൊഴിലാളികളുടെ ക്ഷേമത്തിനായുള്ള ക്ഷേമ പദ്ധതികളും വിവിധ പെൻഷൻ പദ്ധതികളുമാണ് കാര്യമായി നിലവിലുള്ളത്.

പൂർണ്ണമായും കേന്ദ്ര –സംസ്ഥാന ഗവൺമെന്റുകൾ ചിലവ് വഹിച്ചുവരുന്ന ദാരിദ്ര്യ നിർമാർജ്ജന പദ്ധതികൾ, പെൻഷൻ പദ്ധതികൾ, തൊഴിലാളി –തൊഴിലുടമ സഹകരണത്തോടെ നടപ്പാക്കുന്ന (ക്ഷേമനിധി ബോർഡുകൾ വഴി) പദ്ധതികൾ എന്നിങ്ങനെ ഇവയെ തരംതിരിക്കാം. ഇതിനു പുറമെ പട്ടിക ജാതി വികസന കോപ്പറേഷൻ, വനിതാ വികസന കോപ്പറേഷൻ എന്നിവ മുഖേന നടപ്പാക്കുന്ന പദ്ധതികളും നിലവിലുണ്ട്.

മേൽകാണിച്ച പദ്ധതികളിൽ ദാരിദ്ര്യ നിർമാർജ്ജന പദ്ധതികൾ മുഖേനയുള്ള സഹായങ്ങളാണ് ചെറിയ തോതിലെങ്കിലും പഞ്ചായത്തിലെ ജനങ്ങൾക്ക് ലഭ്യമാകുന്നതെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. നാമ മാത്രമായ മറ്റ് പദ്ധതികളും ജനങ്ങൾ ഉപയോഗപ്പെടുത്തുന്നതായി കാണാം.

ഇതൊക്കെയാണെങ്കിലും പദ്ധതിയെ കുറിച്ചുള്ള അറിവില്ലായ്മ, അറിവുണ്ടായാലും ഏറ്റെടുത്ത് നടത്താനുള്ള വിമുഖത, ബോധവൽകരണത്തിന്റെ കുറവ്, ആവശ്യത്തിനും യഥാസമയത്തിനും കിട്ടാത്ത പ്രശ്നം, ഉപയോഗപ്പെടുത്തുമ്പോൾ ഉണ്ടാക്കുന്ന പ്രശ്നങ്ങൾ, മാർക്കറ്റിംഗ് പ്രശ്നങ്ങൾ എന്നിവ പരിഹരിക്കേണ്ടതായിട്ടുണ്ട്.

ക്ഷേമ നിധി ബോർഡുകൾ വഴി നടപ്പാക്കുന്ന പദ്ധതികൾ, പെൻഷനുകൾ എന്നിവ കാര്യക്ഷമമായിട്ടില്ല എന്നുതന്നെ പറയാം, കൈത്തറി തൊഴിലാളികൾ, ബീഡിത്തൊഴിലാളികൾ, കർഷകത്തൊഴിലാളികൾ എന്നിവർ കൂടുതലുണ്ടെങ്കിലും എല്ലാ തൊഴിലാളികളും ക്ഷേമനിധിയിൽ അംഗങ്ങളായിട്ടില്ല.

പട്ടിക ജാതി വികസന കോപ്പറേഷൻ വഴിയുള്ള ആനുകൂല്യവും ചെറിയ തോതിലെങ്കിലും പ്രയോജനപ്പെടുത്തുന്നുണ്ട്. വനിതാ വികസന കോപ്പറേഷന്റെ പ്രവർത്തനത്തെ കുറിച്ച് പഞ്ചായത്തിലെ അധികമാർക്കും അറയില്ല എന്നതാണ് സത്യം.

സാമൂഹ്യ ക്ഷേമ രംഗത്ത കാര്യമായി പ്രവർത്തിച്ചുകൊണ്ട് പഞ്ചായത്തിൽ സഹായം ലഭ്യമാക്കിക്കൊണ്ടിരിക്കുന്നതും ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസിനുകീഴിൽ പ്രവർത്തിച്ചുവരുന്ന മുണ്ടേരി, കാഞ്ഞിരോട് എന്നീ രണ്ട് വി.ഇ.ഒ. സർക്കിൾ ഓഫീസിൽ കൂടിയാണ്. രണ്ട് സർക്കിളിലൂടെയും നടത്തിയ പദ്ധതികളെക്കുറിച്ച് വിലയിരുത്തപ്പെടണമെങ്കിൽ ഗുണഭോക്താക്കളിൽ നിന്നുള്ള വിവരങ്ങൾ കൂടിയും ശേഖരിക്കപ്പെടേണ്ടിയിരിക്കുന്നു.

രണ്ട് വി.ഇ.ഒ. സർക്കിളുകൾ വഴി പഞ്ചായത്തിൽ 1992

ലെ I.R.D.P സർവ്വേക്ക് ശേഷം ലഭ്യമാക്കിയ പദ്ധതികളെ സംബന്ധിച്ച് വിശദമായി താഴെ പ്രതിപാദിക്കുന്നു.

I.R.D.P. സർവ്വെ സഹായം ലഭിച്ചവരുടെ കുടുംബങ്ങൾ

### മുണ്ടേരി സർക്കിൾ

| വർഷം | കുടുംബങ്ങൾ | സബ്സിഡി | വായ്പ |
|---|---|---|---|
| 92–93 | 26 | 71314 | 134172 |
| 93–94 | 24 | 64317 | 102799 |
| 94–95 | 31 | 123199 | 327185 |
| 95–96 | 19 | 70500 | 299973 |
| ആകെ | 100 | 329330 | 864129 |

മുണ്ടേരി VEO സർക്കിളിൽ 92 ലെ I.R.D.P. സർവ്വെപ്രകാരം 741 കുടുംബങ്ങളും 95 ലെ അഡീഷണൽ സർവ്വേപ്രകാരം ഉൾപ്പെട്ട 57 കുടുംബങ്ങളും കൂടി ആകെ 798 കുടുംബങ്ങൾ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരായി കണ്ടെത്തിയിരിക്കുന്നു. ഇതിൽ 95-96 വരെ 100 കുടുംബങ്ങൾ സബ്സീഡിയും വായ്പയുമായി 1193459 രൂപ വിതരണം ചെയ്തിട്ടുണ്ട്. ഈ പ്രദേശത്തുള്ള സർവ്വീസ് ഏരിയയിൽ ഉൾപ്പെടുന്നത് രണ്ടു ബേങ്കുകൾ മാത്രമാണ്. ഇത് ലോൺ അനുവദിക്കുന്നതിനും മറ്റും ഒട്ടേറെ പ്രയാസങ്ങൾ സൃഷ്ടിക്കുന്നു.

മേൽകാണിച്ച സർവ്വേയിൽ ഉൾപ്പെട്ട കുടുംബങ്ങൾക്ക് പുറമെ 92 നു മുമ്പ് സഹായം നൽകിയ് കുടുംബങ്ങളിൽ ദാരിദ്ര്യ രേഖ തരണം ചെയ്യാത്ത് കുറച്ച് കുടംബങ്ങളും സർക്കിളിലുണ്ട്. അത്തരം കുടുംബങ്ങൾക്ക് വീണ്ടും സഹായം നൽകി അവരം കൂടി ദാരിദ്ര്യ രേഖയ്ക്ക് മുകളിൽ കൊണ്ടുവരേണ്ടതുണ്ട്.

### I.R.D.P സർവ്വെ സഹായം ലഭിച്ച കുടുംബങ്ങൾ

കാഞ്ഞിരോട് സർക്കിൾ

| വർഷം | കുടുംബങ്ങൾ | സബ്സിഡി | വായ്പ |
|---|---|---|---|
| 92–93 | 10 | 21477 | 45060 |
| 93–94 | 10 | 26318 | 51815 |
| 94–95 | 16 | 53281 | 143608 |
| 95–96 | 12 | 50000 | 225623 |
| ആകെ | 48 | 151076 | 466106 |

കാഞ്ഞിരോട് V.E.O. സർക്കിളിൽ 92 ലെ സർവ്വെയിൽ കണ്ടെത്തിയ 526 കുടുംബങ്ങളും 95 ലെഅഡീഷനൽ സർവ്വെയിൽ കണ്ടത്തിയ 50 കുടുംബങ്ങളുമടക്കം 576 കുടുംബങ്ങൾ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരായി ഉണ്ട്. 1992 ലെ സർവ്വെക്ക് ശേഷം 48 കുടുംബങ്ങൾക്ക് വായ്പയും ധനസഹായവുമായി 617182 രൂപ വിതരണം ചെയ്തിട്ടുണ്ട്.

പഞ്ചായത്തിൽ ദേശസാൽകൃത ബേങ്കിൽന്റെ ശാഖകൾ ഇല്ലാത്തത് ഇത്തരം പദ്ധതികളുടെ നടത്തിപ്പിന് പ്രശ്നമാകുന്നുണ്ട്. ഈ സാഹചര്യത്തിൽ സഹകരണ ബേങ്കുളുടെ പ്രവർത്തനങ്ങൾക്ക് ഏറെ പ്രസക്തിയുണ്ട്.

ദാരിദ്ര്യ രേഖ കണക്കാക്കുന്ന വരുമാന പരിധി കാലാനുസൃതമായി ഉയർത്തേണ്ടതുണ്ട്. അതുപോലെ തന്നെ ഒരു റേഷൻകാർഡ് ഒരു യൂനിറ്റ് എന്ന നിർവ്വചനം മാറ്റുകയും ഒരു വീട്ടിൽ തന്നെ കൂടുതൽ കുടുംബങ്ങൾ (അച്ഛൻ, അമ്മ, മക്കൾ) ഉണ്ടെങ്കിൽ സർവ്വെയിൽ പ്രത്യേകം പ്രത്യേകം കുടുംബങ്ങളായി കണക്കാക്കുകയും വേണം.

1992 ന് മുമ്പ് ലോൺ നൽകിയിട്ട് ദാരിദ്ര്യ രേഖയ്ക്ക് മുകളിലെത്താത്ത കുടുംബങ്ങൾക്ക് രണ്ടാമത് ധനസഹായം നൽകി അവരെ ദാരിദ്ര്യ രേഖയ്ക്ക് മുകളിൽ കൊണ്ടുവരണം.

### D.W.C.R.A. സഹായ ലഭ്യത – മുണ്ടേരി വില്ലേജ്

സ്ത്രീകളുടേയും കുട്ടികളുടേയും സാമൂഹ്യവും സാമ്പത്തികവുമായ ഉന്നമനത്തിനു വേണ്ടി പത്തോ അതിലധികമോ സ്ത്രീകൾ കൂട്ടായി പ്രവർത്തിക്കുന്ന തൊഴിൽ സംരംഭമാണ് D.W.C.R.A. (ഗ്രാമീണ വനിതാ-ശിശു വികസന പരിപാടി)

| വർഷം | പദ്ധതി | അംഗങ്ങളുടെ എണ്ണം | സബ്സിഡി | വായ്പ | റിവോൾവിങ്ങ് ഫണ്ട് |
|---|---|---|---|---|---|
| 1990–91 | പ്രിന്റിംഗ് പ്രസ് | 16 | 48000 | 112000 | 15000 |
| 92–93 | ലതർ വർക്സ് | 10 | 30000 | 80000 | 25000 |
| 94–95 | ഡയറി യൂനിറ്റ് | 10 | 40000 | 93000 | 15000 |
| ആകെ | | 36 | 118000 | 285000 | 55000 |

മേൽകാണിച്ച ആനുകൂല്യങ്ങൾക്കുപുറമെ തൃഫ്റ്റ് ഫണ്ട് മാച്ചിംഗ് ഗ്രാന്റ് മൈൽസ് കെയർ ആക്ടിവിറ്റീസ് ഫണ്ട് തുടങ്ങിയവയും യൂനിറ്റുകൾക്ക് ലഭ്യമാക്കിയിട്ടുണ്ട്.

ഏച്ചൂരിൽ പ്രവർത്തിച്ചുവരുന്ന പ്രിന്റിംഗ് പ്രസ്സിന്റേയും മുണ്ടേരിയിൽ പ്രവർത്തിച്ചുവരുന്ന ഡയറി യൂനിറ്റിന്റേയും പ്രവർത്തനം വേണ്ടത്ര തൃപ്തികരമല്ലെങ്കിലും യൂനിറ്റ് പ്രവർത്തിച്ചുവരികയും അംഗങ്ങൾക്ക് വരുമാനമുണ്ടാവുകയും ചെയ്യുന്നുണ്ട്.

ഏച്ചൂരിൽ പ്രവർത്തിച്ചുവരുന്ന ഐശ്വര്യ ലതർ വർക്സിന്റെ പ്രവർത്തനം കണ്ണൂർ ജില്ലയിൽ തന്നെ മറ്റുയൂനിറ്റുകൾക്ക് മാതൃകാപരമാണെന്ന് പറയാവുന്നതാണ്. യൂനിറ്റംഗങ്ങൾക്ക് നല്ല രീതിയിൽ തന്നെ പ്രതിഫലം ലഭിച്ചുവരുന്നുണ്ട്.

ഉ.ണ.ഇ.ഞ.അ. സഹായ ലഭ്യതാ കണക്ക് – കാഞ്ഞിരോട് വില്ലേജ്

| വർഷം | പദ്ധതി | അംഗങ്ങളുടെ എണ്ണം | സബ്സിഡി | വായ്പ | റിവോൾവിങ്ങ് ഫണ്ട് |
|---|---|---|---|---|---|
| 1990–91 | കുട, റെഡിമെയ്ഡ് | 14 | 37333 | 74667 | 25000 |

യുനിറ്റ് നല്ലരീതിയിൽ പ്രവർത്തിച്ചുവരുന്നു. വായ്പകൾ യഥാസമയം തന്നെ അടച്ചുതീർക്കാൻ കഴിഞ്ഞിട്ടുണ്ട്. അംഗങ്ങൾക്ക് ജോലി ചെയ്യുന്നതിനനുസരിച്ച് മതിയായ പ്രതിഫലം ലഭിച്ചുവരുന്നുണ്ട്.

D.W.C.R.A. രംഗത്ത് പഞ്ചായത്തിൽ ഇനിയും ഒട്ടേറെ സ്ധ്യതകൾ തെളിഞ്ഞുകാണുന്നുണ്ട്. കൈത്തറി മേഖലയോടനുബന്ധിച്ച് നടത്താവുന്ന വസ്ത്ര നിർമ്മാണ ശാലകൾ, വാഴനാര്, ചകിരി,കൊണ്ടുള്ള ഉൽപ്പന്നങ്ങൾ, നാളികേരം കൊണ്ടുള്ള ഉൽപ്പന്നങ്ങൾ, അപ്പോൾസ്റ്ററി വർക്ക്സ്, ബനിയൻ നിർമ്മാണം, കരകൗശല വസ്തുക്കൾ നിർമ്മാണം എന്നിവയ്ക്ക് സാധ്യതകൾ ഉണ്ട്.

1. ഉൽപ്പന്നങ്ങളുടെ വിപണനം, അസംസ്കൃത വസ്തുക്കളുടെ ലഭ്യത എന്നിവ പലപ്പോഴും വലിയ പ്രശ്നങ്ങൾ സൃഷ്ടിക്കാറുണ്ട്. ഇവ പരിഹരിക്കുന്നതിന് മാർഗ്ഗങ്ങൾ കണ്ടെത്തേണ്ടതാണ്.

അസംസ്കൃത വസതുക്കൾ എത്തിക്കുന്നതിനും ഉല്പന്നങ്ങൾ വിപണനം നടത്തുന്നതിനും പ്രത്യേകമായി സൊസൈറ്റികൾ രൂപീകരിച്ച് പരിഹാരം കാണാവുന്നതാണ്.

സിവിൽ സപ്ലൈസ് കോർപ്പറേഷൻ, ഉപഭോക്തൃ സഹകരണ സംഘങ്ങൾ എന്നിവ വഴിയും ഉൽപന്നങ്ങൾ വിൽക്കുന്നതിന് നടപടികൾ സ്വീകരിക്കാവുന്നതാണ്. സ്വന്തമായി കെട്ടിടമില്ലാത്ത യുനിറ്റുകൾക്ക് വർക്ക്ഷെഡുകൾ പഞ്ചായത്തിന്റെ പദ്ധതികളിൽ ഉൾപ്പെടുത്തി അനുവദിക്കാവുന്നതാണ്.

2. ഉൽപന്നങ്ങൾ എളുപ്പത്തിൽ വിറ്റഴിയുന്നതിന് ഖാദി–കൈത്തറി മേഖലകളിൽ അനുവദിക്കുന്ന തരത്തിൽ റിബേറ്റ് അനുവദിക്കാവുന്നതാണ്.

3. പഞ്ചായത്തിൽ D.W.C.R.A. പദ്ധതിയെക്കുറിച്ച് വനിതകൾ പൊതുവെ ബോധവന്മാരല്ലെങ്കിലും പുതിയ പദ്ധതികൾ രൂപീകരിക്കുമ്പോൾ സ്വയം മുന്നോട്ടുവരുന്ന വനിതകൾ വളരെ കുറവായിക്കാണുന്നു. കാര്യമായ ബോധവൽകരണത്തിലൂടെ ഇത് പരിഹരിക്കാവുന്നതാണ്.

ഈ പദ്ധതി പ്രകാരം പഞ്ചായത്തിൽ 50 വനിതകൾക്ക് തൊഴിലവസരങ്ങൾ ലഭ്യമാവുകയും ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തുവാനും കഴിഞ്ഞിട്ടുണ്ട് എന്നുള്ളത് ആശാവഹമാണ്.

## മില്യൺ വെൽ സ്കീം (M.W.S)

ദരിദ്ര്യ രേഖക്ക് താഴെ ജീവിച്ചുവരുന്ന വളരെ പാവപ്പെട്ട ഗുണഭോക്താക്കൾക്ക് കാർഷികാവശ്യത്തിന് കിണർ നിർമ്മിക്കുന്ന പദ്ധതിയുമാണ് M.W.S. ഈ പദ്ധതി പ്രകാരം നിർമ്മിക്കുന്ന കിണറിന്റെ മുഴുവൻ തുകയും സൗജന്യമാണ്. തിരിച്ചടക്കേണ്ടതില്ല. ഈ പദ്ധതിപ്രകാരം മൂന്ന് ഗുണഭോക്താക്കാൾക്കായി 65000 ക. പഞ്ചായത്തിൽ അനുവദിക്കുകയും മൂന്ന് കിണറുകൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

1. മേൽ പദ്ധതിക്ക് അനുവദിക്കുന്ന തുകയുടെ എസ്റ്റിമേറ്റ് ലോക്കൽ റേറ്റ് കണക്കാക്കി അനുവദിക്കുക

2. 20 സെന്റ് വരെ കാർഷിക ഭൂമിയുള്ളവർക്ക് വരുമാന പരിധിയനുസരിച്ച് കിണർ അനുവദിക്കുക

3. ഈ പദ്ധതിക്ക് അനുവദിക്കുന്ന ഫണ്ടുകൾ വർദ്ധിപ്പിക്കുക

4. കിണർ അനുവദിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുക.

# ട്രൈസം

18 മുതൽ 35 വയസ്സുവരെയുള്ള യുവതീ യുവാക്കൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിന് തൊഴിൽ പരിശീലനം നൽകുന്ന പദ്ധതിയാണ് ട്രൈസം.

ഈ പദ്ധതി ആരംഭിച്ചതിനുശേഷം 1995–96 വരെ പഞ്ചായത്തിൽ 54 പേർക്ക് വിവിധ വിഷയങ്ങളിലായി പരിശീലനം നല്കിയിട്ടുണ്ട്. ഇതിൽ 45 പേർ സ്വയം തൊഴിൽ കണ്ടെത്തുകയും 7 പേർ മറ്റ് തൊഴിലുകളിൽ ഏർപ്പെടുകയും 2 പേർ തൊഴിൽ കണ്ടെത്തുന്നതിന് അവശേഷിക്കുന്നതുമായുണ്ട്.

ഓരോഗ്രാമത്തിലും സാദ്ധ്യതയുള്ള തൊഴിലുകളിൽ പരിശീലനം നൽകുവാനും പരിശീലനം ലഭിച്ചവർക്ക് വായ്പ ലഭ്യമാക്കി തൊഴിൽ സംരംഭം ആരംഭിക്കാനും ശ്രദ്ധിക്കണം. ഇതിന് പുറമെ യോഗ്യതയുടെ അടിസ്ഥാനത്തിൽ മറ്റു വകുപ്പുകളിലേക്കും ഇവരെ നിയമനം നടത്തുകയും ചെയ്യണം. പരിശീലനം ലഭിക്കുന്നവരുടെ എണ്ണം വർദ്ധിപ്പിക്കുകയും വേണം. പൊതുവെ ഇത്തരം പദ്ധതികൾക്ക് ഗുണഭോക്താക്കളെ കിട്ടാത്ത് അവസ്ഥയുമുണ്ട്. അത് പരിഹരിക്കുന്നതിന് സന്നദ്ധസംഘടനകളെ ഉപയോഗപ്പെടുത്തി ബോധവൽക്കരണം നടത്തുവാനും ശ്രദ്ധിക്കേണ്ടതാണ്.

# ടൂൾ കിറ്റ് പദ്ധതി

ഗ്രാമീണ കൈത്തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്ന വർക്കും കരകൗശല പ്രവർത്തികൾ ചെയ്യുന്നവർക്കും നവീന തൊഴിലുപകരണങ്ങൾ ലഭ്യമാക്കുന്ന പദ്ധതിയാണ് റൂറൽ ആർട്ടിസാൻസ് ടൂൾ കിറ്റ് പ്രോഗ്രാം.

1992 സർവ്വെ പ്രകാരം മേൽക്കാണിച്ച രീതിയിലുള്ള തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ എണ്ണം പഞ്ചായത്തിൽ മൊത്തം 158 ആണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇതിൽ 95–96 വരെ 33 പേർക്ക് സഹായം നൽകുവാൻ സാധിച്ചിട്ടുണ്ട്. ഉപകരണങ്ങളുടെ 10% തുക മാത്രമേ ഗുണഭോക്താക്കൾ വഹിക്കേണ്ടി വരുന്നുള്ളൂ എന്നത് ഈ പദ്ധതിയുടെ പ്രത്യേകതയാണ് 1) അപേക്ഷിച്ചു കഴിഞ്ഞാൽ ഉപകരണങ്ങൾ ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കേണ്ടതാണ്. എന്നു മാത്രമല്ല 2) അപേക്ഷകർക്ക് ആവശ്യമുള്ള ഉപകരണങ്ങൾ യഥേഷ്ടം തിരഞ്ഞെടുക്കുവാനുള്ള അവസരവും നൽകേണ്ടതുണ്ട്. ഈ പദ്ധതിയെക്കുറിച്ചും ഈ മേഖലയിൽ പ്രവർത്തിച്ചുവരുന്ന തൊഴിലാളികൾ വേണ്ടത്ര ബോധവാൻമാരല്ല. ഇതു പരിഹരിക്കുന്നതിന് സന്നദ്ധസംഘടനകൾക്കും ട്രേഡ് യൂണിയനുകൾക്കും ഒട്ടേറെ പങ്ക് വഹിക്കുവാൻ കഴിയുന്നതാണ്.

### കേന്ദ്രാവിഷ്കൃത ഗ്രാമ ശുചിത്വ പരിപാടി (CRCP)

ദാരിദ്ര്യ രേഖക്ക് താഴെയുള്ള കുടുംബങ്ങൾക്ക് കക്കൂസ് നിർമ്മാണത്തിനുള്ള ധനസഹായം നൽകുന്ന പദ്ധതിയാണ് CRCP. ഈ പദ്ധതി പ്രകാരം ചെലവു കുറഞ്ഞ രീതിയിലുള്ള രണ്ട് കുഴികളോട് കൂടിയ കക്കൂസുകളാണ് നിർമ്മിച്ചുവരുന്നത്.

**CRCP കക്കൂസുകൾ അനുവദിച്ചത്** (പഞ്ചായത്തിൽ ആകെ)

| 1995–96 വരെ അനുവദിച്ച കക്കൂസുകൾ | അനുവദിച്ച തുക |
|---|---|
| 29 | 58,000 |

പഞ്ചായത്തിൽ ഡാനിഡയുടെ സോഷ്യോ ഇക്കണോമിക് യൂനിറ്റ് പ്രകാരം അനുവദിച്ച കക്കൂസുകൾ അടക്കം 4115 വീടുകൾക്ക് സ്വന്തമായി കക്കൂസുകൾ ഉണ്ട് (പഞ്ചായത്തിലെ മൊത്തം വീടുകൾ 4994) ഇത് ഈ രംഗത്തുള്ള അസൂയാവഹമായ നേട്ടമായി കണക്കാക്കാം.

## ജലസേചനപദ്ധതി (CSS for S.F/M.F)

മേൽക്കാണിച്ച പദ്ധതി പ്രകാരം പഞ്ചായത്തിലെ ചെറുകിട പരിമിത കർഷകർക്ക് 21 കിണറുകളും 46 പമ്പ്സെറ്റുകളും സബ്സിഡിയോടുകൂടി വിതരണം ചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം 32 ഹെക്ടറോളം കൃഷിക്ക് പരിപോഷിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട് എന്നാൽ ഈ പദ്ധതിയിൽ കുറച്ചുകാലമായി ഫണ്ടുകൾ അനുവദിക്കുന്നതായി കാണുന്നില്ല.

## അംഗൻ വാടികൾ

സാമൂഹ്യക്ഷേമരംഗത്ത് അടിസ്ഥാനപരമായ പ്രവർത്തനം കാഴ്ചവെയ്ക്കുന്ന അംഗൻവാടികൾ 13 എണ്ണം നമ്മുടെ പഞ്ചായത്തിലുണ്ട്. 1000 ജനങ്ങൾക്ക ഒരു അംഗൻവാടി എന്നതാണ് ICDS ന്റെ ലക്ഷ്യമെങ്കിലും ഇതുമായി തട്ടിച്ചുനോക്കുമ്പോൾ പഞ്ചായത്തിൽ അനുവദിച്ച അംഗൻവാടികളുടെ എണ്ണം വളരെ പരിമിതമാണെന്ന് കാണാൻ കഴിയും അതുകൊണ്ടുതന്നെ അംഗൻവാടികളിൽ കുട്ടികളുടെ ബാഹുല്യം അനുഭവപ്പെടുകയും പലകുട്ടികൾക്കും ഉപകരിക്കാത്തതുമായ അവസ്ഥ ഉണ്ട്. പഞ്ചായത്തിലെ മൂന്ന് വാർഡുകളിൽ (6,10,12) അംഗൻവാടികൾ ഇല്ലാത്ത അവസ്ഥയാണുള്ളത് ആയതിനാൽ കുട്ടികൾ ദൂരസ്ഥലത്തുള്ള അംഗൻവാടികളിലേക്ക് യാത്ര ചെയ്യേണ്ടി വരുന്നുണ്ട് എന്നു മാത്രമല്ല; ദൂരസ്ഥലങ്ങളിലേക്ക്



പോകേണ്ടി വരുന്നതിനാൽ കുട്ടികളെ അംഗൻവാടികളിലേക്ക് പറഞ്ഞയക്കാൻ മടിക്കുന്ന രക്ഷിതാക്കളുമുണ്ട്. നിലവിലുള്ള അംഗൻവാടികളിൽ തന്നെ കെട്ടിടത്തിന്റെയും പ്രാഥമിക സൗകര്യത്തിന്റെയും അഭാവം പ്രശ്നമുണ്ടാക്കുന്നുണ്ട്. അംഗൻവാടികളിൽ ഒന്നിൽപ്പോലും കളിപ്പാട്ടങ്ങളില്ലാത്തത് കുട്ടികളുടെ ശാരീരികവും മാനസികവുമായ വളർച്ചയെ ബാധിക്കുന്നു. അംഗൻവാടികളിലെ ജോലിക്കു പുറമെ ആരോഗ്യ മേഖലയിലെ ഗൃഹസന്ദർശനം വരെ നടത്തേണ്ടിവരുന്ന അംഗൻവാടി ജീവനക്കാർക്ക് ഇന്നത്തെ സാഹചര്യത്തിൽ ജീവിക്കാനാവശ്യമായ ഉപജീവനപ്പടി നൽകേണ്ടത് സമൂഹത്തിന്റെ ബാദ്ധ്യതയായി കണ്ടെത്തി പരിഹാരം കാണേണ്ടതാണ്.

അതുപോലെ തന്നെ ജീവനക്കാരും നാളത്തെ തലമുറയെ വാർത്തെടുക്കുന്ന ജോലി എന്നുള്ള നിലയിൽ അർപ്പണബുദ്ധിയോടു കൂടിത്തന്നെ പ്രവർത്തിക്കേണ്ടതാണ്.

## നിർദ്ദേശങ്ങൾ

1) ജനസംഖ്യാനുപാതികമായി വാർഡുകൾ കേന്ദ്രീകരിച്ച് പ്രത്യേക സ്ഥലങ്ങൾ കണ്ടെത്തി ജെ. ആർ.വൈ പോലുള്ള പദ്ധതികൾ ഉപയോഗപ്പെടുത്തി കെട്ടിടങ്ങൾ നിർമ്മിച്ചു നൽകുക.

2) അംഗൻവാടികളില്ലാത്ത 6,10,12 വാർഡുകളിൽ അടിയന്തിരമായി അംഗൻവാടികൾ ആരംഭിക്കുക.

3) UNICEF തുടങ്ങിയ സംഘടനകൾ അനുവദിക്കുന്ന ഫണ്ടുകൾ ഉപയോഗിച്ച് കളിപ്പാട്ടങ്ങൾ വാങ്ങിച്ചു നൽകുക.

4) അംഗൻവാടികളിലെ കുട്ടികൾക്ക് പോഷകാഹാരം നൽകുന്നതിന് പര്യാപ്തമായ തുക അനുവദിക്കുകയും അവ കാര്യക്ഷമമായി വിതരണം നടത്തുകയും ചെയ്യുക.

5) മുഴുവൻ അംഗൻവാടികൾക്കും കക്കൂസുകൾ അനുവദിക്കുക.

6) ANERT ന്റെ പുകയില്ലാത്ത അടുപ്പുകൾ അംഗൻവാടികളിൽ സ്ഥാപിക്കുക.

7) അംഗൻവാടികൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നതിന് മേലധികാരികൾ ആഴ്ചയിൽ ഒരു തവണയെങ്കിലും സന്ദർശനം നടത്തുക.

8) അംഗൻവാടികളിൽ കുട്ടികൾക്കായി നടത്തുന്ന മെഡിക്കൽ ചെക്കപ്പ് കാര്യക്ഷമമാക്കുക.

## ക്ഷേമപദ്ധതികൾ

സാമൂഹ്യക്ഷേമരംഗത്ത് പലവിധത്തിലുള്ള ക്ഷേമ പദ്ധതികളും പെൻഷനുകളും പഞ്ചായത്തിൽ ലഭിച്ചുവരുന്നുണ്ട്. അർഹരായ മുഴുവൻപേരും ഇത്തരം പദ്ധതികളെക്കുറിച്ച് ബോധവാൻമാരല്ല എന്നാണ് മനസ്സിലാക്കുന്നത്. എന്നാൽ പല പദ്ധതികളും പെൻഷനുകളും പഞ്ചായത്തുകൾക്ക് കൈമാറിയതോടുകൂടി സ്ഥിതികൾക്ക് മാറ്റം വന്നിരിക്കുന്നു. ജനങ്ങൾ ഇപ്പോൾ പെൻഷനുകളെക്കുറിച്ച് ബോധവാൻമാരാണ് എന്നുള്ളത് ആശാവഹമാണ്.

പഞ്ചായത്തുകൾ പാസ്സാക്കിയതും മുകളിൽനിന്ന് അനുവാദം ലഭിച്ചതുമായ വാർദ്ധക്യകാലപെൻഷനുകൾക്കുള്ള സംഖ്യ ഇതേവരെ പഞ്ചായത്തിന് ലഭിച്ചിട്ടുമില്ല. ഇതുകാരണം പെൻഷൻവിതരണം നീണ്ടുപോകുന്ന അവസ്ഥയുണ്ട്. ഉദ്യോഗസ്ഥൻമാരുടെ ഒഴിവുകൾ യഥാസമയം നികത്താത്തതുകാരണം പെൻഷൻ റിപ്പോർട്ടുകൾ ലഭിക്കുന്നതിന് കാലതാമസം നേരിടുന്നുണ്ട്.

### വിധവാപെൻഷൻ

പഞ്ചായത്തിൽ ഇപ്പോൾ 96പേർക്ക് ഈ പെൻഷൻ ലഭിച്ചുവരുന്നുണ്ട്.

### വികലാംഗപെൻഷൻ :

വികലാംഗത്വം തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ജില്ലാ ആശുപത്രിയിൽനിന്നും ഹാജരാക്കുന്നതിനുപകരം പ്രൈമറി ഹെൽത്തുസെന്ററിലുള്ള മെഡിക്കൽ ഓഫീസറിൽ നിന്നും ഹാജരാക്കാൻ അനുവദിക്കുകയാണെങ്കിൽ വികലാംഗർക്കുള്ള പ്രയാസങ്ങൾ ഒഴിവാക്കാൻ കഴിയുന്നതാണ്. നിലവിലുള്ള വികലാംഗ്ത്വത്തിന്റെ ശതമാനം 40% മായി കുറക്കുകയും ചെയ്യണം. നിലവിൽ പഞ്ചായത്തിൽ 212 വികലാംഗർ (119 + 93) ഉണ്ട്.

### കർഷകത്തൊഴിലാളി പെൻഷൻ:

അർഹരായവരെ തിരഞ്ഞെടുക്കുന്നതിന് പഞ്ചായത്തിന് അധികാരം നൽകണം അർഹരായവരുടെ ലിസ്റ്റ് പൊതുജനങ്ങൾ അറിയുന്നതിന് പ്രസിദ്ധപ്പെടുത്തണം.

### തൊഴിലില്ലായ്മാവേതനം:

അർഹരായവരെ മാത്രം കണ്ടെത്തുന്നതിൽ പഞ്ചായത്തു തലത്തിൽ കമ്മറ്റി രൂപീകരിച്ച് അർഹരായവരെ മാത്രം കണ്ടെത്തേണ്ടതാണ്.

### വാർദ്ധക്യകാല പെൻഷൻ:

പഞ്ചായത്തിൽ നിലവിൽ 73 പേർക്ക് ഈ പെൻഷൻ അനുവദിച്ചിട്ടുണ്ട്.

പ്രസവാനുകൂല്യം 8പേർക്ക് പഞ്ചായത്തിൽനിന്നും അനുവദിച്ചിട്ടുണ്ട്.

### നിർമ്മാണ തൊഴിലാളി ക്ഷേമനിധി:

പഞ്ചായത്തിൽ കുറേ പേർ കെട്ടിട നിർമ്മാണരംഗത്ത് തൊഴിലെടുക്കുന്നുണ്ട്. മുഴുവനാളുകളും ക്ഷേമനിധിയിൽ അംഗങ്ങളായിട്ടില്ല. ഈ മേഖലയിലെ തൊഴിലാളികൾ കഠിനാധ്വാനം ചെയ്യുന്നവരായതിനാൽ 55 വയസ്സാവുമ്പോഴേക്കും തൊഴിൽ മേഖലയിൽനിന്ന് വിട്ടുനിൽക്കാൻ നിർബന്ധിതരാവുന്നു. അതുകൊണ്ടു തന്നെ ഇവരുടെ പെൻഷൻപ്രായം 55 വയസ്സാക്കി ചുരുക്കണം.

### കൈത്തൊഴിലാളി-വിദഗ്ദ്ധ തൊഴിലാളി ക്ഷേമനിധി

തയ്യൽ, ബാർബർ, കൊല്ലൻമാർ, മരംകയറ്റക്കാർ, ബീഡിതൊഴിലാളികൾ, വാച്ച്, സൈക്കിൾറിപ്പയർമാർ എന്നിവരിൽ ഒട്ടുമിക്കവരും ക്ഷേമനിധിയിൽ അംഗങ്ങളാണ്.

സാമൂഹ്യക്ഷേമവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ജനങ്ങളിലേക്ക് എത്തിക്കുന്നതിന് ബോധവാൻമാരാക്കുന്നതിനും പഞ്ചായത്തിലെ സന്നദ്ധസംഘനകൾ, ജനകീയ പ്രവർത്ത

കർ എന്നിവർ ഉൾക്കൊള്ളുന്ന് കമ്മിറ്റികൾ വാർഡുതലങ്ങളി ലുണ്ടാക്കി പ്രവർത്തനം നടത്താവുന്നതാണ്.

പൊതുവിതരണം:

പഞ്ചായത്തിൽ നിലവിൽ പൊതുവിതരണകേന്ദ്ര ങ്ങൾ പ്രവർത്തിക്കുന്നുണ്ട് ഇതിൽ 4343 കാർഡുകൾ ഉണ്ട്. ഒരു മാവേലിസ്റ്റോർ പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്നുണ്ട് അത് മുണ്ടേരി വില്ലേജിൽ പഴയ ഇലക്ട്രിസിറ്റി ഓഫീസ് സമീപം സ്ഥിതി ചെയ്യുന്നു. പ്രവർത്തനം പൊതുവേ മോശമല്ല. രണ്ടുലക്ഷം രൂപയുടെ വിറ്റുവരവ് കടക്കുന്നു. സാധനങ്ങളുടെ വിലക്കയറ്റം ഒരു പരിധിവരെ നിയന്ത്രിക്കു ന്നതിന് ഇതു സഹായകമാണ്. പൊതുവെ ജനങ്ങൾ ഇത്തരം സ്ഥാപനങ്ങൾ വേണ്ടത്ര ഉപയോഗപ്പെടുത്തുന്നതായി കാണു ന്നില്ല. മാവേലിസ്റ്റോർ പ്രവർത്തിച്ചുവരുന്ന സ്ഥലം ഏച്ചൂർ ടൗണിലേക്ക് മാറ്റിയാൽ പൊതുജനങ്ങൾക്ക് കൂടുതൽ ഉപ കാരപ്രദമായിരിക്കും. പഞ്ചായത്തിൽ പ്രധാനകേന്ദ്രങ്ങളിൽ ഉപഭോക്തസഹഃസംഘങ്ങൾ രൂപികരിച്ച് ഉൽപാദനകേന്ദ്ര ങ്ങളിൽ നിന്ന് സാധനങ്ങൾ സ്വരൂപിച്ച് ന്യായമായ വിലയ്ക്ക് സാധനങ്ങൾ വിതരണം ചെയ്യുകയാണെങ്കിൽ വളരെ ഉപകാ രപ്രദമായിരിയ്ക്കും.

റേഷൻഷോപ്പ്:

പൊതുവിതരണകേന്ദ്രങ്ങളുടെ പ്രവർത്തനം പൊതുവെ തൃപ്തികരമല്ല. നിത്യപയോഗസാധനങ്ങൾ (ഭക്ഷ്യവസ്തുക്കൾ) ന്യായമായ വിലയിൽ റേഷൻ ഷോപ്പു കളിലൂടെ വിതരണം ചെയ്യുന്നതിനുള്ള സംവിധാനമുണ്ടാക്കണം. സ്റ്റോക്കുകളുടെ മിന്നൽ പരിശോധനകൾ നടത്തി അപാകതകൾ ഒഴിവാക്കണം. റേഷൻ ഷോപ്പുകളുടെ നിയന്ത്രണാധികാരങ്ങൾ പൂർണ്ണമായും പഞ്ചായത്തുകൾക്കു വിട്ടുകൊടുക്കുകയും പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിന് പഞ്ചായത്ത് തല കമ്മിറ്റി കൾ രൂപികരിക്കുകയും വേണം. റേഷൻ കാർഡുമായി ബന്ധ പ്പെട്ട് അപേക്ഷകൾ പഞ്ചായത്ത് തലത്തിൽതന്നെ സ്വീകരിച്ച പരി ഹാരം കാണേണ്ടതാണ്.

## പൊതുപ്രശ്നങ്ങൾ

പഞ്ചായത്തിൽ പൊതുശ്മശാനം ഇല്ലാത്തതിനാൽ ജന ങ്ങൾക്ക് ബുദ്ധിമുട്ടനുഭവപ്പെടുന്നു. അടിയന്തിരമായി പൊതുസ്മ ശാനം നിർമ്മിക്കുവാൻ നടപടിയെടുക്കേണ്ടതാണ്.

വികലാംഗർക്ക് അവർക്കനുയോജ്യമായ തൊഴിൽ പരി ശീലനം നൽകി, തൊഴിൽ ശാലകൾ സ്ഥാപിക്കണം.

പഞ്ചായത്ത് പൂർണ്ണമായി മദ്യവിമുക്തമാക്കാനുള്ള ബോധവൽക്കരണ പരിപാടികളും നടപടികളും സ്വീകരിക്കണം.

സാധ്യതകൾ

1) അംഗൻവാടികളിലെ നിലവിലുള്ള പോഷകാഹാര ത്തിന്റെ ഗുണനിലവാരം വർദ്ധിപ്പിക്കണം. ക്ഷീരവ്യവസായ സഹകരണസംഘങ്ങൾ, രക്ഷിതാക്കൾ, ഗ്രാമപഞ്ചായത്ത് എന്നി വയുടെ കൂട്ടായ്മ ഇതിന് ആവശ്യമാണ്.

എല്ലാ കടകളിലും എല്ലാ വിളക്കുമണയുവാൻ
കാത്തുകൊണ്ടേതെങ്കിലും കിടത്തിണ്ണയിൽ
തൻതൊലിമാത്രം പുതച്ചൊന്നുറങ്ങുവാൻ
ദുഃസ്വപ്നമെങ്കിലും കണ്ടൊന്നു ഞെട്ടുവാൻ
ഞെട്ടിയുണരുമ്പോഴേക്കും പുതിയൊരു
വെട്ടം വിടരുമെന്നാശച്ചു നിലൽപുണ്ടാൻ



# സംസ്ക്കാരം

ശാന്തശീലരും സ്നേഹസമ്പന്നരുമായ സാധാരണക്കാരുടെ സാധാരണക്കാരുട ആവാസ സാഥാനമായിരുന്ന മുണ്ടേരിയും കാഞ്ഞിരോടും ഉൾപ്പെട്ട ഈ പ്രദേശം അരനൂറ്റാണ്ടു മുമ്പ് ജനങ്ങളിൽ ഭൂരിഭാഗവും കൃഷി പ്രവർത്തികൊണ്ട് ഉപജീവനം കഴിക്കുന്ന പാവങ്ങളായിരുന്നു. ഭൂവുടമകളായ ഏതാനും കുടുംബങ്ങൾ അവിടവിടെയുണ്ടായിരുന്നു. വളപട്ടണം പുഴയുടെ ഭാഗമായ മുണ്ടേരി പ്പുഴയുടെ തീരത്തുള്ള കൈപ്പാട്ട് നിലങ്ങളിൽ (ചതുപ്പുനിലങ്ങളിൽ) സമൃദ്ധമായി നെൽകൃഷി നടത്തിയിരുന്നു.

കേരളത്തിന്റെ വീര യോദ്ധാവായ തച്ചോളി ഒതേനൻ ഈ പ്രദേശവും സന്ദർശിച്ചിരുന്നുവത്രെ

'ഏച്ചൂര് കോട്ടമെന്നൊരു കോട്ടമുണ്ട്

കോട്ടത്തൊരാലുതറയുണ്ട്

സ്ഥാനമൊരു നല്ല സ്ഥനം തന്നെ

കൊണ്ടു നടക്കാനോ ആളുപോരാ'

എന്ന് ഒതേനൻ ഏച്ചൂര് ശിവക്ഷേത്രത്തെപറ്റി പാടിയിരുന്നതായി പഴമക്കാർ പറഞ്ഞകേൾക്കാറുണ്ട്. ഇന്നത്തെ വലിയന്നൂര്, നായാട്ടുപാറ റോഡിന്റെ പടിഞ്ഞാറു വശത്തായി ഏച്ചൂരിൽ പെട്ട സ്ഥലം ഫലഭൂയിഷ്ഠമായിരുന്നതിനാൽ 'കനകച്ചേരി എന്നറിയപ്പെട്ടിരുന്നു. അതാണ് ഇപ്പോൾ കാനച്ചേരിയായത്. ഏച്ചൂറുട്ടും കാനച്ചേരി ശ്രീ കുർമ്മാംബികാ (ശ്രീ കരുമ്പ) ക്ഷേത്രത്തിലെ താലിപ്പൊലി ഉത്സവവും പ്രസിദ്ധമാണ്. ഏച്ചൂറുട്ടിനോടനുബന്ധിച്ച് 'ബാധവിറയ്ക്കുക എന്നൊരു ചടങ്ങുണ്ട്. സന്താനലബ്ദിക്ക് വിശ്വാസികൾ മാറ് മറക്കാതെ അമ്പലമുറ്റത്ത് നിരന്ന് നിൽക്കുന്ന പതിവുണ്ടായിരുന്നു. വെളിച്ചപ്പാടൻ ഇവരുടെ നെഞ്ചത്ത്

മന്ത്രിച്ച് ഭസ്മം എറിയുന്നതിലൂടെ സന്താന ഭാഗ്യം കിട്ടുമെന്നായിരുന്നു വിശ്വാസം. ചിലപ്പോൾ കാഴ്ചക്കാരായ സ്ത്രീകളുടെ ഇടയിൽ നിന്നു ചിലർ ഉറഞ്ഞു തുള്ളാറുണ്ടായിരുന്നു. ഇപ്പോൾ ക്ഷേത്രത്തിൽ ഈ ഏർപ്പാടില്ല്. പ്രസിദ്ധമായ ഒരു പള്ളിയാണ് കാനച്ചേരി പള്ളി. ഇത് സ്ഥാപിച്ചത് വളപട്ടണത്തുനിന്നു വന്ന കൊച്ചുകോയ തങ്ങൾ ആണെന്ന് പറയുന്നു. കാനച്ചേരി പള്ളിയിൽ വർഷത്താൽ നടത്താറുള്ള 'സിയാറത്ത്' കർമ്മം ഏച്ചൂർ ഊട്ടിന്റെ സമയത്ത് ആകാതിരിക്കാൻ അവർ പ്രത്യേകം ശ്രദ്ധിക്കാറുണ്ട്. ഇതും മത സൗഹാർദ്ധം വളർത്തിയെടുക്കാൻ സഹായകമാകുന്നുണ്ട്.

മാവിലാച്ചാലിലുള്ള മരുവോട്ട് എന്ന വീട്ടിൽ ഒരു പൂരക്കളി സംഘം പ്രവർത്തിച്ചുവരുന്നു. അന്ന് പൂരക്കളി പഠിച്ച പലരും ഇപ്പോഴുമുണ്ട്. കുഞ്ഞൊണക്കൻ എന്നവരുടെ മകനായ മേലേക്കണ്ടി കുഞ്ഞിരാമനായിരുന്നു പൂരക്കളിയുടെ ആശാനായ പണിക്കർ. ഇതേവീട്ടിൽ തന്നെ ഒരു നാടക സംഘവും ഉണ്ടായിരുന്നു. അന്നൊക്കെ ഗാനനാടകങ്ങളായിരുന്നു. നടന്മാർ പാട്ടിൽക്കൂടിയായിരുന്നു സംഭാഷണം നടത്തിയിരുന്നത്. നളന്റെയും ദമയന്തിയുടേയും കഥയായ നൈഷധമാണ് പ്രധാന

നാടകം.പുരുഷന്മാർ തന്നേയാണ് സ്ത്രീ വേഷവും ധരിച്ചിരുന്നത്

പൂരക്കളിപ്പണിക്കരായ കുഞ്ഞിരാമൻ ആയിരുന്നു ദമയന്തിയായി അഭിനയിച്ചിരുന്നത്. സുന്ദരൻ രാമൻനായർ' എന്ന് പ്രസിദ്ധനായ ആളായിരുന്നു ഈ വേഷം കെട്ടയിരുന്നത്. മുൻപറഞ്ഞ കുഞ്ഞിരാമന്റെ ജ്യേഷ്ഠന്റെ മകനായ എൻ.കെ ഗോവിന്ദന്റെ നേതൃത്വത്തിൽ അടുത്തകാലം വരെ ധാരാളം പേർ പൂരക്കളി അഭ്യസിച്ചിട്ടുണ്ട്. തലമുണ്ട പുതിയ ഭഗവതീ ക്ഷേത്രത്തിലെ പൂരക്കളി ഏറെ പ്രസിദ്ധമാണ്. പഴയേടത്ത് കുഞ്ഞിക്കണ്ണൻ എന്നവരുടെ നേതൃത്വത്തിൽ പൂരോത്സവം നടക്കുന്നു. അമ്പലമുറ്റത്ത് ധാരാളം ആൾക്കാർ പൂരക്കളി കാണാൻ തിങ്ങിക്കൂടുന്നു. ഈ ഭാഗത്ത് പൂരക്കളി ഇപ്പോഴും പഴയ പ്രതാപത്തോടെ തുടരുന്നു.

കുടുക്കി മൊട്ടക്കടുത്ത് കരിക്കോട് വയലിന്റെ കരയിൽ താമസിച്ചിരുന്ന ശ്രീ. കോമത്ത് കൃഷ്ണൻമാസ്റ്ററുടെ കീഴിൽ ധാരാളം പേർ കോൽക്കളി പഠിച്ച് രംഗങ്ങളിൽ അവരിപ്പിച്ചുവരുന്നു.

കാഞ്ഞിരോട് തെരുവിലുള്ള ഗണപതീ ക്ഷേത്രം പ്രസിദ്ധമാണ്. ഇതിനടുത്ത് തന്നെ സ്ഥിതിചെയ്യുന്ന പഴയ പള്ളിയും ഈ ക്ഷേത്രവും തമ്മിൽ അഭേദ്യമായ ബന്ധമുണ്ടെന്നു പറയപ്പെടുന്നു. നാദാപുരത്തു നിന്നുവന്ന ഒരു മുസ്ലീമും ശാലിയ സമുദായത്തിൽപ്പെട്ട ഒരു മൂത്ത ചെട്ടിയാരും ഇവിടുത്തെ ഒരു ജൻമി കുടുംബമായ ഇടത്തിലെ വീട്ടിൽ എത്തിച്ചേരുകയുണ്ടായി സന്ധ്യക്ക് നിസ്ക്കാരസമയമായപ്പോൾ മുസ്ലീം ഇടത്തിലെ വീട്ടിലെ കാരണവരോട് നിസ്ക്കരിക്കാൻ വേണ്ട സ്ഥലം ആവശ്യപ്പെട്ടപ്പോൾ കാരണവർ അവിടെയുള്ള ശിവക്ഷേത്രത്തിലേക്ക് പോകാൻ നിർദ്ദേശിക്കുകയുണ്ടായി. പക്ഷെ ശിവക്ഷേത്രത്തിലുള്ള ശാന്തിക്കാരൻ അവിടെ നിസ്ക്കരിക്കുവാൻ സമ്മതിച്ചില്ല . മുസ്ലീം വീണ്ടും ഇടത്തിലെ വീട്ടിൽ വന്നു ചോദിച്ചപ്പോൾ ശിവക്ഷേത്രത്തിൽ ശിവന്റെ ഒരു കാളയുടെ പ്രതിമയുണ്ടെന്നും അതു ശബ്ദിച്ചുവെങ്കിൽ നീ അവിടെ നിസ്ക്കരിച്ചോ എന്ന് കാരണവർ പറയുകയുണ്ടായി മുസ്ലീം അതുപ്രകാരം ചെയ്യുകയും കാള ശബ്ദിക്കുകയും അവിടെ നിസ്ക്കരിക്കുകയും ചെയ്തു അപ്പോൾ ശിവൻ അവിടെ നിന്ന് ഇറങ്ങിപ്പോവുകയും ചെയ്തു. പരസ്പരസഹായത്തോടുകൂടി അടുത്തുതന്നെ ഒരു അമ്പലം പണിയുകയുണ്ടായി അതാണു കാഞ്ഞിരോട് ഗണപതി ക്ഷേത്രം. ഗണപതി ക്ഷേത്രത്തിലെ ഉത്സവത്തിന് ഈ അടുത്ത് കാലം വരെ മുസ്ലീംകൾ ചന്ദനത്തിരിയും വെളിച്ചെണ്ണയും കാണിക്കവെക്കാറുണ്ട്. ഇരു മതമൈത്രിയുടെ നിറദീപമായി പ്രശോഭിച്ചു നിൽക്കുകയാണ്.

വളരെയേറെ പഴക്കമുള്ള മുണ്ടേരി മഹാലക്ഷ്മി ക്ഷേത്രം, പുറവൂർ ലക്ഷ്മി നരസിംഹസ്വാമിക്ഷേത്രം, ബാലി ക്ഷേത്രം, മുണ്ടേരി ഭഗവതിക്ഷേത്രം, കുടുക്കിമൊട്ട്, കൊയ്യോട് പാലം മുത്തപ്പൻക്ഷേത്രം, പാറയിൽ മഠപ്പുരക്ഷേത്രം തലമുണ്ട പുതിയഭഗവതിക്ഷേത്രം തുടങ്ങിയ ക്ഷേത്രങ്ങളും കാഞ്ഞിരോട് പള്ളി, കാഞ്ഞിരോട് പഴയപള്ളി, കാനച്ചേരി ജമായത്ത് പള്ളി, മുണ്ടേരി ജമായത്ത് പള്ളി കാഞ്ഞിരോട് പഴയപള്ളി മഖാം തുടങ്ങിയ നിരവധി മുസ്ലീം പള്ളികളും. ആരാധനാലയങ്ങളായി നിലകൊള്ളുന്നു. പറശ്ശിനി, കുന്നത്തൂർപാടിയെ അനുസ്മരിക്കുന്ന വിധം ഹൈന്ദവഗൃഹങ്ങളിൽ മുത്തപ്പൻ വെള്ളാട്ടവും, തിരുവപ്പനയും കെട്ടിയാടിക്കലും, കാവുകളിൽ കോലങ്ങൾ കെട്ടിയാടലും നമ്മുടെ നാട്ടിലെ പ്രധാനദൈവീകാചാരങ്ങളാണ്. അതുപോലെ തന്നെ പള്ളികളിൽ നടക്കുന്ന രിഫായി മുഹ്യുദ്ദീൻ ആണ്ട് നേർച്ചകൾ, മൗലൂദ് പാരായണം തുടങ്ങിയവ വളരെ പ്രാധാന്യത്തോടെ മുസ്ലീംകൾ ആചരിച്ചു വരുന്നു.

തിരുവാതിരക്കളി, കുമ്മികളി, ഒപ്പന, ദഫ്മുട്ട്, കളരിപ്പയറ്റ്, കോൽക്കളി, പൂരക്കളി തുടങ്ങിയ കളികളും വടക്കൻപാട്ട്, നാട്ടിപ്പാട്ട് തുടങ്ങിയ പാട്ടുകളും നമ്മുടെ നാട്ടിലെ സംസ്ക്കാരത്തെ വിളിച്ചോതുന്നു. നാട്ടിപ്പാട്ട് വയലോരങ്ങളിൽ കൂട്ടായി കൃഷിപ്പണി ചെയ്യുമ്പോൾ പാടാറുള്ള പാട്ടാണ്. ഇന്ന് ഇത് നാമമാത്യമായി മാത്രമേ കേൾക്കാന് സാധിക്കുകയുള്ളൂ.

അര നൂറ്റാണ്ട് മുമ്പ് ബഹുഭൂരിപക്ഷം ഹിന്ദുക്കളും ചെറിയൊരുശതമാനം മുസ്ലീംകളും അടങ്ങിയതായിരുന്നു ജനത. കൃസ്തുമതത്തിൽ പെട്ടവർ അടുത്ത കാലത്ത് മാത്രമാണ് ഈ പ്രദേശത്ത് വന്നത്. മൊത്തം മത മൈത്രിക്ക് നിദർശനമാണ് ഇവിടുത്തെ ജനത എന്നതും പ്രത്യേകം പ്രസ്താവ്യമാണ്.

ഇന്ന് നാം എത്തിനിൽക്കുന്ന ദിശയിൽ നിന്നും തിരിഞ്ഞു നോക്കുമ്പോൾ വിവിധങ്ങളായ സ്രോതസ്സുകൾ ഈ ഗ്രാമ സംസ്കൃതിയുടെ പരിപോഷകങ്ങളായി പരിണയിച്ചത് കണ്ടെത്താനാകും. അവയിൽ പ്രഥമ ഗണനീയം വിദ്യാ വിതരണം തന്നേ. ജനങ്ങളുടെ ഉന്നമനത്തിന് ഔപചാരിക അനൗപചാരിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഈ നാട്ടിൽ ഉയർന്നു വന്നിട്ടുണ്ട്. ഇന്ന് നിലവിലുള്ള ഏച്ചൂർ ഈസ്റ്റ് എൽ.പി. സ്ക്കൂൾ സ്ഥാപിതമായിട്ട് ഒരു നൂറ്റാണ്ട് കഴിഞ്ഞു. മുണ്ടേരി സെൻട്രൽ യു.പി.സ്ക്കൂൾ , ഏച്ചൂർ വെസ്റ്റ് യു.പി.സ്ക്കൂൾ എന്നിവ അര നൂറ്റാണ്ടിന് മുമ്പ് തന്നെ സ്ഥാപിച്ച ഔപചാരിക വിദ്യാഭ്യാസ സ്ഥാപനങ്ങളാണ്. ഇന്നീ ഗ്രാമത്തിൽ 11 എൽ. പി. സ്ക്കൂളുകളും 3 യു.പി സ്ക്കൂളുകളും വർത്തിച്ച് ാവരുന്നു. മറ്റ് അനൗപചാരിക വിദ്യാഭ്യാസ സ്ഥാപനങ്ങളായ വായനശാലകളും ഗ്രന്ഥാലയങ്ങളും പഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്നു. കേരളത്തിന്റെ സാമൂഹ്യ പരിവർത്തനത്തിൽ വായന ശാലകളും ഗ്രന്ഥാലയങ്ങളും വഹിച്ച ദൗത്യം ചരിത്രം രേഖപ്പെടുത്തിയിട്ടുണ്ട്. സ്വാതന്ത്ര്യത്തന്റെ അരുണ ശോഭ പീഡിത മനസ്സുകളിൽ ഉണർത്താനും പോരാട്ടത്തിന്റെ പാതകളിലേക്ക് അവരെ നയിക്കാനും ഗ്രന്ഥശാലകൾ അനുഷ്ഠിച്ച കർമ്മം വലുതാകുന്നു. വായനയെ വിലകുറഞ്ഞ വിനോദോപാധിയായി കാണാതെ മാറ്റത്തിന്റെ മഹായുധമായി കാണുകയും പാശ്ചാത്യ അവബോധത്തിനുശേഷം നാടിന്റെ മാറുന്ന മനസ്സ് ഗ്രന്ഥശാലാ പ്രവർത്തകർ ഏറ്റുവാങ്ങുകയുമായിരുന്നു സ്വാതന്ത്ര്യസമരത്തിന്റെ തീജ്വാലകൾ ആളിക്കത്തിക്കൊണ്ടിരുന്ന കാലം; ഇരുൾമൂടിയ ഇടനാഴികകളിൽ പോയ കാല പ്രേതങ്ങളെ ചികയുന്നവർക്കെതിരെ നവചിന്തയുടെ തീക്കാറ്റാഞ്ഞുവീശുന്ന കാലം, മാനവികതയുടെ പ്രകാശപൂർണ്ണമായ നക്ഷത്രങ്ങൾ വിടരാൻ തുടങ്ങിയ കാലം, ഇത്തരമൊരു കാലത്തിലന്റെ നിലപാട്തറയിലാണ് ഗ്രന്ഥശാലാ പ്രസ്ഥാനം പടർന്ന് പന്തലിച്ചത്.

1939 ൽ ഏച്ചൂരിനടുത്തു സ്ഥാപിച്ച ദേശീയ വായനശാല

പട്ടിക -1

# നിലവിൽ പ്രവർത്തിക്കുന്ന ഗ്രന്ഥാലയങ്ങൾ

| ക്രമ നമ്പർ | പേരും വിലാസവും | സ്ഥാപിച്ച വർഷം | കെട്ടിടത്തിന്റെ വിവരം | മെമ്പർമാരുടെ എണ്ണം | പുസ്തകങ്ങളുടെ എണ്ണം | പ്രതിമാസ പുസ്തകവിതരണം | വായനശാലയുടെ കീഴിൽ പ്രവർത്തിക്കുന്നവ | സർക്കാർ ഗ്രാന്റ് ലഭിക്കുന്നുണ്ടോ എന്ന് | മറ്റഭിപ്രായം |
|---|---|---|---|---|---|---|---|---|---|
| 1 | നവോദയ സാംസ്കാരിക വായനശാല & ഗ്രന്ഥാലയം, തലമുണ്ട | 1957 | സ്വന്തം | 68 | | | വായനശാല & ഗ്രന്ഥാലയം | ഇല്ല | |
| 2. | കാഞ്ഞിരോട് പഞ്ചായത്ത് വായനശാല | 1960 | സ്വന്തം | 125 | 850 | | വായനശാല | അംഗങ്ങളുടെ വരിസംഖ്യ | |
| 3. | കാഞ്ഞിരോട് പൊതുജനവായനശാല & ഗ്രന്ഥാലയം, പി.ഒ. കാഞ്ഞിരോട് | 1942 | സ്വന്തം | 555 | | | വായനശാല & ഗ്രന്ഥാലയം | സർക്കാർ ഗ്രാന്റ് | |
| 4. | ശ്രീ നാരായണ വിലാസം വായനശാല ഏച്ചൂർ | 1970 | സ്വന്തം | 35 | | | വായനശാല & ഗ്രന്ഥാലയം | ഇല്ല | |
| 5. | ഗാന്ധി സ്മാരക വായനശാല & ഗ്രന്ഥാലയം, നല്ലാച്ചി | 1950 | സ്വന്തം | 344 | | | വായനശാല & ഗ്രന്ഥാലയം | സർക്കാർ ഗ്രാന്റ് | |
| 6. | സഫ്ദർ ഹാഷ്മി സ്മാരക വായനശാല | 1987 | വാടക കെട്ടിടം | 25 | | | വായനശാല | ഇല്ല | |
| 7. | ഏച്ചൂർ ഗ്രാമീണ ഗ്രന്ഥാലയം | 1955 | സ്വന്തം | 53 | 2565 | 1000 | വായനശാല | | |
| 8. | എം.വി. കുഞ്ഞിരാമൻ സ്മാരക മന്ദിരം | 1990 | സ്വന്തം | 13 | | | വായനശാല | ഇല്ല | |
| 9. | മുണ്ടേരി ഗ്രാമിണ വായനശാല & ഗ്രന്ഥാലയം | 1995 | സ്വന്തം | 40 | | | വായനശാല & ഗ്രന്ഥാലയം | ഇല്ല | |
| 10. | കെ.കെ. അബ്ദുള്ളക്കുട്ടി ഹാജി മെമ്മോറിയൽ വായനശാല ഗ്രന്ഥാലയം, മുണ്ടേരിമൊട്ട | 1994 | വാടക കെട്ടിടം | 21 | 1000 | 400 | വായനശാല & ഗ്രന്ഥാലയം | | |
| 11. | അൽ അസ്ഹർവായനശാല & ഗ്രന്ഥാലയം | 1980 | സ്വന്തം | 25 | 300 | 140 | വായനശാല & ഗ്രന്ഥാലയം | ഇല്ല | |

യാണ് പഴക്കംചെന്ന ഗ്രന്ഥാലയം. തുടർന്ന് 1943 ൽ കാഞ്ഞിരോട് തെരുവിൽ കാഞ്ഞിരോട് പൊതുജന വായനശാല & ഗ്രന്ഥാലയം സ്ഥാപിതമായി. സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഈ ഗ്രന്ഥാലയത്തിൽ 534 പുരുഷൻമാരും 11 സ്ത്രീകളുമടക്കം 555 പേർ മെമ്പർമാരായിട്ടുണ്ട്. കേരള ഗ്രന്ഥശാലാസംഘത്തോട് അഫിലിയേറ്റ് ചെയ്ത് ഈ വായനശാലക്ക് വർഷം തോറും ഗ്രാന്റ് ലഭിച്ചുവരുന്നു. ഏച്ചൂർ ഗ്രമീണ വായനശാല, കാനച്ചേരി (1955), ഗാന്ധി സമാരക വായനശാല & ഗ്രന്ഥാലയം, നല്ലാഞ്ചി (1955), നവോദയ വായനശാല, തലമുണ്ട (1957), കുടുക്കിമൊട്ട നവോദയ വായനശാല (1957), കാഞ്ഞിരോട് പഞ്ചായത്ത് വായനശാല (1960) എന്നിവ ഇന്നും നല്ല നിലയിൽ പ്രവർത്തിക്കുന്ന പഴക്കംചെന്ന വായനശാലകളിൽ ചിലതാണ്. നിലവിൽ 11 വായനശാലകൾ പഞ്ചായത്തിൽ ഉണ്ട്. ഒരു കാലത്ത് നല്ലനിലയിൽ പ്രവർത്തിച്ചിരുന്ന അഞ്ചോളം വായനശാലകൾ ഇപ്പോൾ നാമ



ഏച്ചൂർ കോട്ടം ശിവക്ഷേത്രം



കാനച്ചേരി ജുമാഅത്ത് പള്ളി

മാത്ര പുസ്തക വിതരണത്തിൽ ഒതുങ്ങുന്നു. പഴയ കാലത്ത് പഞ്ചായത്തിലെ തൊഴിലെടുക്കുന്ന ജനവിഭാഗം ആർത്തിയോടെ ഗ്രന്ഥാലയങ്ങളെ സമീപിച്ചിരുന്ന ഒരു ചിത്രം ഇന്ന് അന്യമായിരിക്കുന്നു. കേവലം വൈകുന്നേരസിനിമ കാണാൻ വേണ്ടി കേന്ദ്രീകരിക്കുന്ന സ്ഥാപനമായി വായനശാലകൾ മിക്കതും അധഃപതിച്ചിരിക്കുന്നു. 1990 ന് ശേഷം പുതുതായി ഗ്രന്ഥാലയങ്ങൾ പഞ്ചായത്തിൽ തുടങ്ങിയിട്ടില്ല. തുടങ്ങിയ കാഞ്ഞിരോട് പഞ്ചായത്ത് വായനശാല & ഗ്രന്ഥാലയം പുനരുദ്ധാരണ പ്രവർത്തനമായി മാത്രമേ കാണാൻ കഴിയുകയുള്ളൂ. മദ്യനിരോധനം നടപ്പിലായ തോടുകൂടി കള്ള് ഷാപ്പ് പ്രവർത്തിച്ചിരുന്ന സ്ഥലത്ത് നാട്ടുകാർ സംഘടിച്ച് കുടുക്കിമൊട്ടയിൽ 1957 ൽ നവോദയ വായനശാല & ഗ്രന്ഥാലയം സ്ഥാപിച്ചു. മദ്യക്കുപ്പിക്ക് പകരം പുസ്തകം ലഭിച്ചപ്പോൾ നാട്ടുകാർക്കും ഗ്രന്ഥശാലാ പ്രവർത്തകർക്കും ഇതൊരാവേശമായിരുന്നു. കാഞ്ഞിരോട് തെരു പൊതുജനവായനശാല, തലമുണ്ട നവോദയ വായനശാല എന്നിവ ഒരുകാലത്ത് നല്ല നിലയിൽ പുസ്തക വിതരണം നടത്തിയ ഗ്രന്ഥാലയങ്ങൾ ആയിരുന്നു. 14 പത്രങ്ങളും 2 വാരി കകളും പഞ്ചായത്ത് വിവിധ വായനശാലകൾക്ക് നൽകുന്നുണ്ട്. ലൈബ്രറി, വായനശാല ആവശ്യത്തിലേക്ക് 1995-96 ൽ 12493 രൂപ പഞ്ചായതത്ത് ചെലവഴിച്ചു. ഇത് ആകെ ചിലവിന്റെ 1.45% മാത്രമാണ്.

## രാഷ്ട്രീയ പാർട്ടികൾ

സ്വാതന്ത്ര്യ സമര കാലഘട്ടം മുതലെ നമ്മുടെ പഞ്ചായത്തിൽ ചെറുതും വലുതുമായ കൂട്ടായ പ്രവർത്തനങ്ങളിൽ ജനങ്ങൾ ഏർപ്പെട്ടിരുന്നു. ഇന്ത്യൻ നാഷനൽ കോൺഗ്രസിന്റെ രൂപീകരത്തിലൂടെയാണ് രാഷ്ട്രീയ പാർട്ടികൾക്ക് സംഘടിത ഭാവം വന്നത്. കേരളത്തിലെ രാഷ്ട്രീയ ചരിത്രംപോലെ തന്നെ പഞ്ചായത്തിലും ഇന്ത്യൻ നാഷനൽ കോൺഗ്രസിലെ ഇടതുപക്ഷവിഭാഗവും സോഷ്യലിസ്റ്റ് ചേരിക്ക് രൂപം നൽകുകയും തുടർന്ന് ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടി രൂപീകരിക്കുകയും ചെയ്തു. ഇതേ കാലഘട്ടത്തിൽ തന്നെ പഞ്ചായത്തിൽ ഇന്ത്യൻ യൂനിയൻ മുസ്ലിം ലീഗിന്റെ പ്രവർത്തനവും ആരംഭിച്ചു. ദേശീയ പാരമ്പര്യമുള്ള പാർട്ടികൾ ഉൾപ്പെടെ 9 രാഷ്ട്രീയ പാർട്ടികൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു.

പട്ടിക -4

### പഞ്ചായത്തിലെ രാഷ്ട്രീയ പാർട്ടികൾ

| ക്രമനമ്പർ | പേര് |
|---|---|
| 1 | ഇന്ത്യൻ നാഷനൽ കോൺഗ്രസ്സ് |
| 2 | കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇൻഡ്യ (മാർകിസ്റ്റ്) |
| 3 | കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇൻഡ്യ |
| 4 | ഇന്ത്യൻ യുനിയൻ മുസ്ലിം ലീഗ് |
| 5 | ജനതാദൾ |
| 6 | ഭാരതീയ ജനതാ പാർട്ടി |
| 7 | ഇന്ത്യൻ നാഷനൽ കോൺഗ്രസ് (എസ്) |
| 8 | കമ്മ്യൂണിസ്റ്റ് മാർകിസ്റ്റ് പാർട്ടി |
| 9 | ഇന്ത്യൻ നാഷനൽ ലീഗ് |

പട്ടിക –2

# നിലവിലുള്ള കലാ- സാംസ്കാരിക സ്ഥാപനങ്ങൾ

| ക്രമ നമ്പർ | പേരും മേൽവിലാസവും | സ്ഥാപിച്ച വർഷം | മെമ്പർമാരുടെ എണ്ണം |
|---|---|---|---|
| 1 | വീനസ് സ്പോർട്സ് ക്ലബ്ബ്, ഏച്ചൂർ | 1980 | 50 |
| 2 | സുരേഷ് മെമ്മോറിയൽ സ്പോർട്സ് ക്ലബ്ബ്, ഏച്ചൂർ | 1979 | 50 |
| 3 | പ്രിയദർശിനി സ്പോർട്സ് ക്ലബ്ബ്, കമാൽ പീടിക | 1982 | 50 |
| 4 | സാംസം കൾച്ചറൽ സെന്റർ, പുറവൂർ | 1990 | 25 |
| 5 | കാനച്ചേരി കൾച്ചറൽ സെന്റർ | 1985 | 20 |
| 6 | യുവശക്തി ആർട്സ് & സ്പോർട്സ് ക്ലബ്ബ്, കോയ്യോട്ട് പാലം | 1980 | 41 |
| 7 | എ.കെ.ജി. ക്ലബ്ബ്, കാനച്ചേരി | 1977 | 10 |
| 8 | സഫ്ദർ ഹാശ്മി സ്പോർട്സ് ക്ലബ്ബ് | 1985 | 15 |
| 9 | സഃ അനന്തൻ സ്മാരക സ്പോർട്സ് ക്ലബ്ബ് & റീഡിംഗ് റൂം, കച്ചേരിപ്പറമ്പ് | 1984 | 39 |
| 10 | പ്രിയദർശിനി സ്പോർട്സ് & ആർട്സ് ക്ലബ്ബ് | 1985 | 25 |
| 11 | ജോളി സ്പോർട്സ് ക്ലബ്ബ്, പുറവൂർ | 1990 | 25 |
| 12 | ബ്ലൂസ് സ്പോർട്സ് ക്ലബ്ബ്, മാവിൻ മുക്ക് | 1993 | 15 |
| 13 | അഴീക്കോടൻ സ്മാരക സ്പോർട്സ് ക്ലബ്ബ്, കൊളാംചേരി | 1974 | 25 |
| 14 | റെഡ് സ്റ്റാർ സ്പോർട്സ് ക്ലബ്ബ് | 1980 | 25 |
| 15 | ചന്ദ്രോദയ കലാസമിതി, ഏച്ചൂർ | 1972 | 20 |
| 16 | എൻ.വി. ജനാർദ്ദനൻ സ്മാരക സ്പോർട്സ് ക്ലബ്ബ് | | |
| 17 | വൈക്കിംഗ് സ്പോർട്സ് ക്ലബ്ബ് | 1975 | 16 |
| 18 | പ്രിയദർശിനി കൾച്ചറൽ സെന്റർ | | |
| 19 | റെഡ് ഫ്ളവർ | 1980 | 30 |
| 20 | സുവർണ്ണ കലാസമിതി, പടന്നോട്ട് മെട്ട | 1976 | 20 |
| 21 | സമന്വയ യൂത്ത് സെന്റർ, മുണ്ടേരി | 1994 | 12 |
| 22 | സഃ എൻ. അബ്ദുള്ള സ്മാരക ആർട്സ് & സ്പോർട്സ് ക്ലബ്ബ്, കാനച്ചേരി | 1977 | 50 |
| 23 | ജാസ് ക്ലബ്ബ്, തലമുണ്ട | 1975 | 31 |
| 24 | ജനതാ സ്പോർട്സ് ക്ലബ്ബ്, കാഞ്ഞിരോട് | 1970 | 150 |
| 25 | വിക്ടറി ആർട്സ് & സ്പോർട്സ് ക്ലബ്ബ് | 1990 | 80 |
| 26 | സർഗ്ഗവേദി കലാസമിതി, കാഞ്ഞിരോട് തെരു | 1989 | 86 |
| 27 | ശ്രീ ഗണേഷ് വാദ്യസംഘം, കാഞ്ഞിരോട് തെരു | 1980 | 22 |
| 28 | പ്രതിഭ കലാസമിതി, കാഞ്ഞിരോട്, കുടുക്കിമൊട്ട | 1985 | 15 |
| 29 | സഹൃദയ, കാനച്ചേരി | 1991 | 11 |

പഞ്ചായത്തിലെ സാംസ്കാരിക രാഷ്ട്രീയ ചരിത്രം രാഷ്ട്രീയ പാർട്ടികളുടെയും സാംസ്കാരിക സംഘടനകളുടെയും കൂട്ടായ്മയിലൂടെ ഉരുത്തിരിഞ്ഞതാണ്. സംസ്കാരിക പൊലിമ നിലനിർത്തുന്നതിനും ഇനിയും നമുക്ക് കൂടുതൽ ചെയ്യേണ്ടിയിരിക്കുന്നു.

## കലാ- കായിക രംഗം

പഞ്ചായത്തിൽ വർഷം തോറും നടത്താറുള്ള കേരളോത്സവത്തോടനുബന്ധിച്ചുള്ള കലാമത്സരങ്ങളും സ്കൂളുകളിലും, അംഗൻവാടികളിലും, മദ്രസ്സകളിലും മറ്റ് സാംസ്കാരിക ക്ലബ്ബുകളുടെ ആഭിമുഖ്യത്തിൽ നടത്താറുള്ള കലാ മത്സരങ്ങളും നമ്മുടെ പഞ്ചായത്തിലെ കലാരംഗത്തെ പരിപോഷിപ്പിക്കുന്ന ഘടകങ്ങളാണ്. കായിക രംഗങ്ങളിൽ വേണ്ടത്ര പുരോഗതിയില്ലെങ്കിലും കേവലം മോശമല്ലാത്ത നിലവാരം പുലർത്താൻ ഈ പഞ്ചായത്തിന് സാധിച്ചിട്ടുണ്ട്. വിരലിലെണ്ണാവുന്ന പ്രതിഭകളെയെങ്കിലും സംസ്ഥാന തലത്തിലും മറ്റും സംഭാവന നൽകാൻ സാധിച്ചു എന്നത് നമ്മുടെ പഞ്ചായത്തിന് അഭിമാനിക്കാവുന്നതാണ്. ജില്ലാ -യൂണിവേഴ്സിറ്റി തലങ്ങളിൽ മികച്ച കായിക താരങ്ങളെ വളർത്തിയെടുക്കാൻ നമുക്ക് സാധിച്ചിട്ടുണ്ട്. പുതിയ തലമുറയെ കായിക രംഗത്തേക്ക് ആകർഷിപ്പിക്കാൻ കഴിയത്തതിന്റെ കാരണം വിദ്യാർത്ഥികളിൽ കായികാഭിരുചി വളർത്തിയെടുക്കാനാവശ്യമായ പരിപാടികൾ സ്കൂൾ തലത്തിൽ നടപ്പിലാക്കുന്നില്ല എന്നത് തന്നെയാണ്. വിദ്യാലയങ്ങളോടനുബന്ധിച്ചുള്ള കളിസ്ഥലത്തന്റെ പരിമിതിയാണ് ഇതിനു പ്രധാനകാരണം. ഇന്നു നമ്മുടെ നാട്ടിലെ യുവതലമുറയെ ആകർഷിച്ചുവരുന്ന പ്രധാന വിനോദം ക്രിക്കറ്റാണ്. ക്രിക്കറ്റ് ജ്വരത്തിന്റെ മുന്നിൽ ലോകോത്തര കളികളായ ഫുട്ബോൾ, വോളിബോൾ എന്നിവ നിഷ്പ്രഭമായിക്കൊണ്ടിരിക്കുകയാണ്. ഒരു പ്രമുഖ കരാട്ടെ അസോസിയേഷന്റെ കരാട്ടെ ക്ലാസ്, ജിംനേഷ്യം, കളരി തുടങ്ങിയ കായിക പരമായ ക്ലാസ്സുകൾ നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്നുണ്ട്.

കേരള സംഗീത നാടക അക്കാദമിയിൽ അഫിലിയേറ്റ് ചെയ്ത കലാസമിതികളാണ് ചന്ദ്രോദയ കലാസമിതിയും സുവർണ്ണ കലാസമിതിയും. ഇവ ഒരുകാലത്ത് നമ്മുടെ പഞ്ചായത്തിന് അഭിമാനിക്കത്തക്കവയായിരുന്നു.

പഞ്ചായത്ത് തലത്തിൽ നടത്താറുള്ള കേരളോത്സവം, ഓണം സ്പോർട്സ് തുടങ്ങിയവയോടനുബന്ധിച്ച് നടത്തുന്ന കലാകായിക മത്സരങ്ങൾക്ക് ക്ലബ്ബുകളുടേയും യുവജനങ്ങളുടേയും പ്രാതിനിധ്യം നമ്മുടെ പഞ്ചായത്തിൽ നിർലോഭം ലഭിക്കാറുണ്ട്. നമ്മുടെ സാംസ്കാരിക രംഗത്ത് നിരവധി സംഭാവനകൾ ചെയ്ത ചെറുതും വലുതുമായ സാമൂഹ്യ സാംസ്കാരിക കലാകാരന്മാരുടെ പ്രവർത്തനം പ്രത്യേകം സ്മരണീയമത്രെ.

തനതായ സാംസ്കാരിക പാരമ്പര്യം അവകാശപ്പെടുവാനുള്ള നമ്മുടെ ഗ്രാമത്തിന്റെ ഇന്നത്തെ അവസ്ഥ നമ്മെ വീണ്ടും പഴയകാലത്തേക്ക് തിരിഞ്ഞുനോക്കുവാൻ പ്രേരിപ്പിക്കുന്നു. നാടൻകളികളായ ഇട്ടിയും കോലും,തലമ, സോഡി, ഡപ്പ എന്നിവ നമ്മളിൽ നിന്നും അന്യമായിരിക്കുന്നു. കളിയിലൂടെ കായികാരോഗ്യം വികസിപ്പിക്കേണ്ടതിന് പകരം ദൃശ്യമാധ്യമങ്ങളിലൂടെയുള്ള വിദൂര വീചികൾ കണ്ട് സായൂജ്യമടയുന്നു.

## പ്രശ്നങ്ങൾ

1. പഞ്ചായത്ത് വായനശാലക്ക് പഞ്ചായത്തിന്റെ സഹായം പരിമിതമാണ്. 10,000 ക. യുടെ ലൈബ്രറി പുസ്തകം അനുവദിക്കാമെന്ന കഴിഞ്ഞ പഞ്ചായത്ത് ബോർഡ് തീരുമാനം ഇനിയും നടപ്പിലാക്കിയിട്ടില്ല.

2. പഞ്ചായത്തിലെ എല്ലാ വായനശാലകൾക്കും ഗ്രന്ഥാലയങ്ങൾക്കും ഗ്രാന്റ് ലഭിക്കാത്തതുകൊണ്ട് പ്രവർത്തനം കാര്യക്ഷമമാകുന്നില്ല.

3. VII, IX, XII വാർഡുകളിൽ ഗ്രന്ഥശാലകളില്ല.

4. പഞ്ചായത്തിൽ സിനിമാ തീയേറ്റർ ഇല്ല.

5. പ്രാചീന കലകളായി കഥകളി, ഓട്ടൻതുള്ളൽ, കോൽക്കളി, ദഫ്മുട്ട്, പൂരക്കളി തുടങ്ങിയവക്ക് വേണ്ടത്ര പ്രോത്സാഹനം ലഭിക്കുന്നില്ല.

6. രണ്ടാം ഘട്ട സാക്ഷരതാ പ്രവർത്തനം നിർജീവാവസ്ഥയിലാണ്. നവസാക്ഷരർക്കായി പ്രവർത്തിക്കുന്ന ജനവിദ്യാ കേന്ദ്രങ്ങൾ പ്രവർത്തനരഹിതമാണ്.

7. ആധുനിക ലോകത്തെ പ്രധാന വാർത്താമാധ്യമമായ ടെലിവിഷൻ എല്ലാ വായനശാലകളിലും ഇല്ല.

8. കായിക രംഗത്ത് വേണ്ടത്ര പരിശീലനം ലഭിക്കുന്നില്ല. ഇതിനു കാരണം മതിയായ കളിസ്ഥലങ്ങളുടെ അഭാവവും പരിശീലകരുടെ കുറവുമാണ്.

9. കലാ -കായിക രംഗത്ത് അഭിരുചിയുള്ള ദരിദ്ര വിദ്യാർത്ഥികളുടെ മുന്നിൽ ഉന്നതങ്ങളിലേക്കുള്ള മാർഗ്ഗം വഴി മുട്ടി നിൽക്കുകയാണ്. അവർക്ക് വേണ്ട വിധം പ്രോത്സാഹനം ലഭിക്കുന്നില്ല.

10. പഞ്ചായത്തിൽ ഒരു ഇൻഫോർമേഷൻ സെന്റർ ഇല്ല.

11. പഞ്ചായത്ത് കായികമേളകളിൽ ഡോക്ടറുടെ സേവനം ലഭിക്കുന്നില്ല.

12. ടി.വി. സീരിയലുകളുടെ സമയം കുട്ടികളുടെ പഠനത്തെ ബാധിക്കുന്നു.

13. പഞ്ചായത്തിൽ ഒരു കമ്മ്യൂണിറ്റി ഹാൾ (വിവാഹ മണ്ഡപം ഉൾപ്പെടെ), ഓപ്പൺ എയർ സ്റ്റേജ് എന്നിവ ഇല്ല.

## പരിഹാരങ്ങളും നിർദ്ദേശങ്ങളും

1. കാഞ്ഞിരോട് പഞ്ചായത്ത് വായനശാലക്ക് ആവശ്യമായ ധനസഹായം നൽകുകയും രണ്ടാമത്തെ നിലയുടെ നിർമ്മാണ ജോലി ആരംഭിക്കുകയും വേണം.

2. പഞ്ചായത്തിൽ വായനശാലകളും ഗ്രന്ഥാലയങ്ങളും

ഇല്ലാത്ത വാർഡുകളിൽ അവ സ്ഥാപിക്കുകയും നിലവിലുള്ളവക്ക് സർക്കാർ ഗ്രന്റ് അനുവദിക്കുകയും വേണം

3. പഞ്ചായത്തിൽ എല്ലാ സംവിധാനത്തോടുകൂടിയ ഒരു സിനിമാ തീയേറ്റർ നിർമ്മിക്കുന്നതിനാവശ്യമായ സംവിധാനം ഉണ്ടായിരിക്കണം.

4. പ്രാചീന കലകൾക്ക് പ്രോത്സാഹനം നൽകുന്ന കലാ –സാംസ്കാരിക കേന്ദ്രം സ്ഥാപിക്കുക

5. രണ്ടാം ഘട്ട സാക്ഷരതാ പ്രവർത്തനം ഊർജ്ജസ്വലമാക്കുന്നതിനു വേണ്ടി നിർജീവമായി കിടക്കുന്ന ജനവിദ്യാകേന്ദ്രങ്ങൾ പ്രവർത്തനക്ഷമമാക്കുക.

6. എല്ലാ വായനശാലകളിലും റേഡിയോ. ടി.വി.സെറ്റ് സ്ഥാപിക്കുക

7. കായികതാരങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ട സൗകര്യങ്ങൾ ഏർപ്പെടുത്തുക. വികസന സാധ്യതയുള്ള മുണ്ടേരി ഗവർമെന്റ് ഹൈസ്കൂൾ ഗ്രൗണ്ട് മിനി സ്റ്റേഡിയമാക്കുക. കളിസ്ഥലമില്ലാത്ത കേന്ദ്രങ്ങളിൽ അവ നിർമ്മിക്കുക, കൂടാതെ കായിക താരങ്ങളെ പരിപോഷിപ്പിക്കുന്നതിനു വേണ്ടി ഒരു പരിശീലന കേന്ദ്രം സ്ഥാപിക്കുക.

9. പഞ്ചായത്ത് സ്പോർട്സ്– കലാമേളകൾ നടക്കുമ്പോൾ ഡോക്ടർമാരുടേയോ, ഫാർമസിസ്റ്റിന്റെയോ സേവനം ലഭ്യമാക്കുക.

10. അവധിക്കാലങ്ങളിൽ കുട്ടികൾക്ക് വേണ്ടിയുള്ള വായനകേമ്പും സഹവാസ കേമ്പും ജനകീയ പങ്കാളിത്തത്തോടുകൂടി സംഘടിപ്പിക്കണം.

11. പഞ്ചായത്തിൽ കമ്മ്യൂണിറ്റി ഹാൾ, ഓപ്പൺ എയർ സ്റ്റേജ് എന്നിവ നിർമ്മിക്കുക.

12. നമ്മുടെ നാട്ടിൽ നിന്ന് അന്യമായി പോയ നാടൻകളികൾ തിരിച്ചുകൊണ്ടുവരുവാൻ പരിപാടികൾ ആവിഷ്കരിക്കണം.

13. കലാ–കായിക മത്സരങ്ങളിൽ സ്ത്രീകളുടെ പങ്കാളിത്തക്കുറവും ഗുണനിലവാരക്കുറവും പരിഹരിക്കുന്നതിന് പരിപാടി ആവിഷ്കരിക്കണം.

14. വായനശാലകൾ, കലാസമിതികൾ, ക്ലബ്ബുകൾ എന്നിവയുടെ പഞ്ചായത്ത് തല ഏകീകരണം ഉറപ്പ് വരുത്തുക. സമിതികളുടെ പ്രവർത്തനം മോണിറ്ററിംഗിന് വിധേയമാക്കുക.

അത്യാധുനിക ഇല്ക്ട്രോണിക് മാധ്യമത്തിന്റെ രംഗപ്രവേശനം കുട്ടികളുടെ പഠനത്തെ സ്വാധീനിക്കുന്നുണ്ടെന്നും വികലമായ പരസ്യങ്ങളും ചിത്രങ്ങളും കുട്ടികളുടെ സമഗ്ര വളർച്ചക്ക് എതിരാണെന്നുമാണ് പലരുടേയും അഭിപ്രായം. കുട്ടികൾക്ക് വിജ്ഞാനമുതകുന്ന വാർത്തകൾ ക്വിസ് പ്രോഗ്രാം, സയൻസ് പ്രോഗ്രാം എന്നിവ നിർബന്ധമായും കുട്ടികൾ കാണേണ്ടതുതന്നെ. ദൃശ്യ ശ്രാവ്യ മാധ്യമങ്ങൾ കുട്ടികളുടെ അനുഭവത്തെ പോഷിപ്പിക്കുന്നതിനു പകരം അനുഭവമലിനീകരണമാണ് ചെയ്തുകൊണ്ടിരിക്കുന്നത്. ശാസ്ത്ര വിജ്ഞാന പംക്തികൾ കുട്ടികൾക്ക് ഉപകാരപ്രദമെങ്കിലും ടെലിവിഷനിലൂടെ അവതരണത്തിൽ പുതുമ സൃഷ്ടിക്കാൻ അവയ്ക്ക് കഴിയുന്നില്ലെന്നാണ് ജനാഭിപ്രായം. ഇലക്ട്രോണിക് മാധ്യമങ്ങളെ കുറിച്ചുള്ള സംവാദം ഇവിടെ അവസാനിക്കുന്നില്ല. മനുഷ്യമനസ്സുകളിൽ അതിന്റെ മാറ്റൊലികൾ ഉയരുകയും തെറ്റും ശരിയും തിരിച്ചറിയുവാൻ അവന്റെ ബോധം തെളിയുകയും നല്ലതിനെ സ്വീകരിച്ചും തിന്മയെ അവഗണിച്ചും മനുഷ്യൻ യാഥാർത്ഥ്യങ്ങൾ കാണുകതന്നെ ചെയ്യട്ടെ. അങ്ങിനെ ജീവിതത്തിൽ നാനാമേഖലകളിലും ഗുണപരമായ മാറ്റം അഞ്ചുവർഷംകൊണ്ട് വരുത്താൻ സാംസ്കാരിക മണ്ഡലത്തിലെ ഉയർത്തെഴുന്നേൽപ്പ് കൊണ്ട് നമുക്ക് സാധിക്കും. അതിനുവേണ്ടി നമുക്ക് ജാഗരൂകരായി പ്രവർത്തിക്കാം.

ഗതകാലത്തോട് പലവിധത്തിലും നാം കടപ്പെട്ടിരിക്കുന്നു.
ഭാവിയോടും നമുക്ക് കടമയുണ്ട്, ആ കടമയാകട്ടെ
ഭൂതകാലത്തോടുള്ളതിനേക്കാൾ ഒരു പക്ഷേ കൂടുതലായിരിക്കും

– ജവഹർലാൽ നെഹ്റു

# മുണ്ടേരി പഞ്ചായത്ത് ഭൂപടം
## (സാംസ്ക്കാരിക സ്ഥാപനങ്ങൾ)




1. മുണ്ടേരി പി.എച്.സി
2. മുണ്ടേരി എൽ.പി.സ്ക്കൂൾ
3. മുണ്ടേരി ജുമാ മസ്ജിദ്
4. മുണ്ടേരി പുതിയ ഭഗവതീ ക്ഷേത്രം
5. മുണ്ടേരി ജുമാ അത്ത് പള്ളി
6. മുണ്ടേരി സെന്റ്രൽ യു.പി. സ്ക്കൂൾ
7. മുണ്ടേരി വില്ലേജാഫീസ്
8. കച്ചേരിപ്പറമ്പ് ജുമാ അത്ത് പള്ളി
9. മുണ്ടേരി ഈസ്റ്റ് എൽ.പി സ്ക്കൂൾ
10. ഏച്ചൂർ കോട്ട ശിവക്ഷേത്രം
11. മൻശാ ഉൽ ഉലൂൻ മദ്രസാ എൽ.പി സ്ക്കൂൾ
12. കാനിച്ചേരി ജുമാ മസ്ജിദ്
13. കോളിൻമൂല ജുമാമസ്ജിദ്
14. നവകേരള എൽ.പി സ്ക്കൂൾ
15. പടന്നോട്ട് പള്ളി
16. ഏച്ചൂർ വെസ്റ്റ് യു.പി സ്ക്കൂൾ
17. മാവൻമൂക്ക് നൂർ മസ്ജിദ്
18. പുറവൂർ ലക്ഷമീ നരസിംഹ ക്ഷേത്രം
19. പുറവൂർ എൽ.പി. സ്ക്കൂൾ
20. ഏച്ചൂർ ഈസ്റ്റ് എൽ.പി സ്ക്കൂൾ
21. ഫാമിലി വെൽഫേർ സെന്റർ
22. മുണ്ടേരി പഞ്ചായത്താഫീസ്.
23. മുണ്ടേരി ഗവ. ഹൈസ്ക്കൂൾ
24. കാഞ്ഞിരോട് വില്ലേജാഫീസ്
25. കാഞ്ഞിരോട് പുതിയ പള്ളി
26. കാഞ്ഞിരോട് എ.യു.പി. സ്ക്കൂൾ
27. ഏച്ചൂർ വെസ്റ്റ് എൽ.പി സ്ക്കൂൾ
28. കാഞ്ഞിരോട് തെരു ഗണപതി ക്ഷേത്രം
29. ശങ്കര വിലാസം യു.പി.സ്ക്കൂൾ
30. കാഞ്ഞിരോട് ബസാർ പള്ളി.
31. കാഞ്ഞിരോട് സെന്റ്രൽ എൽ.പി സ്ക്കൂൾ
32. കാഞ്ഞിരോട് എൽ.പി.സ്ക്കൂൾ
33. തലമുണ്ട ക്കാവ്
34. തലമുണ്ട എൽ.പി.സ്ക്കൂൾ
35. ഏച്ചൂർ പോസ്റ്റാഫീസ്.
36. കാഞ്ഞിരോട് പഴയ പള്ളി.
37. കാഞ്ഞിരോട് മദ്രസ



# വനിതാ ക്ഷേമം

സ്ത്രീ വിമോചന പ്രസ്ഥാനങ്ങൾ നാടെങ്ങും സജീവമായി മുന്നേറുന്ന ഈ കാലഘട്ടത്തിൽ വിദ്യാസമ്പന്നരായ സ്ത്രീകൾ പോലും ഇതൊന്നുമറിയാതെ വീടുകളിൽ ഒതുങ്ങി കൂടുകയാണ്. മുണ്ടേരി പഞ്ചായത്തിലും ഈ പ്രവണത നിലനിൽക്കുന്നു.

സാമൂഹ്യ പ്രവർത്തന മേഖലയിൽ പഴയകാലത്ത് സ്ത്രീ പങ്കാളിത്തം വളരെ കുറവായിരുന്നു. ആദ്യമായി സ്ത്രീകൾ രംഗത്ത് എത്തുന്നത് വികസന ബ്ലോക്കുകൾ മുഖേനയാണ്. ഗ്രാമസേവിക, മുഖ്യ സേവിക എന്നിവരാണ് ഇതിന് നേതൃത്വം നൽകിയത്. അവർ പിന്നീട് സാധാരണ സ്ത്രീകളെ രംഗത്ത് എത്തിക്കാൻ തുടങ്ങി. കാഞ്ഞിരോട് വില്ലേജിലാണ് ആദ്യമായി മഹിളാ സമാജം രൂപീകൃതമായത്. ആ കാലഘട്ടങ്ങളിൽ പെൺകുട്ടികൾ വിദ്യാഭ്യാസ പരമായും വളരെ പിന്നിലായിരുന്നു. ഇതിനുള്ള കാരണം വിദ്യാലയങ്ങളുടെ അപര്യാപ്തതയും രക്ഷിതാക്കളുടെ താൽപര്യമില്ലായ്മയുമാണ്. താൽപര്യമുള്ളവർക്ക് ഗതാഗത സൗകര്യവും ഉണ്ടായിരുന്നില്ല. ഹൈസ്കൂൾ വിദ്യാഭ്യാസം പ്രാപ്യമായത് 1945 ൽ കൂടാളി ഹൈസ്കൂൾ സ്ഥാപിതമായതോടെയാണ്. 1948 ൽ അവിടെ നടന്ന ആദ്യത്തെ എസ്.എസ്.എൽ.സി പരീക്ഷയെഴുതിയ 23 വിദ്യാർത്ഥികൾ 2 വിദ്യാർത്ഥികൾ നമ്മുടെ ഗ്രാമത്തിലെ പെൺകുട്ടികളായിരുന്നു. ചെറുപ്രായത്തിലുള്ള വിവാഹ സമ്പ്രദായവും വിദ്യാഭ്യാസത്തിന് തടസ്സം സൃഷ്ടിച്ചിരുന്നു. സ്ത്രീകളുടെ തൊഴിൽ നില പരിശോധിച്ചാൽ മുണ്ടേരി വില്ലേജിലാണ് ഏറ്റവും നല്ല കുടിൽ വ്യവസായമായി കളിമൺ വ്യവസായം വനിതകളുടെ നേതൃത്വത്തിൽ നടത്തിവന്നത്. ഹരിജൻ വിഭാഗത്തിൽ ഓല്പ്പായ നിർമ്മാണം പഴയകാല തൊഴിൽ സമ്പ്രദായമായിരുന്നു. കുലത്തൊഴിലായി തുടങ്ങിയ വ്യവസായമായിരുന്നു കൈത്തറി വ്യവസായം. ഈ മേഖലയിലും ഒരു ചെറിയ ശതമാനം സ്ത്രീകൾ ജോലി ചെയ്തതായി കാണാം. നമ്മുടെ പഞ്ചായത്തിലെ പഴയകാലത്തുള്ള സ്ത്രീകളിൽ ഭൂരിഭാഗവും കാർഷികത്തൊഴിലാളികളായിരുന്നു. 1995 ലെ സെൻസസ് പ്രകാരം നമ്മുടെ പഞ്ചായത്തിലെ മൊത്തം ജനസംഖ്യ 29,901 ആണ്. ഇതിൽ 15,502 സ്ത്രീകളാണ്. പുരുഷൻമാരെ അപേക്ഷിച്ച 1043 സ്ത്രീകൾ കൂടുതലാണ്. ഈ ജനസംഖ്യയുടെ എണ്ണത്തിലുള്ള മേൽകോയ്മ സ്ത്രീകൾക്ക് സമുഹത്തിൽ ഉയർന്ന സ്ഥാനം കിട്ടേണ്ടതിന്റെ ആവശ്യകത സൂചിപ്പിക്കുന്നു. ഇപ്പോൾ നിലവിൽ വന്ന പഞ്ചായത്തീ രാജ് നിയമപ്ര

കാരം 1/3 വനിതാ സംവരണം സ്ത്രീകൾക്ക് ലഭിച്ചു. വിദ്യാഭ്യാസ ആരോഗ്യ കാര്യങ്ങളിൽ അടുത്ത കാലത്തായി സ്ത്രീ-പുരുഷ അന്തരം കുറഞ്ഞു വന്നതായി കാണാം. വിദ്യാലയങ്ങളിൽ 2480 ആൺകുട്ടികളും 2281 പെൺകുട്ടികളും അടക്കം മൊത്തം 4761 വിദ്യാർത്ഥികളാണ് ഉള്ളത്. മുസ്ലിം ജനവിഭാഗങ്ങളിൽ ഉന്നതവിദ്യാഭ്യാസം നടത്തുന്ന വനിതകൾ വിരലിലെണ്ണാവുന്നവരേയുള്ളു. ഇതിന് പ്രധാന കാരണം രക്ഷിതാക്കൾക്കുള്ള ബോധവൽകരണമില്ലായ്മയാണ്. ബിരുദവും ബിരുദാനന്തര ബിരുദവും എടുത്ത ധാരാളം വനിതകൾ തൊഴിൽ രഹിതരായി കഴിയുന്നു. വിദ്യാഭ്യാസമുള്ള സ്ത്രീകൾക്ക് അർഹതപ്പെട്ട തൊഴിൽ ലഭിക്കാത്തതുകൊണ്ട് അവർ തൊഴിൽ രംഗത്ത് വരാൻ വിമുഖത കാട്ടുന്നു. എന്നിരുന്നാലും അദ്ധ്യാപന രംഗത്ത് പുരുഷന്മാരെക്കാൾ സ്ത്രീകളാണ് മുൻപന്തിയിൽ (60%).

തൊഴിൽ മേഖലകളിലെ സ്ത്രി പങ്കാളിത്തം സൂചിപ്പിക്കുന്ന 1991 ലെ സെൻസസ് ഇപ്രകാരമാണ്.

| തൊഴിൽ മേഖല | സ്ത്രീകൾ | പുരുഷന്മാർ |
|---|---|---|
| കർഷകത്തൊഴിലാളി | 558 | 830 |
| നിർമ്മാണ തൊഴിലാളി | 21 | 362 |
| മൃഗസംരക്ഷണം | 80 | 1800 |
| ചെറുകിട വ്യവസായം | 19 | 86 |
| ഗതാഗതം | 12 | 416 |
| വ്യാപാരം | 40 | 1230 |
| നാമമാത്രമായി ജോലിചെയ്യുന്നവർ | 383 | 397 |
| മറ്റുള്ളവർ | 341 | 619 |
| തൊഴിലില്ലാത്തവർ | 13579 | 8433 |

തൊഴിൽ മേഖലയിൽ സ്ത്രീ പങ്കാളിത്തം കുറവായിട്ടാണ് പട്ടിക വ്യക്തമാക്കുന്നത്. ഇതിന് സ്ത്രീകളെ എല്ലാ തുറകളിലും ശക്തിപ്പെടുത്തേണ്ടത് അത്യാവശ്യമാണ്.

കായിക മേഖലയിൽ മുൻകാലങ്ങളെ അപേക്ഷിച്ച് സ്ത്രീകൾ വളരെ കുറഞ്ഞുവരുന്നു. വിദ്യാഭ്യാസം നേടിയവർ കൃഷിപ്പണിയിൽ ഏർപ്പെടുന്നത് ഒരു മോശമായിട്ടാണ് കരുതുന്നത്. 1961 കാലഘട്ടങ്ങളിലൊക്കെ നിലവിലുണ്ടായിരുന്ന പരമ്പരാഗത തൊഴിലായ ഓലമടയൽ ഇന്ന് നാമമാത്രമായിക്കൊണ്ടിരിക്കുകയാണ്. ഇതിന് പ്രധാന കാരണം കോൺക്രീറ്റ് കെട്ടിടങ്ങളുടെ വർദ്ധനയാണ്. സ്ത്രീകളോടുള്ള ലിംഗപരമായ വിവേചനം സമൂഹത്തിൽ നിലനിൽക്കുന്നതുകൊണ്ടാണ് തൊഴിൽരംഗത്തുള്ള സ്ത്രീകളുടെ എണ്ണം കുറയാൻ പ്രധാന കാരണം. കൃഷിപ്പണിയിൽ സ്ത്രീകളുടേയും പുരുഷന്മാരുടേയും തുല്യജോലിയിൽ തന്നെ കൂലിയിലും അന്തരമുണ്ട്. എല്ലാ മേഖലകളിലും തുല്യ കൂലി നിരക്ക ലഭിക്കേണ്ടതായിട്ടുണ്ട്. മണ്ണ് കോരിയെടുക്കുന്ന തൊഴിൽ പുരുഷന്മാർ ചെയ്യുന്നതാണ്. ഇത് സ്ത്രീകളെ കൊണ്ട് ചെയ്യിക്കുകയും കൂലി നിരക്ക് വർദ്ധനവ് ലഭിക്കുന്നില്ല എന്നുള്ളതും ഒരു വസ്തുതയാണ്. തൊഴിലെടുക്കാത്ത സ്ത്രീകളുടെ നില പരിശോധിച്ചാൽ വളരെ കൂടുതലാണ്. ഗൃഹനാഥകളായിട്ടുള്ള സ്ത്രീകൾ ആടുമാടുകളെ വളർത്തൽ, കോഴിവളർത്തൽ, പച്ചക്കറികൃഷി തുടങ്ങിയ ജോലികൾ ചെയ്യുന്നുണ്ട്. 400 ഓളം വീടുകളിൽ സ്ത്രീകളാണ് കുടുംബനാഥകർ . വിധവാ പെൻഷൻ ലഭിക്കുന്നവർ 96 ആണ്. അർഹരായവർ ഇനിയും ബാക്കിയുണ്ട്. പഞ്ചായത്തിൽ 13 അംഗൻവാടികൾ ഉണ്ടെങ്കിലും സ്വന്തമായി കെട്ടിടമുള്ള 7 അംഗൻവാടികളാണുള്ളത്. അംഗൻവാടികൾക്ക് സ്വന്തമായി കെട്ടിടം ഇല്ലാത്തതിന്റെ പ്രശ്നം ഉണ്ട്. ഇവിടെനിന്നും അനുപൂരക പോഷകാഹാരം ലഭിക്കുന്ന ഗർഭിണികളുടെ എണ്ണം 662 ഉം മുലയൂട്ടുന്നവരുടെ എണ്ണം 62 ഉം ആണ്. ADWCRA യൂനിറ്റും വനിതകളുടെ നേതൃത്വത്തിൽ നടക്കുന്ന 2 വ്യവസായിക സഹകരണ സംഘങ്ങളുമാണുള്ളത്. (പ്രിന്റിംഗ് പ്രസ്, ഖാദി നിർമ്മാണം) ഇതിൽ പ്രിന്റിംഗ് പ്രസ്സിന്റെ പ്രവർത്തനം മന്ദഗതിയിലാണ്. അത് ഊർജ്ജസ്വലതയിലേക്കാക്കേണ്ടതാണ്.

സാമൂഹ്യരംഗത്ത് പിന്നോക്കം നിൽക്കുന്ന സ്ത്രീകളെ ശരിയായ ബോധവൽക്കരണത്തിലൂടെ മുന്നോട്ട് കൊണ്ടുവന്നാൽ മാത്രമേ പൊതുജീവിതത്തിലും തൊഴിൽ മേഖലയിലും അർഹമായ പങ്കു വഹിക്കാൻ കഴിയുകുള്ളൂ. ജോലിചേയ്യാൻ സ്ത്രീകൾ താല്പര്യം കാണിക്കുന്നുണ്ടെങ്കിലും ഉത്തരവാദിത്വം ഏൽപ്പിക്കാൻ പുരുഷൻമാർ തയ്യാറാവുന്നില്ല. സ്ത്രികൾക്കിടയിലെ ആത്മ വിശ്വാസക്കുറവ് പ്രധാന പ്രശ്നമാണ്. സമൂഹത്തിലെ പകുതിയിലധികം വരുന്ന വിഭാഗമാണ് തങ്ങളെന്നും പുരുഷൻമാർക്കുള്ള അധികാരങ്ങളും അവകാശങ്ങളും തങ്ങൾക്കും ലഭിക്കണമെന്ന് സ്വയം തോന്നേണ്ടിയിരിക്കുന്നു. ഏതു തുറകളിലും സ്ത്രീകൾക്ക് പുരുഷനോടൊപ്പം നിൽക്കാനുള്ള കഴിവുണ്ടെങ്കിലും അത് പ്രകടിപ്പിക്കാനുള്ള തന്റേടം സ്ത്രീകൾ കാണിക്കേണ്ടിയിരിക്കുന്നു. സ്ത്രീകളുടെ അവകാശങ്ങൾ സ്ത്രീകൾ മനസ്സിലാക്കുകയും അത് സമൂഹം അംഗീകരിക്കുകയും ചെയ്താൽ മാത്രമേ സ്ത്രീകൾക്കുള്ള വിമോചനം സാദ്ധ്യമാവുകയുള്ളൂ.

ഇന്നത്തെ സമൂഹത്തിൽ നിന്ന് കഴിയുന്നത്ര സ്ത്രീകളെ നേതൃത്വ നിരയിലേക്ക് കൊണ്ടുവരുവാൻ രാഷ്ട്രീയ സംഘടനകൾ ശ്രമിക്കണം. പഞ്ചായത്ത് തലത്തിൽ ഒരു കേന്ദ്രീയ കമ്മിറ്റി രൂപീകരിക്കുകയും അങ്ങനെ വനിതകളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുകയും വേണം. സ്ത്രീകളുടെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് അവരുടേതായ തൊഴിൽ യൂണിറ്റുകളും സഹകരണ സംഘങ്ങളും തുടങ്ങേണ്ടതായിട്ടുണ്ട്. അതിനുള്ള സാദ്ധ്യതകളും ഈ പഞ്ചായത്തിലുണ്ട്. വനിതകളുടെ തൊഴിൽ സാദ്ധ്യതകൾക്ക് ഖാദി നൂൽ നൂൽപ്പ് വ്യവസായവും പഴ സംസ്ക്കരണ ട്രൈസം

പദ്ധതി, കുറ്റിമുല്ല കൃഷി, പുഷ്പ സസ്യങ്ങൾ വളർത്തൽ കൂടാതെ നമ്മുടെ നാട്ടിൽ സുലഭമായി ലഭിക്കുന്ന നാളികേരം ഉപയോഗിച്ച് ചെറുകിട യൂനിറ്റുകൾ തുടങ്ങാവുന്നതാണ്. ചിരട്ട ഉപയോഗിച്ച് കൗതുക വസ്തുക്കൾ ഉണ്ടാക്കുന്നതിനുള്ള പരിശീലനവും നടത്താവുന്നതാണ്. പച്ചക്കറി, അടുക്കളത്തോട്ടവും സ്ത്രീകളുടെ നേതൃത്വത്തിൽ നട്ത്താവുന്നതാണ്. D.W.C.R.A പോലുള്ള യുനിറ്റുകൾ വർദ്ധിപ്പിക്കേണ്ടതാണ്. അതോടൊപ്പം മാർക്കറ്റിംഗ് സൗകര്യവും ലഭിക്കേണ്ടതാണ്.

വനിതകളുടെ രൂക്ഷമായ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനു വേണ്ടി വനിതാ സഹകരണ സംഘങ്ങൾ, ഗാർമെന്റ്സ് തുടങ്ങിയ സ്ഥാപനങ്ങൾ ആരംഭിക്കണമെന്നും, അതോടൊപ്പം തന്നെ സ്വയം തൊഴിൽ സംരഭങ്ങൾ തുങ്ങുന്നതിനും, നാട്ടിലെ മറ്റ് സ്ഥാപനങ്ങളിൽ നിന്നും ആവശ്യമായ വായ്പകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. മഹിളാ സമാജങ്ങൾ ഇല്ലാത്ത വാർഡുകളിൽ സമാജങ്ങൾ രൂപീകരിക്കുകയും ഉള്ളത് പ്രവർത്തനക്ഷമമാക്കേണ്ടതുമാണ്. അതുവഴി തൊഴിൽ പരിശീലന കേന്ദ്രങ്ങൾ വിപുലപ്പെടുത്താവുന്നതാണ്. മതപരമായും രാഷ്ട്രീയപരമായും ആചാരപരമായും പൊതുരംഗങ്ങളിൽ നിന്നും മാറി നിൽക്കുന്നവരെ ബോധവൽക്കരിക്കുന്നതിനു വേണ്ടി ക്ലാസുകൾ സംഘടിപ്പിക്കാവുന്നതാണ്. സ്ത്രീധന സമ്പ്രദായം നിലവിലില്ലെങ്കിലും മുസ്ലിം ജനവിഭാഗങ്ങളിൽ ഇന്നും തുടരുന്നുണ്ട്. ഇതിനെതിരെയും സ്ത്രീധന നിരോധന നിയമം കർശനമാക്കേണ്ടതാണ്. ഇത് പാവപ്പെട്ട മുസ്ലിം കുടുംബങ്ങൾക്ക് ആശ്വാസമാകും. കാർഷിക രംഗത്തും കെട്ടിട നിർമ്മാണ രംഗത്തും സ്ത്രീകളെ ആകർഷിക്കുന്നതിനു വേണ്ടി പ്രത്യക ആനുകുല്യങ്ങളും ക്ഷേമപ്രവർത്തനങ്ങളും അനുവദിക്കേണ്ടതാണ്. ഉപഭോക്തൃ സംരക്ഷണ നിയമങ്ങളും മറ്റു നിയമങ്ങളും സ്ത്രീകൾ അറിഞ്ഞിരിക്കേണ്ടതാണ്. ഇത്തരം കാര്യങ്ങൾ മനസ്സിലാക്കുന്നതിനും പഠിക്കുന്നതിനും ഉള്ള സംവിധാനങ്ങൾ ഉണ്ടാക്കാണം.

ബഹുജന സംഘടനകളിൽ സ്ത്രീ പങ്കാളിത്തം പൊതുവെ കുറവാണ്. ഇതിന് പ്രധാനകാരണം ഇന്നു നിലനിൽക്കുന്ന അരാജകത്വം, കുടുംബ പരമായ പ്രയാസങ്ങൾ തുടങ്ങിയവയാണ്. മറ്റൊരു കാരണം രക്ഷിതാക്കളിലെ താൽപര്യമില്ലായ്മയാണ്. ഇങ്ങിനെ സ്ത്രീകൾ രംഗത്തെത്തുന്നതിന് നിരവധി തടസ്സങ്ങൾ നിലനിൽക്കുന്നു. കൃത്യസമയത്ത് ഭക്ഷണമുണ്ടാക്കേണ്ട ചുമതല, ആടുമാടുകളെ വളർത്തൽ വിറക് ശേഖരിക്കൽ തുടങ്ങിയ പുരയിട കൃഷിയുമായി ബന്ധപ്പെട്ട നൂറുകൂട്ടം പണികൾ ഇവയൊക്കെ പൂർത്തിയാക്കാനുള്ള ബാധ്യത വീട്ടമ്മമാരായ സ്ത്രീകൾക്കാണ്. സർക്കാർ ജോലിക്കും മറ്റ് കൂലിപ്പണിക്കും പോയാൽ കുടിയുള്ള ഉത്തരവാദിത്വം ഒഴിവാക്കുന്നില്ല. സ്ത്രീ പീഠനക്കേസുകൾ പൊതുവെ നമ്മുടെ പഞ്ചായത്തിൽ കുറവാണ്. വിദ്യാലയങ്ങളിൽ പെൺകുട്ടികൾ പീഠിപ്പിക്കപ്പെടുന്ന സ്ഥിതിയുണ്ട്. മദ്യപാനത്തിന്റെ പേരിൽ ചില കുടുംബങ്ങളിൽ സ്ത്രീ പീഠനം അനുഭവിക്കുന്നു. ഗ്രന്ഥശാലാ പ്രസ്ഥാനത്തിലും സ്ത്രീകളുടെ പങ്കാളിത്തം കുറവാണ്. കാഞ്ഞിരോട് തെരു പൊതുജനവായനശാലയിൽ 30 വനിതാ മെമ്പർമാരുണ്ട്. സ്വാതന്ത്ര്യ സമരകാലഘട്ടത്തിൽ പ്രക്ഷോഭ പ്രവർത്തനങ്ങളിൽ സ്ത്രീകളുടെ പങ്കാളിത്തം കുറവായിരുന്നു. ഇപ്പോൾ ജനാധിപത്യ മഹിളാ അസോസിയേഷന്റെ രണ്ട് വില്ലേജ് കമ്മിറ്റികൾ പ്രവർത്തിക്കുന്നു. 1990 ൽ നടന്ന സാക്ഷരതാ പ്രവർത്തനത്തിൽ സ്ത്രീകൾ കാര്യമായ പങ്ക് വഹിച്ചിട്ടുണ്ട്. പഞ്ചായത്തിലെ 2108 നിരക്ഷരരിൽ 1425 പേരെ സാക്ഷരരാക്കുന്ന പ്രവർത്തനത്തിൽ സ്ത്രീകൾക്ക് മുഖ്യ പങ്കാളിത്തം ഉണ്ടായിരുന്നു.

## പ്രശ്നങ്ങൾ

1. തൊഴിൽ നിയമങ്ങളിൽ സ്ത്രീകൾക്ക് വേണ്ട പരിജ്ഞാനമില്ല. പരിശീലനത്തിന് സൗകര്യം ലഭിക്കുന്നില്ല.

2. സർക്കാർ പദ്ധതികൾ എന്തൊക്കെയാണെന്ന് സ്ത്രീകൾക്ക് വ്യക്തമായ വിവരം ലഭിക്കാനുള്ള മാർഗ്ഗമില്ല.

3. അദ്ധ്യാപന മേഖലയൊഴികെ സ്ത്രീകൾ അവഗണിക്കപ്പെടുന്നു.

4. കാർഷിക മേഖലയിൽ സ്ത്രീകൾ കൊഴിഞ്ഞുപോകുന്നു.

5. പൊതു സ്ഥലങ്ങളിൽ പ്രാഥമിക സൗകര്യങ്ങൾ ഇല്ല.

6. അന്ധ വിശ്വാസങ്ങൾ സ്ത്രീകളുടെ ഇടയിൽ ശക്തമായി നിലനിൽക്കുന്നു.

7. പൊതുപ്രവർത്തന രംഗത്ത് ഇറങ്ങുവാനുള്ള മനോധൈര്യം സ്ത്രീകൾക്ക് പൊതുവെ കുറവാണ്.

8. അംഗൻവാടി ജീവനക്കാർക്ക വേതനം തുച്ഛമാണ്. ഇവർക്ക് സർക്കാർ ജീവനക്കാരായി പരിഗണന ലഭിക്കുന്നില്ല.

9. പഞ്ചായത്തിൽ വൃദ്ധസദനങ്ങളോ അഗതി മന്ദിരങ്ങളോ ഇല്ല.

10. പെൺ കുട്ടികൾക്ക് വിവാഹ ധനസഹായം വർദ്ധിപ്പിക്കേണ്ടതാണ്.

11. അംഗൻവാടികളിൽ ഭൗതിക സാഹചര്യം തൃപ്തികരമല്ല.

12. തുല്യ ജോലിക്ക് തുല്യ വേതനം ലഭിക്കുന്നില്ല.

13. തൊഴിലെടുക്കുന്ന സ്ത്രീകളുടെ കുട്ടികളെ സംരക്ഷിക്കുന്നതിന് സംവിധാനമില്ല.

## സാധ്യതകൾ

1. തൊഴിൽ യൂനിറ്റുകൾ വർദ്ധിപ്പിക്കുകയും ആവശ്യമായ പരിശീലനം നൽകുകയും ചെയ്യുക.

2. തൊഴിൽ അവസരങ്ങൾ തൊഴിൽ നിയമങ്ങൾ എന്നി

വയെക്കുറിച്ചുള്ള വിവരദായക കേന്ദ്രം പ്രവർത്തിപ്പിക്കുക.

3. വിധവാ പെൻഷൻ അഗതി പെൻഷൻ ഇവയുടെ ആനുകൂല്യങ്ങൾ അർഹമായ എല്ലാവർക്കും ലഭ്യമാക്കുക.

4. സ്വയം തൊഴിൽ സംരഭങ്ങൾ സ്ത്രീകൾക്കിടയിൽ സംഘടിപ്പിക്കുവാൻ മുൻകൈ എടുക്കുക.

5. പരമ്പരാഗത വ്യവസായങ്ങളിൽ ആധുനിക വൽകരണം ഉണ്ടാകുമ്പോൾ സ്ത്രീകളെ അതിനുവേണ്ടി സജ്ജമാക്കുക.

6. മഹിളാ സമാജങ്ങൾ ഇല്ലാത്ത വാർഡുകളിൽ ഉണ്ടാക്കുക.

7. പ്രാഥമിക സൗകര്യങ്ങൾ പ്രധാന കവലകളിൽ ഉറപ്പു വരുത്തുക.

8. പുരയിട കൃഷിയുടെ വികസനത്തിന് സർവ്വീസ് സഹ കരണ സ്ഥാപനങ്ങളിൽ നിന്നുള്ള സഹായം സ്ത്രീകൾക്കും ലഭ്യമാക്കുക.

9. വനിതാ സഹകരണ സംരഭങ്ങൾ ഉണ്ടാക്കുക.

10. സ്ത്രീ പീഡനത്തിനെതിരെ ബോധവൽകരണ പ്രവർത്തനങ്ങൾ നടത്തുക.

11. നിലവിലുള്ള വനിതാ യുനിറ്റുകൾ നവീകരിക്കുവാൻ ആവശ്യമായ സഹായങ്ങൾ നൽകുക.

അടുക്കളയിലെ അരണ്ട വെളിച്ചത്തിലും കുടുംബ പ്രശ്നങ്ങളിലും തളച്ചിടപ്പെടുന്ന സ്ത്രീകൾ 'അടുക്കളിയിൽ നിന്ന് അരങ്ങത്തേക്ക്' ധീരമായി കടന്നു വരേണ്ടിയിരിക്കുന്നു. എത്രതന്നെ സ്ത്രീ വിമോചന പ്രസ്ഥാനങ്ങൾ സമൂഹത്തിൽ പ്രവർത്തിച്ചാലും പ്രവർത്തനത്തിന്റെ വീര്യം ഉൾക്കൊള്ളാതെ വന്നാൽ അതിന് ഫലമില്ലാതെ വരും. സ്ത്രീകളെ കൂടുതലായി തൊഴിൽരംഗത്തേക്ക് കൊണ്ടുവരികയും സംഘബോധം സൃഷ്ടി ക്കുകയും ചെയ്താൽ ഈ രംഗത്ത് ആശാവഹമായ പുരോഗതി യുണ്ടാക്കാം.

ജനസമുദായത്തിൽ
പകുതിഭാഗവും
അടുക്കളയിലെ അടിമച്ചങ്ങലയിൽ
ബന്ധിക്കപ്പെട്ടിരിക്കുമ്പോൾ
ഒരു രാഷ്ട്രത്തിന്
സ്വതന്ത്രമാകാൻ സാധ്യമല്ല.

വി.ഐ. ലെനിൻ



# സഹകരണം

പഴയ കാല മാടമ്പിമാരിൽ നിന്നും കർഷക സമൂഹത്തെ രക്ഷിക്കുന്നതിന്നായി 1904 ലെ സഹകരണ നിയമത്തിൻെറ (കോ: ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്ട് X ഓഫ് 1904) അടിസ്ഥാനത്തിൽ രൂപീകൃതമായ കാർഷിക വായ്പ്പാ സംഘങ്ങളുടെ ആവിർഭാവത്തോടെയാണ് ഭാരതത്തിൽ സഹകരണ പ്രസ്ഥാനത്തിന്ന് തുടക്കം കുറിക്കുന്നത്. തുടർന്നിങ്ങോട്ട് സഹകരണ രംഗത്ത് വിപ്ലവകരമായ മുന്നേറ്റം നടത്താൻ കഴിഞ്ഞ സംസ്ഥാനമാണ് കേരളം. സമൂഹത്തിലെ സമസ്ത മേഖലകളിലും സഹകരണ സംഘങ്ങൾ സ്ഥാപിക്കാനും മുന്നേറാനും നമുക്ക് കഴിഞ്ഞിട്ടുണ്ട്. കേരളത്തിലെ സഹകരണ മേഖല ഇന്ത്യക്കാകെ മാതൃകയാണെന്ന കാര്യം അഭിമാനകരമായ വസ്തുതയാണ്.

നമ്മുടെ പഞ്ചായത്ത് മുണ്ടേരി , കാഞ്ഞിരോട് എന്നീ വില്ലേജുകൾ ഉൾപ്പെട്ടതാണ്. കാഞ്ഞിരോട് വില്ലേജിൽ 1952 ൽ പരേതനായ മുൻ മുണ്ടേരി പഞ്ചായത്ത് പ്രസിഡണ്ട് വിദ്വാൻ കെ. കേളൻ മാസ്റ്റർ, ശ്രീ .കാപ്പാടൻ കണ്ടി ഗോവിന്ദൻ മാസ്റ്റർ എന്നിവരുടെ നേതൃത്വത്തിൽ കാഞ്ഞിരോട് വെച്ച് രൂപീകൃതമായ കാഞ്ഞിരോട് വിവിധോദ്ദേശ ഐക്യ നാണയ സംഘമാണ് ഈ പ്രദേശത്ത് സഹകരണ പ്രസ്ഥാനത്തിന് തുടക്കം കുറിച്ചത്. 1954 ൽ ശ്രീ. കെ. കേളൻ, ഇപ്പോഴത്തെ ഏച്ചൂർ സർവ്വീസ് സഹകരണ ബേങ്ക് പ്രസിഡണ്ട് ശ്രീ. ടി.വി. കൃഷ്ണൻ മാസ്റ്റർ എന്നിവരുടെ ഐക്യനാണയ സംഘമാണ് മുണ്ടേരി വില്ലേജിലെ ആദ്യ വായ്പാ സംഘത്തിന് തുടക്കം കുറിച്ചത്. തുടർന്ന് 1967 ൽ കാഞ്ഞിരൊട് ഐക്യ നാണയ സംഘം സർവ്വീസ് സംഘമായും 1979 ൽ കാഞ്ഞിരോട് സർവ്വീസ് സഹകരണ ബേങ്കായും പ്രവർത്തനമാരംഭിച്ചു. മുണ്ടേരിയിൽ 1958 ൽ ഒരു ചകിരി വ്യവസായ സഹകരണ സംഘം സ്ഥാപിച്ചു. ഒട്ടേറെ സത്രീ പുരുഷൻമാർക്ക് ചകിരി പൂഴ്ത്തലും അടിച്ച് നാരുണ്ടാക്കലുമായി ജോലി ലഭിച്ചിരുന്നു. പരേതനായ ശ്രീ. സി.കുഞ്ഞപ്പ നായരായിരുന്നു സ്ഥാപക പ്രസിഡണ്ട്.
. റാട്ട് ഉപയോഗിച്ച് ചൂടി, കയർ മുതലായവ ഉണ്ടാക്കുന്നതിന് പരിശീലനം നൽകുന്ന ഒരു സ്ഥാപനം ഉണ്ടായിരുന്നു. കാട്ടാമ്പള്ളി പദ്ധതി വന്നതോടുകൂടി ഉപ്പ് വെള്ളമില്ലാത്തതിനാൽ ചകിരി പൂഴ്ത്തൽ നടക്കൽ സാധിക്കാതാവുകയും പ്രവൃത്തി നിന്നു പോവുകയും സൊസൈറ്റി ലിക്വിഡേറ്റ് ചെയ്യപ്പെടുകയും ചെയ്തു.

ഏച്ചൂർ കാഞ്ഞിരോട് എന്നീ പ്രദേശങ്ങൾ കേന്ദ്രീകരിച്ചുകൊണ്ട് രണ്ട് ചക്കര സൊസൈറ്റികൾ പ്രവർത്തിച്ചിരുന്നു. വിവിധ മേഖലകളിലായി 17 സഹകരണ സംഘങ്ങൾ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. മുണ്ടേരി പഞ്ചായത്ത് കോ-ഓപ്പ് കൺസ്യൂമർ സ്റ്റോർ എന്ന സ്ഥാപനം ലിക്വിഡേറ്റ് ചെയ്തിരിക്കുകയാണ്. ഈ പഞ്ചായത്തിൽ മേൽ പറഞ്ഞ സഹകരണ സ്ഥാപനങ്ങളെ കൂടാതെ മൗവ്വഞ്ചേരി കോ-ഓപ്പ്

`റൂറൽ ബേങ്കിൻെറ മുണ്ടേരിമൊട്ട, കാഞ്ഞിരോട് ( ക്രഡിറ്റ് മേഖല ) എന്നീ ബ്രാഞ്ചുകളും വ്യവയായ മേഖലയിൽ വലിയ്യന്നൂർ ബീഡി വ്യവസായ സഹകരണ സംഘത്തിൻെറ കാനച്ചേരി, മുണ്ടേരിമൊട്ട, ഏച്ചൂർ,തലമുണ്ട എന്നീ യൂനിറ്റുകളും പ്രവൃത്തിക്കുന്നു. സഹകരണ മേഖലയിൽ ഏച്ചൂർ വിവിധോദ്ദേശ ഐക്യ നാണയ സംഘം 1970 ൽ സർവ്വീസ്സംഘമായും 1976 ൽ മുണ്ടേരി വില്ലേജ് പ്രവർത്തന പരിധിയായി ഏച്ചൂർ സർവ്വീസ് സഹകരണ ബേങ്കായി ഉയരുകയുമാണ് ചെയ്തത്.

1952 ൽ നെയ്ത്ത് തൊഴിലാളികളെ സംഘടിപ്പിച്ചുകൊണ്ട് ചിറക്കൽ നെയ്ത്ത് തൊഴിലാളി സഹകരണ സംഘത്തിൻെറ ഒരു ശാഖ കാഞ്ഞിരോട് ബസാർ കേന്ദ്രമായി പ്രവർത്തനമാരംഭിച്ചു. അതു പിന്നീട് മുണ്ടേരി , അഞ്ചരക്കണ്ടി പഞ്ചായത്തുകളും , കുറ്റ്യാട്ടൂർ, കൂടാളി എന്നി വില്ലേജുകളും പ്രവർത്തന പരിധിയായി കാഞ്ഞിരോട് കൈത്തറി-നെയ്ത്തുതൊഴിലാളി സഹകരണ സംഘമായി റജിസ്റ്റർ ചെയ്യപ്പെട്ടു

വ്യവസായ സഹകരണ സംഘമാണ് ഇത്. ഒരർത്ഥത്തിൽ നമ്മുടെ പഞ്ചായത്തിലെ ആദ്യത്തെ സഹകരണ സ്ഥാപനവും ഇതുതന്നെയായിരുന്നു. സ്ഥാപനത്തിൻെറ ആദ്യത്തെ പ്രസിഡണ്ട് ശ്രീ. വയലൻ കൃഷ്ണനും ഓണിററി സിക്രട്ടറി ശ്രീ. സി.എച്ച്. രാമൻ മാസ്റ്ററുമായിരുന്നു. പഞ്ചായത്തിൽ ജീവനക്കാരും തൊഴിലാളികളുമായി 850 പേർ ജോലിചെയ്തുവരുന്നു. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളുടെ പട്ടിക തരം തിരിച്ച് അന്യത്യ ചേർക്കുന്നു.

## സഹകരണ സംഘങ്ങളാടെ ഇന്നത്തെ അവസ്ഥ:-

കാർഷിക മേഖലയിൽ ഏച്ചൂർ സർവ്വീസ് സഹകരണ ബേങ്കും, കാഞ്ഞിരോട് സർവ്വീസ് സഹകരണ ബേങ്കും , കാർഷികേതര മേഖലയിൽ മൌവ്വഞ്ചേരി കോ-ഓപ്പറേറ്റീവ് റൂറൽ ബേങ്കിൻെറ മുണ്ടരി, കാഞ്ഞിരോട് എന്നീ വില്ലേജുകളിൽ പ്രവർത്തിക്കുന്ന ബ്രാഞ്ചുകളും സമാന്യം ഭേദപ്പെട്ട നിലയിൽ പ്രവർത്തിക്കുന്നു. 1992 ൽ രൂപീകൃതമായ മുണ്ടേരി വനിതാ സർവ്വീസ് സംഘവും, ഏച്ചൂർ വനിതാ സർവ്വീസ് സംഘവും പരിമിതമായ തോതിൽ കാർഷികേതര വായ്പകൾ കൊടുത്തു വരുന്നുണ്ട്. ഈ പഞ്ചായത്തിൽ മുണ്ടേരി, കാഞ്ഞിരോട് എന്നീ ക്ഷീരോത്പാദക സഹകരണ സംഘം മെച്ചപ്പെട്ട നിലയിൽ പ്രവർത്തിക്കുന്നു. മുണ്ടേരി പഞ്ചായത്തിൽ ആദ്യമായി രൂപീകരിച്ച സഹകരണ

സംഘമാണ് ' ദി കാഞ്ഞിരോട് വീവേർസ് കോ- ഓപ്പറേറ്റീവ് സൊസൈറ്റി'. കേരളത്തിലെ കൈത്തറി സംഘങ്ങളിൽ ഏറ്റവും നല്ല നിലയിൽ പ്രവർത്തിക്കുന്ന സ്ഥാപനമാണ് . 1995-ലെ സംസ്ഥാനത്തിലെ മികച്ച കൈത്തറി സംഘങ്ങൾക്കുള്ള ദേശീയ അംഗീകാരം കിട്ടിയ സ്ഥാപനമാണിത്. മുണ്ടേരി പഞ്ചായത്തിർ സഹകരണ മേഖലയിൽ ഏറ്റവും കൂടുതൽ ആളുകൾക്ക് ജോലി കൊടുക്കുന്ന സ്ഥാപനവുമാണ്. വലിയന്നൂർ ബീഡി തൊഴിലാളി വ്യവസായ സഹകരണസംഘത്തിൻെറ നാല് യൂനിറ്റുകൾ ഈ പഞ്ചായത്തിൻെറ പരിധിയിൽ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ തൊഴിലാളികൾ കുറഞ്ഞതുകൊണ്ട് മാനച്ചേരി യൂനിറ്റ് അടച്ചുപൂട്ടാൻ മാനേജ്മെൻറ് തീരാമാനിച്ചതായാണറിവ്. വ്യവസായ സഹകരണ സംഘങ്ങളായി മുണ്ടേരി പഞ്ചായത്ത് മൾട്ടി ഇൻസ്ട്രിയൽ 'കോ-ഓപ്പ് സൊസൈറ്റി ഗാർമെൻറസ് മേഖലയിലും, പ്രീയദർശിനി വനിതാ വ്യവസായസഹകരണ സംഘം പ്രിൻറിംഗ് മേഖലയിലും പ്രവർത്തിക്കുന്നുണ്ട്. മുണ്ടേരി യന്ത്രവത്കൃത ചകിരി വ്യവസായ സഹകരണ

സംഘം രൂപീകരിച്ചിട്ടുണ്ടെങ്കിലും ഉത്പാദനമ ആരംഭിച്ചിട്ടില്ല. കാഞ്ഞിരോട് വീവേർസ് കോ-ഓപ്പററ്റീവ് എംപ്ലോയിസ് കോ-ഓപ്പ് സ്റ്റോറും, കുടുക്കിമൊട്ട കൺസ്യൂമർ കോ-ഓപ്പ് സ്റ്റോറുമാണ് കൺസ്യൂമർ മേഖലയിലുള്ള രണ്ട് സ്ഥാപനങ്ങൾ. സ്ക്കൂൾ സഹകരണ സംഘങ്ങളിൽ നാല് എണ്ണം പഞ്ചായത്തിൻെറ പരിധിയിൽ പുസ്തകവിതരണം നടത്തിവരുന്നു.

**ഒൻപതാം പദ്ധതി**
**ജനകീയ പദ്ധതി**

## പട്ടിക -1 കാർഷിക വായ്പാ സംഘങ്ങൾ

| ക്രമ നമ്പർ | സംഘത്തിൻെറ പേര് | പ്രവർത്തനം ആരംഭിച്ച വർഷം | പ്രവർത്തന പരിധി | വ്യക്തി അംഗത്വം | ഓഹരി മൂലധനം (ലക്ഷം) | കടം (ലക്ഷം) | നിക്ഷേപം (ലക്ഷം) | വായ്പകൾ (ലക്ഷത്തിൽ) | | പ്രവർത്തന മൂലധനം | ലാഭമോ നഷ്ടമോ | | ജീവനക്കാർ സ്ഥിരം മറ്റുള്ളവർ | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | കാർഷികം | കാർഷികേതരം | | ലാഭം | നഷ്ടം | | |
| 1 | ഏച്ചൂർ സർവ്വീസ് സഹകരണ ബേങ്ക് ക്ലിപ്തം നമ്പർ LL75 | 1976 | മുണ്ടേരി വില്ലേജ് | 5110 | 10.75 | | 331 | 10.59 | 243.3 | 355 | ലാഭം | | 19 | 7 |
| 2 | കാഞ്ഞിരോട് സർവ്വീസ് സഹകരണ ബേങ്ക് ക്ലിപതം നമ്പർ LL | 1979 | കാഞ്ഞിരോട് വില്ലേജ് | 4750 | 10.111 | | 246.84 | 12.93 | 168.43 | | ലാഭം | | 16 | 7 |

## പട്ടിക -2 കാർഷികേതര വായ്പകൾ

| ക്രമ നമ്പർ | സംഘത്തിൻെറ പേര് | പ്രവർത്തനം ആരംഭിച്ച വർഷം | പ്രവർത്തന പരിധി | വ്യക്തി അംഗത്വം | ഓഹരി മൂലധനം | കടം (ലക്ഷം) | നിക്ഷേപം (ലക്ഷം) | വായ്പകൾ (ലക്ഷത്തിൽ) കാർഷകേതരം | പ്രവർത്തന മൂലധനം | ലാഭമോ | നഷ്ടമോ | ജിവനക്കാർ സ്ഥിരം മറ്റുള്ളവർ | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | മൗവ്വഞ്ചേരി കോ-ഓപ്പ് റൂറൽ ബേങ്ക് No. 1279<br>1. കാഞ്ഞിരോട് ബ്രാഞ്ച്<br>2. മുണ്ടേരിമൊട്ട ബ്രാഞ്ച് | 1978<br>1981 | മുണ്ടേരി, ഇരിവേരി,, അഞ്ചരക്കണ്ടി, ചെമ്പിലോട്, പെരളശ്ശേരി പഞ്ചായത്തുകൾ | 3100<br>3200 | | 150<br>100 | 148<br>98.67 | 150<br>100 | | ലാഭം<br>ലാഭം | | 7<br>5 | 3<br>5 |
| 2 | മുണ്ടേരി വനിതാ സർവ്വീസ് സഹകരണ സംഘം ക്ലിപതംC.1297 | 1992 | മുണ്ടേരി, അഞ്ചരക്കണ്ടി, ചെമ്പിലോട് ചേലോറ പഞ്ചായത്തുകൾ | 308 | 8680 | | 7.587 | 6.696 | | | | 2 | 2 |
| 3 | ഏച്ചൂർ വനിതാ സഹകരണ സംഘം ക്ലിപതം C. 1149 | 1992 | മുണ്ടേരി, ചേലോറ പഞ്ചായത്തുകൾ | 345 | 56325<br>o | | 6.451 | | | | | | |

## പട്ടിക - 3 വ്യവസായ സഹകരണ സംഘടനകൾ

| ക്രമ നമ്പർ | സംഘത്തിൻെറ പേര് | പ്രവർത്തന വർഷം | പ്രവർത്തന പരിധി | വ്യക്തി അംഗത്വം | ഓഹരി മൂലധനം | കടം | നിക്ഷേപം | പ്രവർത്തന മൂലധനം | ലാഭമോ നഷ്ടമോ | | ജീവനക്കാർ | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | ലാഭം | നഷ്ടം | സ്ഥിരം | മുള്ളവർ |
| 1 | കാഞ്ഞിരോട് വീവേഴ്സ് കോ-ഓപ്പ് സൊസൈറ്റി (LL 44) | 1952 | മുണ്ടേരി, അഞ്ചര ക്കണ്ടി പഞ്ചായത്തു കൾ , കുറ്റ്യാട്ടൂർ, കു ടാളി വില്ലേജുകൾ | 391 | 1898785 | ഇല്ല | | | ലാഭം | | 20 | 400 |
| 2 | വലിയന്നൂർ ബീഡി തൊഴിലാളി വ്യവസായ സഹകരണ സംഘം ക്ലിപതം നമ്പർ .ഇന്ഷ്ട .ഡ. (ക) 53 | 1969 | എളയാവൂർ, ചേലോറ, മുണ്ടേരി അഞ്ചരക്കണ്ടി, കുടാളി, കീഴൂർ, പഞ്ചായത്തുകൾ | | | | | | | | | 313 |
| 3 | പ്രിയദർശിനി വനിതാ വ്യവസായ സഹകരണ സംഘം ക്ലിപ്തം No.c SIND 167 | 1993 | മുണ്ടേരി പഞ്ചായത്ത് | 17 | 47000 | | | | | | 1 | |
| 4 | മുണ്ടേരി പഞ്ചായത്ത് മൾട്ടി ഇൻഡസ്ട്രിയൽ കോ-ഓപ്പ് സൊസൈറ്റിലി. കാഞ്ഞിരോട് No SIND(C) 168 | 1994 | 3,8 വാർഡുകൾ | 17 | 78000 | | | | | | 1 | |
| 5 | മുണ്ടേരി യന്ത്ര വത്കൃത ചകിരി വ്യവസായ സഹകരണ സംഘം ക്ലിപ്തം No. c. 920 | 1993 | മുണ്ടേരി , ചേലോറ ചെമ്പിലോട് പഞ്ചായത്തുകൾ | 62 | 108000 | | | | | | 1 | |

a) <u>ഹ്രസ്വ കാല വായ്പ</u> - മുണ്ടേരി വില്ലേജ് പ്രവർത്തന പരിധിയായിട്ടുള്ള സ്ഥാപനമാണ്കാർഷിക-കാർഷികേതര മേഖലകളിൽ ഹ്രസ്വ കാല, മദ്ധ്യ കാല വായപ്കൾ വിതരണം ചെയ്യുന്നു. '95-'96 വർഷത്തിൽ കാർഷിക വായ്പയായി പതിനൊന്ന് ലക്ഷത്തോളം രൂപ മാത്രമേ വിതരണമ ചെയ്യാൻ സാധിച്ചുള്ളൂ. കൃഷിക്കാരുടെ ആവശ്യവുമായി തട്ടിച്ചുനോക്കുമ്പോൾ ഇത് വളരെ ചെറിയ തുകയാണ്. നബാഡിൻെറ നിലവിലുള്ള കാർഷിക വായ്പാ നയത്തിൽ മാറ്റം വരുത്തിയാൽ മാത്രമേ ഉദ്ദേശിച്ച രൂപത്തിൽ കാർഷിക വായ്പ വിതരണം നടത്താൻ സാധിക്കുകയുള്ളൂ. കൃത്യ സമയത്ത് വായ്പ തിരിച്ചടവ് വരാത്തതും ബേങ്ക് പ്രവർത്തനത്തിന് പ്രയാസം വരുന്നുണ്ട്. കാർഷിക-കാർഷികേതര വായ്പകൾ് പുറമേ വളം, കീടനാശിനി, കൊപ്രസംഭരണം, കശുവണ്ടി സംഭരണം, നിത്യോപയോഗ സാധനങ്ങളുടെ വില്പന എന്നിവ നടത്തിവരാറുണ്ട്. കാനച്ചേരി, പടന്നോട്ട്മൊട്ട, ഏച്ചൂർ (ഈവനിംഗ് ) എന്നിവിടങ്ങളിൽ ബേങ്കിന് ബ്രാഞ്ചുകൾ പ്രവർത്തിക്കുന്നുണ്ട്.

<u>**കാഞ്ഞിരോട് സർവ്വീസ് സഹകരണ ബേങ്ക്**</u> :- കാഞ്ഞിരോട് വില്ലേജാണ് പ്രവർത്തന പരിധി. മുണ്ടേരി പഞ്ചായത്തിലെ വായ്പാ സംഘങ്ങളിൽ ആദ്യമായി പ്രവർത്തനം ആരംഭിച്ച സ്ഥാപനമാണ് കാഞ്ഞിരോട് സർവ്വീസ് സഹകരണ ബേങ്ക്. കാർഷിക-കാർഷികേതര മേഖലകളിൽ ഹ്രസ്വകാല, മദ്ധ്യകാല വായ്പകളാണ് വിതരണം ചെയ്യുന്നത്. കൃഷിക്കാരുടെ ആവശ്യത്തിനനുസരിച്ച് വായ്പകൾ വിതരണം ചെയ്യാൻ സാധിക്കുന്നില്ല. വായ്പകൾ കൃത്യസമയത്ത് തിരിച്ചടവ് വരാത്തത് പുതിയ വായ്പകൾ വിതരണം ചെയ്യുന്നതിന് തടസ്സം നിൽക്കുന്നുണ്ട്. പതിമൂന്ന് ലക്ഷത്തോളം രൂപ കഴിഞ്ഞ സാമ്പത്തിക വർഷം കാർഷിക വായ്പയായി വിതരണം ചെയ്തിട്ടുണ്ട്. കാർഷിക -കാർഷികേതര വായ്പകൾക്ക് പുറമെ വളം, കീടനാശിനി,വില്പന, തുണി വില്പന ഗൃഹോപകരണങ്ങളുടെ വില്പന , കൊപ്ര സംഭരണം, കശുവണ്ടി സംഭരണം, എന്നിവ നടത്താറുണ്ട്. കൊളത്തുവയൽ, കുടുക്കിമൊട്ട (ഈവനിംഗ്) എന്നീ ബ്രാഞ്ചുകളും പ്രവർത്തിക്കുന്നുണ്ട്.

<u>**മൌവ്വഞ്ചേരി കോ-ഓപ്പററ്റീവ് റൂറൽ ബേങ്ക്**</u> :- മുണ്ടേരി പഞ്ചായത്ത് ഉൾപ്പെടെ 4 പഞ്ചായത്തുകൾ പരിധിയായുള്ള സ്ഥാപനമാണിത്. പഞ്ചായത്തിലെ രണ്ട് വില്ലേജുകളിലായി ഇതിൻെറ ബ്രാഞ്ചുകൾ പ്രവർത്തിക്കുന്നു. ഠുണ്ടേരി വില്ലേജിൽ മുണ്ടേരിമൊട്ടയിലും കാഞ്ഞിരോട് വില്ലേജിൽ കാഞ്ഞിരോട് ബസാറിലുമാണ് ബ്രാഞ്ചുകൾ സ്ഥിതിചെയ്യുന്നത്. കാർഷികേതര വായ്പകളാണ് വിതരണം ചെയ്യുന്നത്.

<u>**മുണ്ടേരി വനിതാ സഹകരണ സംഘം**</u>:- വനിതകളെ മാത്രം ഉൾപ്പെടുത്തിക്കൊണ്ട് 1992-ലാണ് സംഘം രൂപീകരിച്ചത്. മുണ്ടേരി പഞ്ചായത്തിന് പുറത്തും പ്രവർത്തന പരിധിയുണ്ട് പരിമിതമായ തോതിൽ മാത്രമേ വായ്പകൾ വിതരണം ചെയ്യാൻ സാധിക്കുന്നുള്ളൂ.സംഘത്തിൻെറ ആഭിമുഖ്യത്തിൽ വനിതാ ഗാർമെൻറ്സ് യൂണിറ്റും പ്രവർത്തിക്കുന്നു.

<u>**ഏച്ചൂർ വനിതാ സഹകരണ സംഘം**</u>:- 1992 -ൽ ആണ് സംഘം രൂപീകൃതമായത്. വനിതകൾ മാത്രമേ അംഗങ്ങളായുള്ളൂ. പരിമിതമായ തോതിൽ കാർഷികേതര വായ്പ നടത്തുന്നു. പഞ്ചായത്തിന് പുറത്തും പ്രവർത്തന പരിധിയാണ്.

(b) ദീഘകാല കാർഷിക വായ്പ:-

കണ്ണൂർ താലൂക്ക് പ്രവർത്തന പരിധിയായുള്ള കണ്ണൂർ സഹകരണ കാർഷിക ഗ്രാമ വികസന ബേങ്കും, ഏച്ചൂർ, കാഞ്ഞിരോട് സർവ്വീസ് സഹകരണ ബേങ്കുകളുമാണ് ഈ പഞ്ചായത്തിലെ കാർഷകർക്കാവശ്യമായ ദീർഘകാല വായ്പ നൽകിവരുന്നത്. കാർഷിക മേഖലയുടെ ആവശ്യത്തിനായി കാർഷിക ഗ്രാമവികസന ബേങ്കിൽ ഫണ്ട് ഉണ്ടെങ്കിലും വായപ്പ ലഭിക്കുന്നതിനുള്ള സാങ്കേതിക ബുദ്ധിമുട്ട് കാരണം കർഷകർ വായ്പ വിനിയോഗിക്കാത്ത അവസ്ഥയാണ് ഇന്ന് നിലവിലുള്ളത്.

<u>വിവിധ മേഖലയിൽ നടപ്പിലാക്കേണ്ട പദ്ധതികൾ :-</u>

1. എല്ലാ കർഷകരേയും അംഗങ്ങളാക്കി ഓഹരി മൂലധനം വർദ്ധിപ്പിക്കുക
2. നിക്ഷേപ സമാഹരണം നടത്തി പ്രവർത്തനമൂലധനം വർദ്ധിപ്പിച്ച് ടി തുക ലാഭകരമായ വിധത്തിൽ വിനിയോഗിക്കുക. കൺസ്യൂമർ വായ്പ, സ്വർണ്ണ പണ്ട പണയ വായ്പ ,ഭവന നിർമ്മാണ വായ്പ.
3. സഹകരണ ബേങ്കുകളിൽ കർഷകരെ സംബന്ധിച്ച പൂർണ്ണ വിവരങ്ങളോടുകൂടി ലാൻറ് റജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതും അതനുസരിച്ച് ഓരോ വർഷത്തിലേക്കും ആവശ്യമായ വായ്പാതുക തിട്ടപ്പെടുത്തുകയും ചെയ്യുക.
4. വ്യക്തികൾക്ക് അനുവദിക്കുന്ന കാർഷിക വായ്പയുടെ പരിധി ആവശ്യം കണക്കിലെടുത്ത് ഉയർത്തേണ്ടതാണ്.
5. ഇപ്പോൾ സർവ്വീസ് സഹകരണ ബേങ്കിൽ നിന്നും , കാർഷിക വികസന ബേങ്കിൽ നിന്നും വാങ്ങുന്ന ഭൂസ്വത്ത് വായ്പക്ക് പലിശ ഏകീകരിക്കണം.
6. ഭൂസ്വത്ത് വായ്പാ അപേക്ഷകരിൽ നിന്നും സ്വത്ത് രജിസ്റ്റർ ചെയ്യുമ്പേഴും , വായ്പാ തിരിച്ചടച്ച് കടം ഒഴിവാക്കുമ്പോഴും

ഫീസ് ചുമത്തുന്ന രീതി മാറ്റി ഒരുതവണ മാത്രം രജിസ്റ്റർ ഫീസ് വാങ്ങുന്ന നിയമം ഉണ്ടാവണം.

7. കേരവികസനത്തിന് ഒരു ''കോക്കനട്ട് ഗ്രോവേർസ് '' സഹകരണ സംഘം പഞ്ചായത്ത് തലത്തിൽ സ്ഥാപിക്കണം.

8. വിവിധ പാടശേഖരങ്ങൾ കേന്ദ്രീകരിച്ച് ഗ്രൂപ്പ് ഫാമിംഗ് സഹകരണ സംഘങ്ങൾ രൂപീകരിക്കേണ്ടതാണ്. ഈ സംഘങ്ങളിൽ കൂടി കൃഷിക്കാർക്കുള്ള സബ്സിഡികൾ , മേലത്തരം വിത്തുകൾ, കീടനാശിനികൾ, ട്രാക്ടർ, ട്രില്ലർ, കൊയ്ത്ത്-മെതിയന്ത്രങ്ങൾ, കാർഷിക ഉപകരണങ്ങൾ എന്നിവ വിതരണം ചെയ്യണം.

9. കാഞ്ഞിരോട്, മുണ്ടേരി വില്ലേജുകളിൽ വനിതാ സഹകരണ സംഘങ്ങൾ രൂപീകരിക്കുവാൻ സാധിക്കുന്നതാണ്. മുണ്ടേരി വില്ലേജിൽ മുണ്ടേരി മൊട്ട കേന്ദ്രീകരിച്ചും, കാഞ്ഞിരോട് വില്ലേജിൽ കാഞ്ഞിരോട് ബസാർ കേന്ദ്രീകരിച്ചും സംഘങ്ങൾ സ്ഥാപിക്കാം.

11. ഭൂപരിധി കുറച്ചുകൊണ്ട് കാർഷിക വായ്പകൾ കൊടുക്കുവാൻ ഗവ: തലത്തിലും നബാർഡ് പോലുള്ള ധനകാര്യസ്ഥാപങ്ങളും നിയമ നിർമ്മാണം നടത്തണം.

12. സർവ്വീസ് ബേങ്കുകളിൽ നിന്നും കൊടുക്കുന്ന സബ്സിഡി സ്ക്കീമുകളും , മറ്റ് ആനുകൂല്യങ്ങളും എല്ലാവർക്കും തക്ക സമയത്ത് അറിയിക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തണം.

12. നിലവിലുള്ള പാടശേഖര കമ്മറ്റികളുടെ പ്രവർത്തനം വ്യാപിപ്പിക്കുകയും കൂടുതൽ കൃഷിക്കാർക്ക് ആനുകൂല്യങ്ങൾ കൊടുക്കാനും സാധിക്കണം.

13. ചെറുകിട വ്യവസായ സ്ഥാപനങ്ങളിൽ മുതൽ മുടക്കാൻ ബേങ്കുകൾ മുന്നോട്ട് വരണം.

## വ്യവസായ സഹകരണ സംഘങ്ങൾ:-

വ്യവസായ മേഖലയിൽ എടുത്ത് പറയത്തതക്ക നേട്ടം കൈവരിച്ചത് കാഞ്ഞിരോട് കൈത്തറിതൊഴിലാളി സഹകരണസംഘമാണ്. അത് ഇപ്പോൾ വിപുലീകരണത്തിന്റെ പാതയിലാണ്. സീൽക്ക് വീവിംഗ് യൂണിറ്റ് പ്രാരംഭഘട്ടത്തിലാണ്. കേന്ദ്ര ഗവർമെണ്ടിന്റെ പൂർണ്ണമായ സഹായത്തോടുകൂടി സംഘത്തിൽ ഹാൻറ്ലൂം ജൂട്ട് പ്രൊജക്ട് '' താമസിയാതെ പ്രവർത്തനമാരംഭിക്കും.

കേരള ദിനേശ് ബീഡി വലിയന്നൂര് വ്യവസായ സഹകരണ സംഘത്തിന്റെ നാല് യൂണിറ്റുകൾ നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. ദിനേശ് ബീഡി കേന്ദ്രസംഘത്തിന്റെ ''വൈവിധ്യവത്ക്കരണ പദ്ധതി'' ഈ മേഖലയിലെ തൊഴിലാളികളുടെ തൊഴിൽ സംരിക്കുമെന്ന് വിശ്വസിക്കാം.

1. കൈത്തറിമേഖലയെ സംരക്ഷിക്കുന്നതിനും, വിപുലീകരിക്കുന്നതിനും സഹകരണ മേഖലയിൽ ഡൈഹൗസും സ്പിന്നിങ്ങ് പ്രിൻറിംഗ് യൂണിറ്റുകളും തുടങ്ങാൻ സാധിക്കണം.

2. കേരള ദിനേശ് ബീഡി കേന്ദ്രസംഘത്തിന്റെ വൈവിദ്ധ്യ വത്ക്കരണ പദ്ധതിയിൽ ഉൾപ്പെടുത്തി മുണ്ടേരി പഞ്ചായത്തിൽ കോക്കനട്ട് ക്രീം ഫാക്ടറി സ്ഥാപിക്കണം.

3. മുണ്ടേരി പഞ്ചായത്ത് മൾട്ടി ഇൻറസ്ട്രിയൽ കോ-ഓപ്പ് സൊസൈറ്റിയിൽ നിന്നും ഉത്പാദിപ്പിക്കുന്ന ഗാർമെൻറ്സുകൾക്ക് വിപണി കണ്ടെത്തി കൂടുതൽ പേർക്ക് തൊഴിൽ കൊടുക്കാൻ സാധിക്കണം.

4 ചെങ്കല്ലിന് ക്ഷാമം നേരിടുന്ന ഈ അവസരത്തിൽ പഞ്ചായത്തിൽ ഇഷ്ടിക, ഹോളോബ്രിക്സ് തുടങ്ങിയവ ഉത്പാദിപ്പിക്കാനും വിതരണം ചെയ്യാനും സഹകരണ സംഘങ്ങൾ സ്ഥാപിക്കണം. അതുവഴി പ്രത്യക്ഷമായി 20 പേർക്കെങ്കിലും ജോലി ലഭിക്കും.

6. പരമ്പരാഗത വ്യവസായങ്ങളായ പായ നെയ്ത്ത് , കളിമൺ പാത്ര നിർമ്മാണം എന്നിവക്ക് പഞ്ചായത്തിൽ ഒരു സഹകരണ സംഘം രൂപീകരിക്കണം.

7. മുണ്ടേരിമൊട്ട കേന്ദ്രീകരിച്ച് കള്ളിൽ നിന്നും ശീതളപാനീയങ്ങൾ നിർമ്മിക്കുന്നതിനുള്ള സംഘം ഉണ്ടാക്കാം. അതുവഴി തൊഴിൽ സാധ്യത വർദ്ധിപ്പിക്കാൻ സാധിക്കും.

8. പഞ്ചായത്തിൽ ഹോട്ടൽ വ്യവസായ സഹകരണ സംഘങ്ങൾ രൂപീകരിക്കാവുന്നതാണ്.

9 പഞ്ചായത്തിൽ ഒരു ബെയ്ക്കറി സഹകരണ സംഘം രൂപീകരിക്കാം.

## ക്ഷീര വ്യവസായ സഹകരണ സംഘങ്ങൾ

നിലവിലുള്ള മുണ്ടേരി ക്ഷീരോത്പാദക സഹകരണ സംഘത്തിന്റെ പ്രവർത്തന പരിധി 4,5 വാർഡുകൾ മാത്രമാണ്. ഇത് വിപുലീകരിക്കാൻ സാധിക്കണം. കൂടുതൽ കറവമാടുകളെ സംഘം മുഖേന വിതരണം ചെയ്യാനും ഉത്പാദനം വർദ്ധിപ്പിക്കാനും സാധിക്കണം. സംഘം ഉത്പാദിപ്പിക്കുന്ന ഉത്പന്നങ്ങൾക്ക് വിപണി കണ്ടെത്തണം.

കാഞ്ഞിരോട് ക്ഷീരോത്പാദക സഹകരണ സംഘത്തിന്റെ പ്രവർത്തന പരിധി കാഞ്ഞിരോട് വില്ലേജാണ്. മെമ്പർമാർക്ക് നല്ലയിനം പശുക്കളെ വിതരണം ചെയ്ത് ഉത്പാദനം വർദ്ധിപ്പിക്കണം. ഉത്പാദിപ്പിക്കുന്ന പാലിന് ഇവിടെതന്നെ വിപണി കണ്ടെത്തണം.

മുണ്ടേരി പഞ്ചായത്തിലെ 6,7,9,12 വാർഡുകൾ ഉൾപ്പെടുത്തി ഒരു ക്ഷീരോത്പാദക സഹകരണ സംഘം

രൂപീകരിക്കണം. കാഞ്ഞിരോട് വില്ലേജിൽ 3,10 വാർഡുകൾ ഉളപ്പെടുത്തി വേറെയൊരു ക്ഷീരസംഘം കൂടി രൂപീകരിക്കാവുന്നതാണ്.

## ക്ഷീരോത്പാദക സഹകരണ സംഘങ്ങൾ

പട്ടിക 4

| ക്രമ നമ്പർ | സംഘത്തിന്റെ പേര് | പ്രവർത്തന പരധി | വ്യക്തി അംഗങ്ങൾ | ഓഹരി മൂലധനം | കടം നിക്ഷേപം | പ്രവർത്തന മൂലധനം | വ്യാപാര ഇടപാടുകൾ | ലാഭമോ നഷ്ടമോ | ജീവനക്കാർ സ്ഥിരം | ജീവനക്കാർ മറ്റുള്ളവർ |
|---|---|---|---|---|---|---|---|---|---|---|
| 1 | മുണ്ടേരി ക്ഷീരോത്പാദക സഹകരണ സംഘം ക്ലിപതം നമ്പർ C 55 (D) | IV,V വാർഡുകൾ | 313 | 3130 | 26638 | | | | 8 | 5 |
| 2 | കാഞ്ഞിരോട് ക്ഷീരോത്പാദക സഹകരണ സംഘം ക്ലിപതം C113 (D) | കാഞ്ഞിരോട് വില്ലേജ് | 189 | 5000 | 80000 | | | | 2 | 6 |

മറ്റ് നിർദ്ദേസങ്ങൾ

1. സംഘങ്ങൾ അടുത്ത 5 വർഷത്തിനുള്ളിൽ പ്രതിദിനം സംഭരിക്കാൻ ഉദ്ദേശിക്കുന്ന പാലിൽ മുണ്ടേരി പഞ്ചായത്തിലെ ഉപഭോഗം കഴിച്ച് ബാക്കി കേടുകൂടാതെ സംഭരിച്ച് സൂക്ഷിക്കുവാനും,സംസ്ക്കരിക്കുവാനുംവേണ്ട സൗകര്യങ്ങൾ നിലവിലുള്ള സംഘത്തിൽ ഉണ്ടാക്കണം. അതിന് ആവശ്യമായ മൂലധനം അനുവദിക്കേണ്ടതാണ്.

2. നല്ലയിനം കറവമാടുകളെ അംഗങ്ങൾക്ക് ലഭിക്കുന്നതിനുള്ള സംവിധാനം സംഘങ്ങൾ ചെയ്തുകൊടുക്കണം.

3. കന്നുകാലികളുടെ സംരക്ഷണത്തിനായി മൃഗ സംരക്ഷണ ഉദ്ധ്യോഗസ്ഥന്മാരുടെ സേവനം തക്ക സമയത്ത് ലഭ്യമാക്കണം.

4. പഞ്ചായത്ത് തലത്തിലും, ധനകാര്യ സ്ഥാപനങ്ങളിലും നിന്നും ക്ഷീരവികസനത്തിന് ലഭിക്കുന്ന ആനുകൂല്യങ്ങൾ ക്ഷീരസംഘങ്ങൾ മുഖേന വിതരണം ചെയ്യേണ്ടതാണ്.

5. നിലവിലുള്ള ക്ഷീരസംഘങ്ങളിൽ മെമ്പർഷിപ്പ് കൊടുക്കുന്നില്ലെന്നുള്ള വിമർശനം ഗ്രാമസഭകളിൽ നിന്നും ഉയർന്നുവന്നിട്ടുണ്ട്. അത് പരിഹരിക്കണം.

6. സഹകരണ മേഖലയിൽ ഒരു കാലിത്തീറ്റ ഉത്പാദന വിതരണ സംഘം രൂപീകരിക്കണം. അതിന് മൂലധനം അനുവദിക്കണം.

കൺസ്യൂമർ മേഖല:

1. (a) നിലവിലുള്ള കുടുക്കിമൊട്ട സഹകരണ കൺസ്യൂമർ സ്റ്റോർ വിപുലീകരിക്കണം. കൺസ്യൂമർ സംഘങ്ങൾക്ക് വരുന്ന നഷ്ടം സിവിൽ സപ്ലൈസ് കോർപ്പറേഷന് വരുന്ന നഷ്ടം മാതിരി കണക്കാക്കി സർക്കാരിൽ നിന്നും സബ്സിഡി അനുവദിച്ച് നഷ്ടം നികത്തി വരേണ്ടതാണ്.

(b) 1. കാഞ്ഞിരോട് വില്ലേജ് പരിധിയായി ഒരു കൺസ്യൂമർ സഹകരണ സംഘം രൂപീകരിക്കേണ്ടതാണ്.

2. മുണ്ടേരി ഗവ: ഹൈസ്ക്കൂൾ സഹകരണ സംഘത്തിൽ ഇപ്പോൾ പാഠപുസ്തകം മാത്രമേ വിതരണം ചെയ്യുന്നുള്ളൂ. വിദ്യാർത്ഥികൾക്കാവശ്യമായ യൂണിഫോമുകൾ അതുപോലെ കോസ്മെറ്റിക്ക്സ്, സ്റ്റേഷനറി എന്നിവയും ഈ സംഘ ങ്ങൾ മുഖേന വിതരണം ചെയ്യണം. ഇതിനായി ഒരു വിതരണക്കാരനെ നിയമിക്കുകയും അപ്രകാരം ഒരാൾക്ക് ജോലി നൽകുവാൻ സാധിക്കുന്നതുമാണ്.

2. പ്രൈമറി സ്ക്കൂൾ സഹകരണ സംഘങ്ങൾ മൂന്നെണ്ണമാണ് നിലവിലുള്ളത്. ഒന്നും കാര്യക്ഷമമായിപ്രവർത്തിക്കുന്നില്ല. എല്ലാ പഠനോപകരണങ്ങളും കൃത്യസമയത്ത് ലഭിക്കാനുള്ള സംവിധാനം ഉണ്ടാക്കണം.

3. എല്ലാ വിദ്യാർത്ഥികളേയും, അദ്ധ്യപകരേയും നിർബന്ധമായും ഈ സംഘങ്ങളിൽ അംഗങ്ങളാക്കേണ്ടതും സെക്രട്ടറി എന്ന നിലക്ക് കൂടുതലൽ ജോലിചെയ്തുവരുന്ന അദ്ധ്യാപകന് പ്രത്യേക അലവൻസും അദ്ധ്യാപക ജോലിയിൽ ഇളവും അനുവദിക്കേണ്ടതാണ്.

## പട്ടിക - 5 ഉപഭോക്തൃ സഹകരണ സംഘങ്ങൾ

| ക്രമ നമ്പർ | സംഘത്തിന്റെ പേര് | പ്രവർത്തനം തുടങ്ങിയ വർഷം | പ്രവർത്തന പരിധി | വ്യക്തി അംഗങ്ങൾ | ഓഹരി മൂലധനം | പ്രവർത്തന മൂലധനം | വ്യാപാര ഇടപാടുകൾ | ലാഭമോ നഷ്ടമോ | ജീവനക്കാർ |
|---|---|---|---|---|---|---|---|---|---|
| 1 | കാഞ്ഞിരോട് വിവേകാനന്ദ കോ-ഓപ്പ് എഡ്യുക്കേഷണൽ കോ-ഓപ്പ് സ്റ്റോർ ക്ലിപ്തം ന 331 | 1980 | കാഞ്ഞിരോട് | 340 | 43315 | | | | 1 |
| 2 | കുടുക്കിമൊട്ട കൺസ്യൂമർ കോ-ഓപ്പ് സഹകരണ സംഘം ക്ലിപ്തം | | | | | | | | |
| 3 | മുണ്ടേരി ഗവ: ഹൈസ്കൂൾ സഹകരണ സംഘം ക്ലിപ്തം നമ്പർ ക. 11104 | 1991 | ഗവ. ഹൈ സ്കൂൾ മുണ്ടേരി | 1032 | 2300 | | | | |
| 4 | മുണ്ടേരി സെൻട്രൽ യു.പി. സ്കൂൾ കോ-ഓപ്പ് സൊസൈറ്റി ക്ലിപ്തം ക. 761 | 1976 | മുണ്ടേരി സെൻട്രൽ യു.പി.സ്കൂൾ, മുണ്ടേരി എൽ.പി., ചിറ്റാരി എൽ.പി., മുണ്ടേരി ഈസ്റ്റ് എൽ.പി. സ്കൂൾ, ഏച്ചൂർ വെസ്റ്റ് യു.പി. | 923 | | | | | |
| 5 | കാഞ്ഞിരോട് ശങ്കരവിലാസം യു.പി. സ്കൂൾ കോ-ഓപ്പ് സൊസൈറ്റി ക്ലിപ്തം ക. 734. | 1976 | കാഞ്ഞിരോട് സെൻട്രൽ എൽ.പി. തലമുണ്ട എൽ.പി. തലമുണ്ട എൽ.പി., ശങ്കര വിലാസം യു.പി | 1490 | 1794 | | | | |
| 6 | കാഞ്ഞിരോട് എ.യു.പി.സ്കൂൾ ഗ്രൂപ്പ് കോ-ഓപ്പ് സൊസൈറ്റി | 1994 | | 1049 | [illegible] | | | | |

### ഹരിജൻ സഹകരണ സംഘം

പഞ്ചായത്ത് അടിസ്ഥാനമാക്കി പട്ടികജാതിക്കാരുടെ ക്ഷേമത്തിനും ഇവർക്ക് തൊഴിൽ സാദ്ധ്യതകൾ കണ്ടെത്തുന്നതിനും വേണ്ടി ഒരു പട്ടിക ജാതി സഹകരണ സംഘം രൂപീകരിക്കേണ്ടതാണ്.

ലേബർ കോൺട്രാകട് സഹകരണ സംഘം

അസംഘടിത തൊഴിൽ മേഖലയിൽ തൊഴിൽ ചെയ്യുന്ന ധാരാളം തൊഴിലാളികൾ മുണ്ടേരി പഞ്ചായത്തിലുണ്ട്. ഇവർക്ക് സ്ഥിരം തൊഴിൽ ലഭ്യമാക്കുന്നതിന് പഞ്ചായത്ത് അടിസ്ഥാനത്തിൽ ഒരു ലേബർൽ കോൺട്രാക്റ്റ് സഹകരണ സംഘം രൂപീകരിക്കേണ്ടതും പഞ്ചായത്ത് നേരിട്ട്

നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾ ഈ സംഘം മുഖേന നടത്താവുന്നതും കൂടാതെ പഞ്ചായത്തിലെ മറ്റ് നിർമ്മാണ പ്രവർത്തനങ്ങൾ ഈ സംഘത്തിന് ഏറ്റെടുത്ത് നടത്താവുന്നതുമാണ്.

**കോഴിവളർത്തൽ സഹകരണ സംഘം**

കേരളത്തിന്റെ വരുമാനത്തിന്റെ വലിയൊരു ഭാഗം ഇറച്ചിക്കോഴി, കോഴിമുട്ട എന്നിവയുടെ ഉപഭോഗം വഴി അന്യ സംസ്ഥാനങ്ങളിലേക്ക് ഒഴുകുന്നുണ്ട്. ഒരു കോഴിവളർത്തൽ സഹകരണ സംഘം പഞ്ചായത്ത് തലത്തിൽ രൂപീകരിച്ച് കോഴിവളർത്തൽ പ്രോത്സാഹിപ്പിക്കേണ്ടതും ഈ സംഘം മുഖേന പഞ്ചായത്തിലെ വീടുകളിൽ ചെറിയ ചെറിയ യൂണിറ്റുകളായി കോഴിവളർത്തുകയും അതിനാവശ്യമായ മൃഗ സംരക്ഷണ ഉദ്യോഗസ്ഥന്റെ സേവനവും സാമ്പത്തീക സഹായവും ലഭ്യമാക്കേണ്ടതുമാണ്.

**ഖാദി വ്യവസായ സഹകരണ സംഘങ്ങൾ**

സമ്പൂർണ്ണ ചാരായ നിരോധനത്തിന്റെ പശ്ചാത്തലത്തിൽ കള്ള് വ്യവസായത്തിനുള്ള സാദ്ധ്യത മുന്നിൽ കണ്ട്കൊണ്ട് ചാരായ നിരോധനം മൂലം തൊഴിൽ നഷ്ടപ്പെട്ടവർക്ക് കള്ള് ചെത്ത് മേഖലയിൽ ഇപ്പോൾ പ്രവർത്തിക്കുന്നവരേയും ഉൾപ്പെടുത്തികൊണ്ട് സഹകരണ സംഘം രൂപീകരിക്കണം. ഈ സംഘം മുഖേന ശേഖരിക്കുന്ന കള്ള് വ്യാവസായിക അടിസ്ഥാനത്തിൽ ശീതളപാനീയമായും മറ്റ് ഉത്പന്നങ്ങളായും പരിപോഷിപ്പിക്കാവുന്നതാണ്.

മുണ്ടേരി പഞ്ചായത്തിലെ മുഖ്യ കാർഷികോത്പന്നമായ നാളികേരത്തിന്റെ വികസനത്തിനുവേണ്ടി നാളികേരവും അനുബന്ധ ഉത്പന്നങ്ങളും സംസ്ക്കരണ വിപണന വിതരണത്തിനായി ഒരു 'കോക്കനട്ട് ഗ്രോവേർസ് സഹകരണ സംഘം' മുണ്ടേരി പഞ്ചായത്ത് പ്രവർത്തന പരിധിയായി രൂപീകരിക്കേണ്ടതാണ്.

**തൊഴിൽ സാദ്ധ്യതകൾ** :-

നിലവിലുള്ള സഹകരണ ബേങ്കുകളുടെ വിപുലീകരണത്തോടുകൂടി തൊഴിൽ സാദ്ധ്യത വർദ്ധിച്ചിട്ടുണ്ട്. പുതുതായി നിർദ്ദേശിച്ച രണ്ട് വനിതാ സഹകരണസംഘങ്ങളുടെ പ്രവർത്തനം തുടങ്ങിയാൽ നാല് പേർക്കെങ്കിലും ജോലി സാദ്ധ്യതയുണ്ട്.

കാഞ്ഞിരോട് കൈത്തറി തൊഴിലാളി സഹകരണ സംഘത്തിന്റെ വിപുലീകരണത്തോടുകൂടി 100 പേർക്കെങ്കിലും ജോലിക്ക് സാദ്ധ്യതയുണ്ട്. മുണ്ടേരി യന്ത്രവത്കൃത സഹകരണസംഘത്തിന്റെ ഉത്പാദനം തുടങ്ങിയാൽ ആദ്യഘട്ടം 20 പേർക്ക് ജോലി കിട്ടും. പരോക്ഷമായി 20 പേർക്കും.

പുതുതായി തുടങ്ങാൻ നിർദ്ദേശിച്ച ഇഷ്ടിക, ഹോളോബ്രിക്സ് നിർമ്മാണ വിതരണസംഘത്തിൽ പ്രത്യക്ഷമായി 5 പേർക്കും പരോക്ഷമായി 15 പേർക്കും തൊഴിൽ കൊടുക്കാൻ സാധിക്കും. പരമ്പരാഗത വ്യവസായങ്ങളായ പായ നെയ്ത്ത്, കളിമൺ വ്യവസായം എന്നിവയെ സംരക്ഷിച്ച് ഇന്ന് ഈ മേഖലയിൽ ജോലിയെടുക്കുന്നവരുടെ തൊഴിൽ സംരക്ഷിക്കാൻ കഴിയും.

പുതുതായി നിർദ്ദേശിച്ച കോക്കനട്ട് ഗ്രോവേർസ് സഹകരണസംഘവും അനുബന്ധമേഖലകളിലുമായി 10 പേർക്കെങ്കിലും ജോലി കിട്ടും. പരോക്ഷമായി 25 പേർക്കെങ്കിലും ഇതിന്റെ ഗുണം കിട്ടും. ഗ്രൂപ്പ് ഫാമിംഗ് വിപുലീകരിച്ചാൽ 10 പേർക്ക് തൊഴിൽ കിട്ടും.

പുതുതായി രൂപീകരിക്കാൻ നിർദ്ദേശിച്ച ക്ഷീരോത്പാദകസംഘം വഴി 6 പേർക്ക് ജോലകൊടുക്കാൻ കഴിയും. പരോക്ഷമായി 50 പേർക്കും. മറ്റ് രണ്ട് ക്ഷീരോത്പാദക സംഘങ്ങൾ വിപുലീകരിച്ചാൽ 8 പേർക്കെങ്കിലും ജോലി കൊടുക്കാൻ കഴിയും.

മുണ്ടേരി പഞ്ചായത്ത് മൾട്ടി ഇൻറസ്ട്രിയൽ കോ-ഓപ്പ് സൊസൈറ്റിയുടെ കീഴിൽ അച്ചാർ, കറി പൗഡർ എന്നിവ നിർമ്മാണം തുടങ്ങണം. പ്രിയദർശിനി വനിതാ സഹകരണസംഘത്തിന്റെ കീഴിൽ ബുക്ക് വൈൻറിംഗ് , ഓഫീസ് ഫയൽ നിർമ്മാണം എന്നിവ തുടങ്ങണം. നിർദ്ദേശിച്ച പട്ടികജാതി സഹകരണസംഘവും ലേബർ കോൺട്രാക്ട് സഹകരണ സംഘവും രൂപീകരിച്ചാൽ ഏറ്റവും ചുരുങ്ങിയത് 35 പേർക്ക് ജോലി കൊടുക്കാൻ സാധിക്കും. നിർദ്ദേശിച്ച കോഴിവളർത്തൽ സംഘം വഴി 5 പേർക്ക് നേരിട്ടും 50 പേർക് പരോക്ഷമായും തൊഴിൽ ലഭിക്കും.

സഹകരണ രംഗത്തെ വളർച്ചയ്ക്കായി പഞ്ചായത്തിലെ സഹകാരികളെ ഉൾക്കൊള്ളിച്ച് ഒരു ''സഹകരണ സെൽ'' രൂപീകരിക്കാവുന്നതും സംഘങ്ങളുടെ പ്രവർത്തനത്തെ അവലോകനം ചെയ്യാവുന്നതുമാണ്.

സഹകരണം രംഗത്തെ വിവിധ മേഖലകളിലെ വളർച്ചക്ക് ആവശ്യമായി 15 കോടിയോളം രൂപ മുതൽമുടക്ക് പ്രതീക്ഷുക്കുന്നുണ്ട്. ഇത്രയും തുക മുതൽ മുടക്കുക വഴി പ്രത്യക്ഷമായി 400 പേർക്കും പരോക്ഷമായി 1500 പേർക്കും തൊഴിൽ സാദ്ധ്യത ഉണ്ടാക്കുവാൻ കഴിയും. മുണ്ടേരി പഞ്ചായത്തിലെ 3000 ത്തോളം കുടുംബങ്ങൾക്ക് സമ്പത്തീക അഭിവൃദ്ധിയും ഉണ്ടാകുന്നതുമാണ്.

ജനകീയാസൂത്രണ പദ്ധതിയുടെ ഭാഗമായി മുണ്ടേരി പഞ്ചായത്തിലെ 12,ഗ്രാമസഭകളിൽ ചർച്ച ചെയ്ത് സമർപ്പിച്ച റിപ്പോർട്ട് കോർ ഗ്രൂപ്പ് സ്ഥലത്തെ സഹകാരികളുമായി ചർച്ച ചെയ്ത് ക്രോഡീകരിച്ച നിർദ്ദേശങ്ങളോടെ തയ്യാറാക്കിയതാണ്.

സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനം മുകളിൽ നിർദ്ദേസിച്ച രൂപത്തിലും ഭാവത്തിലും നടപ്പിലാക്കുക വഴി മുണ്ടേരി പഞ്ചായത്തിലെ കാർഷിക രംഗത്തും , തൊഴിൽ രംഗത്തും സമൂലമായ മാറ്റം വരുത്താൻ സാധിക്കുന്നതും സാമ്പത്തിക മേഖലയിൽ ഒരു കുതിച്ചു ചാട്ടത്തിന് ഈ പഞ്ചായത്തിനെ സജ്ജമാക്കാൻ കഴികുന്നതുമാണ്.

ഗ്രാമങ്ങളുടെ സാമ്പത്തിക സാമൂഹിക സംസ്ക്കാരിക വികസനത്തിന് നിർണ്ണയകരമായ പങ്കു വഹിക്കുവാൻ കഴിയുന്ന പ്രസ്ഥാനം എന്ന നിലയിൽ മുണ്ടേരി പഞ്ചായത്തിൽ സഹകരണ രംഗത്ത് ഇതിന്റെ ഭാഗമായി നടപ്പിലാക്കേണ്ട പദ്ധതികളെ സംബന്ധിച്ചുള്ള ഈ വികസന റിപ്പോർട്ട് ചർച്ചകൾക്കും, മുൻഗണ നിശ്ചയിക്കുന്നതിനുമായി സമർപ്പിച്ചുകൊള്ളുന്നു.



# പട്ടികജാതി പട്ടിക വർഗ്ഗ ക്ഷേമം

മുണ്ടേരി പഞ്ചായത്തിലെ 1991 ലെ സെൻസസ് അനുസരിച്ച പഞ്ചായത്തിൽ 1073 പട്ടിക ജാതിക്കാരുണ്ട്. ഇത് പഞ്ചായത്തിലെ ജനസംഖ്യയുടെ 3.58% ആണ്. ആകെ നാല് അംഗീകൃത് കോളനികൾ ഉണ്ട്. 1. ഏച്ചുർ ഹരിജൻകോളനി 2. മുണ്ടേരി ഹരിജൻകോളനി 3. കോളിൻമൂല ലക്ഷം വീട് കോളനി 4. നിലപ്പനക്കുന്ന് ഐ.എച്ച.ഡി.പി. കോളനി. ഈ കോളനികളിൽ 140 വീടുകളിലായി 200 കുടുംബങ്ങൾ ഉണ്ട്. കോളനിക്ക് പുറമെ 70 വീടുകളുണ്ട്. മേൽപറഞ്ഞ കോളനികളിൽ അടിസ്ഥാന സൗകര്യങ്ങൾ തൃപ്തികരമല്ല. ഏച്ചൂർ കോളനിയിൽ ഒരു വാട്ടർ ടാങ്ക് നിലവിലുണ്ടെങ്കിലും കൃത്യമായി ശുദ്ധജലം ലഭിക്കുന്നില്ല. പ്രസ്തുത വാട്ടർ ടാങ്ക് അപകടാവസ്ഥയിലാണ്. രണ്ട് കിണറുകളുണ്ടെങ്കിലും ഒന്ന് ഉപയോഗശൂന്യമാണ്. ഈ കോളനിയിൽ കക്കൂസില്ലാത്ത 10 വീടുകളും വൈദ്യുതി കണക്ഷൻ ഇല്ലാത്ത 12 വീടുകളും ഉണ്ട്. കോളിൻമൂല ലക്ഷം വീട് കോളനിയിൽ ശുദ്ധജലക്ഷാമമുണ്ട്. സാനിറ്ററി സൗകര്യം പരിമിതമാണ്. വൈദ്യുതീകരിക്കാത്ത രണ്ട് വീടുകളും വൈദ്യുതി വിച്ഛേദിച്ച രണ്ട് വീടുകളും ഉണ്ട്. പുതുക്കിപ്പണിയേണ്ടതായ് 10 വീടുകളുണ്ട്. ഇവിടെ കോളനിക്കകത്ത് വഴിവിളക്കുകളില്ല. കൊളച്ചേരി പദ്ധതിയുടെ ഒരു ടാപ്പുണ്ടെങ്കിലും ഇതുവരെ വെള്ളം ലഭിച്ചിട്ടില്ല. മുണ്ടേരി ഹരിജൻ കോളനിയിൽ ശുദ്ധജലക്ഷാമം രൂക്ഷമാണ്. കൊളച്ചേരി പദ്ധതിയുടെ ടാപ്പുണ്ടെങ്കിലും കൃത്യമായി വെള്ളം ലഭിക്കുന്നില്ല. വൈദ്യുതി സാനിറ്ററി സൗകര്യവും പരിമിതമാണ്. ഇവിടെ 18 – ഓളം കുടുംബങ്ങൾക്ക് കക്കൂസ് ആവശ്യമാണ്.

നിലപ്പനക്കുന്ന് ഐ.എച്ച്.ഡി.പി. കോളനി 1992–93 ൽ ഐ.എച്ച്.ഡി.പി ആയി അംഗീകരിച്ചെങ്കിലും വൈദ്യുതി കണക്ഷൻ ലഭിക്കേണ്ട 20 വീടുകൾ ഇനിയുമുണ്ട്. 23 കക്കൂസുകളും ആവശ്യമുണ്ട്. ഇവിടെ ഒരു ശിശു മന്ദിരത്തിനും കമ്മ്യൂണിറ്റി ഹാളിനും ഒരു സംഖ്യ നീക്കിവച്ചിട്ടുണ്ടെങ്കിലും ഇതുവരെ അതിന്റെ പ്രവർത്തനം ആരംഭിച്ചിട്ടില്ല.

കോളനിക്ക് പുറമെ താമസിക്കുന്ന പട്ടികജാതി വിഭാഗങ്ങൾക്ക് 70 വീടുകളിലെ കുടുംബങ്ങളുടെ സ്ഥിതിയും വ്യത്യസ്തമല്ല. വൈദ്യുതി, ശുദ്ധജലം, സാനിറ്ററി സൗകര്യം എന്നിവയുടെ കാര്യത്തിലും ഇവർ പിന്നിലാണ്. പട്ടികജാതി വർഗ്ഗങ്ങളുടെ ക്ഷേമത്തിന് കാലാകാലങ്ങളിൽ സർക്കാരുകൾ പല ക്ഷേമ പ്രവർത്തനങ്ങൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നുവെങ്കിലും ഇത്തരം പ്രവർത്തനങ്ങൾ പ്രതീക്ഷിച്ചത്ര ഉയർച്ചയിലെത്തുന്നില്ല.

സാമൂഹികമായ മാറ്റങ്ങളെ കുറിച്ച് മുമ്പുണ്ടായിരുന്ന തീണ്ടലിൽ ഇന്ന് മാറ്റം വന്നിട്ടുണ്ട്. രാഷ്ട്രീയ നേതൃത്വരംഗത്തേക്ക് പട്ടിക ജാതി വർഗ്ഗക്കാർ എത്തുന്നില്ല. ഈ രംഗത്ത് ബോധപൂർവ്വമായ ഒരിടപെടൽ തന്നെ വേണ്ടിവരുന്നു.

സാക്ഷരത, ഗുരുകുലം, പൊതുജനക്ഷേമപ്രവർത്തനം എന്നീ രംഗങ്ങളിൽ പട്ടികജാതിക്കാർ വളരെ സജീവമായി പ്രവർത്തിക്കുന്നുണ്ട്. ഇവരുടെ മക്കൾ കലാ-കായിക മത്സരങ്ങളിലും പങ്കെടുക്കാറുണ്ട്. സാക്ഷരതാ പ്രവർത്തനഫലമായി മിക്കവാറും സാക്ഷരരായിട്ടുണ്ട്. ഈ വിഭാഗങ്ങളിൽ 70% വും കർഷകവൃത്തിയിൽ ഏർപ്പെട്ടിട്ടുള്ളവരാണ്. സർക്കാർ സർവ്വീസിൽ ജോലിയുള്ളവർ വളരെ തുച്ഛമാണ്. സഹകരണ സ്ഥാപനങ്ങളിൽ സംവരണ തത്വം പാലിക്കേണ്ടതുകൊണ്ട് മാത്രം ചിലർ ഈ രംഗത്ത് കടന്നു വരുന്നു. ഈ വിഭാഗത്തിന്റെ ഉയർച്ചയ്ക്ക് വേണ്ടി സർക്കാർ നടപ്പാക്കിവരുന്ന പദ്ധതികളെ കുറിച്ച് വേണ്ടത്ര അറിവ് ലഭിക്കാത്തതുകൊണ്ട് പദ്ധതികളുടെ പ്രയാസമേറിയ നിബന്ധനകൊണ്ടും ഫലപ്രദമായി ഉപയോഗപ്പെടുത്താൻ സാധിക്കുന്നില്ല. എന്നാൽ സർക്കാർ നൽകുന്ന സഹായങ്ങൾ ഈ വിഭാഗത്തിന് ഭാഗികമായ നേട്ടങ്ങൾ കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. അംഗീകൃത കോളനികൾക്ക് നൽകുന്ന പല ആനുകൂല്യങ്ങൾ പലതും അംഗീകൃതമല്ലാത്ത കോളനികളിൽ താമസിക്കുന്നവർക്കും ഒറ്റപ്പെട്ടു താമസിക്കുന്ന കുടുംബങ്ങൾക്കും ലഭിക്കുന്നില്ല. വീടു നിർമ്മാണത്തിനും മറ്റും ലഭിക്കുന്ന സഹായങ്ങളുടെ അപര്യാപ്തത കാരണം പല പദ്ധതികളും പൂർത്തിയാകാതെ കിടക്കുന്നുണ്ട്.

## വിദ്യാഭ്യാസം

പൊതുവെ നിരക്ഷരർ കുറവാണെങ്കിലും വിദ്യാഭ്യാസ രംഗത്ത് വേണ്ടത്ര പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. സാമ്പത്തിക ബുദ്ധിമുട്ടുകൾ കൊണ്ട് പലകുട്ടികൾക്കും എസ്.എസ്.എൽ.സി. പോലും പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല. രക്ഷിതാക്കളുടെ അശ്രദ്ധ കാരണം പ്രൈമറി തലത്തിൽ പഠനം നിർത്തിയവരും ഉണ്ട്. 96–97 അദ്ധ്യയന വർഷങ്ങളിൽ എൽ.പി, യു.പി. ഹൈസ്കൂളുകളിൽ 90 ആൺകുട്ടികളും 85 പെൺകുട്ടികളും പഠനം നടത്തുന്നുണ്ട്. പൊതുവെ ഉപരിപഠനത്തിന് പോകുന്ന വിദ്യാർത്ഥികളുടെ എണ്ണം കുറവാണ്. ഇവർക്ക് ആവശ്യമായ പ്രോത്സാഹനം നൽകണം. സഹകരണ സ്ഥാപനങ്ങളിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും ഈ രംഗത്ത് മേൽനോട്ടം വഹിക്കണം.

## തൊഴിൽ

പട്ടിക ജാതി കുടുംബങ്ങളിൽ ഭൂരിഭാഗവും കാർഷിക മേഖലയിൽ തൊഴിലെടുത്ത് ഉപജീവനം കഴിച്ചുവരുന്നവരാണ്. കാർഷിക മേഖലയിൽ കൂലി കുറവായതിനാൽ തൊഴിലാളികൾ ഈ മേഖലയിൽ നിന്നും മാറി നിർമ്മാണ രംഗത്തേക്ക് കടക്കുന്നു. കൈത്തൊഴിലായ പായ നെയ്ത്ത് അസംസ്കൃത സാധനങ്ങളായ കൈതയോല സംരക്ഷിക്കാൻ കഴിയാഞ്ഞതിനാൽ പായ നെയ്ത്ത് തടസ്സം നേരിട്ടിരിക്കുകയാണ്. ദൂര സ്ഥലങ്ങളിൽ നിന്ന് കൈതയോല കൊണ്ടുവരുവാനുള്ള യാത്രാ ചിലവ്. ഈ മേഖല തകർച്ചയെ നേരിടുന്നു. കര കൗശല വസ്തുക്കൾക്ക് അംഗീകാരവും ന്യായവിലയും ഏർപ്പെടുത്തുവാൻ അധികാരികൾ മുന്നോട്ടുവരണം. ഒരു പായ നെയ്ത്ത് സഹകരണസംഘം ഈ രംഗത്ത് സംഘടിപ്പിക്കാവുന്നതാണ്.

## പാർപ്പിടം

പാർപ്പിട പ്രശ്നം പൂർണ്ണമായും പരിഹരിക്കാൻ കഴിഞ്ഞിട്ടില്ല. സർക്കാർ നടപ്പിലാക്കി വരുന്ന പദ്ധതികൾ മിക്ക് കോളനികളിലും പരിമിതമാണ്. ഒറ്റപ്പെട്ട കുടുംബങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നില്ല. മിക്ക കുടുംബങ്ങൾക്കും വീടുവെക്കാൻ സ്ഥലമില്ല. പലകുടുംബങ്ങൾക്കും കക്കൂസ് നിലവിലില്ല. കോളനികളുടെ സമഗ്ര പുരോഗതി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ലക്ഷ്യമായി എടുത്താൽ ഈ രംഗത്ത് ശ്ലാഘനീയമായ മാറ്റങ്ങൾ ദൃശ്യമാകും.

പട്ടിക – 1

| ക്രമ നമ്പർ | വാർഡ് നമ്പർ | കോളനിയുടെ പേര് | വീടുകളുടെ എണ്ണം | ആൺ | പെൺ | ആകെ |
|---|---|---|---|---|---|---|
| 1 | 9 | ഏച്ചൂർ ഹരിജൻ കോളനി | 33 | 97 | 97 | 194 |
| 2 | 7 | മുണ്ടേരി ഹരിജൻ കോളനി | 40 | 113 | 100 | 213 |
| 3 | 9 | കോളിൻമൂല ലക്ഷം വീട് | 17 | 31 | 45 | 76 |
| 4 | 6 | നിലപ്പനക്കുന്ന് ഐ.എച്ച്.ഡി.പി | 52 | 146 | 164 | 310 |

ഏച്ചൂർ ഹരിജൻ കോളനിയിൽ കോൺക്രീറ്റ് വീടുകൾ ഒന്നും തന്നെയില്ല. 30 ഓടിട്ട വീടുകളും 3 ഓല മേഞ്ഞ വീടുകളും ഉണ്ട്. 3 കുടുംബങ്ങൾക്ക് വീടില്ല. പാവപ്പെട്ട ഹരിജനങ്ങൾക്ക് ഭവന നിർമ്മാണത്തിന് സമഗ്ര പദ്ധതി നടപ്പിലാക്കേണ്ടിയിരിക്കുന്നു.

## പ്രശ്നങ്ങൾ

1. ഉപരി പഠനത്തിന് വേണ്ടത്ര താൽപര്യം കാണിക്കുന്നില്ല.

2. കാർഷിക മേഖലയിൽ നിന്നും തൊഴിലാളികൾ വ്യാപകമായി കൊഴിഞ്ഞു പോകുന്നു.

3. ഭവന നിർമ്മാണ ധനസഹായഫണ്ട് കൊണ്ട് നിർമ്മാണം പൂർത്തിയാക്കാൻ കഴിയുന്നില്ല.

4. കുടിവെള്ള സംവിധാനം കോളനികളിൽ ഫലപ്രദമല്ല.

5. പൊതുശ്മശാനങ്ങൾക്ക് ചുറ്റുമതിലില്ല.

6. ആരോഗ്യ സംരക്ഷണ പ്രവർത്തനം തൃപ്തികരമല്ല.

7. ഐ.ആർ.ഡി.പി. പദ്ധതി ഫലപ്രദമായി ഉപയോഗിക്കുന്നില്ല.

8. ക്ഷേമ പദ്ധതികളെ കുറിച്ചുള്ള അറിവ് വേണ്ടത്ര ഇല്ല.

## സാധ്യതകൾ

1. വൈദ്യുതീകരിക്കാത്ത കോളനികളിലെ വീടുകൾ വൈദ്യുതീകരിക്കണം.

2. കുടിവെള്ളപ്രശ്നം ശാശ്വതമായി പരിഹരിക്കുവാൻ കർമ്മ സമിതി രൂപീകരിക്കണം.

3. കൊല്ലൻചിറ സബ്സെന്റർ ആശുപത്രിയായി ഉയർത്തണം.

4. ക്ഷേമ പദ്ധതികളെ കുറിച്ചുള്ള അറിയിപ്പ് വാർഡ് മെമ്പർ മുഖേന അറിയിക്കണം.

5. ക്ഷേമ പദ്ധതികളിലെ നിയമങ്ങൾ ലളിതമാക്കണം.

6. കോളനികളിൽ സാമൂഹ്യ സാമ്പത്തിക സർവ്വെ നടത്തണം.

7. കോളനികളിലെ തൊഴിലാളികളെ സംഘടിപ്പിച്ച് പായ നെയ്ത്ത് സഹകരണ സംഘം സ്ഥാപിക്കണം.

8. പെൺകുട്ടികൾക്ക് സ്വയം തൊഴിൽ പരിശീലനം നൽകുക

9. വ്യവസായ പരിശീലനവും ധനസഹായവും നൽകണം.

10. വീട് നിർമ്മിക്കുന്നതിനുള്ള ധനസഹായം വർദ്ധിപ്പിക്കണം.

11. വീടിന്റെ സൗകര്യം ഉപഭോക്താക്കൾ തന്നെ നിശ്ചയിക്കണം.

12. ഭവന രഹിതർക്ക് പുനരധിവാസ പദ്ധതി നടപ്പാക്കണം.

13. കോളനികളിൽ തെരുവ് വിളക്ക് സ്ഥാപിക്കണം.

14. കോളനികളിൽ വായനശാലകൾ സാംസ്കാരിക നിലയങ്ങൾ എന്നിവ സ്ഥാപിക്കണം.

15. തുടർ വിദ്യാഭ്യാസ പ്രവർത്തനം നടത്തുന്നതിന് ആവശ്യമായ പ്രോത്സാഹനം നൽകണം.

16. വിദ്യാലയങ്ങളിലെ കൊഴിഞ്ഞുപോകൽ ഇല്ലായ്മ ചെയ്യുന്നതിന് പഞ്ചായത്തുതലത്തിൽ സമിതി രൂപീകരിക്കണം.

17. കാനച്ചേരി ഹരിജൻ ശ്മശാന റോഡ് ഗതാഗത യോഗ്യമാക്കണം.

18. എല്ലാ ക്ഷേമ പദ്ധതികളും കോളനിയിലെ അംഗങ്ങളെ ഉൾപ്പെടുത്തി പഞ്ചായത്തുതലത്തിൽ അവലോകനം നടത്തണം.



# വിഭവ സമാഹരണം

നമ്മുടെ പഞ്ചായത്ത് നേരിടുന്ന വികസന പ്രതിസന്ധികളിൽ പ്രധാനമായത് വ്യവസായ മേഖലയിലുള്ള പിന്നോക്കാവസ്ഥയാണ്. ഇന്ന് പ്രവർത്തിക്കുന്ന വ്യവസായ സ്ഥാപനങ്ങളിൽ പ്രമുഖമായതാണ് കാഞ്ഞിരോട് വീവേഴ്സ് കോപ്പറേറ്റീവ് സൊസൈറ്റി. അഖിലേന്ത്യാ തലത്തിൽ ഈ സ്ഥാപനം അറിയപ്പെടുന്നു. ഇതോടൊപ്പം നിരവധി ചെറുകിട വ്യവസായ സ്ഥാപനങ്ങൾ പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്നു. ഇത്തരം സ്ഥാപനങ്ങൾ നേരിടുന്ന പ്രധാന പ്രശ്നം വൈദ്യുതി ലഭിക്കുന്നതിനുള്ള കാലതാമസവും കിട്ടിയതിനുതന്നെ വേണ്ടത്ര പവ്വർ ലഭിക്കാത്ത അവസ്ഥയുമാണ്. ഇത് പരിഹരിക്കാൻ പഞ്ചായത്ത് തലത്തിൽ തന്നെ ചെറുകിട വൈദ്യുത പദ്ധതികൾ ആരംഭിക്കുന്നതിന് പ്രോത്സാഹനം നൽകണം. മറ്റൊരു പ്രധാന പ്രശ്നം ചെറുകിട സ്ഥാപനങ്ങൾ തുടങ്ങുന്നതിന് മതിയായ സാമ്പത്തിക സഹായം നൽകുന്നതിന് പഞ്ചയാത്തിലെ ധനകാര്യ സ്ഥാപനങ്ങൾക്ക് കഴിയാത്ത ഒരവസ്ഥയുമുണ്ട്. ചെറുകിട വ്യവസായ സ്ഥാപനങ്ങൾ വളർത്തിക്കൊണ്ടുവരുന്നതിൽ സഹകരണ സ്ഥാപനങ്ങൾക്ക് നിർണ്ണായകമായ സ്വാധീനം ചെലുത്തുവാൻ കഴിയേണ്ടതായിട്ടുണ്ട്.

കാർഷികരംഗത്ത് പൊതുവെ മുരടിപ്പാണ്. നെൽപാടങ്ങൾ നികത്തി വീടുപണിയുന്ന സ്ഥിതി വ്യാപകമായിട്ടുണ്ട്. ഇത് കാർഷിക മേഖലയെ പിറകോട്ടടിക്കുന്നു. ശാസ്ത്രീയ കൃഷി സമ്പ്രദായം നടപ്പിലാക്കുകയും കൃഷിമേഖലയിൽ കൂട്ടുകൃഷി സമ്പ്രദായം ഏർപ്പെടുത്തുകയും ചെയ്താൽ ഈ മേഖലയിൽ പ്രത്യാശക്ക് വകയുണ്ട്. കർഷകർക്ക് സർക്കാരിൽ നിന്നും ലഭിക്കുന്ന വിവിധ സഹായങ്ങൾ കൃത്യസമയത്ത് ലഭിക്കുന്നില്ല. ഇത് കർഷകരെ സാമ്പത്തിക പ്രയാസത്തിലേക്ക് തള്ളി വിടുന്നു. അത് മാറ്റി തക്ക സമയത്ത് ആവശ്യമായ സഹായങ്ങൾ കർഷകന് ലഭിക്കുവാൻ നിയമങ്ങളുണ്ടാക്കണം. പഞ്ചായത്തിന് ലഭിച്ചുകൊണ്ടിരിക്കുന്ന സ്റ്റാമ്പ് ഡ്യൂട്ടി യഥാവസരങ്ങളിൽ ലഭിക്കുന്നില്ല. നിശ്ചിത സമയത്ത് മേൽതുക പഞ്ചായത്തിന് ലഭിക്കുകയാണെങ്കിൽ വികസന പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുവാൻ കഴിയും.

പഞ്ചായത്തിലെ കച്ചവട സ്ഥാപനങ്ങളുടെ ലൈസൻസ് ഫീസായി 1995-96 ൽ 21608 രൂപയാണ് വസൂലാക്കിയിട്ടുള്ളത്. ഇതിൽ മുഴുവൻ കച്ചവട സ്ഥാപനങ്ങളുടേയും ഫീസ് ഉൾപ്പെട്ടു

എന്ന് ഉറപ്പിച്ചുപറയാൻ കഴിയുന്നില്ല. ഇത്തരം ഫീസുകൾ യഥാകാലത്ത് പിരിച്ചെടുക്കുന്നതിന് വാർഡ് വികസന സമിതി മുൻകൈയെടുക്കേണ്ടിയിരിക്കുന്നു.

### കെട്ടിട നികുതി

ഇപ്പോൾ നികുതി ചുമത്തുന്നത് തറവിസ്തീർണ്ണം മാത്രം കണക്കിലെടുത്താണ്. എന്നാൽ അത് ശാസ്ത്രീയമല്ല. കെട്ടിടത്തിന്റെ ആഡംബരത്തിനും കെട്ടിടത്തിനുപയോഗിക്കുന്ന മറ്റ് സാധനങ്ങളുടെ കണക്കും മാനദണ്ഡമാക്കണം. ഇങ്ങനെ വന്നാൽ കെട്ടിടനിർമ്മാണ രംഗത്തുള്ള അനാവശ്യ ധൂർത്ത് ഒഴിവാക്കാൻ സാധിക്കും. വീടിന് നികുതി ചുമത്തുന്ന രീതി എങ്ങനെയെന്ന് വീട്ടുടമസ്ഥനെ ബോധ്യപ്പെടുത്താൻ ഉദ്യോഗസ്ഥന്മാർ തയ്യാറാവണം. നികുതി പിരിച്ചെടുക്കുന്ന സമ്പ്രദായം നിലവിലുള്ളത് കുറച്ചുകൂടി വിപുലമാക്കിയാൽ വീട്ടുടമസ്ഥർക്ക് വളരെ സഹായകമാകും.

### തൊഴിൽ നികുതി

ഇന്ന് നമ്മുടെ പഞ്ചായത്തിൽ സ്ഥിരവരുമാനക്കാരിൽ മാത്രമെ തൊഴിൽ നികുതി ചുമത്തുന്നുള്ളൂ. സ്ഥിരവരുമാനക്കാരല്ലാത്തവരെ കൂടി തൊഴിൽ നികുതിയിൽ ഉൾപ്പെടുത്തണം. ഇങ്ങനെ നികുതി ചുമത്തുന്നതുകൊണ്ട് തങ്ങളും പഞ്ചാത്തിന്റെ വികസന പ്രവർത്തനങ്ങളിൽ ഭാഗവാക്കുകളാണ് എന്ന ബോധം ഉണ്ടാകുന്നു.

### വിനോദനികുതി

നമ്മുടെ പഞ്ചായത്തിൽ വിനോദനികുതി ലഭിക്കാൻ സാധ്യത നിലവിലില്ല. നമ്മുടെ പഞ്ചായത്തിൽ ആധുനിക രീതിയിലുള്ള സിനിമ തീയേറ്റർ നിർമ്മിക്കുന്നതിന് പഞ്ചായത്തിന്റെ ഭാഗത്തുനിന്നും പ്രോത്സാഹനം ഉണ്ടാകണം.

### ഗൾഫ് ജോലിക്കാർ

നമ്മുടെ പഞ്ചായത്തിൽ നല്ലൊരു ശതമാനം ആളുകൾ ഗൾഫ് നാടുകളിൽ ജോലി ചെയ്യുന്നുണ്ട്. ഇവരുടെ വരുമാനത്തിന്റെ നല്ലൊരുശതമാനം വീടുനിർമ്മാണത്തിന് വിനിയോഗിക്കുന്നു. അത് നമ്മുടെ നാടിന്റെ വികസനപ്രവർത്തനങ്ങൾക്ക് വിനിയോഗിക്കാൻ കഴിഞ്ഞാൽ പ്രദേശത്തിന്റെ വികസനത്തിന് മുതൽക്കൂട്ടാവും.

## മറ്റ് ധനാഗമ മാർഗ്ഗങ്ങൾ

### ലീസ് (പാട്ട ഭൂമി)

മുണ്ടേരി പുഴയോരത്ത് 356 ഏക്കർ ഭൂമി പുറമ്പോക്കായി കിടപ്പുണ്ട്. ഇതിൽ രണ്ടേക്കർ സ്ഥലം മാത്രമാണ് പാട്ടത്തിന് കൊടുത്തിട്ടുള്ളത്. വർഷത്തിൽ 1000 രൂപ ഇതുവഴി പഞ്ചായത്തിന് വരുമാനമുണ്ട്. ഇത്രയും വലിയൊരു സ്ഥലം നാളിതുവരെ പാഴായിക്കിടക്കുകയാണ്. ഇത് കാർഷികാവശ്യത്തിന് ഉപയോഗിച്ചാൽ നല്ലൊരു വരുമാന മാർഗ്ഗമാണ് പഞ്ചായത്തിന്. പുഴയുടെ അരിക് ഇടിഞ്ഞ് വിസ്തീർണ്ണം കുറഞ്ഞുകൊണ്ടേയിരിക്കുന്നു. ഇത് തടയാൻ പഞ്ചയാത്ത് ഭൂമി അളന്ന് തിട്ടപ്പെടുത്തി കര സംരക്ഷണ പ്രവർത്തനത്തിൽ ശ്രദ്ധ പതിപ്പിക്കേണ്ടിയിരിക്കുന്നു.

### മുണ്ടേരി കടവ്.

കടവിൽ ഒരു കടത്ത് തോണിയുണ്ട്. അതുമുഖേന 95-96 സാമ്പത്തിക വർഷത്തിൽ 875 രൂപ വരുമാനം ലഭിച്ചു. പഞ്ചായത്ത് ഓഫീസ് സ്ഥിതി ചെയ്യുന്ന സ്ഥലത്തെ ഫലവൃക്ഷങ്ങൾ ലേലത്തിന് നൽകിയ വകയിൽ 1060 രൂപയും പഞ്ചായത്തിന് വരുമാനമുണ്ട്.

### ബേങ്ക് ഫൈനാൻസിയേഴ്സ്

നമ്മുടെ പഞ്ചായത്തിൽ നോർത്ത് മലബാർ ഗ്രമീണ ബേങ്കിന്റെ ഒരു ശാഖയും മൗവ്വഞ്ചേരി സഹകരണ റൂറൽ ബേങ്കിന്റെ രണ്ട് ശാഖയും കാഞ്ഞിരോട്, എച്ചൂർ എന്നീ രണ്ട് സഹകരണ ബേങ്കുകളും 5 ശാഖകളും പ്രവർത്തിക്കുന്നു. മറ്റ് സഹകരണ സ്ഥാപനങ്ങൾ സാമ്പത്തിക മേഖലയിൽ ഇടപെടുന്നുണ്ടെങ്കിൽ കൂടിയും പ്രവർത്തനം ഫലപ്രദമല്ല. പഞ്ചായത്ത് അംഗീകരിക്കുന്ന പദ്ധതികൾക്ക് വായ്പ കൊടുക്കുവാൻ ഉതകുന്ന നിയമം ഈ രംഗത്ത് ഉണ്ടാകേണ്ടിയിരിക്കുന്നു.

### ഷോപ്പിംഗ് കോംപ്ലക്സ്

നമ്മുടെ പഞ്ചായത്തിൽ നിലവിൽ ഷോപ്പിംഗ് കോംപ്ലക്സ് ഇല്ല. കുടുക്കി മൊട്ട അനുദിനം വളർന്നുകൊണ്ടിരിക്കുന്ന നല്ലൊരു ബസാറായി മാറിക്കൊണ്ടിരിക്കുകയാണ്. അവിടെ ഒരു ഷോപ്പിംഗ് കോംപ്ലക്സും ബസ്സ് സ്റ്റാന്റും (കാർ, ഓട്ടോ റിക്ഷ, ജീപ്പ് സ്റ്റാന്റ് ഉൾപ്പെടെ) ഉണ്ടാക്കിയാൽ പഞ്ചായത്തിന് നല്ലൊരു വരുമാന ശ്രോതസ്സ് ആയിരിക്കും. മുണ്ടേരി കടവ് പാലം പണി പൂർത്തീകരിച്ചാൽ കുടുക്കിമൊട്ടയും ബസ്സ് സ്റ്റാന്റ് ഇല്ലാതെ വന്നാൽ ഏറെ ദുരിതമനുഭവിക്കും.

### മത്സ്യ മാർക്കറ്റ്

നിലവിൽ കുടുക്കിമൊട്ടയിലുള്ള മത്സ്യമാർക്കറ്റ് പുതുക്കി പണിയുകയും എച്ചൂർ, മുണ്ടേരിമൊട്ട, കാനിച്ചേരി, മായൻമുക്ക്, കാഞ്ഞിരോട് ബസാർ എന്നീ സ്ഥലങ്ങളിൽ മത്സ്യ-മാംസ മാർക്കറ്റുകൾ സ്ഥാപിക്കുകയും ചെയ്താൽ പഞ്ചായത്തിന്റെ വരുമാന മാർഗ്ഗം വർദ്ധിപ്പിക്കുവാൻ സാധിക്കും. ആഴ്ച ചന്തകൾ സംഘടിപ്പിക്കുന്നതിലൂടെ കർഷകരുടെ ഉൽപ്പന്നങ്ങൾ മദ്ധ്യവർത്തികളുടെ സഹായമില്ലാതെ വിറ്റഴിക്കുവാൻ സാധിക്കും.

### നാഷനൽ സേവിംഗ്സ്

ഇന്ദിരാ വികാസ് പത്ര പിരിച്ചെടുക്കുന്നതുമുതൽ ഓരോ പഞ്ചായത്തിനും 15% മുതൽ 25% വരെ ലഭിക്കുന്ന വ്യവസ്ഥയുണ്ട്. അത് നല്ല രീതിയിൽ പിരിച്ചെടുത്ത് പഞ്ചായത്തിന്റെ വിഹിതം കൂട്ടുന്നതിന് ഭരണ സമിതി ഇടപെട്ടുകൊണ്ട് വരുമാനം വർദ്ധിപ്പിക്കുവാൻ ശ്രമിക്കേണ്ടതാണ്.

### മനുഷ്യാദ്ധ്വാനം

പഞ്ചായത്തിൽ എല്ലാ വാർഡുകളിൽ നിന്നും ഉയർന്ന ഗ്രാമസഭാ നിർദ്ദേശങ്ങളിൽ പ്രധാന വിഭവം മനുഷ്യാദ്ധ്വാനമാണ്. മനുഷ്യാദ്ധ്വാനം ഫലപ്രഥമായി ഉപയോഗപ്പെടുത്തുക ഗ്രാമ വികസനത്തിന് ആവശ്യമാണ്. പഞ്ചായത്തലെ നിരവധി ചെറിയ റോഡുകളും നടപ്പാതകളും ഈ മനുഷ്യാദ്ധ്വാനമുപയോഗിച്ച് നിർമ്മിക്കാവുന്നതാണ്. നമ്മൾ നടന്നുപോകുന്ന വഴി നമ്മുടെ സ്വന്തം വഴിയാണ് എന്ന് മനസ്സുവച്ച് ഇതിനുവേണ്ട അറ്റകുറ്റ പണികൾ ചെയ്താൽ പഞ്ചായത്തിന്റെ സാമ്പത്തിക ബാധ്യത ഒരു പരിധിവരെ കുറക്കുവാൻ കഴിയും. വിദ്യാഭ്യാസ രംഗത്ത് അയൽകൂട്ടം സമിതികളുടെ മനുഷ്യദ്ധ്വാനം ഫലപ്രഥമായി വഴി യോഗിച്ചാൽ വിദ്യാഭ്യാസ രംഗത്തെ ഗുണനിലവാര തകർച്ച ഒരു പരിധിവരെ പരിഹരിക്കാൻ സാധിക്കും. നമ്മുടെ പഞ്ചായത്തിലെ ബഹുജന സംഘടനകൾ വേണ്ടത്ര സംഘടനാ അടിത്തറ ഉള്ളവ തന്നെയാണ്. അവർ അവസരോചിതമായി പ്രവർത്തിച്ചാൽ മിക്ക വികസനപ്രവർത്തനങ്ങളും ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ കാതൽ ഉൾക്കൊണ്ടുകൊണ്ട് നടത്തുവാൻ സാധിക്കും. ഇതിനുള്ള പ്രചോദനം എല്ലാ ബഹുജന സംഘടനകളും ഏറ്റെടുക്കേണ്ടിയിരിക്കുന്നു. ഗ്രാമസഭകളിൽ ഉയർന്നുവന്ന നിർദ്ദേശങ്ങളും അഭിപ്രായങ്ങളും നാം നടപ്പിൽ വരുത്തിയാൽ തന്നെ ഈ സംരഭം വൻവിജയമാകും എന്നതിൽ സംശയമില്ല.

## സാദ്ധ്യതകൾ

1. ദേശീയ സമ്പാദ്യ പദ്ധതി, ഇന്ദിരാ വികാസ് പത്ര തുടങ്ങിയ പദ്ധതികളിൽ പഞ്ചായത്തിലെ മുഴുവൻ വീടുകളെയും ഉൾപ്പെടുത്തുക

2. തൊഴിലില്ലായ്മാ വേതനം കൈപ്പറ്റുന്ന യുവതീ യുവാക്കളെ വികസന പ്രവർത്തനവുമായി സഹകരിപ്പിക്കണം.

3. തൊഴിൽ നികുതി ചുമത്തുവാനുള്ള മാനദണ്ഡങ്ങൾ പുതുക്കി നിശ്ചയിക്കണം.

4. വൻകിട കെട്ടിടങ്ങൾ നിർമ്മിക്കുന്നവരിൽ നിന്നും ആഢംബര കെട്ടിട നികുതി ചുമത്തണം.

5. റോഡുകളുടെ അറ്റകുറ്റപ്പണികൾ വാർഡ് വികസന സമിതികൾക്ക് നൽകണം.

### പഞ്ചായത്തിന്റെ വരവ്

| ഇനം | 1990-91 | 95-96 | വ്യത്യാസം |
|---|---|---|---|
| പ്രാരംഭ ബാക്കി | 383007.29 | 775080.81 | + |
| കെട്ടിട നികുതി | 90473.63 | 252715.40 | +162241.77 |
| തൊഴിൽ നികുതി | 71455 | 176940 | +105485 |
| വിനോദനികുതി | 30739.05 | | |
| പ്രദർശന നികുതി | 1115 | | |
| ലൈസൻസ് ഫീസ് | 8991.50 | 21908 | +12916.50 |
| വസ്തു കൈമാറ്റ നികുതി 75% | 118223 | 167831 | +49508 |
| വസ്തു കൈമാറ്റ നികുതി 25% | 68325 | 200000 | 131675 |
| ഗ്രാന്റുകൾ | 65469 | 196373 | 130904 |
| ഡെപ്പോസിറ്റ് | 10440.70 | 7628.27 | -2812.43 |
| ഗ്രാന്റുകൾ സംഭാവനകൾ | 301472 | 319042 | +17570 |
| ഉപാധി രഹിതനിധി · (എസ്.എസ്.പി) | 120000 | 320050 | +200050 |
| ആകെ | 1269711.17 | 2437560.59 | |

### ചിലവ്

| ഇനം | 1990-91 | 95-96 | വ്യത്യാസം |
|---|---|---|---|
| ഭരണം | 289863.75 | 560434.20 | 270570.45 |
| പൊതുമരാമത്ത് | 261750 | 931343 | 669598 |
| വിദ്യാഭ്യാസം | 23877.65 | 51968.10 | 28090.45 |
| ജലവിതരണം, ഓടകൾ, പൊതുജനാരോഗ്യം | 7951 | 69719.80 | 61768.80 |
| തെരുവുവിളക്കുകൾ | 25440.90 | 36996 | 11555.10 |
| മറ്റുള്ളവ | 217844.30 | 190231.76 | |
| ആകെ | 826727.60 | 1840697.86 | |

6. സ്റ്റാംപ് ഡ്യൂട്ടി യഥാകാലത്ത് ലഭിക്കുവാനുള്ള സർക്കാർ നടപടിയുണ്ടാകണം.

7. പഞ്ചായത്ത് പുറമ്പോക്ക് ഭൂമി ഉപയോഗപ്പെടുത്തണം

8. പഞ്ചായത്തിലെ എൻ.ആർ.ഐ. അക്കൗണ്ട്കാരുടെ കണക്കെടുത്ത് പലിശയുടെ ഒരു വിഹിതം പഞ്ചായത്തിലെ വികസനപ്രവർത്തനത്തിന് ഉപയോഗപ്പെടുത്തണം.

9. ഷോപ്പിംഗ് കോംപ്ലക്സ് പണിത് മുറികൾ വാടകയ്ക്ക് നൽകണം.

10. ബസ്സ് സ്റ്റാന്റ്, ഓട്ടോറിക്ഷാ സ്റ്റാന്റ്, കാർ-ജീപ്പ് സ്റ്റാന്റ് എന്നിവ പണിയണം.

11. ചെറുകിട വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കാനുള്ള സുഗമമായ നടപടികൾ സ്വീകരിക്കണം.

എന്താണു ചെയ്തിരിക്കുന്നതെന്ന് നോക്കണം
അല്ലാതെ ആരാണ് ചെയ്തിരിക്കുന്നതെന്ന് നോക്കി
വിധി കൽപ്പിക്കരുത്

ഡോക്ടർ. എസ്. രാധാകൃഷ്ണൻ

# ഉപസംഹാരം

കേരളത്തിലെ 9-ാം പദ്ധതിയുടെ ഏറ്റവും പ്രധാന സവിശേഷത സംസ്ഥാന പദ്ധതി അടങ്കലിന്റെ 35-40% ത്രിതല പഞ്ചായത്തുകൾക്ക് അവരുടെ അധികാര മേഖലകളുമായി ബന്ധപ്പെട്ട് തയ്യാറാക്കുന്ന വികസനപദ്ധതികൾക്ക് നീക്കി വെക്കുന്നുവെന്നതാണ്. ഓരോ പ്രദേശത്തിന്റേയും ഭൂപ്രകൃതി, സ്ഥല-ജല വിഭവ സാധ്യതകൾ എന്നിവയ്ക്ക് അനുയോജ്യമായി താഴെ തട്ടിൽ നിന്നും ജനപങ്കാളിത്തത്തോടെ വികസന പദ്ധതികൾ തയ്യാറാക്കുക എന്ന സർവ്വസമ്മതമായ ദേശീയ ലക്ഷ്യമാണ് ഇതിലൂടെ സാക്ഷാൽകരിക്കുവാൻ സംസ്ഥാന സർക്കാരും ആസൂത്രണ ബോർഡും ശ്രമിക്കുന്നത്. നാടിന്റെ ആസൂത്രണം മുകളിലുള്ളവർ നടത്തട്ടെയെന്ന ധാരണ മാറി വരികയാണ്. ആയിരക്കണക്കിന് ഗ്രാമീണർ ഗ്രാമസഭയിലൂടെ കാണിച്ച ആവേശം അതിലേക്കുള്ള ചൂണ്ടുപലകയാണ്. എന്റെ നാടിനുവേണ്ടി എനിക്ക് എന്തു ചെയ്യാൻ കഴിയുമെന്ന ചിന്ത. നാടിന്റെ പ്രശ്നങ്ങൾ കണ്ടെത്തുന്നതിനും പരിഹാരം നിർദ്ദേശിക്കുന്നതിനും എന്റെ അഭിപ്രായങ്ങൾക്കും വിലയുണ്ട് എന്നതാണ്. എന്നാൽ, ഇതുവരെ ഇതാരും ചോദിച്ചിരുന്നില്ല. അതോടൊപ്പം ജനങ്ങളും ഉദ്യോഗസ്ഥരും തമ്മിലുള്ള കൂട്ടായ്മ ഇതിന്റെ അടിസ്ഥാനത്തിൽ നാട്ടിലാകെ ഒരു വികസന സംസ്കാരം അലയടിക്കുകയാണ്. കുടിവെള്ള ക്ഷാമം പരിഹിക്കുവാൻ ലോറിയിൽ വെള്ളം കൊണ്ടുവരുന്നത് ശാശ്വത പരിഹാരമല്ലെന്നും സമഗ്രമായ ജലസംരക്ഷണത്തിലൂടെ മാത്രമേ അത് സാധ്യമാകൂയെന്നും നാം മനസ്സിലാക്കുന്നു. കൃഷിഭൂമിയുടെ വിസ്തൃതി നമുക്ക് കൂട്ടാൻ കഴിയില്ല. പക്ഷെ വിള സാന്ദ്രത വർദ്ധിപ്പിക്കുവാനും ആദായം കൂട്ടാനും നമുക്ക് കഴിയും. നീതിപൂർവ്വമായ വിതരണത്തിലൂടെ മാത്രമേ സ്ഥായിയായ വികസനം സാധ്യമാകൂ. ശക്തമായ ജനകീയ ഇടപെടൽ മാത്രമാണ് ഇതിനുള്ള പരിഹാരം. 9-ാം പദ്ധതിയുടെ ഭാഗമായി 35-40% പദ്ധതി വിഹിതം പഞ്ചായത്തുകൾക്ക് ലഭിക്കുമ്പോൾ ഇതിന്റെ 25% മനുഷ്യ വിഭവങ്ങളും ലഭിക്കും എന്നാണ് പ്രതീക്ഷ. കേരളത്തിന്റെ മാത്രമല്ല ലോകത്തിന്റെ തന്നെ വികസന ചരിത്രത്തിൽ ഒരു പുതിയ അദ്ധ്യായം തങ്കലിപികളിൽ എഴുതിച്ചേർക്കാൻ പോകുന്ന പുതിയ പാന്ഥാവിലൂടെ നമുക്ക് മുന്നോട്ട് നീങ്ങാം.

"മലരണിക്കാടുകൾ തിങ്ങി വിങ്ങി
മരതക കാന്തിയിൽ മുങ്ങി മുങ്ങി"

എന്ന് കവികൾ പാടിപ്പുകഴ്ത്തിയ കേരളം, പൊട്ടിച്ചിരിക്കുന്ന കാട്ടാറുകളും കളകളാരവങ്ങൾ പൊഴിക്കുന്ന കിളിക്കൂട്ടങ്ങളും മനം കവരുന്ന വിളഭൂമികളും, എണ്ണിയാലൊടുങ്ങാത്ത ജൈവവൈവിദ്ധ്യങ്ങളും ഓണപ്പാട്ടും നാട്ടിപ്പാട്ടും വഞ്ചിപ്പാട്ടും വടക്കൻവീരഗാഥയും ഒപ്പനമുട്ടും ഇശലൂറുന്ന മാപ്പിളഗാനങ്ങളും താളക്കൊഴുപ്പേകി തുടികൊട്ടിപ്പാടുന്ന ഈ കൊച്ചു കേരളം നാം നടപ്പിലാക്കുന്ന സമഗ്ര വികസന പരിപാടിയിലൂടെ ഐശ്വര്യ പൂർണ്ണവും സമ്പൽസമൃദ്ധവുമാക്കി മാറ്റാൻ നമുക്ക് ഒന്നിച്ചണിചേരാം.

# വികസന രേഖ തയ്യാറാക്കിയ കോർ ഗ്രൂപ്പ്

ചെയർമാൻ : കെ.ടി. ഭാസ്കരൻ

കൺവീനർ പട്ടൻ ഭാസ്കരൻ മാസ്റ്റർ

സംഘാടക സമിതി : പി. ഭാസ്കരൻ നായർ

കൺവീനർ

**കൃഷി - ജലസേചനം**

എം.കെ.പി. മാവിലായി
വി. കരുണാകരൻ മാസ്റ്റർ
കെ.പി. മുഹമ്മദ്
എൻ.കെ. മുഹമ്മദ്

**മൃഗ സംരക്ഷണവും മത്സ്യ ബന്ധനവും**

ഡോ: സി.കെ. ഖലീൽ
പി.സി. റഫീഖ്
സി.എം. സോമശേഖരൻ

**വിദ്യാഭ്യാസം**

പി.കെ. ഗംഗാധരൻ മാസ്റ്റർ
കെ. മോഹനൻ മാസ്റ്റർ
പി.പി. ബാബു മാസ്റ്റർ
സി. ജ്യോതീന്ദ്രൻ മാസ്റ്റർ
പി. അച്യുതൻ മാസ്റ്റർ
സി. ലത

**ആരോഗ്യവും കുടിവെള്ളവും**

ഡോ: കെ.കെ. രാജാറാം
പി. ഭാസ്കരൻ നായർ
വി.സി. നാരായണൻ
എം. ചന്ദ്രൻ
എം. കുമാരൻ

**സംസ്കാരം**

കെ.സി. വാസന്തി ടീച്ചർ
സി.പി. അശ്റഫ്
വി. ദിനേശൻ
രജേഷ് മുണ്ടേരി

**ഊർജ്ജം - ഗതാഗതം**

പി.എൻ. പ്രദീപൻ
കെ. ഗംഗാധരൻ
എം. ലക്ഷ്മണൻ
പി. കമാരൻ കുട്ടി മാസ്റ്റർ
ടി.വി.പി. അസ്ലം മാസ്റ്റർ

**വനിത**

കെ.പി. രോഹിണി ടീച്ചർ
സി. ഉമ
രമ ടീച്ചർ
വി.കെ. ചന്ദ്രൻ

**സാമൂഹ്യ ക്ഷേമം - ഭവന നിർമ്മാണം**

പി. രാമകൃഷ്ണൻ
കെ. അനിത
കെ.വി. പ്രദീപൻ
സി. അനിൽ കുമാർ

**വ്യവസായം**

ഇ.പി. രത്നാകരൻ
കെ.പി. ധനേഷ് കുമാർ
പി.വി. ഉപേന്ദ്രൻ
എ. റിയാസ്
എം.സി. കമാലുദ്ദീൻ

**പട്ടിക ജാതി - പട്ടിക വർഗ്ഗ ക്ഷേമം**

എൻ. സുരേന്ദ്രൻ
വിശ്വൻ കാനച്ചേരി
എം. മുകുന്ദൻ മാസ്റ്റർ
എം.പി. അശ്റഫ്

**സഹകരണം**

കെ. പ്രകാശൻ
വി. ലക്ഷ്മണൻ
ടി.വി. കൃഷ്ണൻ മാസ്റ്റർ
എം. പത്മനാഭൻ
എ. ചന്ദ്രൻ
സി. രാഘവൻ

**വിഭവ സമാഹരണം**

വി. ഗംഗാധരൻ
സി. രവി
എം. മാധവൻ
മാവള്ളി രാഘവൻ

**ചരിത്രം - നാട്ടറിവ്**

പട്ടൻ ഭാസ്കരൻ മാസ്റ്റർ
എം. ഗംഗാധരൻ
കെ.ടി. ഭാസ്കരൻ
കെ.കെ. ദീപേഷ്
വി. പൈതൽ
മനോജ്



PRINTED AT BRB OFFSET PRINTERS, KANNUR. PH 69995, 504021